## തൃക്കരിപ്പൂര് ഗ്രാമ പഞ്ചായത്ത്

# സമഗ്ര വികസന രേഖ





I
II
III
IV
V
VI
VII
VIII
IX
X
XI
XII
XIII

152-7

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

തൃക്കരിപ്പൂര് ഗ്രാമപഞ്ചായത്ത്

## വികസന സെമിനാർ

# സമഗ്ര വികസനരേഖ

അധികാരം ജനങ്ങൾക്ക്

ജനകീയാസൂത്രണ പരിപാടി

# തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്

## ആദ്യകാല പഞ്ചായത്ത് പ്രസിഡണ്ടുമാർ

**1**

**വി.പി.മുഹമ്മദ് കുഞ്ഞിഹാജി.**
കൈക്കോട്ടുകടവ്



**2**

**കെ.പി.കുഞ്ഞിക്കണ്ണ പൊതുവാൾ**
(1953 മുതൽ)



**3**

**ടി.വി.ചവണിയൻ**
(1959 ജനുവരി മുതൽ)



**4**

**വി.പി.പി.മുഹമ്മദ് കുഞ്ഞി പട്ടേലർ**
(20-12-1963 മുതൽ)



**5**

**എം.മുഹമ്മദ് കുഞ്ഞി**
(6-2-1988 മുതൽ)



തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്
സമഗ്രവികസന രേഖ. 1996 നവംബർ

### പത്രാധിപസമിതിയംഗങ്ങൾ

ടി.പി.നസ്രിയ

കെ.വി.വിജയൻ

ടി.കുഞ്ഞിരാമൻ

കെ.കുഞ്ഞിക്കണ്ണൻ മാസ്റ്റർ

കെ.വി.രാഘവൻ മാസ്റ്റർ

പി.പി.വേണുഗോപാലൻ

# തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്

## ജില്ലാ–ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ



**എം.സി.ഖമറുദ്ദീൻ**
ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ്
കമ്മറ്റി ചെയർമാൻ
(കൃഷിവികസനം)
കാസർഗോഡ്



**കെ.വി.ഗംഗാധരൻ**
ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ്
കമ്മറ്റി ചെയർമാൻ
(വെൽഫേർ)
നീലേശ്വരം



**എം.ടി.പി.അബ്ദുൾ ഖരീം**
ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ്
കമ്മറ്റി ചെയർമാൻ (ധനം)
നീലേശ്വരം.



**പി.ശ്യാമള**
ബ്ലോക്ക് പഞ്ചാ.യത്ത്
മെമ്പർ, നീരേശ്വരം.

# തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്

## 1995 ഒക്ടോബർ 2 ന് നിലവിൽ വന്ന ഭരണ സമിതി



ടി.പി.നസരിയ
(പ്രസിഡണ്ട്) 7-ാം വാർഡ്



കെ.വി.വിജയൻ
(വൈ.പ്രസിഡണ്ട്)
(13-ാം വാർഡ്)



വി.പി.പി.കബീർ
(സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ)
(6-ാം വാർഡ്)



എ.ശാന്ത
(ഒന്നാം വാർഡ്)



ഇ.എം.ആനന്ദവല്ലി
(2-ാം വാർഡ്)



കെ.എം.കുഞ്ഞാമദ്
(3-ാം വാർഡ്)



വി.എം.ശ്രീധരൻ
(4-ാം വാർഡ്)



എം.മുഹമ്മദ്കുഞ്ഞി
(5-ാം വാർഡ്)



കെ.പി.അഷ്റഫ്
(8-ാം വാർഡ്)



എം.ടി.റെയ്ഹാന
(9-ാം വാർഡ്)



എം.അബ്ദുള്ള ഹാജി
(10-ാം വാർഡ്)



എം.മുരളി
(11-ാം വാർഡ്)



കൂത്തൂർ ശാന്ത
(12-ാം വാർഡ്)



*എല്ലാവരുടേയും അത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ ഭൂമിയിലുണ്ട്. എന്നാൽ ആരുടേയും ദുരയെ തൃപ്തിപ്പെടുത്താൻ വിഭവങ്ങളില്ല താനും.*

–മഹാത്മാഗാന്ധി

## വിഷയവിവരം


1. ആമുഖം
2. സാമൂഹ്യ - സാംസ്കാരിക ചരിത്രം
3. ഭൂപ്രകൃതിയും വിഭവങ്ങളും
4. പഞ്ചായത്ത് പൊതുവിവരണം
5. സാമൂഹിക സാമ്പത്തിക മേഖലകൾ
   - 5-1. കൃഷിയും ജലസേചനവും
   - 5-2. മൃഗസംരക്ഷണവും മത്സ്യബന്ധനവും
   - 5-3. വിദ്യാഭ്യാസം
   - 5-4. കുടിവെള്ളവും പൊതുജനാരോഗ്യവും
   - 5-5. വ്യവസായം
   - 5-6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
   - 5-7. പാർപ്പിടവും, സാമൂഹ്യക്ഷേമവും
   - 5-8. സംസ്കാരം
   - 5-9. വനിത
   - 5-10. സഹകരണം
   - 5-11. പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം
   - 5-12. വിഭവസമാഹരണം

# ആമുഖം

വികസനമെന്നാൽ ജനങ്ങളുടെ ജീവിതനിലവാരം പടിപടിയായി ഉയർത്തുന്ന സാമൂഹ്യപ്രക്രിയയാണ്. വിവിധ മേഖലകളിലെ വികസന പരിപാടികൾ ആസൂത്രണത്തിലധിഷ്ഠിതമാണ്. ഈ ഉൾക്കാഴ്ചയാണ് സ്വാതന്ത്ര്യാനന്തരം പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന് പഞ്ചവത്സരപദ്ധതികൾ ആവിഷ്കരിക്കാൻ കാരണമായത്. കൃഷി, ജലസേചനം തുടങ്ങിയ പ്രാഥമിക മേഖലയിലും, വ്യവസായം, ഗതാഗതം തുടങ്ങിയ ദ്വിതീയ മേഖലയിലും സേവനത്തുറകളായ തൃതീയ മേഖലയിലും പഞ്ചവത്സര പദ്ധതികൾ ഇന്ത്യയിൽ പ്രധാനപ്പെട്ട വളർച്ചക്ക് കാരണമായിട്ടുണ്ട്.

എട്ടാം പഞ്ചവത്സരപദ്ധതി അവസാനഘട്ടത്തിലെത്തിയിരിക്കുന്ന ഈ സാഹചര്യത്തിൽ കേരളത്തിന്റെ ഇന്നത്തെ വികസനത്തിന്റെ അവസ്ഥയിലേക്ക് തിരിഞ്ഞുനോക്കുന്നത് നന്നായിരിക്കു. കാർഷിക രംഗത്തിന്റെ തളർച്ചയും ഭക്ഷ്യധാന്യങ്ങളിലെ പരാശ്രിതത്വവും ഒരു വശത്ത്, വ്യവസായരംഗത്തെ മുരടിപ്പും അതുമായി ബന്ധപ്പെട്ട വിഭവദാരിദ്ര്യവും തൊഴിലില്ലായ്മയും മറുവശത്ത്. ഏറെ പ്രകീർത്തിക്കപ്പെട്ട കേരളത്തിലെ സേവന മേഖലകളായ വിദ്യാഭ്യാസവും ആരോഗ്യവും ഗുണനിലവാരത്തകർച്ച നേരിടുകയും ചെയ്യുന്നു. വൈദ്യുത പ്രതിസന്ധി രൂക്ഷമായ ഒരു പ്രശ്നമായി നമ്മുടെ മുമ്പിൽ നിലനിൽക്കുന്നു.

വികസനരംഗത്തെ കേരളത്തിന്റെ ഈയവസ്ഥക്ക് കാരണങ്ങൾ പലതുണ്ട്. അതിൽ പ്രധാനം ഇന്നത്തെ ആസൂത്രണ പദ്ധതിയുടെ പോരായ്മ തന്നെയാണ്. ആസൂത്രണം കേന്ദ്രീകൃതവും ഉദ്യോഗസ്ഥാനുബന്ധവും മാത്രമായിത്തീരുന്നു. ഗുണഭോക്താക്കളായ ജനങ്ങളുടെ പങ്കാളിത്തം ഒരു മേഖലയിലുമുണ്ടാകുന്നില്ല. അതോടൊപ്പം വിവിധ വകുപ്പുകളുടെ പരസ്പര ബന്ധമില്ലാത്ത പ്രവർത്തനമായി ആസൂത്രണം അധഃപതിച്ചു. ഡിപ്പാർട്ട്മെന്റലിസമായിത്തീർന്നു ആസൂത്രണത്തിന്റെ മുഖമുദ്ര. ഇന്ത്യയുടെ വിശിഷ്യ കേരളത്തിന്റെ ഏറ്റവും വലിയ സമ്പത്തായ മനുഷ്യശക്തിയെ പ്രയോജനപ്പെടുത്താനുള്ള യാതൊരു ശ്രമവും ആസൂത്രണത്തിന്റെ ഭാഗമായി ഉണ്ടായില്ല.

ഒമ്പതാം പഞ്ചവത്സരപദ്ധതി, കേരളത്തിൽ ജനകീയ പദ്ധതിയായി നടപ്പിലാക്കുന്ന പശ്ചാത്തലത്തിൽ വികസനകേന്ദ്രീകരണത്തിന്റെ ചട്ടക്കൂടുകൾ അഴിച്ചുമാറ്റാനുള്ള ഒരു ശ്രമമാണ് നടക്കുന്നത്. ആസൂത്രണം സമഗ്രവും, ശാസ്ത്രീയവും ജനപങ്കാളിത്തപരവുമാക്കിക്കൊണ്ട് വികേന്ദ്രീകരിക്കുന്ന പാതയിലാണ് നാമിന്നുള്ളത്.

ഒമ്പതാം പദ്ധതിയിൽ ചെലവഴിക്കപ്പെടുന്ന തുകയുടെ 35-40 ശതമാനം, താഴെത്തട്ടിൽ ആസൂത്രണം ചെയ്യുന്ന പദ്ധതികൾക്കാണുപയോഗിക്കുന്നത്. ഇത്തരത്തിൽ താഴെത്തട്ടിൽ പദ്ധതികൾ തയ്യാറാക്കുന്നതിന് വിപുലമായ പരിപാടികളാണ് ജനകീയാസൂത്രണ പരിപാടികളായി നടന്നുകൊണ്ടിരിക്കുന്നത്.

1172 ചിങ്ങം 1ന് ജനകീയാസൂത്രണ പരിപാടി സംസ്ഥാന തലത്തിൽ ഉദ്ഘാടനം ചെയ്തശേഷം പഞ്ചായത്തുകളിൽ വിപുലമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും സമയബന്ധിതമായി യോഗം ചേർന്ന വിശേഷാൽ ഗ്രാമസഭകൾ, പങ്കാളിത്തം കൊണ്ട് മികച്ചതായിരുന്നു. വാർഡിലെ വോട്ടർമാർ, വിവിധ മേഖലകളിലെ ഇന്നത്തെ അവസ്ഥ വില

യിരുത്തുകയും പ്രശ്നങ്ങൾ ഉന്നയിക്കുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്തുകൊണ്ട് സഭകളെ സജീവമാക്കി. പതിമൂന്നു വാർഡുകളിലെ റിപ്പോർട്ടുകൾ പഞ്ചായത്ത് തലത്തിൽ വിഷയാടിസ്ഥാനത്തിൽ ക്രോഡീകരിക്കുകയും, അതോടൊപ്പം ഓഫീസുകളിൽ നിന്നും സ്ഥാപനങ്ങളിൽനിന്നും സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുകയും ചെയ്തു. പഞ്ചായത്തിന്റെ ഭൂപ്രകൃതിയറിയാനുള്ള ഗ്രാമനടത്തവും, തൃക്കരിപ്പൂരിന്റെ സാംസ്കാരിക ചരിത്ര പഠനവും ഇതിനു സമാന്തരമായി നടന്നു. ഇവയുടെടൊക്കെ ആകെത്തുകയാണ് ഈ വികസനറിപ്പോർട്ട്.

ഇതിനിടയിൽത്തന്നെ, പഞ്ചായത്തിലെ വിവിധ തലങ്ങളിലെ വിവരശേഖരണത്തിനായി പൂർണ്ണമായും സന്നദ്ധപ്രവർത്തകരെ ഉപയോഗിച്ചുകൊണ്ട് നടത്തിയ 27.10.96ലെ പഞ്ചായത്ത് വികസനസർവ്വെയും എടുത്തുപറയേണ്ടതാണ്.

കേരളം മുഴുവൻ തന്നെ ഒരു പുത്തൻ വികസന ദൗത്യത്തിന്റെ ആവേശത്തിൽ മുഴുകിയിരിക്കെ, നമ്മുടെ പഞ്ചായത്തിന്റെ അടുത്ത അഞ്ചുവർഷത്തെ പരിപാടികൾ ചർച്ച ചെയ്യാനും വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് മുൻഗണനാടിസ്ഥാനത്തിൽ തീരുമാനിക്കാനുമുള്ള ഒരവസരം കൈവന്നിരിക്കയാണ്. പരിപാടികളുടെ നടത്തിപ്പിൽ നമ്മുടെ വിഭവങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് പദ്ധതികളെ നമ്മുടേതാക്കി മാറ്റാനുള്ള ഈ തീവ്രശ്രമം തൃക്കരിപ്പൂരിന്റെ വികസന ചരിത്രത്തിൽ ഒരു പുതിയ അധ്യായമായി മാറുമെന്ന് നമുക്ക് പ്രത്യാശിക്കാം.

**ഒരാൾ ആയിരം പേരെ ആയിരം പ്രാവശ്യം യുദ്ധത്തിൽ ജയിച്ചാലും വേറൊരാൾ സ്വന്തം മനസ്സിന്റെ മേൽ ജയം നേടുന്നുവെങ്കിൽ കൂടുതൽ ഉൽകൃഷ്ടനായ വിജയി രണ്ടാമത്തെ ആൾ തന്നെ**

*- ശ്രീബുദ്ധൻ*

# സാമൂഹിക സാംസ്കാരിക ചരിത്രം

കേരളപ്പിറവിക്കുമുമ്പെ, പഴയ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന തെക്കൻ കർണ്ണാടക ജില്ലയുടെ തെക്കെ അതിർത്തി ഗ്രാമങ്ങളായിരുന്ന വടക്കെ തൃക്കരിപ്പൂരും, തെക്കെ തൃക്കരിപ്പൂരിന്റെ ഭൂരിഭാഗങ്ങളും ചേർന്നതാണ് ഇന്നത്തെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്. ഇനിയും പിറകോട്ട് പോയാൽ, പഴയ നിലേശ്വരം രാജവംശത്തിന്റെ തെക്കെയറ്റത്തെ ഗ്രാമങ്ങളായിരുന്നു ഇവയെന്ന് കാണാം. തൃക്കരിപ്പൂർ എന്ന സ്ഥലനാമം ഇവിടുത്തെ പുരാണ പ്രസിദ്ധമായ ചക്രപാണിക്ഷേത്രവും, തൊട്ടടുത്ത താമരക്കുളവുമായി ബന്ധപ്പെട്ടിരിക്കുന്നു. കുളത്തിൽനിന്നും താമരപ്പൂക്കൾ പറിച്ച് ചക്രപാണിയെ അർച്ചിച്ച് മോക്ഷം നേടിയ കരീന്ദ്രന്റെ* നാട് കരിപൂരവും ശ്രീകരിപുരവുമായി പിന്നീട് തൃക്കരിപ്പൂരായതെന്നാണ് ഐതിഹ്യം. ചക്രപാണി ക്ഷേത്രത്തിന്റെ ഉദ്ഭവവും, പൗരാണികതയും സംബന്ധിച്ച കാര്യങ്ങൾ ബ്രഹ്മാണ്ഡപുരാണത്തിൽ "കേരളമഹാത്മ്യം" എന്ന അധ്യായത്തിൽ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്.

ബ്രാഹ്മണരെ കൊണ്ടുവന്നു പ്രതിഷ്ഠിക്കാൻ പരശുരാമൻ മലനാട്ടിൽ സ്ഥാപിച്ച മുപ്പത്തിരണ്ട് ഗ്രാമങ്ങളിൽ വടക്കെയറ്റത്തു കിടക്കുന്ന പയ്യന്നൂർ ഗ്രാമത്തിന്റെ സമീപസ്ഥലം കൂടിയാണ് തൃക്കരിപ്പൂർ. പയ്യന്നൂർ കേന്ദ്രീകരിച്ച് ബ്രാഹ്മണാധിപത്യം വിപുലപ്പെടുത്താൻ തുനിഞ്ഞ പരശുരാമൻ, സൈന്യശേഖരണം നടത്തിയ സ്ഥലമത്രെ ഇത്! സൈനികാവശ്യത്തിന് രാമൻ ഇവിടെയൊരു ഗജശാല സ്ഥാപിക്കുകയും നൂറുകണക്കിന് ആനകളെ കുടിയിരുത്തുകയും ചെയ്തു. കരികളാൽ നിബിഡമായ പുരമായിരിക്കണം കരിപുരമായതെന്ന ചിന്തയും പ്രസിദ്ധമാണ്.

ഉത്തര കേരളത്തിലെ അനുഷ്ഠാന കലകളായ തെയ്യത്തിന്റെ തോറ്റം പാട്ടിലും പൂരക്കളിപ്പാട്ടിലും തൃക്കരിപ്പൂർ പരാമർശിക്കപ്പെടുന്നുണ്ട്. കോലത്തുനാട്ടിലെ സ്വരൂപങ്ങളിൽ പ്രധാനമായ അള്ളടസ്വരൂപം ആരംഭിക്കുന്നതുതന്നെ ഒളവക്കടവു തൊട്ടാണ്. ആര്യനാട്ടിൽനിന്നും മരക്കലമേറി വന്ന ആര്യ തരുണി, മലനാട്ടിൽ കപ്പലടുപ്പിച്ചത് ആയിറ്റിക്കടവിലാണെന്നും വിശ്വസിക്കപ്പെടുന്നു.

പൂർണ്ണമായും ജാതിമതാചാരങ്ങൾ പാലിച്ചുകൊണ്ട് നിലനിന്നിരുന്ന ഒരു വ്യവസ്ഥിതി തന്നെയാണ് ഇവിടെയുണ്ടായിരുന്നത്. കാർഷിക വൃത്തിയും അതോടൊപ്പം ജാതിക്കനുസരിച്ച കുലത്തൊഴിലുകളും ചെയ്താണ് ജനങ്ങൾ ഉപജീവനം കഴിച്ചിരുന്നത്. ഭൂമി പ്രധാനമായും ഏതാനും ജന്മിമാരുടെ കീഴിലും ബഹുഭൂരിപക്ഷം കുടിയാന്മാരായി അധ്വാനിക്കുന്നിടങ്ങളിൽ യാതൊരു അധികാരമോ അവകാശമോ ഇല്ലാതെ ഉടമകൾക്ക് കൃത്യമായി വാരം നൽകിക്കൊണ്ടാണ് ജീവിതം കഴിച്ചിരുന്നത്.

ഈ പ്രദേശത്തെ പ്രധാന ഭൂവുടമ, തെക്കെ തൃക്കരിപ്പൂരിലെ താഴെക്കാട്ടു മനക്കാർ ആയിരുന്നു. ആനകളും ആനച്ചങ്ങലയുമുള്ള അവർ എല്ലാ അധികാരങ്ങളും കൈപ്പിടിയിലൊതുക്കിക്കൊണ്ട് നീണ്ടകാലം ജനങ്ങളെ അടക്കി ഭരിച്ചവരായിരുന്നു. എങ്കിലും ഇന്ന് ശോചനീയമായ സ്ഥിതിയിലാണവർ കഴിഞ്ഞു കൂടുന്നത്. താഴെക്കാട്ട് മനയുടെ പ്രതാപകാലത്തും, അതിനുശേഷവും ഉദിനൂർ ദേവസ്വത്തിന്റേയും അതുപോലെ ഉടുമ്പുന്തല, കൈക്കോട്ടു കടവ് എന്നിവിടങ്ങളിലെ മുസ്ലിം പ്രഭുക്കന്മാരുടെ കീഴിൽ ധാരാളം കുടിയാന്മാർ കർഷകരായിട്ടുണ്ടായിരുന്നു. ഭൂമിയിൽ കൈവശാധികാരമുണ്ടായിരുന്നെങ്കിലും അവയിൽ നിന്നു കിട്ടുന്ന കാർഷികോല്പന്നങ്ങൾ വാരം പാട്ടമായി ജന്മികൾക്ക് കൊടുത്ത് ഉപജീവനം

* പുരാണത്തിലെ ഗജേന്ദ്രമോക്ഷംകഥയാണ് സൂചന

കഴിച്ചു വരികയായിരുന്നു അവർ. ജന്മികളുടേയും നടത്തിപ്പുകാരുടേയും പീഡനം ധാരാളമായി അവർക്കേറ്റുവാങ്ങേണ്ടിവന്നു. കാലാന്തരത്തിൽ ഭൂപരിഷ്കരണനിയമം നിലവിൽ വന്നതോടെ കൈവശക്കാരെല്ലാം ഭൂവുടമയായി മാറിയെങ്കിലും നമ്മുടെ കാർഷിക രംഗം പ്രതീക്ഷിച്ച രീതിയിൽ ഉല്പാദനക്ഷമത കൈവരിച്ചിട്ടില്ലെന്ന് കാണാം. അതേ സമയം സാമൂഹ്യരംഗത്ത് പ്രത്യക്ഷത്തിൽ മാറ്റങ്ങളുണ്ടായിട്ടുണ്ട്.

ബ്രിട്ടീഷ് ഭരണത്തിനെതിരായ സമരാഹ്വാനം തൃക്കരിപ്പൂരിന്റെ അന്തരീക്ഷത്തിലും ചലനങ്ങളുണ്ടാക്കി. 1928 മെയ് 26ന് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പങ്കെടുത്ത ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പയ്യന്നൂർ സമ്മേളനത്തിൽ ഈ പ്രദേശത്തുനിന്നും ദേശീയ പ്രസ്ഥാന നായകന്മാർ ആവേശപൂർവ്വം പങ്കെടുത്തു. അവർ സ്വാതന്ത്ര്യസമരത്തിന്റെ വിവിധ രംഗങ്ങളിൽ പ്രവർത്തനങ്ങൾ നടത്തി. ദിവംഗതരായ നാണാട്ട് കണ്ണൻനായർ, കെ.സി. കോരൻ എന്നിവരായിരുന്നു അവരിൽ പ്രമുഖർ. കണ്ണൻനായർ ഖാദി പ്രവർത്തനത്തിലും മദ്യവർജ്ജന പരിപാടികളിലും ശ്രദ്ധയൂന്നിയപ്പോൾ കെ.സി. കോരൻ ഹരിജനോദ്ധാരണ പ്രവർത്തനങ്ങളുമായാണ് ബന്ധപ്പെട്ടത്. അവരെ സ്വാമി ആനന്ദ തീർത്ഥനൊന്നിച്ച് വിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കുന്നതിന് പരിശ്രമിച്ചു. തുളുവൻ കണ്ണൻ, കലശക്കാരൻ കുഞ്ഞിരാമൻ, മാമുനി കോരൻ, ചന്തൻ, കപ്പണക്കാരൻ കുഞ്ഞമ്പു എന്നിങ്ങനെ നിരവധി പേർ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിട്ടുണ്ട്. ഇന്നു ജീവിച്ചിരിക്കുന്ന സമരസേനാനികളിൽ പ്രായം കൂടിയ ടി.കെ. കൃഷ്ണൻമാസ്റ്റർ ഖാദി പ്രവർത്തനത്തിലും രാഷ്ട്രഭാഷാ പ്രചരണത്തിലും സജീവമായി രംഗത്തിറങ്ങി. 1930ൽ കെ. കേളപ്പന്റെ നേതൃത്വത്തിൽ നടന്ന ചരിത്രപ്രസിദ്ധമായ പയ്യന്നൂർ ഉപ്പ് സത്യാഗ്രഹം തൃക്കരിപ്പൂരിലെ ഒളവറയ്ക്ക് സമീപമുള്ള ഉളിയം കടവിൽവെച്ചാണ് നടന്നത്. അതിന്റെ അലകൾ നാട്ടിലാകെ പടർന്നുവെന്നതും ഓർമ്മിക്കേണ്ടതാണ്.

1939-ൽ അഖിലേന്ത്യാ കോൺഗ്രസ് നേതാവ് എൻ.ജി. രങ്കയെ പങ്കെടുപ്പിച്ചുകൊണ്ട് കൊടക്കാട്ട് വെച്ച് നടന്ന കർഷകസംഘം സമ്മേളനത്തിൽ തൃക്കരിപ്പൂര് നിന്നും പ്രതിനിധികൾ പങ്കെടുത്തിരുന്നു. സ്വാതന്ത്ര്യസമരസേനാനി ടി.കെ. കൃഷ്ണൻമാസ്റ്റർ ആ സമ്മേളനത്തിന്റെ എക്സിക്യൂട്ടീവ് മെമ്പറായിരുന്നു. മംഗലാപുരത്തേക്ക് നടന്ന സംഘത്തിന്റെ കർഷക മാർച്ചിൽ വി.പി. കണ്ണൻ മാസ്റ്ററും ഒളവറ ഓലക്കാരൻ രാമനും പങ്കെടുത്തിരുന്നു. ഭൂപ്രഭുക്കന്മാരായിരുന്ന താഴെക്കാട്ട് മനയുടെ കുടുംബത്തിൽ നിന്നാണ് 'മലബാർ കർഷക വിമോചന പ്രസ്ഥാനത്തിന്റെ പാടുന്ന പടവാളെ'ന്ന് പ്രസിദ്ധനായ ടി. സുബ്രഹ്മണ്യൻ തിരുമുമ്പ് രംഗത്ത് വന്നത്. മനയിലെ തന്നെ ഉണ്ണികൃഷ്ണൻ തിരുമുമ്പ്, ഹരീശ്വരൻ തിരുമുമ്പ് എന്നിവരും കർഷക പ്രസ്ഥാനത്തിൽ വളരെ സജീവമായി പ്രവർത്തിച്ചിരുന്നു.

പഞ്ചായത്തിലെ ആദ്യകാലത്തെ പ്രമുഖ രാഷ്ട്രീയ പ്രസ്ഥാനമായിരുന്ന സോഷ്യലിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലാണ് കുടിയൊഴിപ്പിക്കലിനും, കർഷക പീഡനത്തിനുമെതിരായ തൃക്കരിപ്പൂരിലെ ആദ്യത്തെ സമരം നടന്നത്. ആയിരത്തി തൊള്ളായിരത്തി അമ്പതുകളുടെ ഒടുവിൽ ഉടുമ്പുന്തല പ്രമാണിയുടെ കർഷകദ്രോഹ പ്രവർത്തനങ്ങളെ പ്രസ്ഥാനം ശക്തിയായി എതിർത്തുനിന്ന് പരാജയപ്പെടുത്തി. സി.എം. പത്മനാഭൻനായർ, വി.കെ. ചിണ്ടൻമാസ്റ്റർ, തണ്ട്റായി കണ്ണൻമാസ്റ്റർ എന്നിവരുടെ നേതൃത്വത്തിലായിരുന്നു ഈ ചെറുത്തു നിൽപ്. ഇവരോടൊപ്പം ഇപ്പോൾ ജീവിച്ചിരിപ്പുള്ള ഓലക്കാരൻ അമ്പു, മൊട്ടുക്കന്റെ കണ്ണൻ, കെ.വി. കുഞ്ഞിരാമൻ, കെ.വി. കോരൻ എന്നിവരുമുണ്ടായിരുന്നു. ഇവരുടെ സാമൂഹിക പ്രവർത്തനത്തിന്റെ ഗുണഫലമാണ് ഇന്ന് സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഒളവറ ഗ്രന്ഥാലയം. (ഗ്രന്ഥാലയത്തിന്റെ ജൂബിലി ഉദ്ഘാടന വേളയിൽ അവസാനം പറഞ്ഞ നാലുപേരെ പൊന്നാടയണിയിച്ചാദരിക്കുകയുണ്ടായി) ഭൂമിയുടെ മേൽ അവകാശം നേടൽ, അയിത്തോച്ചാടനം, ഗ്രന്ഥശാലാ പ്രവർത്തനം എന്നീ രംഗങ്ങളിൽ സോഷ്യലിസ്റ്റ് പ്രസ്ഥാനം സജീവമായി പ്രവർത്തിക്കുകയുണ്ടായി.

സംസ്ഥാന രാഷ്ട്രീയത്തിലെ അധികാരവാക്യങ്ങൾ മാറുന്നതിനനുസരിച്ച് തൃക്കരിപ്പൂരിലെയും രാഷ്ട്രീയ ഘടനയിലും സംവിധാനത്തിലും മാറ്റങ്ങൾ പ്രകടമായി. അതോടൊപ്പം വിവിധ സംഘടനകളുടെയും വ്യക്തികളുടെയും നേതൃത്വത്തിൽ നടന്ന വികസന സാംസ്കാരിക - വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ദേശത്തിന്റെ മുഖഛായ മാറ്റാൻ കാരണമായി. ഗതാഗത സൗകര്യങ്ങളും വിദ്യാഭ്യാസസൗകര്യങ്ങളും അഭിവൃദ്ധിപ്പെട്ടു. പഞ്ചായത്തിന്റെ മുൻ പ്രസിഡണ്ട് വി.പി.പി. മുഹമ്മദ്കുഞ്ഞി പട്ടേലരുടെ പേര് ഈ രംഗത്ത് എടുത്തുപറയേണ്ടതാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ തന്നെ ഔപചാരിക വിദ്യാഭ്യാസം തുടങ്ങിയ പ്രദേശമാണ് തൃക്കരിപ്പൂർ. 1917ൽ താഴെക്കാട്ട് മന വക ഊട്ടു മഠത്തിൽ ആരംഭിച്ച കുടിപ്പള്ളിക്കൂളം - പിന്നീട് സൗത്ത് തൃക്കരിപ്പൂർ ഗവ: ഹൈസ്ക്കൂളായി - മുതൽ തന്നെ പ്രദേശത്തിന്റെ ഈ രംഗത്തെ ചരിത്രം ആരംഭിക്കുന്നു. പുതിയപുരയിൽ കോരൻ പണിക്കർ, കടിഞ്ഞിപ്പള്ളി രയരപ്പൻ നായർ എന്നിവർ ആദ്യകാലത്തെ അധ്യാപകന്മാരിൽപെടുന്നു.

ആരോഗ്യരംഗത്ത് അലോപ്പതി, ആയുർവേദം, വിഷചികിത്സ, ഒറ്റമൂലി വൈദ്യം എന്നീ ചികിത്സാ സമ്പ്രദായങ്ങൾ ആദ്യകാലത്തുതന്നെ ഇവിടെ നിലവിൽവന്നിരുന്നു. പാരമ്പര്യ ചികിത്സാരംഗത്തെ പെരുന്തട്ട മുഹമ്മദ് വൈദ്യർ, വണ്ണാൻ അമ്പു വൈദ്യർ, മാണിയമ്മ എന്നിവരും ബാല ചികിത്സാ രംഗത്ത് കുറ്റിച്ചിറയിലെ വണ്ണാൻ രാമൻ വൈദ്യരും ശ്രദ്ധേയമായ സേവനം നടത്തിയിട്ടുണ്ട്. തങ്കയത്തിൽ പെൺകുട്ടികൾക്കായി ഒരു പ്രൈമറി സ്ക്കൂൾ പ്രവർത്തിച്ചിരുന്ന സ്ഥലത്താണ് പിൽക്കാലത്ത് ഒരു ഗവൺമെന്റ് ഡിസ്പൻസറി നിലവിൽ വന്നത്. ഇതാണ് ഇന്നത്തെ തൃക്കരിപ്പൂർ ഗവൺമെന്റ് ആശുപത്രി. റെയിൽവേ സ്റ്റേഷനടുത്ത് ഒരു ക്ലിനിക്ക് സ്ഥാപിച്ച് തൃക്കരിപ്പൂരിന്റെ ആതുരശുശ്രൂഷാരംഗത്ത് ദീർഘ കാലം സേവനമനുഷ്ഠിച്ച ഡോക്ടർ കെ.എസ്. ഷേട്ടിയെ ഓർമ്മിപ്പിക്കേണ്ടതാണ്.

കലാകായിക രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച നിരവധി പേർ തൃക്കരിപ്പൂരുണ്ട്. അവരിലാദ്യം ഓർക്കേണ്ട വ്യക്തി ഗുരു ചന്തുപ്പണിക്കരാണ്. കഥകളി രംഗത്ത് പ്രസിദ്ധനായ കലാമണ്ഡലം കൃഷ്ണൻനായരടക്കമുള്ള പ്രഗത്ഭമതികളുടെ ഗുരുസ്ഥാനം അലങ്കരിച്ച ഈ പ്രതിഭാധനൻ താഴെക്കാട്ട് മനയുടെ കളിയോഗത്തിലൂടെയാണ് അരങ്ങേറുന്നത്. അന്നത്തെ കാരണവരായിരുന്ന വാസുദേവൻ തിരുമുമ്പിന്റെ പ്രോത്സാഹനത്തിൽ വളർന്ന കഞ്ചിയിൽ ചിണ്ടൻ പണിക്കർ, മദിരാശി അടയാർ ക്ഷേത്രത്തിലെ കഥകളി വിഭാഗം തലവനും ചന്തുപ്പണിക്കരുടെ മകനുമായ അരയമ്പത്ത് ജനാർദ്ദനനൻ എന്നിവർ ഈ രംഗത്ത് സ്മരണീയരാണ്. തങ്കയത്തെ കൊട്ടൻ പണിക്കർ, മകൻ കുഞ്ഞമ്പുപ്പണിക്കർ, നടക്കാവിലെ കുഞ്ഞുണ്ണിപ്പണിക്കർ, എടാട്ടുമ്മലിലെ കുഞ്ഞിക്കണ്ണൻ പണിക്കർ, പേക്കടത്തെ പി.എം. കണ്ണൻ പണിക്കർ, കുഞ്ഞിത്തീയൻ പണിക്കർ, പേക്കടം അപ്പുപ്പണിക്കർ, കാനാ കരുണാകരൻ പണിക്കർ എന്നിവർ പ്രദേശത്തെ പൗരാണിക കലയായ പൂരക്കളിയിൽ തഴക്കം നേടിയവരാണ്. വാസ്തു ശില്പത്തിൽ പ്രഗത്ഭരായ തെക്കടവൻ ചന്തു മണിയാണി, അപ്പു മണിയാണി, നാരായണൻ മണിയാണി ശില്പകലയിലും ചായം തേപ്പിലും കെ.പി. ചന്തുക്കുട്ടി ദാരുശില്പകലയിൽ ടി.വി. കുഞ്ഞിരാമൻ മേലാശാരി, രാമൻ കേരള വർമ്മൻ തുടങ്ങിയവർ അതാത് രംഗങ്ങളിൽ തൃക്കരിപ്പൂരും അന്യദേശങ്ങളിലും പ്രസിദ്ധരാണ്.

തെയ്യം കലാകാരന്മാരായ ചന്തുപ്പെരുമലയൻ, കൃഷ്ണൻ പെരുമലയൻ, രാമൻ പണിക്കർ എന്നിവരും, കോൽക്കളിയിലും കളരിപ്പയറ്റിലും ലക്ഷ്മണൻ ഗുരുക്കളും അറിയപ്പെടുന്നവരാണ്.

കായികരംഗത്ത് ഫുട്ബോൾ കളിയിൽ പ്രാഗത്ഭ്യം തെളിയിച്ച ഒട്ടനവധി പേർ തൃക്കരിപ്പൂരിലുണ്ട്. ജില്ലാ - സംസ്ഥാന ക്ലബ്ബ് ടൂർണ്ണമെന്റുകളിൽ നിർണ്ണായക പ്രകടനം കാഴ്ചവെച്ച ഇവരിലൂടെ പ്രദേശത്തിന്റെ പ്രസിദ്ധി അന്യദേശങ്ങളിലും പരന്നിരുന്നു. മികച്ച ഏതാനും ഫുട്ബോൾ ക്ലബ്ബുകളും ടൂർണമെന്റുകളും ഇതിന്റെ തുടർച്ച തന്നെയാണ്.

തൃക്കരിപ്പൂരിലെ ഗ്രന്ഥാലയങ്ങളുടെയും വായനശാലകളുടെയും ചരിത്രം പ്രദേശത്തിന്റെ സാംസ്കാരിക ചരിത്രം കൂടിയാണ്. 1940നു ശേഷം രൂപീകരിച്ച കൊയൊങ്കര ആചാര്യ നരേന്ദ്രദേവ് ഗ്രന്ഥാലയം, സുവർണ്ണ ജൂബിലിയാഘോഷിക്കുന്ന ഒളവറ ഗ്രന്ഥാലയം, മുഹമ്മദ് അബ്ദുറഹിമാൻ ഗ്രന്ഥാലയം തുടങ്ങിയ നിരവധി ഗ്രന്ഥാലയങ്ങളും വായനശാലകളും അവയുടെ സജീവമായ പ്രവർത്തനം തുടർന്നുകൊണ്ടേയിരിക്കുന്നു. കൂടാതെ അറുപതിലധികം ചെറുതും വലുതുമായ ആർട്സ് - സ്പോർട്സ് ക്ലബ്ബുകളും പഞ്ചായത്തിലുണ്ട്.

# ഭൂപ്രകൃതിയും വിഭവങ്ങളും

## ഭൂപ്രകൃതി :

കാസർഗോഡ് ജില്ലയുടെ തെക്കെ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന തൃക്കരിപ്പൂർ പഞ്ചായത്ത്, കാർഷിക മേഖലയിൽ നോർതേൺ - മിഡ്‌ലാന്റ് സോണിൽപ്പെടുന്നു. ഭൂമിശാസ്ത്രപരമായി പൂർണ്ണമായും തീരപ്രദേശത്തിലുൾപ്പെടുന്ന, 23.31 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിന്റെ അതിരുകൾ, വടക്ക് പിലിക്കോട്, പടന്ന പഞ്ചായത്തുകൾ, തെക്ക് കവ്വായിപ്പുഴ, കിഴക്ക് കുണിയൻപാടിയിൽ പുഴ, തട്ടാറ് പുഴ, ഒളവറപ്പുഴ പടിഞ്ഞാറ് ആയിറ്റി - മാടക്കാൽ പുഴ (കവ്വായിക്കായൽ) എന്നിങ്ങനെയാണ്.

## കാലാവസ്ഥ :

തൃക്കരിപ്പൂർ പഞ്ചായത്തിൽ സമീപകാലത്ത് ലഭിച്ച ശരാശരി മഴ വർഷത്തിൽ 3524 മില്ലീമീറ്ററാണ്. ജൂലായ് മാസത്തിലാണ് കൂടുതൽ മഴ ലഭിക്കുന്നുണ്ട്.

## ജലലഭ്യത :

മെച്ചപ്പെട്ട മഴ ലഭിക്കുന്ന പ്രദേശമാണെങ്കിലും പഞ്ചായത്തിന്റെ കിഴക്ക് പുഴയോരപ്രദേശങ്ങളിലും വയലൊടി, തൈക്കിൻ പ്രദേശങ്ങളിലും ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. കിഴക്ക് ഭാഗത്ത് നഞ്ച് കലർന്ന വെള്ളമാണെങ്കിൽ, പടിഞ്ഞാറൻ പ്രദേശങ്ങളിൽ ഉപ്പ് വെള്ളമാണ്. ഇവിടെ ജനങ്ങൾ പൈപ്പ് വെള്ളത്തെ ആശ്രയിക്കുന്നു.

പഞ്ചായത്തിലെ 3416 കുടുംബങ്ങൾ കുടിവെള്ളത്തിന് സ്വന്തം കിണറുപയോഗിക്കുമ്പോൾ 230 കുടുംബങ്ങൾ സർക്കാർ ജലവിതരണത്തെയാണ് ആശ്രയിക്കുന്നത്. ജലസേചനത്തിന് വിവിധ കുടുംബങ്ങൾ താഴെപ്പറയും പ്രകാരം ജലസ്രോതസ്സുകൾ ഉപയോഗിക്കുന്നു.

| | | |
|---|---|---|
| സ്വന്തം കിണർ | : | 2139 |
| പൊതുകുളം | : | 143 |
| സ്വന്തം കുളം | : | 14 |
| പുഴ | : | 21 |
| തോട് | : | 62 |

## മണ്ണ് :

തീരദേശ ഭൂമിയായ തൃക്കരിപ്പൂരിന്റെ ചെരിവ് 0.3% മാത്രമാണ്. ചെമ്മണ്ണ്, പൂഴിമണ്ണ്, പൂഴിമണൽ ചേർന്ന കളിമണ്ണ് ഇവയാണ് മണ്ണിനങ്ങൾ. പൂഴിമണ്ണിൽ നീർവാർച്ച കൂടുതലാണ്. ഈ പ്രദേശത്തെ പ്രധാനകൃഷി തെങ്ങാണ്. വയലുകളിൽ നെല്ല്, പച്ചക്കറികൾ, ചിലയിനം ധാന്യങ്ങൾ എന്നിവ കൃഷി ചെയ്യുന്നു. നെൽകൃഷി നടത്തുന്ന വയലുകളിൽ മിക്കതും ജലസേചനത്തിന് മഴയെ ആശ്രയിക്കുന്നതി

നാൽ ഒരുപു നിലങ്ങളാണ്. വയലുകൾ നികത്തി തെങ്ങ് കൃഷി ചെയ്യുന്ന പ്രവണത പലയിടത്തും കണ്ടുവരുന്നു.

ജനപ്രകൃതി :- 1991ലെ കാനേഷുമാരി കണക്കുകൾ പ്രകാരം തൃക്കരിപ്പൂർ പഞ്ചായത്തിലെ ജന സംഖ്യ 32,626 ആണ്. ഇതിൽ 15,467 പേർ പുരുഷന്മാരും 17,159 പേർ സ്ത്രീകളുമാണ്. സ്ത്രീകൾ പുരുഷ ന്മാരേക്കാൾ 1692 പേർ കൂടുതലാണ്. ആകെ ജനങ്ങളിൽ 24,923 പേർ സാക്ഷരരാണ്. സാക്ഷരരിൽ പുരുഷന്മാർ 12,437ഉം സ്ത്രീകൾ 12,486ഉം ആണ്.

1996ലെ പഞ്ചായത്ത് സമഗ്രവികസന സർവ്വെ പ്രകാരം വിവിധ തൊഴിൽ തുറകളിൽ ജോലിചെയ്യുന്നവർ താഴെപ്പറയും പ്രകാരമാണ്.

| തൊഴിൽമേഖല | തൊഴിലാളികളുടെ എണ്ണം |
|---|---|
| കൃഷി | 708 |
| കർഷികത്തൊഴിൽ | 1193 |
| മത്സ്യബന്ധനം | 275 |
| കല്ലുവെട്ട് | 50 |
| കൈത്തറി | 63 |
| കയർ | 40 |
| ബീഡി | 480 |
| ഫാക്ടറി / മില്ല് | 90 |
| കെട്ടിടനിർമ്മാണം | 735 |
| കച്ചവടം | 864 |
| ചുമട് | 63 |
| മോട്ടോർ വാഹനം | 289 |
| സ്ക്കൂൾ / കോളേജ് | 240 |
| സർക്കാരാഫീസ് | 482 |
| പോലീസ് | 56 |
| പട്ടാളം | 89 |
| ഡോക്ടർ | 19 |
| എഞ്ചിനീയർ | 24 |
| വക്കീൽ | 10 |

## ജൈവപ്രകൃതി:

ഒരുവശത്ത് കവ്വായിക്കായലും മറ്റു ഭാഗങ്ങളിൽ പുഴകളും തോടുകളും അതിരിടുന്ന തൃക്കരിപ്പൂര് ജൈവസമൃദ്ധമാണ്. വിശാലമായ പാടശേഖരങ്ങൾ, ചതുപ്പുനിലങ്ങൾ, ചെറിയ തോതിൽ കണ്ടൽക്കാടുകൾ, കാവുകൾ എന്നി ഈ പ്രദേശത്തുണ്ട്. കവ്വായിക്കായൽ മത്സ്യങ്ങളുടേയും, ജലജീവികളുടേയും വാസസ്ഥാനമാണ്. തൃക്കരിപ്പൂരിൽ അങ്ങോളമിങ്ങോളം ചിതറിക്കിടക്കുന്ന കാവുകൾ വൈവിധ്യമേറിയ സസ്യങ്ങളാൽ സമൃദ്ധമാണ്.

### പ്രധാന കാവുകളും, വിസ്തീർണ്ണവും.

| കാവിന്റെ പേര് | ഏകദേശ വിസ്തൃതി |
|---|---|
| ചീർമ്മക്കാവ്, കൊയൊങ്കര | 1/2 ഏക്കർ |
| ആയിറ്റിക്കാവ്, ആയിറ്റിക്കടവ് | 1/2 ഏക്കർ |
| പൂമാലക്കാവ്, കൊയൊങ്കര | 1/2 ഏക്കർ |
| പൂമാലക്കാവ്, ഒളവറ | 2 ഏക്കർ |
| വടക്കെ വീട് പൂമാലക്കാവ്, ഒളവറ | 1 ഏക്കർ |
| ഒളവറ മുണ്ട്യക്കാവ് | 2 ഏക്കർ |

കാവുകളിലെ സസ്യപ്രകൃതിയെക്കുറിച്ചും ജന്തുവിഭാഗങ്ങളെക്കുറിച്ചും വിശദമായ പഠനം ആവശ്യമാണ്. ഉരഗങ്ങൾ, ഉഭയജീവികൾ, പക്ഷികൾ, സസ്തനങ്ങൾ എന്നിവ നാശത്തെ നേരിട്ടുകൊണ്ടുതന്നെ പ്രദേശങ്ങളിൽ നിലനിൽക്കുന്നുണ്ട്.

വെള്ളാമ, കരാമ, ചൂരലാമ തുടങ്ങിയ ഉരഗങ്ങൾ, റാണാ ടൈഗ്രീന, കരിന്തവള തുടങ്ങിയ തവളയിനങ്ങൾ ചെറിയ നീർക്കാക്ക, ചിന്നമുണ്ടി, ചാരമുണ്ടി, കാലിമുണ്ടി, ചിന്നക്കൊക്ക്, പാതിരാക്കൊക്ക് തുടങ്ങിയ ജലപ്പക്ഷികൾ വെള്ളപയാൻ, കടൽപരുന്ത്, കൃഷ്ണപരുന്ത്, ചുട്ടിപ്പരുന്ത് തുടങ്ങിയ പരുന്തിനങ്ങൾ കാട്ടുപൂച്ച, വെരുക്, കുറുനരി, മരപ്പട്ടി, നീർനായ തുടങ്ങിയ സസ്തനങ്ങൾ എന്നിവ ഇവിടെ കാണുന്നു. സാധാരണങ്ങളായ ഒട്ടനവധി പക്ഷികൾക്കും മറ്റു ജന്തുക്കൾക്കും പുറമെയാണിത്.

കൊയൊറ്റങ്കരയുടെ കിഴക്കു ഭാഗത്തുള്ള കാവ് ധാരാളം പക്ഷികളുടെ കേന്ദ്രമാണ്. വിശേഷിച്ച് ചിലയിനം ദേശാടനപ്പക്ഷികളുടെ മനുഷ്യന്റെ അനാവശ്യമായ ഇടപെടൽ സസ്യ-ജന്തു വർഗ്ഗങ്ങളുടെ നാശത്തിനിടവരുത്താതെ ശ്രദ്ധിക്കേണ്ടതുണ്ട്.

ഉത്തമപൗരന്മാരാവുകയെന്നതാവണം നമ്മുടെ ലക്ഷ്യം. സ്വന്തം താല്പര്യങ്ങൾക്ക് രണ്ടാം സ്ഥാനം നല്കിക്കൊണ്ട് പൊതുനന്മക്കായി പ്രവർത്തിക്കുക.

*- നെഹ്റു*

# പഞ്ചായത്ത് - പൊതുവിവരങ്ങൾ

| | | | |
|---|---|---|---|
| 1. | പഞ്ചായത്തിന്റെ പേര് | : | തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് |
| 2. | ഉൾപ്പെടുന്ന ഗ്രാമങ്ങൾ | : | വടക്കെ തൃക്കരിപ്പൂര്, തെക്കെ തൃക്കരിപ്പൂരിന്റെ ഭാഗങ്ങൾ. |
| 3. | ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | തൃക്കരിപ്പൂര്, ഉടുമ്പുന്തലയുടെ ഭാഗങ്ങൾ, ഉദിനൂരിന്റെ ഭാഗങ്ങൾ. |
| 4. | ജില്ലാപഞ്ചായത്ത് ഡിവിഷൻ | : | തൃക്കരിപ്പൂര്. |
| 5. | അസംബ്ലി മണ്ഡലം | : | തൃക്കരിപ്പൂര്. |
| 6. | ലോകസഭാ മണ്ഡലം | : | കാസർഗോഡ് |
| 7. | താലൂക്ക് | : | ഹോസ്ദുർഗ്. |
| 8. | വിസ്തീർണ്ണം | : | 23.31 ചതുരശ്ര കി.മീറ്റർ |
| 9. | ജനസംഖ്യാനുപാതം | : | പു. സ്ത്രീ 1000 : 1109 |
| 10. | ജനസാന്ദ്രത | : | 1400 / ച.കീ.മീറ്റർ. |
| 11. | ജനസംഖ്യ | : | 32626 (1191 സെൻസസ്) |
| 12. | പട്ടികജാതി ജനസംഖ്യ | : | 2163 |
| 13. | വാർഡുകളുടെ എണ്ണം | : | 13 |
| 14. | പഞ്ചായത്ത് പ്രസിഡണ്ട് | : | ടി.പി. നസ്രിയ |
| 15. | വൈസ് പ്രസിഡണ്ട് | : | കെ.വി. വിജയൻ |
| 16. | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | : | വി.പി.പി.കബീർ. |

# പഞ്ചായത്ത് ഭരണസമിതികൾ–
# ആദ്യകാലങ്ങളിലേക്കൊരു തിരിഞ്ഞുനോട്ടം.

**കേ**രളപ്പിറവിക്കുമുമ്പെ സൗത്ത് കാനറ ജില്ലയിൽപെട്ട തൃക്കരിപ്പൂർ പഞ്ചായത്തിന്റെ ആദ്യപ്രസിഡണ്ട് കൈക്കോട്ടുകടവിലെ വി.പി. മുഹമ്മദ് കുഞ്ഞി ഹാജിയാണ്. 1953 മുതൽ പ്രസിഡണ്ടായി കെ.പി. കുഞ്ഞിക്കണ്ണപൊതുവാൾ പ്രവർത്തിച്ചു. അന്നത്തെ ഭരണസമിതി അംഗങ്ങൾ: ടി.വി. ചാവണിയൻ ( വൈസ് പ്രസിഡണ്ട് കെ. ഗോപാലൻ നായർ, വി. കുഞ്ഞികൃഷ്ണൻ, എം. ദാമോദരൻ, കെ.പി. കോരൻ, കെ. കുഞ്ഞപ്പു, കെ.വി.പി. മുഹമ്മദ്കുഞ്ഞി, ടി.പി. ഹമീദ്, എം.കെ. അബ്ദുറഹ്മാൻ, പി. കുമാരൻ, എൻ.പി.കെ. മമ്മു, കെ. മുഹമ്മദ് കുഞ്ഞി, ആർ. കുഞ്ഞമ്പു എന്നിവരാണ്. ഇതേ ഭരണസമിതി നിലവിലിരിക്കെ അന്നത്തെ വൈസ് പ്രസിഡണ്ടായ ടി.വി. ചവിണിയൻ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. 1959 ജനുവരി മുതലാണ് ഈ ഭരണം ആരംഭിച്ചത്.

ദീർഘകാലം തൃക്കരിപ്പൂർ പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന വി.പി.പി. മുഹമ്മദ് കുഞ്ഞി പട്ടേലരുടെ ഭരണസമിതി പ്രവർത്തനമാരംഭിക്കുന്നത് 20.12.1963 മുതലാണ്. അന്നത്തെ ഭരണസമിതി അംഗങ്ങൾ: ടി. കുഞ്ഞിരാമൻ (വൈസ് പ്രസിഡണ്ട് കെ. കുഞ്ഞുണ്ണി പണിക്കർ, സി. അബ്ദുൾ ഹമീദ്, കെ.വി.പി. മുഹമ്മദ് കുഞ്ഞി, യു.പി.സി. അബ്ദുള്ള, ഇ. രാഘവൻ, കെ.വി. കുഞ്ഞമ്പു, പി.സി. പൊതുവാൾ എന്നിവരാണ്.

6.2.1988ന് നിലവിൽ വന്ന, എം. മുഹമ്മദ് കുഞ്ഞി പ്രസിഡണ്ടായിരുന്ന ഭരണസമിതിയിലെ അംഗങ്ങൾ കെ.വി. വിജയൻ (വൈസ് പ്രസിഡണ്ട് കെ.വി. അമ്പു, കെ. ലക്ഷ്മി ടീച്ചർ, എ.ജി. സഫിയ, വി.പി.പി. കബീർ, ഇ. കൃഷ്ണൻ, എം.എ. അബ്ദുറഹിമാൻ മാസ്റ്റർ, ടി.വി. ഭാസ്കരൻ, എം. അബ്ദുള്ള ഹാജി, ടി.വി. കുഞ്ഞികൃഷ്ണൻ എന്നിവരാണ്.

നിലവിലുള്ള ഭരണസമിതി നിലവിൽ വരുന്നത് 1995 ഒക്ടോബർ മാസത്തോടെയാണ്.

# കൃഷിയും ജലസേചനവും

പഞ്ചായത്തിലെ മൊത്തം ജനവിഭാഗത്തിന്റെ പകുതിയിൽ അധികം പേരും കാർഷിക മേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. കാർഷിക മേഖലയിലുണ്ടാകുന്ന സമഗ്രവികസനത്തിലൂടെ മാത്രമേ ഈ ഗ്രാമപ്രദേശങ്ങളിലെ ജനങ്ങളുടെ ഉന്നമനം ഉറപ്പ് വരുത്തുവാൻ സാധിക്കുകുള്ളു. ഈ പഞ്ചായത്തിലെ പ്രധാന കാർഷിക വിളകൾ നെല്ല്, തെങ്ങ് എന്നിവയാണ്. മറ്റ് ധാന്യവിളകൾ, നാണ്യവിളകൾ, പച്ചക്കറികൾ മുതലയാവ ഇടവിളയായി കൃഷി ചെയ്യുന്ന സമ്മിശ്ര കൃഷി രീതിയാണ് നിലനിൽക്കുന്നത്.

പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം 2331 ഹെക്ടർ ആണ്. ഇതിൽ 393 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയും 1537 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിയും ചെയ്തുകൊണ്ടിരിക്കുന്നു. മറ്റ് വിളകളായ പയറുവർഗ്ഗങ്ങൾ, എള്ള്, മരച്ചീനി, പച്ചക്കറികൾ, വാഴ, കുരുമുളക് എന്നീ ഇടവിളകളും, കവുങ്, കശുമാവ്, പ്ലാവ്, മാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും കൃഷിചെയ്യുന്നു.

പട്ടിക 1

| ഭൂമി സംബന്ധിച്ച വിവരങ്ങൾ | |
|---|---|
| ഇനം | വിസ്തീർണ്ണം |
| നിലം | 393 ഹെക്ടർ |
| പുരയിടം | 1537 ഹെക്ടർ |
| പുറമ്പോക്ക് | 350.72 ഹെക്ടർ |
| കൃഷിയോഗ്യതരിശ് | |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 50.28 ഹെക്ടർ |
| ആകെ | 2331.00 ഹെക്ടർ |
| അവലംബം വില്ലേജ് സെറ്റിൽമെന്റ് രജിസ്റ്റർ | |

പട്ടിക 2

വിള വിസ്തീർണ്ണവും ഉല്പാദനവും

| വിള | വിസ്തീർണ്ണം (ഹെക്ടറിൽ) | മൊത്തം ഉല്പാദനം (ടൺ) | ഉല്പാദനക്ഷമത (ഹെക്ടർ) |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 393 | 1280 | 3200 കി.ഗ്രാം/ഹെ. |
| നെല്ല് (രണ്ടാം വിള) | 300 | 1080 | 3600 ,, |


ഡയഗ്രാം - 1
വിള വിസ്തീർണം
സ്കെയിൽ 1 യുനിറ്റ് = 200 ഹെക്ടർ
വിസ്തീർണം (ഹെക്ടർ)
1600
1400
1200
1000
800
600
400
200
നെല്ല്
പയർ
എള്ള്
പച്ചക്കറികൾ
തെങ്ങ്
വാഴ
മരിച്ചീനി
കുരുമുളക്
പ്ലാവ്
കശുമാവ്
മാവ്
കവുങ്ങ്
വിള

| വിള | വിസ്തീർണ്ണം (ഹെക്ടറിൽ) | മൊത്തം ഉല്പാദനം (ടൺ) | ഉല്പാദനക്ഷമത (ഹെക്ടർ) |
|---|---|---|---|
| നെല്ല് (മൂന്നാം വിള) | 90 | 306 | 3400 |
| പയർ | 60 | 66 | 1100 ,, ,, |
| എള്ള് | 5 | 1.5 | 300 ,, ,, |
| പച്ചക്കറികൾ | 10 | 90 | 9 ,, ,, |
| തെങ്ങ് | 1537 | 1,84,44,000 എണ്ണം | 1200 എണ്ണം/ഹെ |
| വാഴ | 10 | 150 | 15 ടൺ/ഹെ |
| മരച്ചീനി | 1 | 15 | 15 ,, |
| കുരുമുളക് | 8.93 | 2.46 | 275 കി.ഗ്രാം/ഹെ. |
| പ്ലാവ് | 15 | 150 | 10 ടൺ/ഹെ |
| കശുമാവ് | 10 | 8.55 | 850 കി. ഗ്രാം/ഹെ. |
| മാവ് | 20 | 70 | 3.5 ടൺ/ഹെ |
| കവുങ്ങ് | 3 | 6,40,227 എണ്ണം | 2,13,409 എണ്ണം/ഹെ |

## ഭൂപ്രകൃതി

ഭൂപ്രദേശങ്ങളെല്ലാം തന്നെ നിരപ്പായ സമതല പ്രദേശങ്ങളാണ്. കുന്നുകളും, മലകളും, ചെരിവുകളും താഴ്‌വരകളും ഇല്ലാത്ത സമതല പ്രദേശങ്ങൾ നമ്മുടെ പഞ്ചായത്തിന്റെ ഒരു പ്രത്യേകതയായി പരാമർശിക്കപ്പെടാവുന്നതാണ് പടിഞ്ഞാറ് ആയിറ്റിപ്പുഴ, തെക്ക് കവ്വായിപ്പുഴ, കിഴക്ക് കവ്വായിപ്പുഴയും പുഴയോട് ചേർന്ന് കിടക്കുന്ന കുണിയൻ ആനാൾതോട് എന്നിവകളാൽ ചുറ്റപ്പെട്ട് കിടക്കുന്നു. ഈ പുഴകളോട് ചേർന്ന് കണ്ണിച്ചാൻകഞ്ചിയിൽതോട്, ചെറിയചാൽ തോട്, കൊവ്വപ്പുഴത്തോട്, ആനയിൽതോട്, മുല്ലത്തോട്, ആനാർ കുണിയൻതോട് മുതലായ തോടുകളും ഈ പ്രദേശത്തിന്റെ വിവിധ ഭാഗങ്ങളിൽകൂടി ഒഴുകുന്നു.

## മൺതരം

മണൽ, മണൽ കലർന്ന കളിമണ്ണ്, ചെമ്മണ്ണ് എന്നീ മൂന്ന് തരങ്ങളിലുള്ള മണ്ണാണ് ഈ പ്രദേശത്ത് കാണപ്പെടുന്നത്. ഇതിൽ മുഖ്യഭാഗങ്ങളും നീർവാർച്ച കൂടിയ മണൽ (പൂഴി) പ്രദേശങ്ങളാണ്. ഇങ്ങനെയുള്ള പ്രദേശങ്ങളിലാണ് തെങ്ങ് കൃഷി പ്രധാനമായും ചെയ്തുവരുന്നത്. കൂടാതെ ചെമ്മണ്ണ് പ്രദേശത്ത് തെങ്ങ് കൃഷിയും മറ്റ് ഇടവിളകളും കൃഷി ചെയ്യുന്നുണ്ട്. നെൽകൃഷിയിറക്കുന്നത് മണൽ കലർന്ന കളിമണ്ണ് പ്രദേശങ്ങളിലാണ്. അമ്ലത്വ സ്വഭാവമുള്ള മണ്ണാണ് കർഷകരെ നെൽകൃഷിയും മറ്റ് വിളകളും ഫലപ്രദമായി കൃഷിചെയ്യുന്നതിന് പ്രതികൂലമായി നിൽകുന്ന ഒരു പ്രധാനഘടകം.

## ജലസേചനം

വിവിധ വാർഡുകളിലായി 43 കുളങ്ങളുണ്ട്. ഇതിൽ പത്തോളം കുളങ്ങൾ വിവിധ കാർഷിക വിളകളുടെ ജലസേചനത്തിനും ഇരുപത്തഞ്ചോളം കുളങ്ങൾ ഭാഗികമായി ജലസേചനത്തിനും ഉപയോഗിച്ചുവരുന്നു. എട്ട് കുളങ്ങൾ പൂർണ്ണമായും ഉപയോഗശൂന്യമായ നിലയിലാണ്. അതുപോലെതന്നെ കാർഷികാവശ്യത്തിനായി ജലസേചനത്തിന് ഉപയോഗപ്രദമല്ലാത്ത അവസ്ഥയിലാണ് പഞ്ചായത്തിലെ തോടുകളുടെ ഇന്നത്തെ സ്ഥിതി. എല്ലാ തോടുകളും തന്നെ വളരെ വീതികുറഞ്ഞ് ഇടുങ്ങി ആഴം കുറഞ്ഞതും വശങ്ങളെല്ലാംതന്നെ ഇടിഞ്ഞ് വീഴുന്ന അവസ്ഥയിലുമാണ് കിടക്കുന്ന

ത്. മൂന്ന് ഭാഗങ്ങളും പുഴകളാൽ ചുറ്റപ്പെട്ടതാകയാൽ നെൽവയലുകളിലേക്ക് ഉപ്പ് വെള്ളം കയറി കൃഷി നശിച്ചു കൊണ്ടിരിക്കുന്നത് കർഷകരെ അലട്ടുന്ന മുഖ്യപ്രശ്നങ്ങളിലൊന്നാണ്. തോടുകളെല്ലാം തന്നെ ജൂൺ, ജൂലൈ മാസങ്ങളിൽ വെള്ളം നിറഞ്ഞ് കവിഞ്ഞ് ഒഴുകി നെൽകൃഷി നശിക്കുകയും ജനുവരിമാസം ആദ്യത്തോട് കൂടിത്തന്നെ തോടുകളും കുളങ്ങളും വറ്റിവരണ്ട് പോകുന്ന ദയനീയ അവസ്ഥയുമാണ് നിലനിൽക്കുന്നത്. അതുകൊണ്ട് തന്നെ നെൽകൃഷിയുടെ രണ്ടാം വിള നഷ്ടത്തിലാകുന്നു.

## വളത്തിന്റെ ഉപയോഗവും കീടനാശിനി പ്രയോഗവും

രാസവളത്തിന്റെ പ്രയോഗം പൊതുവെ കുറഞ്ഞുവരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ശരിയായ അളവിൽ ജൈവവളം മണ്ണിൽ ചേർക്കാത്തത്കൊണ്ട് മണൽ പ്രദേശങ്ങളിൽ രാസവളപ്രയോഗത്തിന്റെ ഉപയോഗം കർഷകർക്ക് ലഭിക്കാത്ത അവസ്ഥയാണുള്ളത്. ജൈവവളവും രാസവളവും ശരിയായ അളവിൽത്തന്നെ വിവിധ വിളകൾക്ക് ഉപയോഗിക്കേണ്ടതുണ്ട് എന്ന ശാസ്ത്രീയവശം കർഷകരെ ബോധ്യപ്പെടുത്തേണ്ടത് അനിവാര്യമാണ്. പഞ്ചായത്ത് പരിധിയിൽ രാസവളം കർഷകന് ലഭ്യമാക്കുന്നതിനായ് സഹകരണ മേഖലയിലും സ്വകാര്യമേഖലയിലും ഓരോ വിപണനകേന്ദ്രങ്ങളാണ് നിലവിലുള്ളത്. രാസവള വിപണന കേന്ദ്രങ്ങളിൽ നിന്നും കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി വില്പന നടത്തിയ രാസവളത്തിന്റെ വിവരങ്ങൾ പട്ടിക - 3 പ്രകാരം ചുവടെ ചേർത്തിരിക്കുന്നു.

പട്ടിക 3
രാസവള വിപണനം

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| 1 | തൃക്കരിപ്പൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബേങ്ക് | 91,542 കി.ഗ്രാം | 75,669 കി.ഗ്രാം | 67,967 കി.ഗ്രാം |
| 2 | ശ്രീ മൂകാംബിക ഏജൻസീസ് തൃക്കരിപ്പൂർ | 5,5000 കി.ഗ്രാം | 56,000 കി.ഗ്രാം | 52,000 കി.ഗ്രാം |

കർഷകർക്ക് കീടനാശിനികളും കുമിൾനാശിനികളും ലഭ്യമാക്കുന്നതിന് ഒരു വിപണനകേന്ദ്രം സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. കീടനാശിനികളുടെ ഉപയോഗവും വർഷംതോറും കുറഞ്ഞുവരുന്നതായിട്ടാണ് കണക്കുകൾ വ്യക്തമാക്കുന്നത്. കഴിഞ്ഞ 3 വർഷങ്ങളിലായി വില്പന നടത്തിയ കീടനാശിനികളുടെ അളവ് 1993-94ൽ 11 ലിറ്ററും 1994-95ൽ 10 ലിറ്ററും 1995-96ൽ 9 ലിറ്ററുമാണ്.

## കാർഷികോപകരണങ്ങൾ

മഴയെ ആശ്രയിച്ചുകൊണ്ടുള്ള പരമ്പരാഗത കൃഷി രീതിയാണ് കർഷകർ അവലംബിച്ച് പോരുന്നത്. വിത്തിറക്കലും കൊയ്ത്തും മറ്റ് കാർഷിക പ്രവൃത്തികളും കാലവർഷത്തെയും കാർഷിക തൊഴിലാളികളെയും ആശ്രയിച്ചിരിക്കുന്നു. നാടൻ കലപ്പകൊണ്ട് കാളകളെ ഉപയോഗിച്ചുകൊണ്ടുള്ള പരമ്പരാഗത കൃഷിരീതികൾ കുറഞ്ഞ് വരികയാണ്. കാളകളെ തീറ്റിപ്പോറ്റാൻ വേണ്ടി വരുന്ന ഭീമമായ തുക, കാർഷികത്തൊഴിലാളികളുടെ ദൗർലഭ്യം മുതലായവ ഇതിനുള്ള പ്രധാന കാരണങ്ങളാണ്. ആധുനിക കാർഷിക ഉഴവ് ഉപകരണമായ പവർ ടില്ലർ ഒരെണ്ണം സർക്കാർ ധനസഹായത്തോടുകൂടി കോയങ്കര പാടശേഖര സമിതിക്ക് നൽകിയിട്ടുണ്ട്. ഈ പവ്വർ ടില്ലർ ഉപയോഗിച്ചുകൊണ്ട് വളരെ ചെറിയ പ്രദേശങ്ങളിൽ മാത്രമേ ഉഴവ് ജോലികൾ ചെയ്യാൻ സാധിക്കുകയുള്ളു. കൂടാതെ മരുന്ന് തളി ഉപകരണങ്ങളായ റോക്കർ സ്പ്രെയർ, നാപ്സാക്ക് സ്പ്രെയർ മുതലായ

ഡയഗ്രാം – 2

## രാസവള വിപണനം



**ഡയഗ്രാം – 3**

# കീടനാശിനി വിപണനം






പാടശേഖര സമിതികൾക്കും കേരസമിതികൾക്കും ലഭ്യമാക്കിയിട്ടുണ്ട്. കക്കുന്നം പാടശേഖരസമിതിയിൽ ഒരു മെതിയന്ത്രവും ലഭ്യമാക്കിയിട്ടുണ്ട്. ഞാറ് നടൽ, കളപറിക്കൽ, കൊയ്യൽ, മെതിക്കൽ, പാറ്റൽ തുടങ്ങിയ ജോലികൾ സ്ത്രീതൊഴിലാളികളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഈ രംഗത്ത് സ്ത്രീത്തൊഴിലാളികളുടെ എണ്ണം നാൾക്കുനാൾ കുറഞ്ഞുവരുന്നത് ഇത്തരം ജോലികൾ സമയാസമയം ചെയ്യുന്നത് ഒരു പ്രതിസന്ധിഘട്ടത്തിലെത്തിച്ചിരിക്കുകയാണ്. പുതുതായി ഈ രംഗത്ത് സ്ത്രീത്തൊഴിലാളികൾ കടന്നുവരുന്നില്ല എന്നുതന്നെ പറയാം. ആധുനിക കാർഷികോപകരണങ്ങൾ ഈ രംഗത്താണ് കൂടുതലായി വേണ്ടിവരിക. തെങ്ങുകയറ്റയന്ത്രവും, മെതിയന്ത്രവും കർഷകർക്കിടയിൽ പ്രചരിച്ചുകൊണ്ടിരിക്കയാണ്. ഒരു മെതിയന്ത്രവും മൂന്ന് തെങ്ങുകയറ്റ യന്ത്രവും ഈ പഞ്ചായത്തിൽ കൃഷിഭവൻ മുഖേന വിതരണം ചെയ്തിട്ടുണ്ട്.

## നെൽകൃഷി

ഉല്പാദനക്ഷമത കൂടിയിട്ടുണ്ടെങ്കിലും വയലുകളുടെ വിസ്തീർണ്ണം നാൾക്കുനാൾ കുറഞ്ഞുവരുന്നതിനാൽ മൊത്തം നെല്ലുല്പാദനം കുറഞ്ഞ് വരികയാണ്. ചെന്നെല്ല്, തൊണ്ണൂറാൻ, ചിറ്റേനി, അരിക്രായി, അല്ലിക്കണ്ണൻ, തവളക്കണ്ണൻ, കറുത്തല്ലിക്കണ്ണൻ, കയമ, തൗവ്വൻ എന്നീ നാടൻ ഇനങ്ങളും അത്യുല്പാദനശേഷിയുള്ള ഇനങ്ങളായ ജ്യോതി, ജയ, എ.ആർ. 20, ചുവന്ന ത്രിവേണി, പവിഴം എന്നിവയുമാണ് പ്രധാനമായും കൃഷി ചെയ്തുവരുന്നത്. കൂടാതെ ആയിറ്റി പ്രദേശത്തിലെ പാടശേഖരങ്ങൾ കുട്ടനാടൻ വയലുകൾക്ക് സാമ്യമുള്ള പ്രദേശങ്ങളാണെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്. ഇങ്ങനെയുള്ള വയലുകളിൽ സാധാരണയായി കുട്ടനാടി, മുണ്ടോൻ എന്നീ ഇനങ്ങളാണ് കർഷകർ ഉപയോഗിച്ചു കൊണ്ടിരിക്കുന്നത്. ഈ പഞ്ചായത്തിൽ ഒന്നാം വിളക്കാലത്ത് നെൽവയലുകളിൽനിന്നും മൊത്തം 1280 ടൺ നെല്ലും രണ്ടാം വിളക്ക് 1080 ടൺ നെല്ലും മൂന്നാം വിളക്ക് 306 ടൺ നെല്ലും ഉല്പാദിപ്പിക്കുന്നുണ്ട്. ഉല്പാദനക്ഷമത ഹെക്ടറിന് യഥാക്രമം 3200 കി. ഗ്രാം, 3400 കി.ഗ്രാം എന്നിങ്ങനെയാണ്.

## തെങ്ങ് കൃഷി

നെൽവയലുകളുടെ വിസ്തീർണ്ണം കുറയുന്നതിനനുസൃതമായി തെങ്ങ് കൃഷിയുടെ വിസ്തീർണ്ണം കൂടിവരികയാണ്. കർഷകർ പ്രധാനമായും നാടൻ ഇനങ്ങളാണ് കൃഷി ചെയ്തു വരുന്നത്. അത്യുല്പാദനശേഷിയുള്ള T xD, D x T, കേരഗംഗ, ലക്ഷഗംഗ എന്നീ ഇനങ്ങൾ കൃഷിചെയ്യാൻ താല്പര്യം പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലും വേണ്ടത്ര അളവിൽ ഇവ ലഭ്യമാകുന്നില്ല എന്നുള്ളതാണ് ഇന്നത്തെ അവസ്ഥ. മൊത്തം 1,84,44000 തേങ്ങയാണ് ഒരു വർഷത്തേക്ക് ഉല്പാദിപ്പിക്കപ്പെടുന്നത്. ഉല്പാദനക്ഷമത ഹെക്ടറിന് ശരാശരി 12,000 തേങ്ങയാണ് ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്നത്.

## പാടശേഖര സമിതി

1989 മുതലാണ് ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം നമ്മുടെ സംസ്ഥാനത്ത് നിലവിൽ വന്നത്. അതിന്റെ ഭാഗമായി ആറ് പാടശേഖരസമിതികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നുണ്ട്. ഇവ തങ്കയം, കൊയോങ്കര, ഈയ്യക്കാട്, മധുരംകൈ, ആയിറ്റി, കക്കുന്നം തലിച്ചാലം പാടശേഖരങ്ങളാണ്. ആദ്യകാലത്ത് പാടശേഖര സമിതികൾ സജീവമായിരുന്നവെങ്കിലും പിന്നീട് പദ്ധതികളുടെ അഭാവം മൂലം പ്രവർത്തനം മന്ദീഭവിച്ചുകൊണ്ടിരിക്കുകയാണ്. മൊത്തം കൃഷിഭൂമിയുടെ മുഴുൻ ഭാഗങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഗ്രൂപ്പ്ഫാമംഗ് സമിതികൾ നിലവിൽ വരേണ്ടതുണ്ട്.

## കേരവികസന സമിതി

കേരവികസന സമിതികൾ വാർഡുകൾതോറും രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുകൊണ്ടിരുന്നുവെ

ങ്കിലും 1994 മുതൽ വാർഡുതലസമിതികൾ ഇല്ലാതാവുകയും പകരം പഞ്ചായത്ത് തലത്തിൽ ഒരു സമിതി എന്ന നിലയിൽ ഇതിന്റെ പ്രവർത്തനം ചുരുങ്ങിപ്പോവുകയാണുണ്ടായത്. കേരവികസന സമിതിക്ക് സ്വന്തമായി ഒരു ഓഫീസുണ്ട്.

### കർഷകത്തൊഴിലാളികളും കൂലിനിരക്കും.

കർഷകത്തൊഴിലളികളെ യഥാസമയം ലഭിക്കുന്നില്ല എന്നുള്ളതാണ് കാർഷികമേഖലയെ അലട്ടുന്ന മുഖ്യപ്രശ്നങ്ങളിലൊന്ന്. പ്രായാധിക്യംമൂലം നിലവിലുള്ള തൊഴിലാളികൾ ഈ രംഗത്ത്നിന്ന് കൊഴിഞ്ഞ് പോയിക്കൊണ്ടിരിക്കുകയും പുതിയ തലമുറ ഈ രംഗത്ത് കടന്നുവരാതിരിക്കുകയും ചെയ്യുന്നത് മൂലം കാർഷികമേഖല തളരുകയാണ്. കൂലിനിരക്ക് ആകർഷണീയമാണെങ്കിലും തൊഴിലിന്റെ സൗന്ദര്യമില്ലായ്മകൊണ്ടാണ് ഈ രംഗത്ത് ചെറുപ്പക്കാർ കടന്നുവരാൻ വൈമനസ്യം കാട്ടുന്നത്. ഏകീകരിച്ച ഒരു കൂലിനിരക്ക് പഞ്ചായത്തിൽ നിലവിൽ വന്നിട്ടില്ല. എങ്കിലും ശരാശരി പുരുഷന്മാർക്ക് നാല് മണിക്കൂർ (ഉച്ചവരെ) അമ്പത് രൂപയും ഭക്ഷണച്ചെലവും സ്ത്രീതൊഴിലാളികൾക്ക് ഇരുപത്തഞ്ച് രൂപയും ഭക്ഷണച്ചെലവും നൽകിവരുന്നുണ്ട്.

### കാർഷികവായ്പ

കർഷകർക്ക് വായ്പ ലഭ്യമാക്കുന്നതിനായി നാല് ദേശസാത്കൃത ബാങ്കുകളും ഒരു സഹകരണ ബാങ്കും ഉണ്ട്. പിതനാലായിരത്തോളം മെമ്പർമാരുള്ള തൃക്കരിപ്പൂർ ഫാർമേഴ്സ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഇന്ത്യൻ ഓവർസീസ് ബാങ്ക്, വിജയബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സിണ്ടിക്കേറ്റ് ബാങ്ക് മുതലായവയാണിവ.

### നഴ്സറികൾ.

സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ നഴ്സറികൾ ഇല്ല എങ്കിലും സർക്കാർ ധനസഹായത്തോടുകൂടി നടത്തുന്ന ഒരു സ്വകാര്യ അംഗീകൃത നഴ്സറി ഈയ്യക്കാട് പ്രദേശത്തുണ്ട്. ഈ നഴ്സറിയിൽ നിന്നും തെങ്ങിൻതൈ, കവുങ്ങ്, കുരുമുളക്, കളുമാവ് മുതലായ നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നുണ്ട്. പൂന്തോട്ട കൃഷിക്ക് വേണ്ടിയുള്ള ചെടികൾ ഉല്പാദിപ്പിച്ച് വിതരണം നടത്തുന്ന ഒരു സ്വകാര്യ നഴ്സറിയും പഞ്ചായത്തിലുണ്ട്.

### വിള ഇൻഷ്വറൻസ്

പ്രകൃതിക്ഷോഭം കർഷകനെ അലട്ടുന്ന ഒരു പ്രധാന പ്രശ്നമാണ്. കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് തുച്ഛമായ തുകയാണ് ധനസഹായമായ ലഭിച്ചുകൊണ്ടിരിക്കുന്നത്. 1995 വർഷത്തിൽ വിള ഇൻഷ്വറൻസ് പദ്ധതി നമ്മുടെ സംസ്ഥാനത്ത് നിലവിൽ വന്നതോടുകൂടി കുറച്ചെങ്കിലും ആകർഷകമായ തുക ലഭ്യമായി വരുന്നുണ്ട്. വിള ഇൻഷുറൻസ് പദ്ധതി 25 ഓളം കാർഷികവിളകൾക്ക് ലഭ്യമാകുന്നുണ്ട്.

### പൊതുവിപണി

കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനുള്ള പൊതുവിപണന കേന്ദ്രങ്ങൾ നമ്മുടെ പഞ്ചായത്തിൽ നിലവിലില്ല. ഇടത്തട്ടുകാർക്ക് തുച്ഛമായ വിലക്ക് കാർഷികോല്പന്നങ്ങൾ വിറ്റഴിക്കേണ്ട വരുന്ന ദുരവസ്ഥയാണ് ഈ പഞ്ചായത്തിലെ കർഷകർക്കുള്ളത്.

### കൃഷിഭവൻ

1987 സപ്തംബർ മാസത്തിലാണ് കൃഷിഭവൻ നിലവിൽ വന്നത്. ഒരു കൃഷി ഓഫീസറും

അദ്ദേഹത്തെ സഹായിക്കുവാൻ 3 കൃഷി അസിസ്റ്റന്റുമാരും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കൃഷിഭവനിലുണ്ട് കർഷകർക്ക് മാന്യതയും പരിരക്ഷയും നൽകുന്ന കാർഷികനയത്തിന്റെ ഭാഗമായി 1992 ചിങ്ങം 1 മുതൽ ഏറ്റവും പ്രമുഖരായിട്ടുള്ള 5 കർഷകരെ ആദരിച്ചു വരുന്നുണ്ട്. 1992ൽ സർവ്വശ്രീ പി.പി. ശ്രീധരൻ നടക്കാവ്, എം.പി. കരുണാകരൻ, എടാട്ടുമ്മൽ, വായക്കോടൻ കോമൻ ഈയ്യക്കാട്, മണക്കാട് പൊക്കൻ വിറ്റാകുളം, എ.ബി. മാമൂ, വെള്ളാപ്പ് എന്നിവരെയും 1993ൽ സർവ്വശ്രീ വരൂപ്പൻ കുഞ്ഞരാമൻ പേക്കടം, ഓലക്കാരൻ ചെറിയമ്പുഒളവറ, കെ.വി. കുഞ്ഞമ്പു മേനോക്ക്, കെ.എം.കുഞ്ഞാമത് ആയിറ്റി, മാരാൻകാവിൽ അമ്പു, എടാട്ടുമ്മൽ എന്നിവരെയും 1994 ൽ സർവ്വശ്രീ അരോളിവീട്ടിൽ മീനാക്ഷി അമ്മ, ഈയ്യക്കാട്, മട്ടമ്മൽ കുഞ്ഞിക്കണ്ണൻ കുറ്റിച്ചി, അഞ്ജുക്കോട് കണ്ണൻ, തങ്കയം വൈക്കത്ത് അമ്പുവേക്കടം, എ.ജി. മുഹമ്മദ് കുഞ്ഞിഹാജി വടക്കേക്കൊവ്വൽ എന്നിവരെയും 1995ൽ സർവ്വശ്രീ കെ. ചന്തൻകുഞ്ഞി, എടാട്ടുമ്മൽ എം.ടി.പി. കുഞ്ഞിമുഹമ്മദ്, തങ്കയം, വിത്തൻ ചിരുകണ്ഠൻ വൈക്കത്ത്, ഇടച്ചേരി പത്മാവതി അമ്മ തങ്കയം, കുഞ്ഞിപ്പുരയിൽ കുഞ്ഞമ്പു ഒളവറ ദളവ എന്നിവരേയും 1996 നവംബർ 1ന് കേരളപ്പിറവി ദിനത്തിൽ കർഷക സംഗമത്തോടനുബന്ധിച്ച് സർവ്വശ്രീ മാരാക്കാവിൽ കുഞ്ഞിരാമൻ, എടാട്ടുമ്മൽ, പുരിയടത്ത് രാമൻ ഈയ്യക്കാട്, എം. ഹമീദ്ഹാജി ഉടുമ്പുന്തല, കോട്ടൂർ മാണി നടക്കാവ്, കൊവ്വൽ കുമ്പ, കക്കുന്നം എന്നിവരെയും പൊന്നാടയും കേഷ് അവാർഡും നൽകി ആദരിച്ചിട്ടുണ്ട്.

## കൃഷിഭവൻ മുഖേന നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സമഗ്ര നാളികേര വികസന പദ്ധതി

ഈ പദ്ധതി പ്രകാരം തെങ്ങിൻതോപ്പിൽ ജലസേചനസൗകര്യം മെച്ചപ്പെടുത്തുന്നതിന് കിണറും പമ്പുസെറ്റും 2500 രൂപ സബ്സിഡി നൽകിക്കൊണ്ട് ധനകാര്യസ്ഥാപനത്തിൽനിന്നും വായ്പ നൽകിക്കൊണ്ട് നടപ്പിലാക്കുന്നു.

2. സുഗന്ധ വിള വികസന പദ്ധതി

കുരുമുളക് കൃഷിയെ ബാധിക്കുന്ന ദ്രുതവാട്ടത്തെ നിയന്ത്രിക്കുന്നതിനായി സസ്യസംരക്ഷണ മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതിയും പരിശീലന പരിപാടിയും നിലവിലുണ്ട്. ഈ പദ്ധതിപ്രകാരം 20,000 വേര് പിടിപ്പിച്ച കുരുമുളക് തൈകൾ കർഷകർക്ക് സൗജന്യമായി നൽകിയിട്ടുണ്ട്.

3). പയർ കൃഷി വികസന പദ്ധതി

ഈ പദ്ധതി പ്രകാരം മിനികിറ്റുകളും മേൽത്തരം പയർവിത്തുകളും കീടനാശിനികളും ലഭ്യമാക്കുന്നുണ്ട്.

4). നെൽകൃഷി വികസന പദ്ധതി

ഈ പദ്ധതിപ്രകാരം അത്യുല്പാദന ശേഷിയുള്ള നെൽവിത്ത് മിനി കിറ്റുകൾ വിതരണം ചെയ്യുന്നുണ്ട്. കർഷകർക്ക് ഉല്പാദനബോണസ്സായി 1000രൂപ ഏക്കറിന് എന്ന തോതിൽ നൽകുന്ന പദ്ധതിയും പാടശേഖരസമിതികൾ മുഖേന നടപ്പിലാക്കുന്നുണ്ട്. സംയോജിത ധാന്യവിള വികസനപദ്ധതി പ്രകാരം പരിശീലന പരിപാടികൾ, പ്രദർശനത്തോട്ടങ്ങൾ മുതലായവയും നടപ്പിലാക്കിവരുന്നുണ്ട്.

5). കൊക്കോകൃഷി വികസന പദ്ധതിപ്രകാരം മേൽത്തരം കൊക്കോ തൈകൾ സൗജന്യനിരക്കിൽ വിതരണം നടത്തിയിട്ടുണ്ട്.

6). കശുമാവ് വികസന പദ്ധതി. ഈ പദ്ധതി പ്രകാരം 800 ഒട്ടിച്ച കശുമാവിൻ തൈകൾ കർഷകർക്ക് വിതരണ് നടത്തിയിട്ടുണ്ട്.

7). കവുങ്ങ് കൃഷി വികസന പദ്ധതി പ്രകാരം മേൽത്തരം അത്യുല്പാദന ശേഷിയുള്ള കവുങ്ങിൻ തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

8). പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിപ്രകാരം 1996, 97 വർഷത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരതുക വിതരണം നടത്തിയിട്ടുണ്ട്.

ഇതുകൂടാതെ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ധനസഹായവും നൽകിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ 2 വർഷങ്ങളിലായി വിതരണം ചെയ്ത സഹായധനത്തിന്റെ വിവരങ്ങൾ പട്ടിക 6 പ്രകാരം ചുവടെ ചേർക്കുന്നു.

പട്ടിക 6

ദുരിതാശ്വാസ വിതരണം.

| വർഷം | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|
| 1994 95 | 407 പേർ | 29,782.00 |
| 1995 96 | 48,, | 11,679.00 |

അവലംബം കൃഷിഭവൻ

8). രാസവള കീടനാശിനി ഗുണനിയന്ത്രണ പരിപാടി

ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കൃഷിഭവൻ മുഖേന രാസവളത്തിനും കീടനാശിനിക്കും ഗുണനിയന്ത്രണം ഉറപ്പ് വരുത്തുന്നുണ്ട്.

10). മണ്ണ് പരിശോധന പദ്ധതി : കർഷകന്റെ കൃഷിസ്ഥലത്തെ മണ്ണ് പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ വളം ചെയ്യുന്നതിന് കർഷകനെ സഹായിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. ചുരുങ്ങിയത് 100 മണ്ണ് സാമ്പിളെങ്കിലും കൃഷിഭവനിൽ എത്തിക്കഴിഞ്ഞാൽ ഈ സാമ്പിളുകൾ പരിശോധിക്കുന്നതിനായി കണ്ണൂരിൽ പ്രവർത്തിക്കുന്ന സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ കേന്ദ്രത്തെ അറിയിച്ച് പരിശോധന നടത്തുന്നതിനുള്ള സംവിധാനം ഇന്ന് നിലവിലുണ്ട്.

കഴിഞ്ഞ 3 വർഷങ്ങളിലായി കർഷകർക്ക് വിതരണം ചെയ്ത നടീൽ വസ്തുക്കളുടെ വിവരം താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക 7

നടീൽ വസ്തുവിതരണം

| ഇനം | 1993 94 | 1994 95 | 1995 96 |
|---|---|---|---|
| തെങ്ങ് | 550 | 1550 | 775 |
| കുരുമുളക് | 7200 | 5150 | 8500 |
| കവുങ്ങ് | - | 400 | - |
| ഒട്ടുമാവ് | 100 | 400 | 500 |
| നേന്ത്രവാഴകന്ന് | | 1900 | 400 |

അവലംബം കൃഷിഭവൻ.

കൃഷിഭവൻ മുഖേന നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ മാത്രമാണ് ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. ഇവയ്ക്ക് പുറമെ വിജ്ഞാന വ്യാപാരത്തിനും കർഷകരുടെ കൃഷി ഇടങ്ങൾ സന്ദർശിക്കുന്ന പരിപാടികൾക്കും കൃഷിഭവൻ പ്രാധാന്യം നൽകുന്നുണ്ട്.

## ഇടവിളകൾ

തെങ്ങിൽ തോപ്പിൽ ഇടവിളയായി വാഴ, കുരുമുളക്, കവുങ്ങ്, കിഴങ്ങ് വർഗ്ഗങ്ങൾ കൃഷി ചെയ്തുവരുന്നു. നെൽപാടങ്ങൾ രണ്ടും മൂന്നും വിളകൾ കൃഷി ചെയ്യാൻ പറ്റാത്ത വയലുകളിൽ പയർ, പച്ചക്കറി എന്നിവ കൃഷിചെയ്യുന്നുണ്ട്.

## പ്രശ്നങ്ങൾ

കൃഷിഭൂമി തുണ്ടുതുണ്ടായി കിടക്കുന്നത് മൂലം ശാസ്ത്രീയകൃഷിമുറകൾ അവലംബിക്കാൻ പറ്റാത്ത സാഹചര്യമാണ് കർഷകരെ അലട്ടുന്ന മുഖ്യപ്രശ്നം. അതുകൊണ്ടുതന്നെ നെൽകൃഷി മുതലായ കൃഷികൾ ആദായകരമല്ല. കൂടാതെ കാർഷിക ഉല്പന്നങ്ങൾ വിറ്റഴിക്കാൻ പൊതുവിപണകേന്ദ്രങ്ങൾ നിലവിലിൽ ഇല്ലാത്തത് മൂലം ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാകുന്നില്ല. ഇത് ഇടത്തട്ടുകാർക്ക് കർഷകനെ ചൂഷണം ചെയ്യുവാനുള്ള അവസരം ഒരുക്കിക്കൊടുക്കുന്നു. അമ്ലത്വമുള്ള മണ്ണാണ് കർഷകന് ശരിയായ ഉല്പാദനം സാധ്യമാക്കാൻ തടസ്സം നിൽക്കുന്ന മറ്റൊരു പ്രധാന പ്രശ്നം. അമ്ലത്വഗുണമുള്ള മണ്ണായതുകൊണ്ട് മണ്ണിലിടുന്ന രാസവളം മുതലായവയുടെ പ്രയോജനം കർഷകന് ശരിയായി ലഭിക്കണമെങ്കിൽ അമ്ലത്വഗുണം നിർവീര്യമാക്കപ്പെടണം. മണ്ണിന്റെ PH 5ൽ താഴുമ്പോഴാണ് അമ്ലത്വഗുണത്തിന്റെ ദൂഷ്യഫലം അനുഭവപ്പെടുന്നത്.

കാർഷികവൃത്തി ഇന്ന് മാന്യമായ ഒരു തൊഴിലായി അംഗീകരിക്കുവാൻ സമൂഹം തയ്യാറായിട്ടില്ല. അതുകൊണ്ട് തന്നെ കൂടുതൽ യുവാക്കൾ ഈ രംഗത്ത് കടന്നുവരാൻ മടിക്കുന്നു. പഞ്ചായത്തിന്റെ ഭൂരിഭാഗവും മണൽപ്രദേശങ്ങളാണ്. അതുകൊണ്ടുതന്നെ ജൈവവളത്തിന്റെ ഉപയോഗം അനിവാര്യമാണ്. ഈ പ്രദേശങ്ങളിൽ ജൈവവളത്തിന്റെ ലഭ്യതക്കുറവും ഭീമമായ വിലയും കർഷകരെ ശരിയായ അളവിൽ ഇവ ഉപയോഗിക്കുന്നതിൽനിന്നും പിന്തിരിപ്പിക്കുന്നു. മണൽ പ്രദേശങ്ങളിൽ ജൈവവളം ശരിയായ അളവിൽ ഉപയോഗിച്ചാൽ മാത്രമേ മണ്ണിന്റെ ഘടന നിലനിർത്തി വെള്ളം, വളം മുതലായവ ചെടികളുടെ വേരുകൾക്ക് ലഭ്യമാകുന്ന രീതിയിൽ മണ്ണിൽ പിടിച്ചു നിർത്താൻ സാദ്ധ്യമാകുകയുള്ളൂ. അത്യുല്പാദനശേഷിയുള്ള നെൽവിത്തുകൾ തക്കസമയത്ത് വേണ്ടത്ര അളവിലും ലഭ്യമല്ല. പഞ്ചായത്തിലെ മിക്ക കുളങ്ങളും ജലസേചനത്തിന് ഉപയോഗപ്രദമല്ലാത്ത നിലയിലാണ്. ഒന്നാംവിള, അതിവൃഷ്ടിമൂലം വെള്ളത്തിൽ മുങ്ങിക്കിടന്ന് ചീഞ്ഞു നശിക്കുകയും രണ്ടാംവിള വരൾച്ചമൂലം ഉണങ്ങി നശിക്കുകയും ചെയ്യുന്നു. നമ്മുടെ പഞ്ചായത്തിന്റെ കാർഷികമേഖലയുടെ മുഖഛായതന്നെ മാറ്റാൻ സാധിക്കുന്ന കാക്കടവ്പോലെയുള്ള ജലസേചനപദ്ധതികൾ പൂർത്തായാവാതെ കിടക്കുകയാണ്. അതുപോലെ നിലവിലുള്ള ചെറുകിട ജലസേചന പദ്ധതിയായ തലിച്ചാലം അണക്കെട്ട് അറ്റകുറ്റപണികൾ യഥാസമയം നടത്താത്തത് മൂലം കൃഷിക്ക് ഉപയോഗപ്രദമല്ല. ആ രീതിയിൽ കൃഷി നശിച്ചുകൊണ്ടിരിക്കുന്നു. വൈദ്യുതമേഖലയിലാണെങ്കിൽ റൂക്ഷമായ വോൾട്ടേജ് ക്ഷാമം, കൃഷി ആവശ്യത്തിന് ഇലക്ട്രിക് കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം എന്നിവയും കാർഷികമേഖലയെ തളർത്തുന്ന മുഖ്യപ്രശ്നമാണ്. മണ്ണെണ്ണ പമ്പ്സെറ്റ് ഉപയോഗിച്ച് ജലസേചനം നടത്തി കൃഷി എടുക്കുന്നതിന് മണ്ണെണ്ണ യഥാസമയം വേണ്ടത്ര ലഭ്യമല്ലാത്ത സ്ഥിതിയാണുള്ളത്.

മിക്കവയലുകളും രണ്ടു മൂന്നും വിളക്കാലത്ത് ഉപ്പ്വെള്ളം കയറി കൃഷി നശിക്കുകയാണ്. അതുപോലെതന്നെ വയലുകളിൽ കൂടിയുള്ള ആണിതോടുകൾ സംരക്ഷിക്കപ്പെടുന്നില്ല. തോടുകൾക്ക് ആഴവും വീതിയും കുറഞ്ഞു വന്നു. വശങ്ങൾ ഇടിഞ്ഞു കിടക്കുന്ന അവസ്ഥയിലുമാണ്. ഇത് ഒന്നാംവിളക്കാലത്ത് ലഭിക്കുന്ന മഴവെള്ളത്തെ ഉൾകൊണ്ട് സംരക്ഷിച്ച് നിർത്താനുള്ള പ്രാപ്തി ഇല്ലാതാക്കുകയും, രണ്ടാം വിളക്കാലത്ത് ജലസേചനത്തിന് ആവശ്യമായ വെള്ളം ലഭ്യമാക്കാനുള്ള

കഴിവ് ഈ തോടുകൾക്ക് ഇല്ലാതാക്കുന്നു. മിക്ക വയലുകളിൽകൂടിയും പുതിയ റോഡുകൾ നിർമ്മിക്കുന്ന പ്രവണതകൂടി വരുന്നു. ഇതുമൂലം വെള്ളം കെട്ടിനിന്ന് കൃഷി നശിക്കുകയും, പാടം നികത്തി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാനുള്ള അവസരം ഉണ്ടാക്കുകയും ചെയ്യുന്നു. വയലുകളിൽ തെങ്ങ് കൃഷി ചെയ്യുകയും, കിടങ്ങുകൾ കെട്ടുകയും ചെയ്യുന്നതുമൂലം വെള്ളം ശരിയായ രീതിയിൽ ഒഴുകിപോകാതിരിക്കുകയാണ്. ഇത് കൃഷി ചീഞ്ഞു നശിക്കാൻ ഇടയാകുന്നു. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ നൽകിക്കൊണ്ടിരിക്കുന്ന ഉല്പാദന ബോണസ് വളരെ തുച്ഛവും ആകർഷകവും അല്ലാത്ത നിലയിലാണ്.

പഞ്ചായത്തിൽ പ്രധാന വിളയായ തെങ്ങിനു ചെന്നീരൊലിപ്പ്, കൂമ്പ് ചീയൽ, മുതലായ രോഗങ്ങൾ വളരെ വ്യാപകമായിത്തന്നെ കണ്ടുവരുന്നു. ഇത് ഉല്പാദനം കുറയാനുള്ള പ്രധാന കാരണമായിട്ടുണ്ട്. കൊപ്രയ്ക്ക് സ്ഥായിയായ ഉയർന്ന തറവില ലഭിക്കാത്തത് നാളികേര കർഷകരെ ദുരിതത്തിൽ ആഴ്ത്തിയിട്ടുണ്ട്. എലിശല്യം കാർഷിക വിളകളെ പ്രതികൂലമായി ബാധിക്കുന്നു.

പച്ചക്കറിയുടെ കാര്യത്തിൽ സ്വയം പര്യപ്തത കൈവരിക്കാൻ നമ്മുടെ പഞ്ചായത്തിന് സാധിച്ചിട്ടില്ല. അന്യസംസ്ഥാനങ്ങളായ കർണ്ണാടകത്തെയും, തമിഴ്നാടിനെയും ആശ്രിയക്കേണ്ട ഗതികേടിലാണ്. ഇവിടെ ലഭ്യമാകുന്ന പച്ചക്കറികൾ ഗുണമേന്മ ഇല്ലാത്തതും മാരകമായ അന്തർവ്യാപനശേഷിയുള്ള കീടനാശിനികൾ ഉപയോഗിച്ചുകൊണ്ട് ഉല്പാദിപ്പിച്ചവയുമാണ് എന്നതാണ് മനസ്സിലാക്കുന്നത്.

പഞ്ചായത്തിലെ ഭൂരിഭാഗം ചെറുകിട പരിമിത കർഷകരാണ്. ശാസ്ത്രീയരീതിയിലുള്ള കൃഷിമുറകളും ജലസേചനസൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിന് സാമ്പത്തികസഹായം ലഭ്യമാക്കേണ്ടത് അനിവാര്യമാണ്. പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങളിൽനിന്ന് വായ്പ ലഭിക്കുന്നതിന് ഈ ചെറുകിട കർഷകർ വളരെയധികം ബുദ്ധിമുട്ടും കാലതാമസവും അനുഭവിക്കേണ്ടിവരുന്നു. കാർഷിക വൃത്തികൾ യഥാസമയത്തുതന്നെ ചെയ്യേണ്ടതാകയാൽ വൈകിക്കിട്ടുന്ന ഈ വായ്പകൾ കർഷകന് വേണ്ട രീതിയിൽ വിനിയോഗിക്കാൻ കഴിയുന്നില്ല.

## പ്രശ്നപരിഹാരനിർദ്ദേശങ്ങൾ

ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം സൗകര്യപ്രദമായ സ്ഥലങ്ങളിൽ പാടശേഖര സമിതികൾ രൂപീകരിച്ച് നിലവിലുള്ളവ ശക്തിപ്പെടുത്തിയും പാടശേഖരാടിസ്ഥാനത്തിൽ ശാസ്ത്രീയ കൃഷിമുറകൾ അവലംബിച്ച് തുണ്ടുതുണ്ടായി കിടക്കുന്ന നെൽവയലുകളിൽനിന്നും ഉയർന്ന തോതിലുള്ള ഉല്പാദനം പ്രയാസമന്യെ കൈവരിക്കാവുന്നതാണ്. പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും മുഴുവൻ നെൽവയലുകളും ഉൾക്കൊള്ളിച്ച്കൊണ്ട് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ശക്തിപ്പെടുത്തുകയാണ് വേണ്ടത്. അത്യല്പാദനശേഷിയുള്ള വിത്തുകൾ ഓരോ പാടശേഖരത്തിനും ആവശ്യമായ അളവിൽ ഉല്പാദിപ്പിച്ച് ഉപയോഗിക്കുന്നതിനുള്ള സംവിധാനം പാടശേഖര സമിതികൾക്ക് വേണം. അതുപോലെ യഥാസമയംതന്നെ ഉഴവ് ജോലികൾ ചെയ്യുന്നതിന് പവ്വർടില്ലർ, ട്രാക്ടർ, മുതലായ ഉഴവ് ഉപകരണങ്ങളും മറ്റ് യന്ത്രസാമഗ്രികളായ ഞാറ് നടുന്ന യന്ത്രം, മെതിയന്ത്രം, നെല്ല് പാറ്റുന്ന യന്ത്രം, കൊയ്യുന്ന യന്ത്രം മുതലായവയും ഓരോ സമിതികൾക്കും സ്വന്തമായി ഉണ്ടാവേണ്ടത് അത്യാവശ്യമാണ്. ഇത് പാടശേഖര സമിതികൾക്ക് സൗജന്യമായിട്ട് വതരണം ചെയ്യാനുള്ള നിർദ്ദേശമാണ് വിവിധ വാർഡുകളിലെ ഗ്രാമസഭകളിൽനിന്നും ഉരുത്തിരിഞ്ഞു വന്നത്.

മണ്ണിന്റെ അമ്ലത്വഗുണം നിർവീര്യമാക്കി ശാസ്ത്രീയ രാസവളപ്രയോഗം അവലംബിക്കുന്നതിന് എല്ലാ പാടശേഖരങ്ങൾക്കും തെങ്ങിൻതോപ്പുകളിലും കുമ്മായം സൗജന്യായി കർഷകർക്ക് ലഭ്യമാക്കേണ്ടതാണ്. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നിലവിൽവന്ന ആദ്യകാലങ്ങളിൽ കുമ്മായം സൗജന്യനിരക്കിൽ പാടശേഖരസമിതികൾ മുഖേന വിതരണം നടത്തിയിരുന്നുവെങ്കിലും വളരെ അനിവാര്യ

മായി നടപ്പിലാക്കിക്കൊണ്ടിരിക്കേണ്ട ഈ പരിപാടി നിർത്തിവെയ്ക്കുകയാണ് ചെയ്തത്.

മണൽ പ്രദേശമുള്ള ഈ പഞ്ചായത്തിൽ ജൈവവളത്തിന്റെ ഉപയോഗം വർദ്ധിപ്പിച്ച് മണ്ണിന്റെ ഘടന നിലനിർത്തുന്നതിനാവശ്യമായ പച്ചിലവളകൃഷി പ്രോത്സാഹിപ്പിക്കാനുള്ള ധനസഹായം കർഷകർക്ക് നൽകേണ്ടതാണ്. കൂടാതെ തെങ്ങ്കൃഷിക്ക് എക്കൽമണ്ണ് ഇട്ടുകൊടുക്കുന്നതിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതികളും ഉണ്ടാവേണ്ടതുണ്ട്.

കാർഷികവൃത്തിക്ക് മാന്യത ഉറപ്പ് വരുത്തുന്നതിനുള്ള സമീപനം വേണം. വാർഡുതലത്തിൽ ഏറ്റവും പ്രമുഖരമായ മികച്ച കർഷകരെ തെരഞ്ഞെടുത്ത് ആദരിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുന്ന എല്ലാ സാമൂഹിക, സാംസ്കാരിക പരിപാടികളിലും കർഷകർക്ക് നിർബന്ധ പ്രാതിനിധ്യം ഉറപ്പ് വരുത്തേണ്ടതാണ്.

പഞ്ചായത്തിലെ തോടുകളും കുളങ്ങളും അറ്റകുറ്റപ്പണികൾ ചെയ്ത് ജലസേചനത്തിന് ഉപയുക്തമാക്കുകയാണെങ്കിൽ ഇപ്പോൾ ഒരു വിള എടുക്കുന്ന പാടത്ത്നിന്നും രണ്ട് വിളയും, രണ്ട് വിള എടുക്കുന്ന വയലുകളിൽനിന്നും മൂന്ന് വിളയും മൂന്നാംവിള എടുക്കാൻ പറ്റാത്ത വയലുകളിൽ മറ്റ് വിളകളും കൃഷി ചെയ്ത് മൊത്തം ഉല്പാദനം വർദ്ധിപ്പിച്ച് കർഷകന്റെ ജീവിതനിലവാരം ഉയർത്താൻ സാധിക്കുന്നതാണ്. നിലവിലുള്ള തലിച്ചാലം അണക്കെട്ട് അറ്റകുറ്റപ്പണികൾ ചെയ്ത് കൃഷിക്ക് ജലസേചന യോഗ്യമാക്കേണ്ടത് അതി പ്രാധാന്യത്തോടുകൂടി ചെയ്യേണ്ട ഒരു പ്രവൃത്തിയാണ്. പൂർത്തിയാകാതെ കിടക്കുന്ന കാക്കടവ് ജലസേചന പദ്ധതി അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്. താഴെ കൊടുത്തിരിക്കുന്ന കുളങ്ങളും തോടുകളും ആണിതോടുകളും അടിയന്തര പ്രാധാന്യം നൽകി അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതാണ്.

1. കുണിയൻ ആനാർതോട് ആഴവും വീതിയും കൂട്ടി വശങ്ങൾ വീതി കൂട്ടിക്കെട്ടി ട്രാക്ടർ, ട്രില്ലർ മുതലായവ വയലിലേക്ക് ഇറക്കാനുള്ള സംവിധാനവും റോഡിന് ഒരു ക്രോസ്ബാർ നിർമ്മിക്കേണ്ടതുമാണ്.

2. ഉപയോഗശൂന്യമായ ഈയ്യക്കാട് ക്രോസ്ബാർ പുതുക്കിപണിയേണ്ടതാണ്.

3. പേക്കടും മീലിയാട്ട് ഭാഗത്ത് വെള്ളാപ്പ് റോഡ് പാലത്തോടനുബന്ധിച്ച് ക്രോസ്ബാർ നിർമ്മിക്കുക.

4. കണ്ണിച്ചാൽ കഞ്ചിയിൽ തോട് ആഴവും വീതിയും കൂട്ടി വശങ്ങൾ കെട്ടി സംരക്ഷിച്ച് ക്രോസ്ബാറുകൾ നിർമ്മിച്ച് കൃഷിക്ക് ഉപയുക്തമാക്കേണ്ടതാണ്.

5. ചെറിയചാൽതോടിന് മേനോക്ക് ബർമ്മ ഭാഗത്ത് ബണ്ട് കെട്ടി ഉപ്പ് വെള്ളം കയറുന്നത് തടഞ്ഞ് കൃഷി നശിക്കുന്നത് ഒഴിവാക്കാവുന്നതാണ്.

6. വയലോടി, തൈക്കിൻ, മധുരംകൈ ഭാഗങ്ങളിലെ വയലുകളിൽ ഉപ്പ്വെള്ളം കയറുന്നത് തടയുവാനുള്ള സംവിധാനം ഉണ്ടാവണം.

7. ചെറോപ്പാട്, മുല്ലാത്തോട്, ക്രോസ്ബാർ, വൾവക്കാട്-ചെറിയചാൽ പുഴക്ക് ക്രോസ്ബാർ എന്നിവ നിർമ്മിച്ച് കൃഷിക്ക് ജലസേചനസൗകര്യം വർദ്ധിപ്പിക്കേണ്ടതാണ്.

8. കണ്ണംകൈ, കൊവ്വപ്പുഴ ഭാഗത്ത് ഉപ്പ്വെള്ളം കയറുന്നത് തടഞ്ഞ് കൃഷിയെ സംരക്ഷിക്കണം.

9. കുറ്റിച്ചി, പുനം ഭാഗത്തുള്ള തോട് പുന:സ്ഥാപിച്ച് ആഴവും വീതിയും കൂട്ടി കൃഷിക്ക് ജലസേചനത്തിന് ഉപയുക്തമാക്കുക.

10. കൊവ്വപ്പുഴയുടെ വശങ്ങൾ കെട്ടിസംരക്ഷിച്ച് അണക്കെട്ട് അറ്റകുറ്റപ്പണികൾ ചെയ്ത്

ഉപയുക്തമാകണം.

11. കുറ്റിച്ചിയിൽ ക്രോസ്ബാർ പണിയണം. ഒളവറ മുട്ടിലെ കൈപ്പാട്, തെക്കേച്ചാൽ എന്നിവിടങ്ങളിൽ ഉപ്പ്‌വെള്ളം കയറാതിരിക്കാൻ ബണ്ട് നിർമ്മിക്കണം.

12. ആനയിൽതോട് ആഴംകൂട്ടി സൈഡ്കെട്ടി സംരക്ഷിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിച്ച് ക്രോസ്ബാറുകൾ നിർമ്മിക്കേണ്ടതാണ്.

13. കുറ്റ്യാട്ട്, വടക്കേച്ചാൽ, വൈക്കത്ത്, ആലപ്പള്ളി, മൈത്താണി, ഈയ്യക്കാട് മുതലായ ഒന്നാംവാർഡിലെ കുളങ്ങളും, കുളങ്ങര, വയൽകുളം, പാതിരികൂട് എന്നീ രണ്ടാംവാർഡ് പ്രദേശത്തെ കുളങ്ങളും, എടത്തോട്, മുണ്ടവളപ്പിൽ, വടക്കേകൊവ്വൽ, പേക്കടംതട്ടിന് താഴെ, കുറുവാപ്പള്ളി അറയ്ക്ക് താഴെ, എന്നീ മൂന്നാം വാർഡിലെ കുളങ്ങളും, നാലാംവാർഡ് പ്രദേശത്തെ വണ്ണാത്തി, മണിയനൊടി, പൊള്ളവയൽ രണ്ട് കുളങ്ങൾ, ചേരിക്കല്ല് കുളങ്ങളും, അഞ്ചാം വാർഡിലെ കഞ്ചിയിൽ രണ്ട് കുളങ്ങളും, ആറാംവാർഡിലെ നീലബം നീക്കാകുതിർകുളം, പത്താംവാർഡിലെ കരികടവ് കുളവും, കൊഴുകുന്നൂർകാട്, മാവിലക്കാട്, തുന്തോര, തെക്കുമ്പാട്, തലിച്ചാലം എന്നീ പതിനൊന്നാം വാർഡിലെ കുളങ്ങളും പന്ത്രണ്ടാം വാർഡിലെ മനയിലെകുളം, താമരക്കുളം കുന്നച്ചേരി, തട്ടാർകടവ്, കക്കുന്നം എന്നീ കുളങ്ങളും പതിമൂന്നാം വാർഡിലെ ചാലോട്ട് 2 കുളം, തേർവയൽ, മടത്തും, ഈച്ചേൻവയൽ, പൊള്ളയിൽ, ചെറുകാനം കണ്ണം, കഞ്ചിയിൽ, മുണ്ടേങ്ങാട്ട് എന്നീ കുളങ്ങളും അറ്റകുറ്റപ്പണികൾ ചെയ്ത് കൃഷിക്ക് അനുയോജ്യമാക്കേണ്ടതാണ്.

14. മൈത്താണിച്ചാൽ വയലിൽ ആണിതോട് അറ്റകുറ്റപ്പണികൾ ചെയ്ത് കൃഷിയെ സംരക്ഷിക്കുക ഈ ആണിതോടിനെ ആനാർതോടുമായി ബന്ധിപ്പിക്കേണ്ടതാണ്.

15. പേക്കടം ബദയിൽ, മുണ്ടവളപ്പ് വയൽ, മനക്ക്താഴെ ഇടത്തോട് വയൽ എന്നീ പ്രദേശത്ത് വർഷകാലങ്ങളിൽ വെള്ളം കെട്ടിനിൽക്കുന്നത് ആണിതോട് നിർമ്മിച്ച് ചെറിയചാൽ തോടിലേക്ക് ഒഴുക്കി കളയാവുന്നതാണ്.

16. വടക്കേകൊവ്വൽ പോട്ടകാപ്പ് പ്രദേശത്ത് കെട്ടിനിൽക്കുന്ന വെള്ളം കണ്ണിച്ചാൽതോട് വഴി കഞ്ചിയിൽ തോട്ടിലേക്ക് ഒഴുക്കിക്കളയാം.

17. പേക്കടം കുറുവാപ്പള്ളി അറക്ക് മുമ്പിലുള്ള ഓവ്ചാൽ അറ്റകുറ്റപണികൾ ചെയ്ത് കാര്യക്ഷമമാക്കേണ്ടതാണ്.

18. കുറുവാപ്പള്ളി അറയുടെ താഴെയുള്ള കുളവും വണ്ണാത്തിക്കുളവും ബന്ധിപ്പിച്ചുകൊണ്ടുള്ള ആണിത്തോടുകൾ നിർമ്മിച്ച് കൃഷിക്ക് ജലസേചനയോഗ്യമാക്കാവുന്നതാണ്.

19. പൊയ്യക്കടവ് മുതൽ മെരുവിൻതാഴെവരെയുള്ള വയലുകളിൽ അമിതമായ നീർക്കെട്ട് ഒഴിവാക്കി കൃഷിയിറക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

20. ആയിറ്റിവയലിൽ വെള്ളം കെട്ടിനിന്ന് കൃഷി നശിക്കുന്നത് ഒഴിവാക്കാൻ പുഴയിലേക്ക് ഓവുചാൽ നിർമ്മിക്കണം.

21. പൊള്ളവയലിൽനിന്ന് കൈപ്പാട് വയലിലേക്ക് ആണിതോട് നിർമ്മിച്ച് അമിതമായി കെട്ടിനിൽക്കുന്ന വെള്ളം ഒഴിവാക്കണം.

22. ബിരിച്ചേരി പട്ടറായിവയലിൽ വെള്ളം കെട്ടിനിൽക്കുന്നത് ആണിതോട് നിർമ്മിച്ച് ചെറിയചാൽ തോട്ടിലേക്ക് വിടാനുള്ള സംവിധാനം ഉണ്ടാവണം.

23. വയലോടി പ്രദേശത്ത് അമിതമായി കെട്ടിനിൽക്കുന്ന വെള്ളം പുഴയിലേക്ക് ഒഴുക്കിക്കളയുന്നതിനുള്ള ആണിതോട് നിർമ്മിക്കണം.

24. വിറ്റാക്കുളം വയലിൽനിന്ന് കണ്ണംകൈ ഭാഗത്തേക്ക് ആണിതോട് നിർമ്മിക്കുക.

25. ഒളവറ മുതൽ കുറ്റിച്ചിവരെയുള്ള പ്രദേശങ്ങളിൽ വെള്ളം കെട്ടിനിൽക്കുന്നത് ഒഴിവാക്കുവാൻ പുഴയിലേക്ക് ആണിതോട് പണിയേണ്ടതാണ്.

26. ആനിയിൽതോടിന് താമരകുളംവരെ ആണിതോട് നിർമ്മിക്കേണ്ടതാണ്.

27. ചെറുകാനം-കാവിൻമൊട്ട-തട്ടാർകടവ് തോടിന് സൈഡ്കെട്ടി ക്രോസ്ബാർ പണിയേണ്ടതാണ്.

കൂടാതെ പഞ്ചായത്തിന്റെ വിവിധ നെൽവയലുകളിൽകൂടി കടന്നുപോകുന്ന റോഡുകൾക്ക് ആവശ്യമുള്ളിടത്ത് കൽവർട്ടുകൾ സ്ഥാപിക്കുകയും റോഡുകൾ ഇടിഞ്ഞ് നെൽപ്പാടങ്ങൾ നശിക്കുന്ന പ്രവണത ഒഴിവാക്കേണ്ടത് അനിവാര്യമാണ്.

നെൽവയലുകൾ നികത്തി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഇന്നത്തെ ദുഷ്പ്രവണത കർശനമായും തടയുന്നതിന് പഞ്ചായത്ത് തലത്തിൽതന്നെ ഒരു നെൽകൃഷി സംരക്ഷണകമ്മിറ്റി പഞ്ചായത്ത് ഭരണസമിതി അംഗീകാരത്തോടെ രൂപീകരിക്കേണ്ടതാണ്. അതുപോലെ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നൽകുന്ന ഉല്പാദന ബോണസ് ഏക്കറിന് ചുരുങ്ങിയത് 500 രൂപ എന്ന തോതിലെങ്കിലും ഉയർത്തണം.

പ്രായാധിക്യം മൂലവും രോഗം ബാധിച്ചതും ഉല്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ച് മാറ്റി പുതിയ നല്ലയിനം തെങ്ങുകൾ വച്ചപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം കർഷകർക്ക് അനുവദിക്കേണ്ടതുണ്ട്. അതുപോലെ കൊപ്ര, നെല്ല്, കശുവണ്ടി മുതലായ കാർഷികോല്പന്നങ്ങൾക്ക് ഉയർന്ന വില ലഭിക്കുന്നതിനുള്ള പൊതുവിപണനകേന്ദ്രങ്ങൾ നമ്മുടെ പഞ്ചായത്തിൽ നിലവിൽ വരേണ്ടത് അത്യാവശ്യമാണ്. എലിശല്യം രൂക്ഷമായിട്ടുള്ളതിനാൽ എലി നശീകരണ കാമ്പയിനുകൾ പഞ്ചായത്ത് തലത്തിൽ നിർബന്ധമായും സംഘടിപ്പിക്കണം.

പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വിത്ത്, വളം എന്നിവ സൗജന്യമായി കർഷകർക്ക് നൽകി ഓരോ വീട്ടിലും അടുക്കളത്തോട്ടം എന്ന ഒരു പച്ചക്കറി കൃഷിവികസനനയം നമ്മുടെ പഞ്ചായത്തിന് ഉണ്ടാവണം. കൂടാതെ പുഷ്പകൃഷിക്ക് വിപണനസാദ്ധ്യത ഏറെയുള്ള നമ്മുടെ പ്രദേശത്ത് ഓർക്കിഡ് ആന്തുരിയം, മുല്ല മുതലായ പുഷ്പകൃഷികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടത് കാർഷികമേഖലയിൽ തൊഴിൽ രഹിതരായിട്ടുള്ള യുവതീയുവാക്കളെ ആകർഷിക്കാൻ ഉതകുന്ന പരിപാടിയാക്കാവുന്നതാണ്. അതുപോലെ ഇങ്ങനെയുള്ള നൂതന കൃഷി സംരംഭങ്ങൾ തുടങ്ങുന്നതിന് മുമ്പായി പരിശീലനപരിപാടികൾ സംഘടിപ്പിക്കേണ്ടത് ആവശ്യമാണ്. സുഗന്ധവിളകളായ ഇഞ്ചി, മഞ്ഞൾ, മുതലായ കൃഷികൾ വിത്ത്, വളം എന്നിവ നൽകി പ്രോത്സാഹിപ്പിക്കാവുന്നതാണ്. വൈദ്യുതി മേഖലയിൽ രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കാനുള്ള ദീർഘകാല പദ്ധതി അടിയന്തരപ്രാധാന്യത്തോട്കൂടി ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്. കൃഷിയാവശ്യത്തിന് ഉപയോഗിക്കുന്ന പമ്പ്സെറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് കർഷകർക്ക് വേണ്ടത്ര അളവിൽ മണ്ണെണ്ണ ലഭ്യമാക്കുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ തന്നെ നിലവിൽ വരണം.

ചെറുകിട നാമമാത്ര കർഷകരായ നമ്മുടെ കൃഷിക്കാർക്ക്ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കാർഷികവായ്പകൾ യഥാസമയം തന്നെ ലഭ്യമാക്കുന്നതിന് ഇപ്പോഴുള്ള നടപടിക്രമങ്ങൾ ഉദാരമാക്കാനുള്ള നടപടിയുണ്ടാകണം.

പഞ്ചായത്ത് പ്രദേശത്തെ വവിധ പാടശേഖരങ്ങളിൽ ചെറുകിട ജലസേചനപദ്ധതികൾ നടപ്പിലാക്കി ഇപ്പോഴുള്ള നെൽവയലുകളിൽനിന്നും മൊത്തം ഉല്പാദനം വർദ്ധിപ്പിച്ച് കർഷകരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താവുന്നതാണ്. സർവ്വോപരി നമ്മുടെ പഞ്ചായത്തിന് ഭക്ഷ്യോല്പാദനത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനും സാധ്യമാവുന്നതാണ്.

# 5.2. മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മൃഗസംരക്ഷണം

കാർഷിക രംഗവുമായി ബന്ധം ഏറെയുള്ള മേഖലയാണ് മൃഗസംരക്ഷണം. ഒരു കാലത്ത് പഞ്ചായത്തിലെ മിക്കവാറും വീടുകളിൽ കന്നുകാലികളുണ്ടായിരുന്നു. കാർഷികവൃത്തിയുമായി ബന്ധപ്പെട്ട ജീവിതരീതി സ്വീകരിച്ചിരുന്നവരെല്ലാം പാലിൻെറ ആവശ്യത്തിനെന്നപോലെ ജൈവവളത്തിനും, ഉഴവു ജോലിക്കും വേണ്ടി കാലികളെ വളർത്തിയിരുന്നു. പശുവാണ് തൃക്കരിപ്പൂർ പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗം. ആട്, എരുമ എന്നീ മൃഗങ്ങളേയും, അപൂർവ്വമായി കാള, പോത്ത്, പന്നി എന്നിവയേയും വളർത്തുന്നുണ്ട്. ആദ്യകാലങ്ങളിൽ പ്രദേശത്തിൻെറ ക്ഷീരാവശ്യകതയ്ക്കനുസരിച്ച് പാലും ഇതര ഉൽപ്പന്നങ്ങളും വീടുകളിൽ ഉൽപാദിപ്പിച്ചിരുന്നു. നാടൻ പശുക്കളും പരിമിതമായ സങ്കരയിനങ്ങളുമാണ് അന്ന് വളർത്തിയിരുന്നത്.

നെൽകൃഷിയിൽ നിന്നു ലഭിക്കുന്ന വൈക്കോലും, വയലിൽ കിളിർക്കുന്ന കളകളും പ്രധാനാഹാരമായി ക്കൊണ്ട് തിരിച്ച് പാലും, ഉഴവു ജോലിയും, ജൈവ വളങ്ങളും നൽകിക്കൊണ്ടുള്ള സമീകൃതമായ ഒരേർപ്പാടാണ് കന്നുകാലി വളർത്തലിനുണ്ടായിരുന്നത്. എന്നാൽ, നെൽവയലുകളുടെ ശോഷണം നെൽകൃഷിയെയും ബന്ധപ്പെട്ട ക്ഷീരവ്യവസായത്തെയും കാര്യമായി ബാധിച്ചു. ഒന്നാം വിളയ്ക്കു ശേഷം, വിദൂരമായ വയലുകളിലേക്കു പോലും 'പുല്ലരിയാൻ' പോകുന്നവരുടെ തലമുറയും വയലുകൾക്കൊപ്പം അപ്രത്യക്ഷമായിക്കൊണ്ടിരിക്കയാണ്. അന്യദേശങ്ങളിൽ നിന്നെത്തുന്ന തീറ്റപ്പുല്ലിനേയും കമ്പോളത്തിൽ ലഭ്യമാകുന്ന വില കൂടിയ കാലിത്തീറ്റയേയും ആശ്രയിച്ചാണ് ഇന്ന് ഈ വ്യവസായം നിലനിൽക്കുന്നത്.

കന്നുകാലി സെൻസസ് പ്രകാരം പഞ്ചായത്തിൽ 4327 പശുക്കളും 107 എരുമകളും 64 കാളകളുമാണുള്ളത്. വളർത്തുപക്ഷികളിൽ 5,300 കോഴികളും 129 താറാവുകളുമുണ്ട്. ഈ കണക്കുകൾ നിലവിലിരിക്കെത്തന്നെ, പഞ്ചായത്തിൻെറ ആവശ്യകതയ്ക്കനുസരിച്ച പാല്, മുട്ട, ഇറച്ചി ഇവ ഉൽപാദിപ്പിക്കാൻ സാധിക്കുന്നില്ല. മാത്രമല്ല വിവിധ കാരണങ്ങൾകൊണ്ട് ഈ രംഗത്ത് പ്രവർത്തിക്കുന്നവർ അതിൽ നിന്നും പിൻവാങ്ങുന്ന അവസ്ഥയാണ് കാണുന്നത് പാൽ വിതരണരംഗത്ത് പഞ്ചായത്തിൽ ഒരു ക്ഷീരവികസനസൊസൈറ്റിയും ഏതാനും മിൽമാ ബൂത്തുകളും അതോടൊപ്പം പ്രദേശികമായ വീടുകൾ കേന്ദ്രീകരിച്ചുള്ള വിൽപനക്രമവുമാണ് നിലവിലുള്ളത്. സമാന്തരമായി പാൽപ്പൊടി ഉപയോഗിക്കുന്ന ഒട്ടേറെ വീടുകളും ഇവിടെയുണ്ട്. ചിട്ടയായ ഒരു വിതരണ പരിപാടിയുടെ അഭാവത്തിൽ, വീടുകൾ കേന്ദ്രീകരിച്ചുള്ള പാൽ വിതരണം ആവശ്യകതയ്ക്കനുസരിച്ച് ലഭിക്കുന്നതിനോ, വിൽപന ലാഭകരമാക്കുന്നതിനോ പര്യാപ്തമാകുന്നില്ല. നിലവിലുള്ള പാൽ സൊസൈറ്റിയും ആവശ്യകതയ്ക്കനുസരിച്ച് പ്രവർത്തനം നടത്തുന്നില്ല. കോഴിമുട്ടയുടെ കാര്യത്തിൽ, പഞ്ചായത്തിൽ ഉൽപാദനം നന്നേ കുറവാണെന്നു തന്നെ പറയാം. അതേ സമയം നല്ലൊരു ഡിമാൻറ് കോഴിമുട്ടയ്ക്കുണ്ടുതാനും. ഇത് പരിഹരിക്കുന്നത് മുട്ട മറ്റു ദേശങ്ങളിൽ നിന്നു വരുന്നതുകൊണ്ടാണ്. മുൻകാലങ്ങളിൽ മിക്കവാറും വീടുകളിൽ കോഴിവളർത്തൽ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ഇറച്ചിക്കോഴികളുടെ കാര്യത്തിൽ നാം മറ്റു ദേശങ്ങളെ ആശ്രയിക്കുകയാണ്. കോഴി വളർത്തലിന് വൻ സാധ്യതയുണ്ടെന്നാണ് ഇത് കാണിക്കുന്നത്. വിശാലമായ പുഴയോരവും സമീപപ്രദേശങ്ങളും താറാവു വളർത്തലിനും ഉപയോഗിക്കാവുന്നതാണ്.

പഞ്ചായത്തിൽ രണ്ടു മൃഗചികിത്സാ കേന്ദ്രങ്ങൾ പ്രവർത്തിക്കുണ്ട്. 1958-ൽ ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രമായി ആരംഭിച്ച് 1971-ൽ വെറ്ററിനറി ഡിസ്പെൻസറിയായും 1995ൽ മൃഗാശുപത്രിയായും മാറിയ കൊയോങ്കര മൃഗാശുപത്രിയും ഇളമ്പച്ചിയിൽ പ്രവർത്തിക്കുന്ന ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്ര (ICDP സബ് സെൻറർ) വുമാണിവ. ഒരു സീനിയർ വെറ്ററിനറി സർജനും മറ്റുദ്യോഗസ്ഥന്മാരുമുള്ള കൊയോങ്കര മൃഗാശുപത്രി, കാസർഗോഡ് ജില്ലയിൽ ഏറ്റവും കൂടുതൽ രോപ്രതിരോധ ചികിത്സയും, കൃത്രിമ ബീജസങ്കലന പരിപാടിയും നടത്തുന്ന സ്ഥാപനമാണ്. എന്നാൽ ആവശ്യത്തിനു കെട്ടിടങ്ങളോ മറ്റു സൗകര്യങ്ങളോ ഇല്ലാത്തതടക്കം ഏറെ പരാധീനതകൾ ഈ ആശുപത്രിക്കുണ്ട്.

# കൃത്രിമ ബീജ സങ്കലന വിവരങ്ങൾ

| വളർത്തുമൃഗം | കൊയൊങ്കര മൃഗാശുപത്രി | ഇളമ്പച്ചി ICDPസെൻറർ |
|---|---|---|
| പശു | 769 | 605 |
| കിടാരി | 624 | 400 |
| എരുമ | 48 | 18 |

ഇളമ്പച്ചിയിലെ I.C.D.P സബ് സെൻററും വേണ്ടത്ര സൗകര്യങ്ങളില്ലാതെ നിൽക്കുകയാണ്. ഒരു ഡോക്ടറോ, സ്വന്തമായ കെട്ടിടമോ കാലികളെ കെട്ടാനുള്ള സ്ഥലമോ ഈ കേന്ദ്രത്തിനില്ല.

ഈ രണ്ടു സ്ഥാപനങ്ങളുമിരിക്കെത്തന്നെ പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ നിന്ന് കന്നുകാലികൾക്ക് രോഗം വന്നാൽ ഈ കേന്ദ്രങ്ങളിലെത്താൻ കിലോമീറ്ററുകൾ താണ്ടേണ്ടി വരാറുണ്ട്. ഇത് സമയത്ത് ചികിത്സ ലഭിക്കാതെ വരുന്ന പ്രശ്നങ്ങളുണ്ടാക്കിയിട്ടുണ്ട്.

കാലി വളർത്തലിലേർപ്പെട്ടിരുന്നവർ അതിൽനിന്നും പിന്നോട്ടു പോകുന്നതും, പുതിയതായി ഈ രംഗത്തു വരുന്നവർ കുറഞ്ഞുവരുന്നതുമായ സാഹചര്യങ്ങൾ നിലവിലുണ്ട്. അതിൽ പ്രധാനം കാലിത്തീറ്റയുടെ ദൗർബല്യം തന്നെ. വിശാലമായ നിലങ്ങൾ ഇല്ലാതായത് തീറ്റപ്പുല്ലിൻെറ ലഭ്യതയെ കാര്യമായി ബാധിച്ചിട്ടുണ്ട്. ബ്രാൻറു കാലിത്തീറ്റകളുടെ വില വർദ്ധനവും കന്നുകാലിക വളർത്തൽ ചിലവേറിയതാക്കിയിട്ടുണ്ട്. ഈ രംഗത്തുണ്ടാകുന്ന മറ്റൊരു പ്രശ്നം മാടുകൾക്കുണ്ടാകുന്ന രോഗങ്ങളാണ്. സമയത്ത് ചികിത്സ കിട്ടാതെ വരുന്ന സാഹചര്യത്തിൽ ഒട്ടേറെ കന്നുകാലികൾ ചത്തുപോവുന്ന സാഹചര്യവും ഉണ്ടായിട്ടുണ്ട്.

# രോഗ വിവരങ്ങൾ

| രോഗങ്ങൾ | പശു | എരുമ | ആട് | കോഴി |
|---|---|---|---|---|
| 1. ദഹന സംബന്ധമായവ | 275 | 15 | 46 | 98 |
| 2. ശ്വാസകോശ സംബന്ധം | 45 | 2 | 4 | 70 |
| 3. ഉപാപചയ സംബന്ധം | 6 | – | – | – |
| 4. ത്വക് രോഗങ്ങൾ | 70 | 4 | 4 | 21 |
| 5. ധാതുലവണങ്ങളുടെ അഭാവം | 33 | – | 9 | – |
| 6. പരാദ രോഗങ്ങൾ | 159 | 17 | – | 34 |
| 7. പ്രത്യുൽപ്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടത് | 116 | 12 | 3 | 12 |
| 8. വന്ധ്യത | 84 | 9 | – | – |
| 9. അകിടുവീക്കം | 78 | 9 | 5 | – |
| 10. മുടന്തൻ പനി | 96 | 4 | 4 | – |
| 11. പകർച്ചവ്യാധികൾ | – | – | – | – |
| 12. മറ്റുള്ളവ | 127 | 36 | – | – |

ഇക്കാര്യത്തിൽ നിലവിലുള്ള ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം രോഗപ്രതിരോധ പ്രവർത്തനങ്ങളും ശുചിത്വബോധവും ഉണ്ടാക്കേണ്ടതുണ്ട്.

പുതിയതായി ഈ രംഗത്തു വരുന്നവർക്ക്, ഇതിൻെറ പേരിൽ സർക്കാർ നൽകുന്ന ധനസഹായ പദ്ധതി

കൾ ആവശ്യത്തിനു മതിയാകാതെ വരുന്ന അവസ്ഥയുണ്ട്. കാലികളെ വാങ്ങാനും തൊഴുത്തു നിർമ്മിക്കാനുമായി IRDP മുഖേന ലഭിക്കുന്ന തുക തീരെ അപര്യാപ്തവും, ഭാരിച്ച നിബന്ധനകൾ ഉൾക്കൊള്ളുന്നതുമാണ്. ഇത് ലഭിക്കുന്നതിനും പ്രയാസങ്ങൾ ഏറെയുണ്ട്.

മാംസോപഭോഗത്തിൻെറ കാര്യത്തിലും ആശ്രിതത്വം വളരെയാണ് അറവുമാടുകളിൽ ചെറിയൊരു ശതമാനം മാത്രമെ പ്രാദേശികമായി ലഭിക്കുന്നുള്ളു. അതിനാൽ അറവിമാടി വളർത്തലും ഒരു സാധ്യതയായി കാണാവുന്നതാണ്. അറവുശാലകൾ ശാസ്ത്രീയമായ രീതിയിലല്ല ഇന്ന് പ്രവർത്തിക്കുന്നത്. അവശിഷ്ടങ്ങളുടെ നിക്ഷേപവും ഒരു പ്രശ്നമായിട്ടുണ്ട്.

നാട്ടിൽ അലഞ്ഞുതിരിയുന്ന പട്ടികൾ ഒരു ശല്യമായിട്ടുണ്ട്. പഞ്ചായത്തിൽ 1995–96ൽ 63 പട്ടികൾക്ക് പ്രതിരോധ കുത്തിവെപ്പ് നൽകിയിട്ടുണ്ട്.

### സാധ്യതകൾ

1. പഞ്ചായത്തിൽ മുഴുവൻ പ്രവർത്തനാധികാരം വരത്തക്കവിധം ഒന്നോ രണ്ടോ ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക. ഈ സംഘത്തിൻെറ കേന്ദ്രങ്ങൾ ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിച്ച് പാലും മറ്റുൽപ്പന്നങ്ങളും സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള സംവിധാനമുണ്ടാക്കണം.

2. മേൽ സംഘങ്ങളുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ സർക്കാർ–പുറമ്പോക്കു ഭൂമികളിലും മറ്റു സ്ഥലങ്ങളിലും സാധ്യതയ്ക്കനുസരിച്ച് തീറ്റപ്പുൽകൃഷി വ്യാപകമാക്കുക. തീറ്റപ്പുൽവിത്ത്, വളങ്ങൾ ഇവ സഹായ വ്യവസ്ഥയിൽ വിതരണം ചെയ്യണം.

3. സഹകരണ സംഘങ്ങൾ മുഖേന കുറഞ്ഞ വിലക്ക് കാലിത്തീറ്റ ലഭ്യമാക്കുക. നാട്ടിൽ ലഭ്യമായ വില കുറഞ്ഞ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുണ്ടാക്കാവുന്ന കാലിത്തീറ്റയുടെ നിർമ്മാണ കേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കണം.

4. 50 വീടുകളുള്ള യൂണിറ്റുകളാക്കിക്കൊണ്ട് തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ കോഴിവളർത്തൽ ആരംഭിക്കണം. അത്യുൽപ്പാദന ശേഷിയുള്ള കോഴിക്കുഞ്ഞുങ്ങളെ ലഭിക്കാൻ പഞ്ചായത്തിൽ ഒരു പൗൾട്രി ഫാം ഉണ്ടാക്കണം. ഇറച്ചിക്കോഴികൾക്കും ഈ രീതി സ്വീകരിക്കണം.

5. വാർഡുകളിൽ, 50 കുടുംബങ്ങൾ ചേർന്ന യൂണിറ്റുകളാക്കി അവയുടെ നേതൃത്വത്തിൽ സങ്കരയിനം പശുക്കൾ, എരുമകൾ, ആടുകൾ ഇവയെ വളർത്താനുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കണം.

6. പഞ്ചായത്തിലെ മൃഗ ചികിത്സാ കേന്ദ്രങ്ങളുടെ പ്രവൃത്തി സമയം ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന തരത്തിൽ മുഴുവൻ സമയവുമാക്കണം. കൊയോങ്കര മൃഗാശുപത്രിയിൽ ആവശ്യമായ കെട്ടിടങ്ങൾ, ചുറ്റുമതിൽ ഇവ നിർമ്മിക്കണം. മൃഗാശുപത്രിയിയെ ഒരു പോളി–ക്ലിനിക്കായി ഉയർത്തുകയും അതിൻെറ നേതൃത്വത്തിൽ ഒരു മൊബൈയിൽ കൃത്രിമ ബീജസങ്കലന യൂണിറ്റ് ആരംഭിക്കണം.

7. എളമ്പച്ചിയിലെ ഉപകേന്ദ്രം, ഒരു മുഴുവൻ സമയ ഡോക്ടറുടെ സേവനം ലഭ്യമാക്കിക്കൊണ്ട് ഡിസ്പെൻസറിയായി ഉയർത്തണം. കൂടാതെ ആയിറ്റി, ഉടുമ്പുന്തല, ബീരിച്ചേരി എന്നിവിടങ്ങളിൽ ICDP സബ് സെൻററുകൾ സ്ഥാപിക്കണം.

8. മൃഗാശുപത്രികളുടെ നേതൃത്വത്തിൽ, വാർഡു തിരിച്ച് പ്രതിരോധ ചികിത്സാ പരിപാടികൾ, ശാസ്ത്രീയ മൃഗ സംരക്ഷണത്തെക്കുറിച്ച ക്ലാസ്സുകൾ, പരിശീലനങ്ങൾ, പരിശോധനാ പരിപാടികൾ എന്നിവയും പഞ്ചായത്തുതലത്തിൽ കന്നുകാലി പ്രദർശനം, കന്നുകാലി കർഷകർക്ക് പ്രോത്സാഹനം എന്നിവയും സംഘടിപ്പിക്കണം. അകിടു വീക്കം, വിരശല്യം തുടങ്ങിയ രോഗങ്ങൾക്കെതിരെ ബോധവൽകരണ പരിപാടികളിലൂടെ വൃത്തിയേറിയ ഒരു കാലിവളർത്തൽ സാഹചര്യമുണ്ടാക്കണം.

9. കന്നുകാലികളെ വാങ്ങാനും തൊഴുത്തു കെട്ടാനും IRDP നൽകുന്ന ലോണിൻെറ തുക കുറഞ്ഞത് 30,000 രുപയെങ്കിലുമാക്കണം. വായ്പാ നയങ്ങൾ ഉദാരമാക്കണം. അത്യുൽപ്പാദന ശേഷിയുള്ള ഇനങ്ങളെ ലഭ്യമാക്കണം.

10. അറവുശാലകൾ ശാസ്ത്രീയമായി പരിഷ്കരിക്കണം. അവശിഷ്ടങ്ങളെ അനുബന്ധ വ്യവസായങ്ങൾക്കുപയോഗപ്പെടുത്തണം. അറവുമാടുകളെ ആരോഗ്യ പരിശോധനയ്ക്കു വിധേയമാക്കണം.

11. പേപ്പട്ടി ശല്യം തടയണം. അലഞ്ഞു തിരിയുന്ന നായ്ക്കളെ പൊതുജനങ്ങളുടെ സഹകരണത്തോടെ നശിപ്പിക്കണം. വളർത്തു പട്ടികൾക്കു കുത്തിവെപ്പു നൽകി ലൈസൻസെടുക്കണം.

12. മറ്റു പ്രദേശങ്ങളിൽനിന്നു വരുന്ന തീറ്റപ്പുല്ല് വാഡുതലത്തിൽ യൂണിറ്റുകളുണ്ടാക്കി ശേഖരിച്ച് കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യാനുള്ള സംവിധാനമുണ്ടാക്കണം.

# മത്സ്യബന്ധനം

തൃക്കരിപ്പൂർ പഞ്ചായത്തിന് നേരിട്ടു ബന്ധപ്പെടുന്ന കടലോരമില്ല. അതുകൊണ്ടുതന്നെ കടൽ മത്സ്യ ബന്ധനത്തിലേർപ്പെടുന്നവർ ഈ പഞ്ചായത്തിലിലില്ല. പഞ്ചായത്തിൻെറ പടിഞ്ഞാറെ അതിരായി കിടക്കുന്ന മാടക്കാൽ, ആയിറ്റിപ്പുഴയിലും കിഴക്ക്-തെക്ക് ഭാഗങ്ങളിലൂടെ ഒഴുകുന്ന കവ്വായിപ്പുഴയിലും മത്സ്യബന്ധനത്തി ലേർപ്പെടുന്ന തൊഴിലാളികൾ പഞ്ചായത്തിലുണ്ട്. ഇങ്ങനെ, പുഴയോരമത്സ്യബന്ധനത്തിലേർപ്പെടുന്നവരും, സമീപപ്രദേശങ്ങളിൽ നിന്നും അന്യ പ്രദേശങ്ങളിൽ നിന്നുമുള്ള മത്സ്യവിപണനം ചെയ്യുന്നവരും ഉൾപ്പെടുന്നതാ ണ് പ്രദേശത്തെ മത്സ്യതൊഴിലാളികൾ.

പുഴയോര മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് പ്രദേശത്ത് 150 പേർ പ്രവർത്തിക്കുന്നുണ്ട്. ഇവരെല്ലാം പരമ്പരാഗതമായ രീതിയിലുള്ള മത്സ്യബന്ധനമാണ് നടത്തുന്നത്. തൊഴിലാളികളിൽ ഇരുപതു ശതമാനത്തി നുമാത്രമാണ് സ്വന്തമായി മത്സ്യബന്ധനോപകരണങ്ങൾ ഉള്ളത്. പഞ്ചായത്തിൻെറ മത്സ്യഉപഭോഗത്തിൻെറ 10 % മാത്രമാണ് ഇവർ സംഭാവന ചെയ്യുന്നത്. മാലാൻ, ഇരുമീൻ, ഏട്ട, ചെമ്പല്ലി, തൊലിയൻ എന്നിവയാണ് ലഭിക്കുന്ന പ്രധാന മത്സ്യഇനങ്ങൾ. കൂടാതെ കാലങ്ങളിൽ ഇളമ്പക്ക(ആറ്റുകക്ക) ചെമ്മീൻ, ഞണ്ട് എന്നിവയും പുഴയിൽ നിന്നും ലഭിക്കുന്നുണ്ട്. 'ഇളമ്പക്ക വാരൽ' മാടക്കാൽ ആയിറ്റിപ്പുഴയുടെ വിവിധ ഭാഗങ്ങളിൽ ചില കാലങ്ങളിൽ ധാരാളമായി നടക്കുന്നുണ്ട്.

പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലായി ധാരാളം കുളങ്ങളുണ്ട്. ഇത്തരം ഉൾനാടൻ ജലാശയങ്ങളിൽ നിന്ന് വാരാൽ, മുശു തുടങ്ങിയ ശുദ്ധജലമത്സ്യങ്ങൾ നന്നായി ലഭിച്ചിരുന്നു.

കൂടാതെ പഞ്ചായത്തിൻെറ കിഴക്കും പടിഞ്ഞാറും ഭാഗങ്ങളിൽ പുഴയോരത്തു കാണുന്ന കൈപ്പാടുകൾ ചെമ്മീൻ, കല്ലുമ്മക്കായ കൃഷിക്ക് പറ്റിയ സ്ഥലങ്ങളായി മാറ്റാവുന്നതാണ്.

പഞ്ചായത്തിലെ ഏക മത്സ്യവില്പന കേന്ദ്രം ടൗണിലുള്ള പൊതു മത്സ്യമാർക്കറ്റാണ്. 300 പേർ പഞ്ചായത്തിൽ മത്സ്യവിപ്പനയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു. ഇവരിൽ ഭൂരിപക്ഷവും സ്ത്രീകളാണ്. മാർക്കറ്റിൽ തന്നെ ഇരുന്നു വില്പനയും, തലച്ചുമടായും, സൈക്കിൾ വഴിയും മത്സ്യം വിപണനം ചെയ്യുന്നു. തൊട്ടടുത്ത കടപ്പുറങ്ങളിൽ നിന്നും, മംഗലാപുരം പോലെ ദൂരദേശങ്ങളിൽ നിന്നും മത്സ്യം ഇവിടെയെത്തുന്നു. നല്ല ലഭ്യതയുള്ള കാലങ്ങളിൽ പ്രതിദിനം 6000കി.ഗ്രാം മത്സ്യം ഇവിടെ വില്പനയ്ക്ക് എത്തുന്നുണ്ട്. ഇത്രയധി കം വിനിമയം ക്രേന്ദീകരിച്ചു നടത്തുന്ന മാർക്കറ്റിൻെറ ഇന്നത്തെയവസ്ഥ തൃപ്തികരമല്ല. നേരത്തെ പറഞ്ഞ പോലെ ഭൂരിഭാഗം സ്ത്രീകളടക്കം, ഇരുന്നുവില്പന ചെയ്യാനുള്ള സൗകര്യം ഇവിടെയില്ല. മതിയായ തോതിൽ മേൽക്കൂര സൗകര്യം ഇല്ലാത്തതിനാൽ മത്സ്യം വെയിലത്തുവച്ചു വില്ക്കേണ്ട അവസ്ഥയാണുള്ളത്.

മാർക്കറ്റിൽ കെട്ടിക്കിടക്കുന്ന അഴുക്കുവെള്ളവും മറ്റുമാണ് മറ്റൊരു പ്രശ്നം. ഇവിടെയുണ്ടാകുന്ന അഴുക്കുവെള്ളവും അവശിഷ്ടങ്ങളും, ടൗണിൻെറയും ഇതരഭാഗങ്ങളിൽ നിന്നുമെത്തുന്ന പച്ചക്കറിയുടെ അവശിഷ്ടങ്ങളും ചേർന്ന് മാർക്കറ്റിൻെറ ഓരത്ത് മാലിന്യക്കൂമ്പാരം സൃഷ്ടിച്ചിരിക്കുകയാണ്. അഴുക്കു വെള്ളം ഒഴുക്കിക്കളയാനും, മാലിന്യങ്ങൾ സംസ്കരിക്കാനുമുള്ള സംവിധാനങ്ങൾ ഇല്ല. മഴക്കാലങ്ങളിൽ സ്ഥിതികൂടുതൽ രൂക്ഷമാകുന്നു. കൂടാതെ മത്സ്യതൊഴിലാളികൾക്കാവശ്യമായ പ്രാഥമികസൗകര്യങ്ങൾ ഉപയോഗയോഗ്യമാകുന്നില്ല. അധികമുള്ള മത്സ്യം സംസ്കരിക്കുന്നതിനാവശ്യമായ സ്ഥലമോ സംവിധാനമോ മാർക്കറ്റിലില്ല. മാർക്കറ്റ് ശുചീകരണത്തിന് കൃത്യമായ ഒരു സംവിധാനവും നിലവിലില്ല.

ഉൾനാടൻ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികൾക്കും ഒട്ടേറെ പ്രശ്നങ്ങളുണ്ട്. ഇവരിൽ ഭൂരിഭാഗത്തിനും സ്വന്തമായ മത്സ്യബന്ധനഉപകരണങ്ങളില്ല. പരമ്പരാഗതമായി, വർഷങ്ങളായി ഈ മേഖലയിൽ ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവരാണെങ്കിലും ഇവർക്ക് ഈ രംഗത്തുള്ള പല ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. മുഴുവൻ തൊഴിലാളികൾക്കും കേരള മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമില്ല. ഉൾനാടൻ മത്സ്യതൊഴിലാളികൾക്കായി ഒരു സഹകരണസംഘം സ്ഥാപിക്കാൻ പ്രാഥമിക പ്രവർത്തനങ്ങളൊ ക്കെ ചെയ്തുകഴിഞ്ഞെങ്കിലും സംഘം രൂപീകരിക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ഞമാസങ്ങളിൽ ഗവൺമെൻറു

തലത്തിൽ മത്സ്യതൊഴിലാളികൾക്കു നൽകുന്ന പെൻഷൻ ആനുകൂല്യങ്ങൾ സ്ത്രീതൊഴിലാളികൾക്ക് ഇനിയും ലഭ്യമായിത്തുടങ്ങിയിട്ടില്ല.

പുഴ മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നത് വില്പനക്കാരനും വാങ്ങുന്നയാളും തമ്മിലാണ്. മത്സ്യത്തിന്റെ ലഭ്യതയും ഒരു പ്രധാനഘടകമാണ്. എടവം തുടങ്ങി നാലുമാസങ്ങളിൽ മീനിന്റെ ലഭ്യത നന്നേ കുറയാറുണ്ട്. അതുകൊണ്ടു തന്നെ ഈരംഗത്തു കൃത്യമായൊരു വരുമാനം പ്രവചിക്കാനാവില്ല. മാത്രമല്ല ചില സീസണിൽ കടൽ മത്സ്യം ധാരാളമായെത്തുന്ന സാഹചര്യത്തിൽ പുഴമത്സ്യത്തിന്റെ വില കമ്പോളത്തിന്റെ അവസ്ഥയ്ക്കനുസരിച്ച് നന്നേ കുറയ്ക്കേണ്ടതായും വരാറുണ്ട്.

മത്സ്യവിഭവങ്ങളുടെ സ്രോതസ്സുമായി ബന്ധപ്പെട്ടതാണ് മറ്റു കാര്യങ്ങൾ. കിഴക്ക്-തെക്കുഭാഗങ്ങളിലെ പുഴയിലും, പടിഞ്ഞാറെ കായലിലുമുണ്ടാകുന്ന ബാഹ്യഇടപെടലുകൾ മത്സ്യസമ്പത്തിന്റെ വർദ്ധനവിനെയും, മത്സ്യബന്ധനത്തെയും കര്യമായി ബാധിക്കുന്നുണ്ട്. ഇത് തൊലിയൻ തുടങ്ങിയ മത്സ്യങ്ങളുടെ അളവിനെ കാര്യമായി ബാധിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും അയൽപ്രദേശങ്ങളിൽ നിന്നും ഒഴുകിയെത്തുന്ന മാലിന്യങ്ങളാണ് പ്രധാനപ്രശ്നം. മത്സ്യങ്ങൾ ചത്തുപൊങ്ങുന്ന അവസ്ഥയ്ക്കുവരെ കാരണമായിട്ടുണ്ട്. ഇത്തരം മത്സ്യരോഗങ്ങൾ ഈ വിപണിയേയും ബാധിക്കാറുണ്ട്.

പുഴയിലേക്കുള്ള അന്യായമായ കടന്നുകയറ്റമാണ് മറ്റൊന്ന്. പുഴ ലീസിനു നൽകി പറമ്പുകളാക്കി മാറ്റുന്നത് ഈരംഗത്ത് ദൂരവ്യാപകമായ പ്രത്യാഘാതം വരുത്തുന്നതാണ്. ഒഴുക്കുപാലങ്ങൾ ഏർപ്പെടുത്താതെ ബണ്ടുകൾ നിർമ്മിക്കുന്ന പ്രവണത, പുഴയുടെയും സമീപപ്രദേശങ്ങളുടെയും പരിസ്ഥിതികാവസ്ഥയിൽ ആഘാതങ്ങളുണ്ടാക്കാൻ പോന്നവയാണ്.

സാധ്യതകൾ പരിഹാരങ്ങൾ

1.മത്സ്യതൊഴിലാളികളിൽ സ്വന്തമായി ഭൂമിയും പാർപ്പിടവുമില്ലാത്തവർക്ക് അവയുണ്ടാക്കാനാവശ്യമായ ധനസഹായം ലഭ്യമാക്കണം. പഞ്ഞമാസങ്ങളിൽ സൗജന്യറേഷനുൾപ്പെടെയുള്ള സാമ്പത്തിക സഹായങ്ങൾ എല്ലാ തൊഴിലാളികൾക്കും ലഭ്യമാക്കണം.

2.മത്സ്യതൊഴിലാളികൾ കൂടുതലായി താമസിക്കുന്ന തൃക്കരിപ്പൂരിൽ, ഫിഷറീസ് വകുപ്പിന്റെ ഓഫീസ് അനുവദിക്കണം. എല്ലാ മത്സ്യതൊഴിലാളികൾക്കും ക്ഷേമനിധിയിൽ അംഗത്വം നൽകണം.

3.പുഴയിൽ നിന്നുള്ള മണ്ണുവാരൽ, കമ്പിവല ഉപയോഗിച്ചുകൊണ്ടുള്ള കക്കവാരൽ ഇവ കക്കവ്യവസായത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ, നിർത്തലാക്കണം.

4.പഞ്ചായത്തിലെ നിലവിലുള്ള കുളങ്ങൾ വികസിപ്പിച്ച് ശുദ്ധജലമത്സ്യകൃഷി നടപ്പിലാക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ചെയ്യണം. കൈപ്പാടുകൾ കേന്ദ്രീകരിച്ച് ചെമ്മീൻ കൃഷിക്കും സാധ്യതയുണ്ട്. മത്സ്യകുഞ്ഞുങ്ങൾ, തീറ്റ ഇവ ലഭ്യമാക്കണം.

5.തൃക്കരിപ്പൂരിലെ മത്സ്യമാർക്കറ്റ് ആധുനികരീതിയിൽ പരിഷ്കരിക്കണം. ഇരിപ്പിടങ്ങൾ, മേൽക്കൂര, മൂത്രപ്പുര കക്കൂസ് ഇവ നിർമ്മിക്കണം. അഴുക്കുവസ്തുക്കൾ സംസ്കരിക്കുന്നതിന് വലിയ ടാങ്കുകൾ നിർമ്മിക്കുകയും, ശുചീകരണത്തിന് സ്ഥിരം സംവിധാനമുണ്ടാക്കുകയും ചെയ്യണം. അധികമുള്ള മത്സ്യം സംസ്കരിക്കുന്നതിനു ഏർപ്പാടുകൾ ചെയ്യണം.

6.ഉൾനാടൻ മത്സ്യതൊഴിലാളികളെ ഉൾപ്പെടുത്തി ഒരു മത്സ്യതൊഴിലാളി ക്ഷേമസഹകരണസംഘം രൂപീകരിക്കണം. മത്സ്യബന്ധനോപകരണങ്ങൾ സംഘം മുഖേന കുറഞ്ഞവിലക്ക് വിതരണം ചെയ്യുന്നതിന് സംവിധാനമുണ്ടാക്കണം. സഹകരണസംഘത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പുഴയോരങ്ങൾ ലീസിനെടുത്ത് ചെമ്മീൻ കൃഷി നടത്തുന്നത് പഞ്ഞമാസത്തെ തൊഴിൽക്ഷാമം പരിഹരിക്കുവാൻ സഹായിക്കും.

7.പുഴയിലെ മലിനീകരണം തടയണം. അറവുശാലയിലെ അവശിഷ്ടങ്ങൾ പുഴയിൽ തള്ളുന്നത് കർശനമായി നിരോധിക്കണം. മത്സ്യരോഗങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തി രോഗം തടയാൻ വേണ്ടി നടപടികൾ എടുക്കണം.

8.മത്സ്യവിഭവങ്ങളുടെ അനുബന്ധവ്യവസായ മത്സ്യത്തൊഴിലാളി സ്ത്രീകളുടെഇടയിൽ പ്രോത്സാഹി

പ്പിക്കണം. കുടിൽ വ്യവസായങ്ങൾ, മത്സ്യഅച്ചാറുകൾ ഇവയുടെ യൂണിറ്റുകൾ സ്ഥാപിക്കണം.

9.പുഴ ലീസിനു നൽകുന്നത് നിരുത്സാഹപ്പെടുത്തണം.

10.പുഴമത്സ്യം, ചെമ്മീൻ, കക്ക എന്നിവയ്ക്ക് പ്രത്യേകവിപണി ഏർപ്പെടുത്തണം.

11.വെള്ളാപ്പ്, വയലോടിപ്പുഴയുടെ ഭിത്തി കെട്ടി സംരക്ഷിക്കണം. നിലവിലുള്ള ബണ്ടുകൾക്ക് ഒഴുക്കുപാലസൗകര്യം ഏർപ്പെടുത്തണം.

12. മത്സ്യത്തൊഴിലാളികൾക്ക് വിപണനരംഗത്ത് നൽകുന്ന 500 രൂപയുടെ ലോൺ നിർത്തിവെച്ചത് പുന:സ്ഥാപിക്കണം.

13.പഞ്ചായത്തിൽ, താൽപര്യമുള്ള ഗ്രൂപ്പുകൾക്ക് ഓരുജലചെമ്മീൻ കൃഷി നടത്തുന്നതിനാവശ്യമായ വായ്പയും, ചെ്മ്മീൻ കുഞ്ഞുങ്ങളേയും ലഭിക്കുന്നതിന് സംവിധാനമുണ്ടാക്കണം. പുഴയോരങ്ങളിൽ കല്ലുമ്മക്കായ കൃഷി ചെയ്യുന്നതിന് ആവശ്യമായ സാമ്പത്തികസഹായവും വിപണിയും ഉണ്ടാക്കണം.

14.മത്സ്യക്കൃഷിയെക്കുറിച്ച് പ്രചരണം സംഘടിപ്പിക്കണം. ചെറിയ ഇഴയുള്ള വലകൾ ഉപയോഗിച്ച് മത്സ്യകുഞ്ഞുങ്ങളെയടക്കം പിടിച്ച് നശിപ്പിക്കുന്ന മത്സ്യബന്ധന രീതി തടയണം.

---

അങ്ങേയറ്റം ദാരിദ്ര്യം അനുഭവി
ക്കുന്നവർ പോലും ഇത് തങ്ങളു
ടെ നാടാണെന്നും ഇത് രൂപ
പ്പെടുത്തുന്നതിൽ തങ്ങൾക്കു
മഹത്തായ പങ്കുണ്ടെന്നും
വിശ്വസിക്കുന്ന ഒരു ഭാരതത്തി
ന്നു വേണ്ടി,
ഉയർന്ന വർഗ്ഗവും താണ
വർഗ്ഗവുമില്ലാത്ത ഒരു ഭാരതത്തി
ന്നു വേണ്ടി,
എല്ലാ സമുദായങ്ങളും തികഞ്ഞ
മൈത്രിയിൽ വർത്തിക്കുന്ന ഒരു
ഭാരതത്തിന്നു വേണ്ടി,
ഞാൻ പ്രയത്നിക്കും-

മഹാത്മാഗാന്ധി

# വിദ്യാഭ്യാസം

## വിദ്യാഭ്യാസം

പിന്നോക്ക ജില്ലയായ കാസർഗോട്ടെ മറ്റ പഞ്ചായത്തുകളെ അപേക്ഷിച്ച് സാമൂഹ്യ, സാസംകാരിക,സാമ്പത്തിക,വിദ്യാഭ്യാസ മേഖലകളിൽ ഏറെ മുന്നിലല്ലെങ്കിലും നന്നെ പിന്നിലല്ല തന്നെ തൃക്കരിപ്പൂർ.

"ഇല്ല നിന്നേടത്തു നിൽക്കവാ-
നാർക്കുമാവില്ല പ്രപഞ്ചം കിതച്ചു കുതിക്കുന്നു."

പ്രപഞ്ചത്തിൻെറ നിഗൂഢതയിലേക്കാഴ്ന്നിറങ്ങി മനുഷ്യൻെറ അസ്ഥിത്വവും, പ്രസക്തിയും, അനിവാര്യതയും അവന് ബോദ്ധ്യപ്പെടുത്തി കൊടുത്ത പ്രകാശരേണുവാണ് വിദ്യാഭ്യാസം. ഒരു പൂർണ്ണ മനുഷ്യനെ കണ്ടെത്തുക എന്നതാണ് വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം എന്ന് സ്വാമി വിവേകാന്ദൻ പറയുന്നു. സംസ്കൃതിയുടെ സാഗര സമ്പത്ത് വർഷങ്ങളുടെ പ്രവാഹധാരയിൽനിന്നും അക്ഷരങ്ങളിലേക്കും അക്കങ്ങളിലേക്കും സന്നിവേശിക്കുമ്പോൾ മനുഷ്യന് സ്വയം അറിയുവാനും പരസ്പരം അംഗീകരിക്കുവാനും ജീവിക്കുവാനുമായി സഹായം നൽകുന്ന മാധ്യമം വിദ്യാഭ്യാസമായിതീരുന്നു - "ഗാന്ധിജി പറഞ്ഞു നിരക്ഷരത നാടിൻെറ ശാപവും പാപവുമാണ്." ഇത് മനസ്സിലാക്കി കൊണ്ടുതന്നെ സ്വാതന്ത്ര സമ്പാദനത്തിന് എത്രയോ മുമ്പ് ഔപചാരിക വിദ്യാഭ്യാസം ആരംഭിച്ച പ്രദേശമാണ് തൃക്കരിപ്പൂർ. 19 -ാം നൂറ്റാണ്ടിൻെറ അവസാന ദശകംമുതൽ താഴക്കാട്ടുമന വക അവരുടെ ഊട്ടുപ്പുരയിൽ ആരംഭിച്ച എഴുത്തുപ്പള്ളിക്കൂടമാണ് ഈ പ്രദേശത്തുകാരുടെ ആദ്യ വിദ്യാകേന്ദ്രം.

അജ്ഞതയുടെ അന്ധകാരത്തിൽ നട്ടം തിരിയുന്ന ദേശവാസികൾക്ക് അറിവിൻെറ നെയ്ത്തിരിയുമായി ആദ്യാക്ഷരം കുറിക്കാനെത്തിയ പുതിയപുരയിൽ കോരൻപണിക്കരെ ആധുനിക തലമുറ ആദരവോടെ ഇന്നും സ്മരിക്കുന്നു. കഥകളി രംഗത്ത് ഏറെ പ്രസിദ്ധനായിരുന്ന ഗുരു ചന്തുപണിക്കർ എഴുത്തുകൂടിൽ നിന്നും വിദ്യാഭ്യാസം നേടിയ അനേകം പ്രതിഭകളിൽ ഒരാൾ മാത്രം. ഈ എഴുത്തുകൂടാണ് പിന്നീട് ഒളവറ സങ്കേത ഗവ:യു.പി.സ്കൂളായത്.

കേരള സംസ്ഥാന രൂപീകരണം വരെ ഡിസ്ട്രിക്റ്റ് ബോർഡിൻെറ കീഴിലായിരുന്നു ഇന്നത്തെ സൗത്ത് തൃക്കരിപ്പൂർ ഗവൺമെൻറ് ഹൈസ്കൂൾ. ഇവിടെ പ്രധാനാധ്യാപകരായിരുന്ന മൂന്നു പേരെ സംസ്ഥാന സർക്കാർ വിശിഷ്ട സേവനത്തിനുള്ള അവർഡ് നൽകി ആദരിക്കുകയുണ്ടായി. (സർവ്വശ്രീ. സി.പി. രാഘവൻ നായർ, പി.ടി. ബാലകൃഷ്ണൻ മാസ്റ്റർ, കെ.കുഞ്ഞികണ്ണൻ മാസ്റ്റർ) കടിഞ്ഞിപ്പള്ളി രയരപ്പൻ നായരാണ് ആദ്യകാല അധ്യാപകൻ. 1919 ൽ ആണ് ഈ സ്ഥാപനം ഊട്ടുമഠത്തിൽനിന്നും ഇന്നത്തെ സ്ഥലത്തേക്ക് മാറിയത്. 1980 ൽ ഇത് ഹൈസ്ക്കൂളായി ഉയർത്തപ്പെടുകയും ചെയ്തു. തളിച്ചാലത്ത് വിജ്ഞാന ദായനി എന്ന പേരിൽ ഒരു എൽ.പി. സ്കൂൾ ഉണ്ടായിരുന്നതായി ചരിത്രം പറയുന്നു. അത് പിന്നീട് സൗത്ത് തൃക്കരിപ്പൂർ ഹിന്ദു ബോർഡ്

എ്ലിമെൻററി സ്കൂളിലേക്ക് മാറ്റി. (ഇന്നത്തെ സൗത്ത് തൃക്കരിപ്പൂർ ഹൈസ്ക്കൂളി ലേക്ക്)

പഞ്ചായത്തിൻെറ തെക്കേ അറ്റത്തുള്ള അപ്പർപ്രൈമറി വിദ്യാലയമാണ് ഒളവറ സങ്കേത(1928) പഞ്ചായത്തിലെ ഏക പ്രീപ്രൈമറി വിഭാഗം പ്രവർത്തിക്കുന്നതും ഇവിടെയാണ്. ഏകദേശം ഇതേ കാലത്ത് തന്നെയാണ് കൂലേരി എലിമെൻററി സ്കൂളും ആരംഭിച്ചത്. അതിൻെറ തുടർച്ചയായാണ് പിന്നീട് ഇന്നത്തെ വി.പി.പി. മുഹമ്മദ് കുഞ്ഞിപട്ടേലർ സ്മാരക ഗവ:വൊക്കേഷണൽ ഹയർ സെക്കൻഡറി സ്ക്കൂളും സ്ഥാപിതമായത്(1954) ഇതാണ് പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്ക്കൂൾ. ഈ സ്കൂളിൻെറ സ്ഥാപന ചരിത്രത്തിൽ വി.പി.പി മുഹമ്മദ് കുഞ്ഞിപട്ടേലരുടെ സ്ഥാനം വളരെ വലുതാണ്. തങ്കയത്ത് പെൺകുട്ടികൾക്കായി ഒരു പ്രൈമറി സ്കൂൾ പ്രവർത്തിച്ചിരുന്നതായി രേഖകളിൽ കാണുന്നു. ഇന്നു കാണുന്ന തൃക്കരിപ്പൂർ ഗവ: ആശുപത്രി സ്ഥാപിച്ചത് അവിടെയാണ്. 1936 ൽ കൈക്കോട്ടുകടവിൽ ആരംഭിച്ച പ്രാഥമിക വിദ്യാലയമാണ് ഇന്നു കാണുന്ന പൂക്കോയ തങ്ങൾ സ്മാരക ഹയർ സെക്കൻഡറി സ്ക്കൂൾ. ഗവ:എൽ.പി. സ്ക്കൂൾ മെട്ടമ്മലും, ഗവ: വെൽഫേർ സ്ക്കൂളും യോജിപ്പിച്ചാണ് ഇന്നത്തെ ജി.ഡബ്ല്യു. യു.പി.സ്ക്കൂളായത്. (1924) ഇവിടുത്തെ പ്രധാനാധ്യാപകനായിരുന്ന വി.പി.എം. അബ്ദുൾ അസീസ് മാസ്റ്ററേയും കേരള സർക്കാർ അവാർഡ് നൽകി ആദരിക്കുകയുണ്ടായി. മെട്ടമ്മലിൽ പ്രവർത്തിക്കുന്ന അൺഎയ്ഡഡ് ഹൈസ്ക്കൂളടക്കം പഞ്ചായത്തിൽ നാല് ഹൈസ്ക്കൂളും, ഒൻപത് ലോവർ പ്രൈമറി സ്ക്കൂളും, മൂന്ന് അപ്പർ പ്രൈമറി സ്ക്കൂളുമടക്കം മൊത്തം പതിനാറു വിദ്യാലയങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. തൃക്കരിപ്പൂർ സെൻറ്.പോൾസ് എ.യു.പി സ്ക്കൂളാണ് ഇവിടുത്തെ ഏറ്റവും വലിയ അപ്പർ പ്രൈമറി സ്ക്കൂൾ. കലാകായിക രംഗത്തും വിദ്യാഭ്യാസ രംഗത്തും ഉന്നത നിലവാരം പുലർത്താൻ ഈ സ്ഥാപനം എന്നും ശ്രദ്ധിച്ചു വരുന്നുണ്ട്. കൂടാതെ നോർത്ത് തൃക്കരിപ്പൂർ എ. എൽ.പി.സ്ക്കൂൾ (1921), ജി.എൽ.പി.എസ്. മൈത്താണി (1946), ജി.എൽ.പി.എസ്. ബീരിച്ചേരി, ആയിറ്റി ഇസ്ലാമിയ എ.എൽ.പി.എസ്. (1938), ജി.എൽ.പി.എസ് വൾവക്കാട് (1921), ജി.എൽ.പി.എസ്. ഉടുമ്പുന്തല (1946), എ.എൽ.പി.എസ്. കുന്നച്ചേരി, എ.എൽ.പി.എസ് . തങ്കയം(1938) തുടങ്ങിയവയൊക്കെ വിദ്യാഭ്യാസ രംഗത്ത് അവരവരുടേതായ സംഭാവനകൾ ചെയ്തു വരുന്നുണ്ട്. ഒറ്റ അംഗനവാടികൾ പോലും ഇല്ലാത്ത ഇവിടെ പഞ്ചായത്തിൻെറ നേതൃത്വത്തിൽ ഒരു ശിശു മന്ദിരം തളിച്ചാലത്ത് പ്രവർത്തിച്ചു വരുന്നുണ്ട്. 32626 /ഓളം ജനസംഖ്യയുള്ള പഞ്ചായത്തിലെ വിവിധ സ്ക്കൂളുകളിലായി 7022 വിദ്യാർത്ഥികൾ അധ്യയനം നടത്തുന്നു. മൊത്തം അധ്യാപകരുടെ എണ്ണം 261 ആണ്.

പട്ടിക - **A**

## അധ്യാപകർ, വിദ്യാർത്ഥികൾ

| നമ്പർ | സ്കൂൾ | സ്ഥാപിച്ച വർഷം | മാനേജ്മെൻറ് | വിദ്യാർത്ഥികൾ | | | അധ്യാപകർ | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | പു. | സ്ത്രീ | ആകെ | ഉള്ളത് | വേണ്ടത് |
| 1 | ALPS നോർത്ത് തൃക്കരിപ്പൂർ | 1921 | ഏയ്ഡഡ് | 107 | 111 | 218 | - | 9 | 9 | 9 | 9 |
| 2 | ALPS തങ്കയം | 1938 | " | 76 | 88 | 164 | 2 | 4 | 6 | 6 | 6 |
| 3. | ALPS കുന്നച്ചേരി | | " | 62 | 56 | 118 | 1 | 4 | 5 | 5 | 5 |
| 4 | ALPS ആയിറ്റി ഇസ്ലാമിയ | 1938 | " | 80 | 75 | 155 | 3 | 3 | 6 | 5 | 6 |
| 5 | AUPS സെൻറ് പോൾസ് | | " | 572 | 555 | 1127 | 7 | 24 | 31 | 31 | 31 |
| 6 | PMSAPTSHS കൈക്കോട്ടുകടവ് U.P | 1936 | " | 379 | 373 | 752 | 14 | 11 | 51 | 51 | 51 |
| | H.S. | | 300 | 269 | 569 | 16 | 10 | | | | |
| 7 | GLPS ഉടുമ്പുന്തല | 1946 | ഗവ: | 123 | 113 | 236 | 5 | 4 | 9 | 8 | 9 |
| 8 | GLPS വൾവക്കാട് | 1921 | " | 61 | 51 | 112 | 2 | 3 | 5 | 5 | 5 |
| 9 | GLPS ബീരിച്ചേരി | | " | 54 | 59 | 113 | 2 | 3 | 5 | 5 | 5 |
| 10 | GLPS മൈത്താണി | 1946 | " | 55 | 46 | 101 | 2 | 2 | 4 | 4 | 4 |
| 11 | GLPS കൂലേരി | 1908 | " | 108 | 81 | 189 | 6 | 1 | 7 | 7 | 7 |
| 12 | GWUPS മെട്ടമ്മൽ | 1924 | " | 212 | 206 | 418 | 7 | 10 | 17 | 17 | 17 |
| 13 | GUPS ഒളവറസങ്കേത U.P | 1928 | " | 121 | 130 | 251 | 4 | 6 | 10 | 10 | 10 |
| 14 | GHS സൗത്ത് തൃക്കരിപ്പൂർ U.P | 1919 | " | 254 | 236 | 490 | 11 | 8 | 36 | 34 | 36 |
| | H.S. | | | 203 | 213 | 416 | 12 | 5 | | | |
| 15 | GVHSS U.P | | | 260 | 185 | 445 | | | | | |
| | തൃക്കരിപ്പൂർ H.S. | 1954 | " | 572 | 521 | 1093 | 37 | 19 | 56 | 56 | 56 |
| 16 | CHMSHS മെട്ടമ്മൽ | 1995 | അൺ എയ്ഡഡ | 20 | 35 | 55 | 4 | -- | 4 | 4 | 4 |

സാമൂഹിക, സാമ്പത്തിക കാരണങ്ങളാൽ വളരെ ചെറിയൊരു ശതമാനം വിദ്യാർത്ഥികൾ ഇടക്കു വച്ച് പഠനം നിർത്തുന്നുണ്ട്. 1995-96 ലെ വിദ്യാഭ്യാസ വർഷത്തിൽ കൊഴിഞ്ഞുപോയവരുടെ (Drop outs) വിവരം പട്ടിക B-യിൽ കൊടുത്തിരിക്കുന്നു.

പട്ടിക-**B**

## പഠനം നിർത്തിയവരുടെ വിവരം

| SC/ST | മറ്റുള്ളവർ | ആകെ |
|---|---|---|
| 6 | 66 | 72 |

അവലംബം:-സെ:ഡാ

ആകെയുള്ള 16 സ്ക്കൂളുകളിൽ 7 എണ്ണം മാത്രമാണ് സ്വകാര്യ മേഖലയിലുള്ളത്. ഭൗതിക സാഹചര്യങ്ങളുടെ അഭാവം ഇവയുടെയൊന്നും പ്രവർത്തനങ്ങളെ ബാധിക്കുന്നില്ല. ഇവിടുത്തെ ഭൂരിഭാഗം ആളുകളും അവരുടെ കുട്ടികളെ പൊതു വിദ്യാലയങ്ങളിൽ ചേർക്കാൻ തയ്യാറാണെങ്കിലും അന്യപ്രദേശങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലേക്ക് പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം കൂടിക്കൂടി വരികയാണോയെന്ന് സംശയിക്കേണ്ടി ഇരിക്കുന്നു. ഉപരിപഠനത്തിനായി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ, സാങ്കേതിക സ്ഥാപനങ്ങളോ പഞ്ചായത്തിലില്ല. പയ്യന്നൂരും, കാഞ്ഞങ്ങാട്ടുമുള്ള കോളേജുകളിലേക്കും സാങ്കേതിക സ്ഥാപനങ്ങളിലേക്കും ഉപരിപഠനത്തിനായി പോകേണ്ടി വരുന്നത് വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും ഏറെ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. ഇവിടെ ഒരു പാരലൽ കോളേജ് പ്രവർത്തിക്കുന്നുണ്ട്. അതിൽ നാമമാത്രമായി പ്രീഡിഗ്രി, ഡിഗ്രി കോഴ്സുകൾ നടത്തുന്നു. നാലു ട്യൂട്ടോറിയലുകളും പ്രവർത്തിക്കുന്നുണ്ട്. ഭൗതിക സാഹചര്യങ്ങളൊക്കെയുണ്ടായിട്ടു ഒരു കോളേജിനായുള്ള ഇവിടുത്തുകാരുടെ കാത്തിരുപ്പ് തുടങ്ങിയിട്ട് കാലമേറെയായി. ഇതിനായി മുട്ടാത്ത വാതിലുകളില്ല. പഞ്ചായത്തിലെ ഹൈസ്ക്കൂളുകളിലെ വിജയശതമാനം താരതമ്യേന കുറവാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നത്

പട്ടിക **C**

## S.S.L.C.വിജയ ശതമാനം

| സ്കൂൾ | 1993-94 | 94-95 | 95-96 |
|---|---|---|---|
| G.H.S. സൗത്ത് തൃക്കരിപ്പൂർ | 42% | 39% | 53% |
| PMSAPTHS.കൈക്കോട്ട് കടവ് | 49% | 51% | 31% |
| G.V.H.S.S തൃക്കരിപ്പൂർ | 31% | 28.5% | 29.5% |

അവലംബം:-സെ:ഡാ

4 ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലായി 100 ൽ പരം പേർ പരിശീലനം നടത്തുന്നുണ്ടെങ്കിലും കംപ്യൂട്ടർ ട്രെയിനിംഗ് അടക്കമുള്ള സാങ്കേതിക പരിശീലന സ്ഥാപനങ്ങളൊന്നും പഞ്ചായത്തിലില്ല. 10 ഓളം നേഴ്സറി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പ്രീ പ്രൈമറി തലം കാര്യക്ഷമമാക്കാൻ അടിയന്തരമായും അംഗനവാടികൾ അനുവദിച്ചേ മതിയാകൂ.

മുസ്ലീങ്ങളുടെ മതപഠന സ്ഥാപനമായ മദ്രസകൾ 20 എണ്ണം പഞ്ചായത്തിലുണ്ട്. സാധാരണ സ്കൂൾ സമയത്തിന് മുമ്പും വൈകുന്നേരങ്ങളിലുമായി ദിവസവും പ്രവർത്തിക്കുന്ന ഈ

## സ്കൂളിലെ ഭൗതിക സാഹചര്യങ്ങളുടെവിവരം

| ക്ര. ന. | സ്കൂൾ | ആകെ കുട്ടികൾ | ആകെ അദ്ധ്യാപകർ | സ്കൂൾ സ്ഥല വിസ്തീർണ്ണം | ക്ലാസ് മുറികൾ വേണ്ടത് | ഉള്ളത് | ഡിവിഷൻ | മൂത്രപ്പുര | കക്കൂസ് | കടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|---|---|---|---|
| 1 | മൈത്താണി GLPS | 101 | 4 | 0.93 | 4 | 3 | 4 | ഉണ്ട് | ഉണ്ട് | കിണർ | ഇല്ല |
| 2 | നോർത്ത് തൃക്കരിപ്പൂർ LPS | 218 | 9 | - | 8 | 8 | 8 | ഉണ്ട് | ഉണ്ട് | കിണർ | ഇല്ല |
| 3 | ബീരിച്ചേരിGLPS | 113 | 5 | 0.13 | 4 | 2 | 4 | ഇല്ല | ഇല്ല | കിണർ | ഇല്ല |
| 4 | ആയിറ്റി ALPS | 155 | 6 | 2.08 | 5 | 5 | 5 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 5 | വൾവക്കാട് GLPS | 112 | 5 | 0.50 | 4 | 4 | 4 | ഉണ്ട് | ഉണ്ട് | കിണർ പൈപ്പ് | ഉണ്ട് |
| 6 | ഉടുംമ്പുന്തലGLPS | 236 | 8 | 0.50 | 8 | 6 | 8 | താൽക്കാലികം | ഇല്ല | ഇല്ല | ഇല്ല |
| 7 | കുന്നച്ചേരി ALPS | 118 | 5 | 0.13 | 4 | 4 | 4 | ഉണ്ട് | ഇല്ല | കിണർ | ഇല്ല |
| 8 | കൂലേരി GLPS | 189 | 7 | 0.75 | 6 | 6 | 6 | ഉണ്ട് | ഉണ്ട് | കിണർ | ഇല്ല |
| 9 | തങ്കയം ALPS | 164 | 6 | 0.24 | 5 | 5 | 5 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 10 | ഒളവറ സങ്കേത് UPS | 251 | 11 | 1.92.5 | 9 | 8 | 8 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 11 | മെട്ടമ്മൽ GUPS | 418 | 17 | 2.00 | 14 | 12 | 14 | ഉണ്ട് | ഉണ്ട് | കിണർ | ഇല്ല |
| 12 | സെൻറ് പോൾസ AUPS | 1127 | 31 | 1.40 | 27 | 27 | 27 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 13 | കൈക്കോട്ട്കടവ് PMSAPTVHS | 1321 | 51 | 3.25 | 34 | 45 | 34 | ഉണ്ട് | ഉണ്ട് | പൈപ്പ് | ഉണ്ട് |
| 14 | തൃക്കരിപ്പൂർ VPPMKPVHS | 1538 | 56 | 1063 | 44 | 39 | 36+4 | ഉണ്ട് | ഉണ്ട് | കിണർ,പൈപ്പ് | ഉണ്ട് |
| 15 | സൗത്ത് തൃക്കരിപ്പൂർ HS | 906 | 36 | 1.04 | 26 | 23 | 26 | ഉണ്ട് | ഉണ്ട് | കിണർ | ഉണ്ട് |

സ്ഥാപനങ്ങൾ ആ വിഭാഗം വിദ്യാർത്ഥികളുടെ സ്കൂൾ പഠനത്തെ ബാധിക്കാത്ത രീതിയിൽ പുനഃസംവിധാനം ചെയ്യേണ്ടതാണ് എന്ന ഒരഭിപ്രായവുമുണ്ട്. തൃക്കരിപ്പൂർ മുനവ്വിറുൽ ഇസ്ലാം അറബി കോളേജ് പ്രവർത്തിച്ചു വരുന്നു. പ്രസ്തുത കോളേജിൻ കീഴിൽ 4 ശാഖാ മദ്രസകൾ നടത്തുന്നുണ്ട്. ഇവിടെ 30 ഓളം അധ്യാപകർ ജോലി ചെയ്യുന്നു. ബീരിച്ചേരി പള്ളിയിൽ നടന്നു വരുന്ന ഉന്നത ദർസ്സു കൂടാതെ 10 പള്ളി ദർസുകളും ജുമാഅത്ത് പള്ളികളിൽ നടന്നു വരുന്നു. വിദ്യാഭ്യാസ രംഗത്ത് മുസ്ലീം സമുദായം ചെയ്ത സേവനങ്ങൽ വളരെ വലുതാണ്. ഗൾഫ് പണത്തിൻെറ സ്വാധീനം വിദ്യാർത്ഥികളുടെ ശ്രദ്ധ ക്ലാസ്സിനു വെളിയിലേക്ക് നയിക്കുന്നു. പ്രായപൂർത്തിയായാൽ 'അക്കരെ' എത്താൻ വെമ്പൽ കൊള്ളുന്ന വിദ്യാർത്ഥി പഠന പ്രവർത്തനങ്ങളിൽ നിന്നും അകന്നകന്ന് പോകുന്നു. അനവധി വിദ്യാലയങ്ങളും അനേകം വിദ്യാസമ്പന്നരും നമ്മുക്കുണ്ടെങ്കിലും പഞ്ചായത്തിൻെറ മിക്ക വാർഡുകളിലും നിരക്ഷരതയുടെ നിഴലാട്ടം നേരിയ തോതിലെങ്കിലും നിഴലിക്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൽ പോലും ഇല്ലാത്ത ചുറ്റുപാടുകളിൽ അധ്യയനം നടത്താൻ നിർബന്ധിക്കപ്പെടുന്ന വിദ്യാർത്ഥി എല്ലാ അർത്ഥത്തിലും പിൻതള്ളപ്പെട്ടുപോകും. ഇത്തരുണത്തിൽ അധ്യാപകരും, രക്ഷിതാക്കളും, മാനേജരും, ബഹുജനങ്ങളുമെല്ലാം അടങ്ങിയ പുതിയൊരു കൂട്ടായ്മ വളർത്തി എടുക്കാൻ നാം പ്രതിജ്ഞ ചെയ്യേണ്ടതുണ്ട്.

മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകാൻ നാം അമാന്തിക്കരുത്. ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് ഗ്രാമപഞ്ചായത്ത് അടക്കം പല സംഘടനകളും സ്ഥാപനങ്ങളും എല്ലാ വർഷവും അവാർഡുകൾ ഏർപ്പെടുത്തുന്നത് ഈ അവസരത്തിൽ പ്രസ്താവ്യമാണ്.

പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകർ ശേഖരിച്ച പ്രാഥമിക ദ്വിതീയ വിവരങ്ങളുടേയും ഗ്രാമസഭയിലെ ചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞു വന്ന നിഗമനങ്ങളുടേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. 13 ഗ്രാമ സഭകളിലും വിദ്യാഭ്യാസ രംഗം സജീവ ചർച്ചക്ക് വിധേയമായിരുന്നു. അക്കാദമിക് നിലവാരം, വിദ്യാലയങ്ങളിലെ ഭൗതീക സാഹചര്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ചർച്ചയിൽ പങ്കെടുത്ത ഓരോ അംഗവും പഞ്ചായത്തിലെ പൊതു വിദ്യാഭ്യാസത്തെ വിലയിരുത്തിയതായി കാണുന്നു. അക്കാദമിക് നിലവാരത്തകർച്ച, സമരംകൊണ്ടും മറ്റുമുണ്ടാകുന്ന അധ്യയന നഷ്ടം പാഠപുസ്തകങ്ങളുടെ ലഭ്യതയിലുണ്ടാകുന്ന കാലതാമസം അധ്യാപക വിദ്യാർത്ഥി അനുപാതം, ഭൗതീക സാഹചര്യങ്ങൾ, അധ്യാപക രക്ഷകർത്തൃ സമിതി, ഉച്ചക്കഞ്ഞി, പുതിയ സ്കൂളുകളുടെ ആവശ്യകത, നിലവിലുള്ളവയുടെ upgradation മാസാന്ത പരീക്ഷകൾ, മൂല്യ നിർണയം, പാഠ്യേതര പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ചെല്ലാം ഗ്രാമ സഭകളിൽ ഫലപ്രദമായ ചർച്ച്കൾ നടന്നതായി കാണുന്നു. ക്ലാസുമുറിയിൽ വീർപ്പുമുട്ടുന്ന വിദ്യാർത്ഥിക്ക് ഉൻമേഷം പകരാൻ കഴിയുന്നത്ര സൗകര്യങ്ങൾ ലഭ്യമാക്കണം. ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ, ബോർഡുകൾ, ഫർണ്ണിച്ചറുകൾ തുടങ്ങിയവ വിദ്യാലയങ്ങളിൽ ലഭ്യമാക്കണം.

പട്ടിക **E**

## ഉച്ചക്കഞ്ഞി കുടിക്കുന്ന കുട്ടികളുടെ വിവരം

| ക്രമ നമ്പർ | സ്കൂൾ | ആകെ കുട്ടികൾ | ഉച്ചക്കഞ്ഞി കുടിക്കുന്ന കുട്ടികൾ |
|---|---|---|---|
| 1. | A.L.P.S.നോർത്ത് തൃക്കരിപ്പൂർ | 218 | 150 |
| 2. | A.L.P.S തങ്കയം | 164 | 130 |
| 3. | A.L.P.S കുന്നച്ചേരി | 118 | 107 |
| 4. | A.L.P.S ആയിറ്റി ഇസ്ലാമിയ | 155 | 85 |
| 5. | A.U.P.S സെൻറ് പോൾസ് | 1127 | 380 |
| 6. | P.M.S.A T.S.H.S കൈക്കോട്ടു കടവ് | 1321 | 370 |
| 7. | G.L.P.S ഉടുമ്പുന്തല | 236 | 120 |
| 8. | G.L.P.S വൾവക്കാട് | 112 | 80 |
| 9. | G.L.P.S ബീരിച്ചേരി | 113 | 82 |
| 10. | G.L.P.S മൈത്താണി | 101 | 86 |
| 11. | G.L.P.S കൂലേരി | 189 | 100 |
| 12. | G.W.U.P.S മെട്ടമ്മൽ | 418 | 220 |
| 13. | G.U.P.S ഒളവറ സങ്കേത | 251 | 136 |
| 14. | G.H.S സൗത്ത്തൃക്കരിപ്പൂർ | 906 | 311 |
| 15. | G.V.H.S.S തൃക്കരിപ്പൂർ | 1538 | 173 |

ആകെ

അവലംബം:-സെ:ഡാ

പട്ടിക **F**

## ഗവ: സ്കൂളിലെ അധ്യാപകരുടേയും കുട്ടികളുടേയും വിവരം

| പഞ്ചായത്തിലെ ആകെ അധ്യാപകർ | ഗവ:സ്കൂളുകളിലെ അധ്യാപകർ | ശതമാനം | പഞ്ചായത്തിലെ ആകെ വിദ്യാർത്ഥികൾ | ഗവ: സ്കൂളിലെ വിദ്യാർത്ഥികൾ | ശതമാനം |
|---|---|---|---|---|---|
| 261 | 153 | 59% | 7022 | 3919 | 56% |

പട്ടിക **G**

## സ്കൂളിലെ അക്കാദമിക സൗകര്യങ്ങൾ

| ലൈബ്രറി | ലബോറട്ടറി | റേഡിയോ | ടേപ്പ് റിക്കോർഡർ | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ടി.വി. |
|---|---|---|---|---|---|---|
| 14 | 13 | 11 | 9 | 1 | Nil | 1 |

പട്ടിക **H**

## പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ വിവരം

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 1. | A.L.P.S.നോർത്ത് തൃക്കരിപ്പൂർ | 1 | 7 | 8 |
| 2. | A.L.P.S തങ്കയം | - | - | - |
| 3. | A.L.P.S കുന്നച്ചേരി | 1 | 1 | 2 |
| 4. | A.L.P.S ആയിറ്റി ഇസ്ലാമിക | 3 | 7 | 10 |
| 5. | A.U.P.S സെൻറ് പോൾസ് | 43 | 31 | 74 |
| 6. | P.M.S.A T.S.H.S കൈക്കോട്ടു കടവ് | 56 | 59 | 115 |
| 7. | G.L.P.S ഉടുമ്പുന്തല | 4 | 4 | 8 |
| 8. | G.L.P.S വൾവക്കാട് | - | - | - |
| 9. | G.L.P.S ബീരിച്ചേരി | - | - | - |
| 10. | G.L.P.S മൈത്താണി | 8 | 2 | 10 |
| 11. | G.L.P.S കൂലേരി | 2 | 1 | 3 |
| 12. | G.W.U.P.S മെട്ടമ്മൽ | 33 | 33 | 66 |
| 13. | G.U.P.S ഒളവറ സങ്കേത | 14 | 20 | 34 |
| 14. | G.H.S സൗത്ത്തൃക്കരിപ്പൂർ | 36 | 37 | 73 |
| 15. | G.V.H.S.S തൃക്കരിപ്പൂർ | 33 | 43 | 76 |
| 16. | C.H.M.S.H.S മെട്ടമ്മൽ (അൺ എയ്ഡഡ്) | - | - | - |
| | ആകെ | 234 | 245 | 479 |

അവലംബം:-സെ:ഡാ

കെട്ടിടങ്ങളുടേയും ക്ലാസ്സുമുറികളുടേയും കാര്യത്തിൽ പഞ്ചായത്തിലെ വിദ്യാലയങ്ങൾ ഏറെക്കുറെ സ്വയംപര്യാപ്തമാണെങ്കിലും മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം തുടങ്ങിയവയുടെ ലഭ്യത പട്ടിക ഡിയിൽ കൊടുത്തിരിക്കുന്നു. മൂത്രപ്പുരയില്ലാത്ത രണ്ട് സ്കൂളുകളും, കക്കൂസില്ലാത്ത മൂന്നും, വൈദ്യുതി ഇല്ലാത്ത പത്തും, കുടിവെള്ള ലഭ്യതയില്ലാത്ത മൂന്നു സ്കൂളുകളും പഞ്ചായത്തിലുണ്ട്. അടിയന്തിരമായി ഈ കുറവ് പരിഹരിച്ച് നല്ല സ്ക്കൂൾ അന്തരീക്ഷം സൃഷ്ടിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. കൂടാതെ അഞ്ച് ഗവ: സ്ക്കൂളുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. (മൈത്താണി, വൾവക്കാട്, ഉടുമ്പുന്തല, ഒളവറസങ്കേത, ബീരിച്ചേരി)

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വരുന്ന അഞ്ച് കൊല്ലത്തേക്ക് വേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദ വിവരം താഴെ കൊടുക്കന്നു.

## പൊതു നിർദ്ദേശങ്ങൾ

### I സ്കൂൾ പുതുതായി സ്ഥാപിക്കൽ

1. ആധുനിക സാങ്കേതിക കോഴ്സുകൾ ഉൾപ്പെടുത്തി വലിയകൊവ്വൽ മൈതാനിയിൽ കോളേജ് അനുവദിക്കുക.
2. സ്ത്രീ വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ പഞ്ചായത്തിൽ ഒരു ഗേൾസ് ഹൈസ്ക്കൂൾ ആരംഭിക്കുക.
3. പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം അനുവദിക്കുക. (ഐ.ടി.ഐ ,അല്ലെങ്കിൽ പോളിടെക്നിക്)
4. എല്ലാ വാർഡുകളിലും പ്രൈമറി സ്ക്കൂളിനോടനുബന്ധിച്ച് പ്രീ പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കുക.
5. പഞ്ചായത്തിൽ പിന്നോക്ക സമുദായക്കാർ, പ്രത്യേകിച്ചും പട്ടിക ജാതിക്കാർ കൂടുതലുള്ളതിനാൽ ഒരു റസിഡൻഷ്യൽ സ്ക്കൂൾ സ്ഥാപിക്കുക.
6. എല്ലാ വാർഡുകളിലും ബാലവാടികളനുവദിക്കുകയും, കളിക്കോപ്പുകൾ, പഠനോപകരണങ്ങൾ എന്നിവ ലഭ്യമാക്കുകയും ചെയ്യുക.

### II വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനുള്ള പൊതു നിർദ്ദേശം

1. മുഴുവൻ രക്ഷിതാക്കളുടേയും പങ്കാളിത്തം ഉറപ്പാക്കൻ പി.ടി.എ. യോഗം ഒപ്പം മാതൃയോഗങ്ങളും അവധി ദിവസങ്ങളിൽ വിളിച്ച് ചേർത്ത് കുട്ടികളുടെ പഠന നിലവാരത്തെക്കുറിച്ച് ഒരു ചർച്ചയും , പരിഹാര നിർദ്ദേശങ്ങളും ഉണ്ടാക്കുക. അതിൻെറ പുനർ നടപടികൾ വിദ്യാലയങ്ങളിൽ നടപ്പാക്കേണ്ടതാണ്.
2. രക്ഷിതാക്കൾ സ്വന്തം കുട്ടികളെ അവരുടെ ഏറ്റവും അടുത്തുള്ള വിദ്യാലയങ്ങളിൽ തന്നെ ചേർത്ത് പഠനം നടത്തണമെന്ന് കമ്മിറ്റി നിർദ്ദേശിക്കണം.
3. അഞ്ചു വയസ്സുമുതൽ പതിനഞ്ചു വയസ്സുവരെയുള്ള കുട്ടികൾ കൊഴിഞ്ഞു പോയിട്ടുണ്ടെങ്കിൽ അവരെ ചേർത്ത് പഠനം തുടർന്ന് നടത്തുവാനുള്ള ശ്രമം നടത്തേണ്ടതാണ്.
4. പഞ്ചായത്തിലെ എല്ലാ വാർഡുകളുലും ജനവിദ്യാകേന്ദ്രങ്ങൾ അനുവദിച്ച് സാക്ഷരതാ തുടർ വിദ്യാഭ്യാസ പരിപാടി പൂർവ്വാധികം ശക്തിയോടെ നടപ്പിലാക്കുക.
5. വായനാശീലം വളർത്തുന്നതിന് വേണ്ടി എല്ലാ വിദ്യാലയങ്ങളിലും ലൈബ്രറി സംവിധാനം ഏർപ്പെടുത്തുകയും, പുസ്തക വിതരണം കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്യുക.
6. വിദ്യാഭ്യാസ നിലവാരം പരിശോധിക്കുന്നതിനു വേണ്ടി ഒരു അക്കാദമിക് കൗൺസിൽ രൂപികരിക്കുക. വിദ്യാഭ്യാസ വിദഗ്ദരെ ഈ കൗൺസിലിൽ അംഗമാക്കേണ്ടതാണ്.
7. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ സ്ക്കൂൾ കോംപ്ലക്സ് രൂപികരിക്കേണ്ടതാണ്.
8. നിലവിലുള്ള അധ്യാപക വിദ്യാർത്ഥി അനുപാതം കുറക്കേണ്ടതാണ്
9. വിദ്യാർത്ഥികൾക്കുള്ള വിവിധ സ്ക്കോളർഷിപ്പുകൾ നൽകാനുള്ള അധികാരം പഞ്ചായത്തിന് നൽകുക.
10. എല്ലാ വിദ്യാലയങ്ങളിലും അധ്യയന വർഷാരംഭത്തിൽ തന്നെ ആവശ്യമായ അധ്യാപകരെ നിയമിക്കുക.
11. പഞ്ചായത്തിലെ അൺ എയ്ഡഡ് വിദ്യാലയങ്ങൾ നിർത്തലാക്കുക.
12. പ്രൈമറി വിദ്യാർത്ഥികളുടെ പുസ്തക ഭാരം ഒഴിവാക്കുക.

13. കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റ പണികൾ സ്ക്കൂൾ തുറക്കുന്നതിനു മുൻപ് പൂർത്തിയാക്കേണ്ടതാണ്. അതിന് ആവശ്യമായ ഫണ്ട് വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്.

14. ഉച്ചക്കഞ്ഞി വിതരണം കൂടുതൽ കാര്യക്ഷമമായും, ഫലപ്രദവുമായി നടപ്പാക്കേണ്ടതാണ്.

15. പ്രൈമറി ക്ലാസ്സുകളിലെ പ്രമോഷൻ സമ്പ്രദായം പുനഃപരിശോധിക്കുക.

16. പഞ്ചായത്തിലെ എസ്.എസ്.എൽ.സി. ഗുണ നിലവാരം മെച്ചപ്പെടുത്തുവാൻ ആവശ്യമായ പരിപാടികൾ ആവിഷ്ക്കരിക്കുക.

17. വിദ്യാലയങ്ങളിൽ നിന്നും കുട്ടികളുടെ കൊഴിഞ്ഞു പോക്കുതടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

18. പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ സ്റ്റൈപ്പൻറ്, സ്ക്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുക.

19. രക്ഷിതാക്കൾ വിദ്യാലയവുമായി നിരന്തരം ബന്ധപ്പെട്ട് തൻെറ കുട്ടികളുടെ പഠനത്തെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുക.

20. പുതിയ പഠന രീതികൾക്കനുസരിച്ച് അധ്യാപകർക്ക് കോഴ്സുകൾ നല്കേണ്ടതാണ്.

21. പഞ്ചായത്തു തലത്തിൽ വിദ്യഭ്യാസ സെമിനാറുകൾ നടത്തുക.

22. സാമ്പത്തിക ശേഷിയില്ലാത്ത സമൂഹത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യമായ യൂണിഫോം, പുസ്തകം എന്നിവ വിതരണം ചെയ്യേണ്ടതാണ്.

23. വിദ്യാർത്ഥികൾക്ക് സൗജന്യവും, നിർബന്ധവുമായ വൈദ്യ പരിശോധന മാസത്തിലൊരു തവണയെങ്കിലും ഏർപ്പെടുത്തേണ്ടതാണ്.

24. പാചക തൊഴിലാളികളുടെ കുക്കിങ്ങ് ചാർജ് വർദ്ധിപ്പിക്കേണ്ടതാണ്.

25. കലാ,കായിക ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകാൻ ആവശ്യമായ അധ്യാപകരെ പ്രൈമറി വിദ്യാലയങ്ങളിൽ നിയമിക്കുക.

26. ഇംഗ്ലീഷ് വിദ്യാഭ്യാസം അഞ്ചാം തരം മുതൽ നിർബന്ധമാക്കേണ്ടതാണ്.

27. വിദ്യാലയങ്ങളിൽ ഉച്ചക്കഞ്ഞി വിതരണത്തിന് പഞ്ചായത്ത് സാമ്പത്തിക സഹായം അനുവദിക്കുക.

28. പ്രൈമറി തലം തൊട്ടുതന്നെ പാഠ്യ പദ്ധതിയിൽ കൃഷിക്ക് പ്രാധാന്യം നൽകുകയും, പ്രായോഗിക പരിശീലനം ലഭ്യമാക്കുകയും ചെയ്യുക.

29. കുടിവെള്ളം ലഭ്യമാക്കുക. അതിനാവശ്യമായ വാട്ടർ സപ്ലൈ സ്ക്കീം നടപ്പിലാക്കുക കൂടാതെ മറ്റ് പ്രാഥമിക സൗകര്യങ്ങളും അനുവദിക്കുക.

30. സ്ക്കൂളുകളിൽ അനാവശ്യ സമരങ്ങൾ ഒഴിവാക്കുക.

31. നിർധനരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും വസ്ത്രങ്ങളും സൗജന്യമായി കൊടുക്കാനുള്ള നടപടിയെടുക്കണം.

32. രക്ഷിതാക്കളെ പഠന പരിപാടിയിൽ ഉൾപ്പെടുത്താൻ അയൽ കൂട്ടങ്ങൾ പോലുള്ള പരിപാടികൾ നടപ്പിലാക്കേണ്ടതാണ്.

ഗ്രാമസഭകളിലെ നിർദ്ദേശങ്ങൾ; ആവശ്യങ്ങൾ

ഗവൺമെൻറുടമയിലുള്ള ഗവ: എൽ.പി.സ്ക്കൂൾ, മൈത്താണി, ജി.എൽ.പി.എസ്. ഉടുമ്പുന്തല, ജി.എൽ.പി.എസ്. ബീരിച്ചേരി, ജി.എൽ.പി.എസ്. വൾവ്വക്കാട് എന്നീ വിദ്യാലയങ്ങൾ യു.പി.സ്ക്കൂളായി ഉയർത്തണം.

അതുപോലെ സ്വകാര്യമേഖലകളിൽ നോർത്ത് തൃക്കരിപ്പൂർ എ.എൽ.പി.എസ്.,

ഏ.എൽ.പി.എസ്. ആയിറ്റി, തങ്കയം, എ.എൽ.പി.എസ്., എ.എൽ.പി.എസ്. കുന്നച്ചേരി എന്നീ വിദ്യാലയങ്ങൾ യു.പി സ്ക്കൂളാക്കി ഉയർത്തേണ്ടതാണ്.

മൊട്ടമ്മൽ ജി.ഡബ്ല്യൂ.യു.പി.എസ്. ഹൈസ്ക്കൂളായി ഉയർത്തേണ്ടതും, പുതിയൊരു കെട്ടിടം അനുവദിക്കുകയും ചെയ്യേണ്ടതാണ്. ഒരു പ്രീ പ്രൈമറി വിദ്യാലയം ഇതോടനുബന്ധിച്ച് ആരംഭിക്കേണ്ടതാണ്. കളിസ്ഥലം, കായിക പരിശീലനത്തിന് ഉതകുന്ന തരത്തിൽ പുനർനിർമ്മിക്കണം. സ്ക്കൂൾ വൈദ്യുതീകരിക്കേണ്ടതാണ്. സ്കൂളിന് ക്ലാസ്സ് റൂം ഉൾപ്പെടെയുള്ള് ഒരു സ്റ്റേജ് അനുവദിക്കുക.

പുതിയ എൽ.പി. സ്ക്കൂൾ അനുവദിക്കൽ

.മൊട്ടമ്മൽ ഈസ്റ്റ്, പേക്കാട്, തളിച്ചാലം എന്നിവിടങ്ങളിൽ പ്രീ പ്രൈമറി വിഭാഗം അടക്കമുള്ള ഓരോ പ്രൈമറി വിദ്യാലയങ്ങൾ ഗവ: ഉടമസ്ഥതയിൽ അനുവദിക്കുക.

തൃക്കരിപ്പൂർ ഗവ: ഹൈസ്കൂളിലെ വി.എച്ച്.എസ്. സി യിൽ കംപ്യൂട്ടർ സയൻസ് കോഴ്സ് ഉൾപ്പെടുത്തുക. തൃക്കരിപ്പൂർ ഹൈസ്കൂളിനു ചുറ്റും മതിൽ നിർമ്മാണം പൂർത്തിയാക്കുക. ഇവിടെ ആവശ്യമായ കക്കൂസുകൾ നിർമ്മിക്കുക. സ്കൂൾ കോമ്പൗണ്ടിൽ വെള്ളം കെട്ടി നിൽക്കുന്നത് തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക. വി.എച്ച്.എസ്.സിയിൽ സ്ഥിര അധ്യാപകരെ നിയമിക്കുകയും ലബോട്ടറി, മറ്റ് പഠനോപകരണങ്ങൾ എന്നിവ ലഭ്യമാക്കുകയും ചെയ്യുക. ഹൈസ്കൂളിലെ യു.പി. വിഭാഗം ജി.എൽ.പി.എസ്. കൂലേരിയോട് ചേർത്ത് കൊണ്ട് പുനഃസംഘടിപ്പിക്കുക.

സൗത്ത് തൃക്കരിപ്പൂർ ഹൈസ്കൂളിന് ചുറ്റും മതിൽ നിർമ്മിച്ച് സംരക്ഷിക്കുക. ഇവിടെ പ്ലസ്സ്.ടു. കോഴ്സ് അനുവദിക്കുക. പ്രൈമറി വിഭാഗം വേർപ്പെടുത്തുകയും ഇതോടൊപ്പം പ്രീപ്രൈമറി അനുവദിക്കുകയും ചെയ്യുക. സ്കൂൾ ഗ്രൗണ്ട് മിനി സ്റ്റേഡിയമായി ഉയർത്തുക. വിദ്യാഭ്യാസ പരിപാടികൾക്കായി ഇവിടെ സ്കൂളിൽ ഒരു ടി.വി. സെറ്റ് സ്ഥാപിക്കുക. കെട്ടിടങ്ങൾ ലബോറട്ടറി എന്നീ സൗകര്യങ്ങൾ അനുവദിക്കുക. സൗത്ത് തൃക്കരിപ്പൂർ ഹൈസ്കൂളിൻെറ കിഴക്കും, തെക്കും,പടിഞ്ഞാറും വശത്തുള്ള റവന്യൂ സ്ഥലം സ്കൂളിന് പതിച്ചുകൊടുക്കുക. ഒളവറയിൽ ഒരു ജെ.ടി.എസ്. സ്ഥാപിക്കുക.

ഒളവറസങ്കേത സ്കൂളിലെ പ്രീപ്രൈമറി വിഭാഗത്തിൽനിന്നും ഫീസീടാക്കുന്നത് നിർത്തലാക്കി പഞ്ചായത്ത് ബദൽ സംവിധാനം ഉണ്ടാക്കേണ്ടതാണ്.
തലിച്ചാലം ശിശു മന്ദിരത്തിനു സമീപം മഴക്കാലത്ത് വെള്ളം കെട്ടി നിൽക്കുന്നത് തടയുന്നതിന് ശാശ്വതമായ പരിഹാരം ഉണ്ടാക്കണം. ഈ സ്ഥാപനത്തിലെ കുട്ടികൾക്ക് ആവശ്യമായ കളിക്കോപ്പുകൾ ലഭ്യമാക്കുക. കൂടാതെ ഇവിടെ ഈടാക്കുന്ന ഫീസ് നിർത്തലാക്കുക. ഇവിടുത്തെ കുട്ടികൾക്ക് ലഘു ഭക്ഷണം നൽകുവാനുള്ള സംവിധാനം ഉണ്ടാക്കുക. ഭക്ഷണം പാചകം ചെയ്യാൻ ആവശ്യമായാ പാത്രങ്ങൾ ലഭ്യമാക്കുക. ഹൈസ്കൂളിനോടനുബന്ധിച്ചുള്ള എൽ.പി.സ്കൂൾ പ്രത്യേകമാക്കി ഭരണസംവിധാനം പുനഃക്രമീകരിക്കണം.

ഇനിയും ഒട്ടേറെ പ്രശ്നങ്ങളും നിർദ്ദേശങ്ങളും പരാതികളുമൊക്കയുണ്ടെങ്കിലും ഒക്കെ അക്കമിട്ട് നിരത്താനുള്ള സ്ഥല പരിമിതി കണക്കിലെടുത്ത് കൊണ്ട് ഈ വിദ്യാഭ്യാസ വികസനത്തെ അപൂർണ്ണതയുടെ വിനയത്തോടെ സജീവമായ ചർച്ചക്കായി സമർപ്പിച്ചു കൊള്ളുന്നു.

# കുടിവെള്ളവും

# പൊതുജനാരോഗ്യവും

ആരോഗ്യമുള്ള ജനതയാണ് ഏതൊരു രാജ്യത്തിൻെറയും വിലയേറിയ സമ്പത്ത്. ഈയൊരൊറ്റ വസ്തുതയിൽ നിന്നു തന്നെ ഇതിൻെറ പ്രധാന്യം വ്യക്മാണല്ലോ. ഇന്ത്യയിലെ മറ്റുസംസ്ഥാനങ്ങളെ അപേക്ഷിച്ച് ആരോഗ്യരംഗത്ത് നമ്മുടെ സംസ്ഥാനം മുൻപന്തിയിലാണെങ്കിലും പാശ്ചാത്യരാജ്യങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ നാം വളരെ പിന്നിലാണ്. വ്യക്തിയുടെ ആരോഗ്യം, അവൻെറ പരിതസ്ഥിതിയുടെ സന്തുലനാവസ്ഥയുമായി ബന്ധപ്പെട്ടു കിടക്കുന്നു. ശുദ്ധവായു, ശുദ്ധജലം പോഷകാഹാരം, പാർപ്പിടം ഇവയുടെ ലഭ്യത ആരോഗ്യത്തെ വളരെയധികം സ്വാധീനിക്കുന്നു.

ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സ് കുടികൊള്ളുകയുള്ളൂ. പരിതസ്ഥിതി, രോഗാണു, മനുഷ്യർ ഇവയുടെ പരസ്പര ബന്ധത്തിലുള്ള ഏറ്റക്കുറച്ചിലുകൾ കൊണ്ടാണ് രോഗങ്ങൾ ഉണ്ടാവുന്നത്. ഇല നിയന്ത്രിക്കണമെങ്കിൽ രോഗത്തിൻെറ ഉറവിടം നിയന്ത്രണവിധേയമാക്കുകയും രോഗപകർച്ചയുടെ മാർഗങ്ങളടയ്ക്കുകയും രോഗവിധേയമാകാൻ സാധ്യതയുള്ള ജനങ്ങളെ പരിരക്ഷിക്കുകയും വേണം. നിലവിലുള്ള സാഹചര്യത്തിൽ ആശുപത്രി, ഡോക്ടർ, മരുന്ന് എന്നിവയ്ക്കുകൊടുക്കുന്ന പ്രാധാന്യം ശുദ്ധവായു, ശുദ്ധജലം, പോഷകാഹാരം, പരിസരശുചിത്വം എന്നിവയ്ക്കു കൂടി നൽകിയാലെ ആരോഗ്യരംഗത്ത് ശാശ്വതമായ നേട്ടങ്ങളുണ്ടാക്കാൻ നമുക്ക് സാധിക്കൂ. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടായിരിക്കണം ഓരോ പ്രവർത്തനവും നടപ്പിലാക്കേണ്ടത്.

മൂന്നുഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന ഒരു പഞ്ചായത്താണെങ്കിലും തൃക്കരിപ്പൂർ പഞ്ചായത്തിൻെറ മിക്കഭാഗങ്ങളിലും അതിരൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെട്ടുവരുന്നു. ചില സ്ഥലങ്ങളിൽ നഞ്ചുകലർന്ന ഉപ്പുവെള്ളമാണ് ലഭിക്കുന്നത്.

പരിസര മലിനീകരണം സ്ഥിതി കുറെക്കൂടി ഗുരുതരമാക്കുന്നു.

കുടിവെള്ളക്ഷാമം നേരിടുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ ഇപര്യാപ്തമാണ്. ആവശ്യത്തിൻെറ നാലിലൊന്നുപോലും നേരിടാനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല. പുതിയ പദ്ധതികൾ ആരംഭിക്കാതെ ഇതിനൊരു ശാശ്വതപരിഹാരം കാണുക സാധ്യമല്ല.

തൃക്കരിപ്പൂർ പഞ്ചായത്തിലെ ജനങ്ങളുടെ കുടിവെള്ളസ്രോതസ്സ് ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു (പട്ടിക 1)

പട്ടിക - 1

**തൃക്കരിപ്പൂർ പഞ്ചായത്തിലെ കുടിവെള്ള ലഭ്യത**

| നമ്പർ | ഇനം | കുടുംബങ്ങൾ(എണ്ണം) |
|---|---|---|
| 1 | കിണർ | 3744 |
| 2 | പൊതുടാപ്പ് | 605 |
| 3 | പൊതുകിണർ | 155 |
| 4 | മറ്റുള്ളവ | 448 |

*(അവലംബം: വികസനസർവ്വെ തൃക്കരിപ്പൂർ പഞ്ചായത്ത്)*

തൃക്കരിപ്പൂർ പഞ്ചായത്തിൽ ആകെ ഏഴ് മിനി ശുദ്ധജലവിതരണ പദ്ധതികളാണുള്ളത്. അവ തൃക്കരിപ്പൂർ, ബർമ്മ, മീലിയാട്ട്, മധുരകൈ, വയലോടി, ഒളവറ, കണ്ണങ്കൈ-ഇടയിലക്കാട് എന്നിവയാണ്. ഇതിൽ വയലോടി മിനി ശുദ്ധജലപദ്ധതി ഇപ്പോൾ പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിൽ മൊത്തം 196 പൊതുടാപ്പുകളാണുള്ളത്. തൃക്കരിപ്പൂർ പഞ്ചായത്തിൽ നിലവിലുള്ള ശുദ്ധജലവിതരണസംവിധാനം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു. (പട്ടിക - 2)

പട്ടികം - 2

**ശുദ്ധജലവിതരണസംവിധാനം**

| NO. | ITEM | NUMBERS |
|---|---|---|
| 1 | Borewells with hand pump | Nil |
| 2 | Borewells with Motor | Nil |
| 3 | Water supply scheme RWSS | 7 |
| 4 | TWSS | Nil |
| 5 | Public Taps | 196 |
| 6 | Water connection [Domestic] | 230 |
| 7 | Water connection[Non-domestic] | nil |
| 8 | Panchayath Borewells | Nil |
| 9 | Panchayath wells | 35 |
| 10 | Tanks or Ponds | 22 |

*(അവലംബം സെൻസസ് ഡാറ്റ)*

പഞ്ചായത്തിൽലെ 593 കുടുംബങ്ങൾ കുടിവെള്ളത്തിനായി അയൽക്കാരുടെ കിണറുകളെയാണ് ആശ്രയിക്കുന്നത് 108 കുടുംബങ്ങൾ പൊതുകിണറുകളെയും 835 കുടുംബങ്ങൾ മറ്റു സംവിധാനങ്ങളെയും ആശ്രയിക്കുന്നു. ഇതിൻെറ വിശദവിവരങ്ങൾ പട്ടിക 3 കാണിച്ചിരിക്കുന്നു

പട്ടിക 3

**കുടുംബങ്ങളുടെ കുടിവെള്ള സ്രോതസ്സ്**

| നമ്പർ | ജലസ്രോതസ്സ് | കുടുംബങ്ങൾ |
|---|---|---|
| 1 | സ്വന്തം കിണർ | 3416 |
| 2 | അയൽക്കാരൻെറ കിണർ | 593 |
| 3 | പൊതുകിണർ | 108 |
| 4 | പൊതുടാപ്പ് | 605 |
| 5 | വാട്ടർസപ്ലൈ ഹൗസ് കണക്ഷൻ | 230 |

*( അവലംബം: വികസനസർവെ തൃക്കരിപ്പൂർ പഞ്ചായത്ത്)*

തൃക്കരിപ്പൂർ പഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങൾ ഇനി പറയുന്നവയാണ്. മീലിയാട്ട്, പെരിയോത്ത്, മണിയനൊടി, ആയിറ്റി, പേക്കടം, തട്ടും തട്ടിനുതാഴെയും, ചൊവ്വപറമ്പ്, വെള്ളാപ്പ്, കാവിലാട്ട്, തൈക്കിയിൽ, വയലോടി, പറയമാനം, വൾവക്കാട്,മധുരങ്കൈ, കണ്ണങ്കൈ, കുറ്റിച്ചി, പുനത്തിൽ തെക്കെ വളപ്പിൽ, പൂവളപ്പ്, കഞ്ചിയിൽ, ഒളവറ, ഉളിയംകടവ്, തലിച്ചാലം, തട്ടാർകടവ്, ചെറുകമാനം, കാവിൽമൊട്ട, തേർവയൽ പൊള്ളയിൽ തുടങ്ങിയവ ഇവിടങ്ങളിൽ മിക്കയിടത്തും ജലത്തിൻെറ ഗുണനിലവാരം വളരെ മോശമാണ്. വേനൽക്കാലത്ത് വറ്റിപ്പോകുന്ന കിണറുകളുടെ എണ്ണം താരതമ്യേനകുറവാണ്.

തൃക്കരിപ്പൂർ പഞ്ചായത്തിലെ ഗ്രാമസഭകളിൽ നടന്ന ചർച്ചകളിൽ കുടിവെള്ളപശ്നം സജീവമായിതന്നെ ഉയർന്നുവന്നു. ഈ മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് വിശദവും സൃഷ്ടിപരവുമായ ചർച്ചകൾ നടന്നു.

**പ്രശ്നങ്ങൾ**

1. കോളനികളിലുൾപ്പെടെ മിക്ക പ്രദേശങ്ങളിലും കുടിവെള്ളക്ഷാമം രൂക്ഷമാണ്.
2. തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിലെ മീലിയാട്ട്, പെരിയോത്ത്, മണിയനൊടി, ആയിറ്റി, പേക്കടം, ചൊവ്വപറമ്പ്, വെള്ളാപ്പ്, കാവിലാട്ട്, തൈക്കിയിൽ, വയലോടി, പറയമ്മാനം, മധുരങ്കൈ, കണ്ണങ്കൈ, കുറ്റിച്ചി, പുനത്തിൽ, തെക്കെവളപ്പിൽ, കഞ്ചിയിൽ, ഒളവറ, ഉളിയംകടവ്, തലിച്ചാലം, തട്ടാർക്കടവ്, ചെറുകാനം, കാവിൽമൊട്ട, തേർവയൽ, പൊള്ളയിൽ പ്രദേശങ്ങളിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
3. ചിലസ്ഥലങ്ങളിൽ ജലം സുലഭമാണെങ്കിലും ഗുണനിലവാരം വളരെ മോശമാണ്.
4. വേനൽക്കാലത്ത് ചില കിണറുകളിലെ ജലം വറ്റിപ്പോകുന്നു.
5. മിക്ക ദരിദ്രകുടുംബങ്ങൾക്കും സ്വന്തമായി കിണറില്ല. ദരിദ്ര കുടുംബങ്ങൾക്ക് കിണർ കുഴിക്കുവാൻ സാമ്പത്തിക ശേഷയില്ല. ധനകാര്യസ്ഥാപനങ്ങൾ കിണർ കുഴിക്കുവാൻ സാമ്പത്തികസഹായം നൽകുന്നതിന് ഭൂപരിധി നിശ്ചയിച്ചിട്ടുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഇക്കാരണത്താൽ ഈ ആനുകാല്യം ലഭിക്കുന്നില്ല.
6. കിണറുകൾ ചുറ്റുമതിൽകെട്ടി സംരക്ഷിക്കാത്തതിനാൽ കുടിവെള്ളം മലിനമാകുന്നതും അതുവഴി സാക്രമിക രോഗങ്ങൾക്കും കാരണമാവുന്നു.
7 നിലവിലുള്ളമിനി ശുദ്ധജലവിതരണപദ്ധതികൾ അപര്യാപ്തമാണ്. പഞ്ചായത്തിലെ തൃക്കരിപ്പൂർ, ബർമ്മ, മീലിയാട്ട്, മധുരങ്കൈ, വയലോടി, ഒളവറ, കണ്ണങ്കൈ-ഇടക്കൈ എന്നീ പദ്ധതികൾക്ക് വർധിച്ചുവരുന്ന കുടിവെള്ളപ്രശ്നം പരിഹരിക്കാനാവുന്നില്ല.
8. ആവശ്യക്കാരുടെ എണ്ണത്തിനനുസരിച്ച് കൂടുതൽ ടാപ്പുകൾ സ്ഥാപിക്കപ്പെടുന്നില്ല.
9. പൊതുടാപ്പുകളും പൊതുകിണറുകളും ശരിയായ രീതിയിൽ സംരക്ഷിക്കപ്പെടുന്നില്ല. പല കിണറുകളും പൈപ്പുകളും പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ സ്ഥലങ്ങളിലല്ല സ്ഥാപിച്ചിരിക്കുന്നത്.
10. ഡ്രയിനേജിൻെറ അഭാവം കുടിവെള്ളം മലിനമാക്കുന്നു.
11. വളരെയധികം കുടുംബങ്ങൾക്ക് സ്വന്തമായി കക്കൂസുകളില്ലാത്തിനാൽ തുറസ്സായ സ്ഥലങ്ങളിലാണ് മലമൂത്രവിസർജ്ജനം നടത്തുന്നത്. ഇത് ജലമലിനീകരണത്തിനു കാരണമാവുന്നു.
12. അറവുശാലകൾ, കോഴിവളർത്തുകേന്ദ്രങ്ങൾ തുടങ്ങിയവയിലെ അവശിഷ്ടങ്ങൾ ജലമലിനീകരണത്തിനു കാരണമാകുന്നു.
13. കീടനാശിനികൾ, രാസവളങ്ങൾ തുടങ്ങിയവയുടെ അമിതോപയോഗം കുടിവെള്ളം മലിനമാക്കുന്നു.
14. ജനസാന്ദ്രത കൂടിയ തൃക്കരിപ്പൂർ ടൗൺപോലുള്ള മേഖലകളിൽ ശുദ്ധജലവിതരണം കാര്യക്,മമല്ല,
15. കുടിവെള്ളത്തിൻെറ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം പഞ്ചായത്ത് അടിസ്ഥാനത്തിൽ നിലവിലില്ല.
16. ജലസംരക്ഷണം, വിനിയോഗം തുടങ്ങിയവയുടെ പ്രധാന്യത്തെക്കുറിച്ചുള്ള ബോധവൽകരണത്തിൻെറ അഭാവം.

## സാധ്യതകൾ

1. കോളനികളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് പൊതുകിണറുകളും ടാങ്കും നിർമ്മിച്ച് അവയുടെ തുടർസംരക്ഷണം കോളനി നിവാസികളുടെ ഉത്തരവാദിത്തത്തിലാക്കണം.
2. നിലവിലുള്ള മിനി ശുദ്ധജലവിതരണപദ്ധതികൾ കാലാനുസൃതമായി പരിഷ്കരിക്കുക. ഇവയിൽ നിന്ന് പരമാവധി പേർക്ക് കുടിവെള്ളമെത്തിക്കുക. പ്രവർത്തനം നിലച്ച വയലോടി പദ്ധതി പുനരുജ്ജീവിപ്പിക്കുക. ഇതിനായി വയലോടി വാട്ടർ ടാങ്കിലേക്ക് ഇളമ്പച്ചിയിലെ കിണറിൽ നിന്ന് ജലം പമ്പ് ചെയ്യുക.
3. കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ പുതിയ ശുദ്ധജലവിതരണപദ്ധതികൾ നടപ്പിലാക്കുക. പേക്കടത്തെ പെരിയോത്ത് തങ്കയം, അണീക്കർ കൊവ്വൽ, തലിച്ചാലം എളമ്പച്ചി ഉടുമ്പുന്തല തുടങ്ങിയ സ്ഥലങ്ങളിൽ പുതിയ മിനി ശുദ്ധജലവിതരണപദ്ധതികൾ ആരംഭിക്കുക. ഇവയുടെ പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കുക.
4. ഉപ്പുവെള്ളം കയറി ജലം മലിനമാകുന്നത് തടയാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
5. പൊതുടാപ്പുകളും കിണറുകളും കാലാകാലം അറ്റകുറ്റപണി നടത്തുക. കിണറുകളിലെ മണൽവാരി ആഴം കൂട്ടുക. പഴകിയ പൈപ്പുകൾ മാറ്റി പുതിയത് സ്ഥാപിക്കുക.
6. വേനൽക്കാലത്ത് വറ്റിപ്പോകുന്ന പൊതുകിണറുകൾ നവീകരിക്കുകയും സ്വകാര്യകിണറുകൾ നവീകരിക്കാൻ സാമ്പത്തിക സഹായം നൽകുകയും ചെയ്യുക.
7. ചുറ്റുമതിലുകൾ കെട്ടാത്ത കിണറുകൾക്ക് അവ നിർമ്മിക്കാൻ സാമ്പത്തിക സഹായം നൽകുക.
8. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് കിണർ നിർമ്മിക്കാൻ തുച്ഛമായ പലിശ നിരക്കിൽ വായ്പ നൽകുക. ഇക്കാര്യത്തിൽ ധനകാര്യസ്ഥാപനങ്ങൾ നിഷ്കർഷിക്കുന്ന ഭൂപരിധി എടുത്തുകളയുകയും ആനുകൂല്യം എല്ലാം വിഭാഗങ്ങൾക്കും ലഭിക്കത്തക്കവിധം നിയമം പരിഷ്കരിക്കുകയും ചെയ്യുക.
9. വാട്ടർസപ്ലൈ ഹൗസ് കണക്ഷൻ ആവശ്യമുള്ളവർക്ക് കാലതാമസം കൂടാതെ അവ നൽകുക. ജലലഭ്യതയ്ക്കനുസരിച്ച് പൊതുടാപ്പുകൾ അനുവദിക്കുക.

   10. പൊതുകിണറുകളും പൊതുടാപ്പുകളും ജനങ്ങൾക്ക് സൗകര്യപ്രദമായ സ്ഥലങ്ങളിൽ സ്ഥാപിക്കുക.
11. പൊതു ഡ്രെയിനേജ് നിർമ്മിക്കുക.
12. ശാസ്ത്രീയമായ അറവുശാലകൾ സ്ഥാപിക്കുക. അറവുശാലകൾ, കോഴിവളർത്തുകേന്ദ്രങ്ങൾ തുടങ്ങിയവയ്ക്ക് ലൈസൻസ് നൽകുമ്പോൾ നിയമം കാര്യക്ഷമമായി നടപ്പിലാക്കുക.
13. കീടനാശിനികൾ, രാസവളങ്ങൾ തുടങ്ങിയവയുടെ അമിതോപയോഗം നിയന്ത്രിക്കുക.
14. തൃക്കരിപ്പൂർ ടൗണിൽ ശുദ്ധജലവിതരണം കാര്യക്ഷമമാക്കുക.
15. കുടിവെള്ളത്തിൻെറ ഗുണനിലവാരം പിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ നടപ്പിലാക്കുക.
16. പഞ്ചായത്തടിസ്ഥാനത്തിൽ സെമിനാറുകൾ നടത്തി കുടിവെള്ളത്തിൻെറ സംരക്ഷണം, വിനിയോഗം തുടങ്ങിയവയുടെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽകരണം നടത്തുക. സന്നദ്ധസംഘടനകളുടെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക.

തൃക്കരിപ്പൂർ പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യപ്രശ്നമായ കുടിവെള്ളക്ഷാമത്തെക്കുറിച്ച് എല്ലാവരും ബോധവാന്മാരാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എല്ലാ വിഭാഗം ജനങ്ങളുടെയും ആത്മാർത്ഥതയോടെയുള്ള പ്രവർത്തനം ആവശ്യമാണ്. എങ്കിൽ മാത്രമേ ഈ മേഖലയിൽ മാറ്റങ്ങളുണ്ടാക്കാൻ സാധിക്കൂ.

# ആരോഗ്യം

തൃക്കരിപ്പൂർ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിന് ഒരു സർക്കാർ ആശുപത്രി, ഒരു ആയുർവേദആശുപത്രി, ഒരു പ്രാഥമികആരോഗ്യകേന്ദ്രം, അഞ്ച് കുടുംബക്ഷേമകേന്ദ്രങ്ങൾ, ഒരു സഹകരണ ആശുപത്രി, ഒരു സ്വകാര്യ ആശുപത്രി എന്നിവയുണ്ട്. ഇവയ്ക്കുപുറമെ അലോപ്പതി,. ഹോമിയോപ്പതി, ആയുർവ്വേദം, യുനാനി, അക്യുംപങ്ചർ തുടങ്ങിയ മേഖലകളിൽ നിരവധി സ്വകാര്യപ്രാക്ടീഷണർമാരുണ്ട്.

തൃക്കരിപ്പൂർ പഞ്ചായത്ത് പരിധിയിലുള്ള പൊതുജനാരോഗ്യ സ്ഥാപനങ്ങളും അവ സ്ഥിതി ചെയ്യുന്ന സ്ഥലവും ചുവടെ പട്ടികയിൽ ചേർക്കുന്നു (പട്ടിക - 4)

പട്ടിക 4

**തൃക്കരിപ്പൂർ പഞ്ചായത്ത് - പൊതു ആരോഗ്യസ്ഥാപനങ്ങൾ**

| നമ്പർ | ആരോഗ്യസ്ഥാപനം | സ്ഥിതിചെയ്യുന്ന സ്ഥലം | കെട്ടിടം |
|---|---|---|---|
| 1 | ഗവ: ആശുപത്രി | തങ്കയം | സ്വന്തം |
| 2 | ഗവ: ആയുർവേദആശുപത്രി | കൊയോങ്കര | സ്വന്തം |
| 3 | പ്രാഥമികആരോഗ്യകേന്ദ്രം | ഉടുമ്പുന്തല | സ്വന്തമല്ല |
| 4 | കുടുംബക്ഷേകേന്ദ്രം, സൗത്ത് തൃക്കരിപ്പൂർ | ഇളമ്പച്ചി | സ്വന്തം |
| 5 | കുടുംബക്ഷേമകേന്ദ്രം - തലിച്ചാലം | ചെറുകാനം | സ്വന്തമല്ല |
| 6 | കുടുംബക്ഷേമക്രേന്ദം - കൈക്കോട്ട്കാവ് | മെട്ടമ്മൽ | സ്വന്തമല്ല |
| 7 | കുടുംബക്ഷേമം കേന്ദ്രം - ഒളവറ | ഒളവറ | സ്വന്തമല്ല |
| 8 | കുടുംബക്ഷേമക്രേന്ദം - കൊയോങ്കര | കൊയോങ്കര | സ്വന്തമല്ല. |

## ഗവ. ആശുപത്രി തൃക്കരിപ്പൂർ

തൃക്കരിപ്പൂർ പഞ്ചായത്തിലെ ഏക ഗവൺമെൻറ് ആശുപത്രിയാണ് ഇന്ന് ഇത്. 1960ൽ ആരംഭിച്ച ഈ സ്ഥാപനം നല്ല നിലയിൽ പ്രവർത്തിക്കുകയും പ്രഗത്ഭരമായ പല ഡോക്ടർമാർ സേവനമനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. ഇടക്കാത്ത് ചില പ്രശ്നങ്ങളാൽ പ്രവർത്തനം മന്ദീഭവിച്ചുവെങ്കിലും കഴിഞ്ഞ ഒരു വർഷമായി പ്രവർത്തനം പുരോഗമിച്ചു വരുന്നു. ഇവിടെ ഒരു ഒ.പി. ബ്ലോക്ക്, ഒരു പ്രസവവാർഡ്, ഒരു മെയിൽ ബ്ലോക്ക് സ്റ്റാഫ്റൂം, ലെപ്രസി റൂം, തുടങ്ങിയവയടങ്ങിയ സെൻട്രൽ ബ്ലോക്ക്, കയർവാർഡ്, അടുക്കള തുടങ്ങിയ സൗകര്യങ്ങളുണ്ട്. ഇപ്പോൾ രണ്ട് ഡോക്ടർമാർ, 5 സ്റ്റാഫ് നഴ്സുമാർ, ഒരു ഹെഡ് നഴ്സ്, ഒരു ഫാർമസിസ്റ്റ്, 4 നഴ്സിംഗ് അസിസ്റ്റൻറ്, 4 ഹോസ്പിറ്റൽ അറ്റൻർമാർ, ഒരു ക്ലറിക്കൽ അററൻഡൻ, ഒരു കുക്ക് എന്നിവർ ഇവിടെ ജോലി ചെയ്യുന്നു.

ഗവ. ആശുപത്രിക്ക് ചുറ്റുമതിൽ ഇല്ലാത്തതിനാൽ ആർക്കും എപ്പോൾ വേണമെങ്കിലും അതിനകത്ത് പ്രവേശിക്കാം. അതുകൊണ്ട് ആശുപത്രിക്കു മുൻവശത്തുംവ പുറമ്പോക്ക് ഭൂമികൂടി കൂട്ടിച്ചേർത്ത് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക. ചോർന്നൊലിക്കുന്ന കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ നടത്തുകയും മറ്റു വികസന പ്രവർത്തനങ്ങൾ നടത്തുകയും വേണം.

തൃക്കരിപ്പൂർ ഗവ., ആശുപത്രിയിൽ നിലവിലുള്ള തസ്തികകളും ഒഴിവുകളും ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു. (പട്ടിക - 5)

പട്ടിക - 5

തൃക്കരിപ്പൂർ ഗവ. ആശുപത്രി നിലവിലുള്ള തസ്തികകളും ഒഴിവുകളും

| നമ്പർ | തസ്തികയുടെ പേർ | എണ്ണം | നിലവിലുള്ളത് | ഒഴിവ് |
|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ | 2 | 2 | - |
| 2 | ഫാർമസിസ്റ്റ് | 1 | 1 | - |
| 3 | സ്റ്റാഫ് നഴ്സ് | 6 | 5 | 1 |
| 4 | ക്ലറിക്കൽ അറ്റൻഡർ | 1 | 1 | - |
| 5 | നഴ്സിംഗ് അസിസ്റ്റൻറ് | 4 | 4 | - |
| 6 | ഹോസ്പിറ്റൽ അറ്റൻറർ ഗ്രേഡ് -1 | 1 | 1 | - |
| 7 | ,, ഗ്രേഡ് - 2 | 3 | 3 | - |
| 8 | കുക്ക് | 1 | - | 1 |
| 9 | പാർട്ട് ടൈം സീപ്പർ | 1 | 1 | - |

# ആയുർവേദ ആശുപത്രി കൊയോങ്കര

26.3.1974ൽ ഒരു ഡിസ്പൻസറിയായി കെയോങ്കരയിൽ ആരംഭിക്കുകയും 31-3-1991ൽ 20 കിടക്കസൗകര്യമുള്ള ആയുർവേദ ആശുപത്രിയായി ഉയർത്തുകയും ചെയ്തു. ഇപ്പോൾ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ഒ.പി. തൊട്ടടുത്തുള്ള വായനശാല കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും പുതിയ ഒ.പി. കെട്ടിടത്തിൻെറ പണി പൂർത്തിയായി വരികയാണ്. നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനം രോഗികളുടെ ബാഹുല്യം മൂലം വീർപ്പുമുട്ടുകയാണ്. കിടക്കൾക്ക് ആനുപാതികമായ തസ്തികകളോ രോഗത്തിനാവശ്യമായ മരുന്നുകളോ വേണ്ടത്ര ലഭ്യമായിട്ടില്ല.

ആയുർവേദ ആശുപത്രിക്ക് ചുറ്റുമതിലില്ലാത്തതനിനാൽ ഔഷധസസ്യങ്ങൾ വളർത്തുവാൻ സാധിക്കുന്നില്ല. നിലവിലുള്ള ആശുപത്രി കെട്ടിടം ചോർന്നൊലിക്കുകയും ഇലക്ട്രിക് വയറിങ്ങുകൾ പൊട്ടിപ്പൊളിഞ്ഞിരിക്കുകയും ചെയ്തിരിക്കുന്നു. പതിനഞ്ചിന പരിപാടിയിലുൾപ്പെടുത്തിയിരുന്ന പത്ത് കിടക്കകളുള്ള വാർഡിൻെറയും കൊമ്പോണ്ട് വാളിൻെറയം നിർമ്മാണം ഇതുവരെ ആരംഭിച്ചിട്ടില്ല.

ആയുർവേദ ആശുപത്രിയിൽ നിലവിലുള്ള തസ്തികകളും ഒഴിവുകളേയും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു. (പട്ടിക - 6)

പട്ടിക - 6

ഗവ. ആയുർവേദ ആശുപത്രി - തസ്തികകളും ഒഴിവുകളും

| നമ്പർ | തസ്തികയുടെ പേർ | എണ്ണം | നിലവിലുള്ളത് | ഒഴിവ് |
|---|---|---|---|---|
| 1 | സീനിയർ മെഡിക്കൽ ഓഫീസർ | 1 | 1 | - |
| 2 | മെഡിക്കൽ ഓഫീസർ | 1 | 1 | - |
| 3 | ഫാർമസിസ്റ്റ് | 1 | 1 | - |

| നമ്പർ | തസ്തികയുടെ പേർ | എണ്ണം | നിലവിലുള്ളത് | ഒഴിവ് |
|---|---|---|---|---|
| 4 | നഴ്സ് | 2 | 2 | - |
| 5 | നഴ്സിംഗ് അസിസ്റ്റൻറ് | 2 | 2 | - |
| 6 | അറ്റൻഡർ | 1 | 1 | - |
| 7 | കുക്ക് | 1 | 1 | - |
| 8 | സാനിട്ടേഷൻ വർക്കർ | 1 | 1 | - |
| 9 | പാർട്ട്ടൈം മാസിയർ | 1 | 1 | - |

## പ്രാഥമിക ആരോഗ്യകേന്ദ്രം - ഉടുമ്പുന്തല

ഈ പ്രാഥമിക ആരോഗ്യകേന്ദ്രം എസ്.സി.പി.സ്കീമിൽ ഉൾപ്പെടുത്തി 1988-ൽ ആരംഭിച്ചു. ഉടുമ്പുന്തലയിൽ ഒരു വാടകക്കെട്ടിടത്തിൽ ആരംഭിച്ച ഈ സ്ഥാപനം ഇന്നും അതേ നിലയിൽ തന്നെ തുടരുന്നു. പ്രാഥമികആരോഗ്യകേന്ദ്രം ആരംഭിച്ചപ്പോൾ തന്നെ ഉടുമ്പുന്തല മുസ്ലിം ജമാഅത്ത് കമ്മിറ്റിയും നാട്ടുകാരും ചേർന്ന് ഒരേക്കർ സ്ഥലം സർക്കാറിലേക്ക് നൽകുകയും അതേറ്റെടുക്കുകയും ചെയ്തിരുന്നുവെങ്കിലും അവിടെ കെട്ടിടം പണിയാനുള്ള യാതൊരു നടപടിയും ആരംഭിച്ചിട്ടില്ല. ഈ സ്ഥാപനത്തിൻെറ കീഴിൽ ഉള്ള ഒമ്പത് കുടുംബക്ഷേമകേന്ദ്രങ്ങളിൽ അഞ്ചെണ്ണം തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിലാണ്. ഇവ യഥാക്രമം 2,7,8,9,13 എന്നീ വാർഡുകളിൽ സ്ഥിതി ചെയ്യുന്നു. ഇതിൽ എട്ടാം വാർഡിലുള്ള സൗത്ത് തൃക്കരിപ്പൂർ കുടുംബക്ഷേമ ക്രേന്ദത്തിനു മാത്രമേ സർക്കാർവക കെട്ടിടമുള്ളൂ. പൊതുജനാരോഗ്യരംഗത്തുള്ള രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് ഇല്ലായ്മകൾ മാത്രമേ ഉള്ളൂ. ഇതിന് സ്വന്തമായി കെട്ടിടവും മറ്റ് സൗകര്യങ്ങളുമുണ്ടാക്കുകയാണെങ്കിൽ ആരോഗ്യരംഗത്ത് വമ്പിച്ച മാറ്റങ്ങൾ ഉണ്ടാക്കുവാൻ സാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

ഉടുമ്പുന്തല പ്രാഥമിക ആരോഗ്യക്രേന്ദത്തിലെ നിലവിലുള്ള തസ്തികകളും ഒഴിവുകളും ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു.

പട്ടിക - 7

**ഉടുമ്പുന്തല പ്രാഥമികആരോഗ്യകേന്ദ്രം തസ്തികകളും ഒഴിവുകളും**

| നമ്പർ | തസ്തികയുടെ പേർ | എണ്ണം | നിലവിലുള്ളത് | ഒഴിവ് |
|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ | 1 | 1 | - |
| 2 | ഫാർമസിസ്റ്റ് | 1 | 1 | - |
| 3 | സ്റ്റാഫ് നഴ്സ് | 1 | 1 | - |
| 4 | എൽ.ഡി. ക്ലാർക്ക് | 1 | - | 1 |
| 5 | നഴ്സിംഗ് അസിസ്റ്റൻറ് | 1 | 1 | - |
| 6 | ഹോസ്പിറ്റൽ അറ്റൻറർ2 | 1 | 1 | - |
| 7 | പ്യൂൺ | 1 | 1 | - |
| 8 | പാർട് ടൈം സ്വീപ്പർ | 1 | - | 1 |

| | | | | |
|---|---|---|---|---|
| 9 | ഹെൽത്ത് ഇൻസ്പെക്ടർ | 1 | 1 | - |
| 10 | ലേഡി ഹെൽത്ത് ഇൻസ്പെക്ടർ | 1 | 1 | - |
| 11 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ 1 | 1 | - | 1 |
| 12 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ 2 | 3 | 3 | - |
| 13 | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 5 | 5 | - |

നിലവിലുള്ള ആരോഗ്യസംവിധാനങ്ങൾ കുറ്റമറ്റതാക്കിത്തീർക്കുവാൻ നടപടികൾ ആവശ്യമാണ്. ഇക്കാര്യങ്ങളിൽ ജനങ്ങളെ ബോധവാന്മാരാക്കുകയും ഇവയുടെ വിജയകരമായ നടത്തിപ്പിന് ജനകീയ സമിതികളുണ്ടാക്കുകയും വേണം. അതോടൊപ്പം തന്നെ നമ്മുടെ പരമ്പരാഗത ചികിത്സാരീതികളെ പ്രോത്സാഹിപ്പിക്കുകയും വംശനാശം നേരിടുന്ന ആയുർവേദ സസ്യങ്ങൾ വച്ചുപിടിപ്പിക്കുകയും ചെയ്യണം. ഈ വിഷയങ്ങളിൽ ഗ്രാമസഭകളിൽ സജീവമായ ചർച്ചകളും നിർദ്ദേശങ്ങളും സാധ്യതകളും ഉരുത്തിരിഞ്ഞു വന്നിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. തൃക്കരിപ്പൂർ ഗവ. ആശുപത്രിയുടെ നിലവിലുള്ള സ്ഥിതി വളരെ മോശമാണ്. കെട്ടിടസൗകര്യംവും മറ്റും സൗകര്യങ്ങളും കാലാനുസൃതമായി പരിഷ്കരിക്കപ്പെടുന്നില്ല. ജീവനക്കാരുടെ എണ്ണക്കുറവ് ദൈനംദിന പ്രവർത്തനത്തെ ബാധിക്കുന്നു.
2. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമില്ല. ഭൗതിക സൗകര്യങ്ങളുടെ അഭാവം പി.എച്ച്.സിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു.
3. കൊയോങ്കര ഗവ. ആയുർവേദ ആശുപത്രിയുടെ നിലവിലുള്ള സൗകര്യം അപര്യാപ്തമാണ്. രോഗികൾക്കാവശ്യമായ പ്രാഥമിക സൗകര്യങ്ങൾ വളരെ പരിമിതമാണ്.
4. വർധിച്ചുവരുന്ന രോഗികളുടെ ആവശ്യങ്ങൾ നിറവേറ്റാൻ നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണ്. ഉള്ള സൗകര്യങ്ങൾ തന്നെ പരമാവധി ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല.
5. പഞ്ചായത്തിൽ നിലവിലുള്ള കുടുംബക്ഷേമക്രേന്ദങ്ങൾക്ക് സ്വന്തമായി കെട്ടിടങ്ങളില്ലാത്തതുകൊണ്ട് മറ്റു പ്രാഥമിക സൗകര്യങ്ങളില്ലാത്തതുകൊണ്ടും ഫലപ്രദമായി പ്രവർത്തിക്കാൻ സാധിക്കുന്നില്ല.
6. ആരോഗ്യരക്ഷാസേവനങ്ങൾ ചെലവേറിയതാണ്. അതിനാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഈ മേഖല അപ്രാപ്യമായിത്തീരുന്നു.
7. പകർച്ചവ്യാധികൾ യഥാസമയം നിയന്ത്രിക്കുവാൻ സാധിക്കുന്നില്ല.
8. പരിസരശുചീകരണം ഫലപ്രദമായി നടക്കുന്നില്ല.
9. മിക്ക വീടുകളിലും ശുചിത്വമുള്ള കക്കൂസുകളില്ല.
10. കുട്ടികളുടെ പോഷകാഹാരനിലവാരം സംതൃപ്തമല്ല.
11. ലഹരിപദാർത്ഥങ്ങളുടെ വിപണനവും ഉപഭോഗവും വ്യാപകമാണ്. നിയന്ത്രണങ്ങൾ കർശനമായി നടപ്പാക്കുന്നില്ല.
12. ആരോഗ്യത്തിന് ഹാനികരമായ പാനീയങ്ങൾ, രാസവസ്തുക്കൾ കലർന്ന ഭക്ഷണപദാർത്ഥങ്ങൾ എന്നിവയുടെ ഉല്പാദനത്തിനും വിതരണത്തിനും നിയമനിയന്ത്രണില്ല,
13. കോളനികളുടെ ചുറ്റുപാടുകൾ തികച്ചും അനാരോഗ്യകരമാണ്.
14. ജലമലിനീകരണവും, ശബ്ദമലിനീകരണവും മറ്റും പരിസര മലിനീകരണവും വളരെകൂടുതലാണ്.
15. അശാസ്ത്രീയമായ കീടനാശിനി-രാസവളപ്രയോഗം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു.
16. ഹോട്ടലുകളിൽ, അറവുശാലകൾ, മാർക്കറ്റുകൾ, പച്ചക്കരിക്കടകൾ തുടങ്ങിയവയിലെ അവശിഷ്ടങ്ങൾ

ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

17. കുടിവെള്ളത്തിൻെറ ഗുണനിലവാരം മെച്ചപ്പെട്ടതല്ല.

18. സ്വകാര്യ ആരോഗ്യസ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കാനുള്ള സംവിധാനമില്ല.

`19. ആരോഗ്യസംബന്ധമായ ബോധവൽകരണത്തിൻെറ അഭാവം.

20. സാന്ദ്രത കൂടിയ ആവാസ കേന്ദ്രങ്ങളിൽ ശുചീകരണപ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കുന്നില്ല.

### സാധ്യതകൾ

1. ആരോഗ്യകേന്ദ്രങ്ങളുടെ നിലവിലുള്ള സ്ഥിതി കാലോചിതമായി മെച്ചപ്പെടുത്തണം. വർധിച്ചുവരുന്ന രോഗികളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ നിലവിലുള്ള ആരോഗ്യസ്ഥാപനങ്ങൾക്ക് ശേഷിയില്ല.

2. തൃക്കരിപ്പൂർ ഗവ. ആശുപത്രി കമ്മ്യൂണിറ്റി ഹെൽത്ത് സെൻററായി ഉയർത്തി ഇവിടെ ഗൈനക്കോള ജിസ്റ്റിൻെറ സ്ഥിരം തസ്തികയുണ്ടാക്കുകയും ലബോറട്ടറി, മോർച്ചറി, പോസ്റ്റ്മോർട്ടത്തിനുളഅവ സൗകര്യം, ആംബുലൻസ് തുടങ്ങിയവ ഏർപ്പെടുത്തുക.

3. എല്ലാ ആശുപത്രികളിലും മുഴുവൻ സമയ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക.

4. വർധിച്ചുവരുന്ന രോഗികളെ ഉൾക്കൊാംവുന്നവിധം ആശുപത്രികളുടെ കെട്ടിട സൗകര്യവും മറ്റു പ്രാഥമിക സൗകര്യവും മെച്ചപ്പെടുത്തുക.

5. ഗവ. ആശുപത്രി, ഗവ. ആയുർവേദ ആശുപത്രി, പി.എച്ച്.സി. തുടങ്ങിയ സ്ഥാപനങ്ങളിൽ ഫോൺ സൗകര്യം ഏർപ്പെടുത്തുക. ജീവനക്കാർക്ക് ക്വാരട്ടേർസുകൾ പണിയുക.

6. ഗവ. ആയുർവേദ ആശുപത്രി കെട്ടിടസൗകര്യം വർധിപ്പിക്കുകയും നിലവിലുള്ള പ്രാഥമിക സൗകര്യ ങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക.

7. ഉടുമ്പുന്തല പി.എച്ച്.സി. കമ്മ്യൂണിറ്റി ഹെൽത്ത് സെൻററായി ഉയർത്തുക.

8. പഞ്ചായത്ത് തലത്തിൽ സർക്കാർ ഹോമിയോ ആശുപത്രി സ്ഥാപിക്കുക.

9. തൃക്കരിപ്പൂർ പഞ്ചായത്തിലെ 1,2,3,4,6,11,വാർഡുകളിലും 12-ാം വാർഡിലെ അന്നീക്കര കൊവ്വലിലും കുടുംബക്ഷേമകേന്ദ്രങ്ങൾ അനുവദിക്കുകയും നിലവിലുള്ള കേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടങ്ങൾ പണിയുകയും ചെയ്യുക.

10. വിവിധ വാർഡുകളിൽ ആയുർവേദ-ഹോമിയോ ആശുപത്രികൾ സ്ഥാപിക്കുക.

11 രോഗികൾക്കാവശ്യമായ മരുന്നുകളും ഭക്ഷണവും എല്ലാ ചികിത്സാ കേന്ദ്രങ്ങളിലും ലഭ്യമാക്കുക.

12. എല്ലാവാർഡുകളിലും പൊതുശ്മശാനങ്ങൾ സ്ഥാപിച്ച് പരിസരമലിനീകരണം ഫലപ്രദമായി തടയുക.

13. സമഗ്ര സാനിട്ടേഷൻ പദ്ധതി പഞ്ചായത്തടിസ്ഥാനത്തിൽ നടപ്പിലാക്കുക.

14. തൃക്കരിപ്പൂർ ബസ്സ്റ്റാൻറ്, നടക്കാവ് തുടങ്ങിയ പ്രധാനസ്ഥലങ്ങളിൽ പൊതു കക്കൂസുകളും മൂത്രപ്പു രകളും സ്ഥാപിക്കുകയും അവ ശരിയായ രീതിയിൽ പരിപാലിക്കുകയും ചെയ്യുക.

15. പഞ്ചായത്ത് തലത്തിൽ സമ്പൂർണ്ണ മദ്യനിരോധനം അർപ്പെടുത്തുക.

16. പുകവലിയും പുകയില ഉല്പന്നങ്ങളുടെ വിപണനവും നിരോധിക്കുക.

17. കൊതുകുനിവാരണത്തിന് പഞ്ചായത്ത് തലത്തിൽ ഫലപ്രദവും സ്ഥിരവുമായ പദ്ധതികൾ നടപ്പിലാക്കുക.

18. അലഞ്ഞുതിരിയുന്ന പട്ടികളെ പിടിക്കാൻ പഞ്ചായത്ത് തലത്തിൽ സ്ഥിലം സംവിധാനമുണ്ടാക്കുക.

19. പൊതുജനാരോഗ്യം, പരിസരമലിനീകരണം എന്നിവയെ സംബന്ധിച്ച് ജനകീയ ബോധവൽകരണം പഞ്ചായത്ത് തലത്തിൽ നടത്തുക.

20. സന്നദ്ധസംഘടനകൾ മുഖാന്തിരം നടത്തുന്ന ആരോഗ്യപരിപാടികൾക്ക് പഞ്ചായത്തിൻെറ എല്ലാവിധ സഹായസഹകരണങ്ങളും നൽകുക.

21. ആരോഗ്യപ്രവർത്തകർ എല്ലാ വീടുകളും സന്ദർശിക്കുകയും അവരുടെ സേവനം ജനങ്ങൾക്ക് പരമാവധി ലഭ്യമാക്കുകയും ചെയ്യുക.

22. പഞ്ചായത്ത് തലത്തിൽ കുഷ്ഠ രോഗ-കാൻസർ സർവെ നടത്തുക.

23. നാട്ടിൽ കണ്ടുവരുന്ന ഔഷധസസ്യങ്ങളെക്കുറിച്ച് പഠനം നടത്തുകയും അവയുടെ ഗവേഷണഫലം ജനങ്ങളെ യഥാസമയം അറിയിക്കാനുള്ള സംവിധാനങ്ങളുണ്ടാക്കുകയും വെണം.

24. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ കുപ്പത്തൊട്ടികൾ സ്ഥാപിക്കുകയും അവ സ്ഥിരമായി ശുചീകരിക്കാനുള്ള സംവിധാനമേർപ്പെടുത്തുകയും ചെയ്യണം.

25. അറവുശാലകളിൽ നിന്നും കോഴിവളർത്തുകേന്ദ്രങ്ങളിൽ നിന്നുമുള്ള അവശിഷ്ടങ്ങൾ പല ഭാഗങ്ങിലായി നിക്ഷേപിക്കുന്നു. ഇത് തടയാനുള്ള സംവിധാനമുണ്ടാക്കുക. ശാസ്ത്രീയമായ അറവുശാലകൾ പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുക. ഇവയ്ക്കു ലൈസൻസുകൾ നൽകുമ്പോൾ ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടറുടെ അനുവാദം തേടുക

26. ആവശ്യമായ സ്ഥലങ്ങളിൽ ഓവുചാലുകൾ നിർമ്മിച്ച് പരിസരമലിനീകരണത്തെ ഫലപ്രദമായി നേരിടേണ്ടിയിരിക്കുന്നു. റെയിൽവേ സ്റ്റേഷൻ മുതൽ പേക്കടം വരെ, പേക്കാം, ബദയിൽ, പേക്കടം ജംഗ്ഷൻ മുതൽ കറുവാപ്പള്ളിഅറ വരെ, നടക്കാവ്, തൃക്കരിപ്പൂർ നെഹ്റു സ്തൂപം മുതൽ ബസ്സ്റ്റാൻറിനു കിഴക്കുവശം വരെ, ബീരിച്ചേരി സ്കൂൾ പരിസരം മുതൽ വയൽവരെ, മസ്കറ്റ്റോഡ് മുതൽ കവ്വായിപ്പുഴവരെ, പൊറാപ്പാടുമുതൽ, കൊവ്വപ്പുഴവരെ(കണ്ണങ്കൈ പാലം, വൾവക്കാട് മുതൽ മുല്ലത്തോട് വരെ, മധുരങ്കൈ, കാരോളം പള്ളിമുതൽ ബീരിച്ചേരി വരെ, തങ്കയം സ്കൂൾ മുതൽ ചക്രപാണി ക്ഷേത്രം വരെ, തട്ടാർകടവ് റോഡിൻെറ ഇരുവശം, ഉടുമ്പുന്തല പി.എച്.സി. പരിസരം മുതൽ കൊവ്വപ്പുഴവരെ, വയലോടി കോളനി, ചൊവ്വേരി മുതൽ കഞ്ചിയിൽ തോട് വരെ തുടങ്ങിയവ.

27. കവ്വായിപ്പുഴയിൽ രൂക്ഷമായ മലിനീകരണം കാരണം മത്സ്യരോഗം വ്യാപകമാണ്. ഇത് തടയുന്നതിന് സംവിധാനമുണ്ടാക്കുക.

28. പ്ലാസ്റ്റിക്ക് മൂലമുണ്ടാവുന്ന മലിനീകരണം മനുഷ്യരാശിയുടെ തന്നെ നിലനില്പിന് അപകടകരമാംവിധം വർധിച്ചിരിക്കുന്നു. ഇത് സംബന്ധമായ ബോധവൽകരണം നടത്തുക.

29. ഗുണമേന്മയില്ലാത്തതും നിയമപരമല്ലാത്തതുമായ ഭക്ഷണസാധനങ്ങൾ ഗ്രാമങ്ങളിൽ വിൽപന നടത്തുന്നത് തടയുക.

30. ഔഷധചികിത്സയെക്കാൾ പ്രതിരോധനടപടികൾക്ക് പ്രാധാന്യം നൽകുക.

31. വാർഡ് അടിസ്ഥാനത്തിൽ രക്തപരിശോധന നടത്തി രക്തദാനസേന രൂപീകരിക്കുക.

32. പഞ്ചായത്ത് തലത്തിൽ പാരമ്പര്യവൈദ്യന്മാരെയും നാട്ടുവൈദ്യന്മാരെയും ഉൾപ്പെടുത്തി ചികിത്സാ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

33. സ്വകാര്യ ആശുപത്രികളിലെ ആരോഗ്യസംവിധാനം പരിശോധിക്കാൻ പഞ്ചായത്ത് സമിതികൾക്ക് അധികാരം നൽകുക.

34. പൊതുജനാരോഗ്യം കാര്യക്ഷമമാക്കാൻ ആരോഗ്യസ്ഥാപനങ്ങൾക്ക് വാഹനം അനുവദിക്കുക.

35. പുകയില്ലാത്ത അടുപ്പുകളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുകയും സൗജന്യനിരക്കിൽ അവ സ്ഥാപിച്ചുകൊടുക്കുകയും ചെയ്യുക.

36. ആരോഗ്യസംബന്ധമായ കാര്യങ്ങളെക്കുറിച്ചുള്ള ബോധവൽകരണം പഞ്ചായത്ത് തലത്തിൽ കാര്യക്ഷമമായി നടത്തുക.

ഒരു പ്രദേശത്തെ ആരോഗ്യസംരക്ഷണ പ്രവർത്തനപരിപാടികളുടെ വിജയത്തിന്റെ അളവുകോലാണ് ജനനമരണനിരക്കുകളും ആയുർദൈർഘ്യവും. പരിസര ശുചീകരണ സംവിധാനങ്ങളും വളരെ പ്രധാന പ്പെട്ടതാണ്. തൃക്കരിപ്പൂർ പഞ്ചായത്തിലെ കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ ജനന മരണങ്ങളുടെ എണ്ണം ചുവടെ പട്ടികയിൽ കൊടുത്തിരിക്കുന്നു. (പട്ടിക - 8)

പട്ടിക - 8

**പഞ്ചായത്തിലെ ജനന മരണങ്ങൾ**

| വർഷം | ജനനം | മരണം |
|---|---|---|
| 1993 | 351 | 120 |
| 1994 | 394 | 112 |
| 1995 | 353 | 151 |
| ആകെ | 1098 | 383 |

*(അവലംബം: പഞ്ചായത്ത് ജനനമരണരജിസ്റ്റർ)*

പട്ടിക 9

**കുടുംബങ്ങളുടെ മലവിസർജ്ജനസൗകര്യം**

| നമ്പർ | മലവിസർജ്ജന സൗകര്യം | കുടുംബങ്ങൾ |
|---|---|---|
| 1 | സ്വന്തം സംരക്ഷിതം കക്കൂസ് | 3858 |
| 2 | താൽക്കാലികം | 337 |
| 3 | പൊതുകക്കൂസ് | 35 |
| 4 | പുഴയോരം | 234 |
| 5 | സ്വന്തം പറമ്പിൽ | 103 |
| 6 | വെളിപറമ്പിൽ | 292 |
| 7 | മറ്റുള്ളവ | 66 |

*(അവലംബം: സമഗ്രവികസനസർവ്വെ - തൃക്കരിപ്പൂർ പഞ്ചായത്ത്)*

''രണ്ടായിരമാണ്ടിൽ എല്ലാവർക്കും ആരോഗ്യം'' എന്ന ലക്ഷ്യം സാക്ഷാൽകരിക്കുന്നതിന് ആരോഗ്യസ്ഥാപനങ്ങളുടെ പങ്ക് നിസ്സാരമല്ല. അതോടൊപ്പം തന്നെ ജനകീയ സമിതികളും അരോഗ്യ പ്രവർത്തകരും അവരുടേതായ പങ്ക് നിർവഹിക്കേണ്ടതുണ്ട്.

ജനകീയ ബോധവൽകരണം ഈ ലക്ഷ്യം നേടുന്നതിനുള്ള പരിപാടിയുടെ വേഗത വർധിപ്പിക്കും. ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ ഒമ്പതാം പദ്ധതി നടപ്പിലാവുമ്പോൾ സാധിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

# വ്യവസായം

വികസ്വരമെന്ന രീതിയിലുള്ള വ്യവസായങ്ങൾ ഇവിടെ ഇല്ല. നിരവധി പാരമ്പര്യ ചെറുകിടവ്യവസായങ്ങൾ ഇവിടെ ഉണ്ടെങ്കിലും അവയൊന്നും ഈപ്രദേശത്തിൻെറ വ്യവസായങ്ങൾ ഇവിടെ ഉണ്ടെങ്കിലും അവയൊന്നും ഈപ്രദേശത്തിൻെറ വ്യവസായിക പുരോഗതിയ്ക്കക പര്യാപ്തമല്ല. പരമ്പരാഗത വ്യവസായ മേഖലകളായ പായനെയ്ത്, കൂട്ടനെയ്ത്ത്, കസേര മെടയൽ, മരപ്പണി, തുണിനെയ്ത്ത് തുടങ്ങിയവ ഇന്ന് നാമമാത്രമാണ് . തൃക്കരിപ്പൂർ പഞ്ചായത്ത് പ്രദേശത്ത് നിരവധി ചെറുകിട വ്യവസായ യൂനിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് എണ്ണയാട്ട് മില്ല്, ഈർച്ചമില്ല്, വസ്ത്രനിർമാണം, കയർ നിർമ്മാണ യൂനിറ്റ്, ലഘു എഞ്ചിനീയറിംഗ് പ്രവർത്തന സ്ഥാപനങ്ങൾ, ഗ്രാമീണവനിത ശിശു വികസന പദ്ധതിയുടെ കീഴിലുള്ള വ്യവസായ യൂനിറ്റുകൾ, തുടങ്ങിയവയാണ് ഇവ. പ്രവർത്തനമൂലധനത്തിൻെറ കുറവുകൊണ്ടും വൈദ്യുതി ദൗർലഭ്യം തുടങ്ങിയ കാരണങ്ങളാൽ പ്രതിസന്ധി നേരിടുന്നു. ലഘു എഞ്ചിനീയറിംഗ് പ്രവൃത്തനസ്ഥാപനങ്ങൾ, ബീഡി നിർമ്മാണം, മിഠായി-ബിസ്ക്കറ്റ് നിർമ്മാണം തുടങ്ങിയവ മുകളിൽ പറഞ്ഞവസ്ഥയ്ക്ക് അപവാദമാണ്.

## ചെറുകിട വ്യവസായ യൂനിറ്റ്

| ക്രമ നം. | വിഭാഗം | യൂനിറ്റ് എണ്ണം | തൊഴിലാളികൾ | | |
|---|---|---|---|---|---|
| | | | പുരു | സ്ത്രീ | പീഢിതം |
| 1 | വസ്ത്ര നിർമാണം | 8 | 40 | – | |
| 2. | എഞ്ചിനിയറിംഗ് വർക്സ് | 8 | – | 24 | |
| 3 | കയർ വ്യവസായം | 4 | 32 | – | |
| 4 | കെമിക്കൽ യൂനിറ്റ് | 1 | – | 3 | |
| 5 | റബ്ബർ യൂനിറ്റ് | 1 | – | – | പീഢിതം |
| 6 | ഓയിൽ മിൽ | 4 | – | 8 | |
| 7. | പ്രിൻറിങ്ങ് പ്രസ്സ് | 4 | 12 | 6 | |
| 8 | ഈർച്ച മില്ലുകൾ | 3 | 4 | 20 | |
| 9 | ബേക്കറി, പപ്പടയൂനിറ്റ് | 10 | 5 | 22 | |
| 10 | മിഠായി വ്യവസായ യൂനിറ്റ് | 2 | 20 | 2 | |
| 11 | ബ്ലാക്ക് സ്മിത്ത് | 6 | – | 10 | |
| 12 | അവിൽ മിൽ | 2 | – | 3 | |
| 13 | മെഴുകുതിരി ഉൽപാദന യൂനിറ്റ് | 2 | – | 2 | |
| 14 | റൈസ് & ഫ്ലവർമിൽ | 22 | – | 26 | |
| 15 | ഓട്ടോ മൊബൈൽ വർക്ക്ഷേപ്സ് | 4 | – | 12 | |
| 16 | മറ്റു വ്യവസായങ്ങൾ | 4 | – | 4 | |

അമിതമായ രാഷ്ട്രീയ ഇടപെടലുകൾ, പ്രവൃത്തന മൂലധനത്തിൻെറ കുറവ്, അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യം തുടങ്ങിയ കാരണങ്ങളാണ് ഈ മേഖലയെ തകർച്ചയിലേക്ക് നയിക്കുന്നത്.

ഇവയിൽ അല്പമെങ്കിലും ആശ്വാസകരം സ്വകാര മേഖലയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ചെറുകിട വ്യവസായിക യൂനിറ്റുകളുടെ വളർച്ചയാണ്. വൈദ്യുതി പ്രതിസന്ധി, അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യം, പ്രവർത്തന മൂലധനമില്ലായ്മ തുടങ്ങിയ പ്രശ്നങ്ങൾ ഉണ്ടായിട്ടും ചില യൂനിറ്റുകൾ അതി ജീവിച്ചത് സംരംഭകരുടെ ആത്മ ധൈര്യം ഒന്നു കൊണ്ടു മാത്രമാണ്. വ്യവസായ രംഗത്ത് നൂതന സാങ്കേതിക വിദ്യയും ,യന്ത്രവൽകരണവും അനിവാര്യമാണ്. എന്നാൽ തൊഴിൽ മേഖലയിലെ സന്തുലിതാവസ്ഥ നിലനിർത്തിവേണം ഇതു നടപ്പിലാക്കേണ്ടത്. തൃക്കരിപ്പൂർ പഞ്ചായത്ത് പ്രദേശമായ ഒളവറയിൽ സ്വകാര്യ മേഖലയിൽ സ്ഥാപിക്കപ്പെട്ട 'ലീമാ ബിസ്ക്കറ്റ്സ് എൻറർപ്രൈസസ്' ഈപ്രദേശത്തെ ചെറുകിടവ്യവസായ മേഖലയിൽ നൂതന സാങ്കേതിക വിദ്യയാലും, യന്ത്രവൽക്കരണം ഏർപ്പെടുത്തുക വഴി ഉൽപാദന രംഗത്ത് രണ്ടോ മൂന്നോ സ്ഥാനമാണ് ലീമയ്കുള്ളത്. അടുത്ത കാലം മുതൽ ഈ യൂനിററും വൈദ്യുതിയുടെ ലഭ്യത കുറവുകാരണം പ്രതിസന്ധി നേരിടുകയാണ്.

പഞ്ചായത്തിൻെറ നിലവിലുള്ള വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമാണ് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്.സഹകരണ മേഖലയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള കൈത്തറി വ്യവസായ സഹകരണ സംഘം, ക്ഷീരവ്യവസായ സഹകരണ സംഘം, ബീഡി വ്യവസായ സഹകരണ സംഘം, എന്നിവ തകർച്ച നേരിടുന്ന സ്ഥാപനങ്ങളാണ്.

## പഞ്ചായത്തിലെ വ്യവസായ സഹകരണ സംഘങ്ങൾ

| ക്രമ നം. | വിഭാഗം | തൊഴിലാളികൾ | | |
|---|---|---|---|---|
| | | പുരു | സ്ത്രീ | പീഡിതം |
| 1 | കൈത്തറി വ്യവസായ സഹകരണ സംഘം- ഇളമ്പച്ചി | 5 | 70 | – |
| 2 | ദീനേഷ് ബീഡീ വ്യവസായ സഹകരണ സംഘം-ബ്രാഞ്ച് | 100 | 434 | – |
| 3 | തൃക്കരിപ്പൂർ വനിതാ വ്യവസായ സഹകരണ സംഘം | – | – | പീഡിതം |
| 4 | ക്ഷീര വ്യവസായ സഹകരണ സംഘം- തൃക്കരിപ്പൂർ | 1 | 1 | – |
| 5 | ചകിരി വ്യവസായ സഹകരണ സംഘം - ഒളവറ | – | – | പ്രവൃത്തനം ആരംഭിച്ചിട്ടില്ല |

## ചെറുകിട വ്യവസായ യൂണീറ്റുകളിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഗ്രാമീണ വനിതാ ശിശുവികസന പദ്ധതി യൂണിറ്റുകൾ

| ക്രമ നം. | വിഭാഗം | തൊഴിലാളികൾ | | |
|---|---|---|---|---|
| | | പുരു | സ്ത്രീ | പീഡിതം |
| 1 | സുഭാഷ് ഗ്രാമീണ വനിതാകയർ നിർമ്മാണ യൂനിറ്റ്- എടാട്ടുമ്മൽ | – | 10 | – |
| 2 | ഗ്രാമീണ വനിതാ ശിശു വികസന പദ്ധതി കുട, വസ്ത്ര നിർമ്മാണ യൂനിറ്റ്- ഇളമ്പച്ചി. | – | 10 | – |

ഖാദി വ്യവസായ മേഘലയിൽ പ്രവർത്തിക്കുന്ന മൂന്ന് ചെറുകിട യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. കുറഞ്ഞ വേതന നിരക്കാണ് ഈ മേഘലയിലെ തൊഴിലാളികളുടെ പ്രധാന പ്രശ്നം. കൂടുതലായും സ്ത്രീകളാണ് ഈ മേഘലയിൽ തൊഴിലാളികൾ.

## ഖാദി വ്യവസായ യൂനിറ്റുകൾ

| ക്രമ നം. | വിഭാഗം | തൊഴിലാളികൾ | | |
|---|---|---|---|---|
| | | പുരു | സ്ത്രീ | പീഡിതം |
| 1 | ഖാദി നൂൽ നൂൽപു കേന്ദ്രം- തങ്കയം | – | 35 | പീഡീതം |
| 2 | ഖാദി നെയ്ത്ത് കേന്ദ്രം- തങ്കയം | 1 | 12 | പീഡീതം |
| 3 | ഖാദി കിടക്ക നിർമാണ യുനിറ്റ്- ഇളമ്പച്ചി. | 2 | 5 | പീഡീതം |

# സ്ത്രീകളുടെ പങ്കാളിത്തം.

ഈ പ്രദേശത്ത് പൊതുവേ വ്യവസായ തൊഴിൽ മേഖലയിൽ പുരുഷൻമാർക്ക് ആനുപാതികമായി സ്ത്രീകളും ഉണ്ട്. പ്രത്യേകിച്ച് സഹകരണ, സ്വകാര്യ ബീഡി വ്യവസായ മേഘലയിലും ഖാദി കൈത്തറി ഗാർമൻസ് പാരമ്പര്യത്തൊഴിൽ മേഖലയിൽ പുരുഷൻമാരുടെ കൂലി അപേക്ഷിച്ച് സ്ത്രീകൾക്ക് വളരേ കുറവാണ് . അടുത്തകാലത്ത് സ്ത്രീകളുടെ പങ്കാളിത്തം കൂടിവരുന്നത് നിർമ്മാണ മേഖലയിലാണ്. ക്രയശേഷി കൂടുതലുള്ള കൂടുതലുള്ള തൊഴിൽ മേഖലയായി ഇത് വികസിച്ചു വരുന്നു.

## ചെറുവത്തൂർ ബീഡിവ്യവസായ സഹകരണത്തിൻെറ സംഘത്തിൻെറ തൃക്കരിപ്പൂർ പഞ്ചായത്ത് പ്രദേശത്തുള്ള ബീഡി വ്യവസായ യൂണിറ്റുകൾ

| ക്രമ നം. | ദിനേശ് ബീഡി ബ്രാഞ്ചുകൾ | തൊഴിലാളികൾ | | മിനിമം കൂലി |
|---|---|---|---|---|
| | | സ്ത്രീ | പുരു | |
| 1 | ബ്രാഞ്ച് - 1 - കൂലേരി | 79 | 28 | 30.10+DA |
| 2 | ബ്രാഞ്ച് - 2 - കൂലേരി | 85 | 16 | 30.10+DA |
| 3 | ബ്രാഞ്ച് - 3 - കൂലേരി | 67 | 14 | 30.10+DA |
| 4 | നടക്കാവ് ബ്രാഞ്ച് - 1 | 102 | 23 | 30.10+DA |
| 5 | നടക്കാവ് ബ്രാഞ്ച് - 2 | 101 | 19 | 30.10+DA |

## തൃക്കരിപ്പൂർ പഞ്ചായത്തിലെ സ്വകാര്യ ബീഡി വ്യവസായ മേഖല

| ക്രമ നം. | പേര് | തൊഴിലാളികൾ | |
|---|---|---|---|
| | | സ്ത്രീ | പുരു |
| 1 | ഭാരത് ബീഡി - 3 സ്വകാര്യ ഏജൻസികൾ | 349 | 34 |

കേരളത്തിൻെറ വ്യാവസായിക മേഖലയെ കുറിച്ചു പറയുമ്പോൾ ഗൾഫ് മലയാളികളുടെ പങ്ക് വലുതാണ്. ഗൾഫിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്നവരെ സംരഭകരായി ചെറുകിട വ്യാവസായിക മേഖലയിൽ പുനരധിവസിപ്പിക്കാൻ കഴിയണം. ഇതിനു വേണ്ടി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ പണിത് ഇവർക്ക് മുൻഗണന നൽകേണ്ടിയിരിക്കുന്നു. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സബ്സിഡിയോടെ കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ അനുവദിക്കുകയും പഞ്ചായത്തിൽ നിന്നും ലൈസൻസ് ലഭിക്കുന്നതിനുള്ള സാങ്കേതികത്വം ലഘൂകരിക്കേണ്ടിയിരിക്കുന്നു.

## നിർദ്ദേശങ്ങൾ

1 മെഴുകുതിരി നിർമ്മാണ യൂണിറ്റുകൾ:- ഈ മേഖലയിൽ സ്ത്രീ തൊഴിലാളികൾക്ക് കൂടുതൽ അവസരം നൽകുവാൻ കഴിയുന്ന ചെറുകിട വ്യവസായ യൂണിറ്റാണ്. ഇതിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം.
2 മരം, ഫൈബർ, മെറ്റൽ ഇവ കൊണ്ടുള്ള ഫർണിച്ചർ നിർമ്മാണം
3 ചകിരി ചോറിനെ പിത്ത് പ്ലസ് ഉപയോഗിച്ചു കൊണ്ടുള്ള ജൈവ വള നിർമ്മാണ യൂനിറ്റ്
4 കോഴിത്തീറ്റ, കാലിത്തീറ്റ നിർമ്മാണ യൂനിറ്റ്
5 കുമ്മായ നിർമ്മാണ യൂനിറ്റ്
6 മൽസ്യ ജൈവവള നിർമ്മാണ യൂനിറ്റ്
7 സോപ്പ് നിർമ്മാണ യൂനിറ്റ്
8 അച്ചാർ, ജാം, സ്ക്വാഷ് നിമ്മാണ യൂനിറ്റ്
9 ചിരട്ടപൊടി നിർമ്മാണ യൂനിറ്റ്
10 സിമൻറ് ബ്രിക്സ്, ഹോളോ ബ്രിക്സ് നിർമ്മാണ യൂനിറ്റ്
11 യന്ത്രവൽകൃത പപ്പട നിർമ്മാണ യൂനിറ്റ്
12 പ്ലാസ്റ്റിക് കവർ നിർമ്മാണ യൂനിറ്റ്
13 ഡിസ്പോസിബിൾ സിറിഞ്ച്, പ്ലെയിറ്റ്സ്&കപ്പ് നിർമ്മാണ യൂനിറ്റ്
14 ചെരുപ്പു നിർമ്മാണ യൂനിറ്റ്
15 കയർ നിർമ്മാണ യൂനിറ്റ്
16 മൽസ്യ സംസ്കരണ കേന്ദ്രം
17 പാലുൽപാദന കേന്ദ്രം
18 ഐസ് പ്ലാൻറ് യൂനിറ്റ്

## പ്രശ്നങ്ങൾ

വൈദ്യുതിയുടെ ദൗർലഭ്യമാണ് സ്ഥാപിക്കപ്പെട്ടിട്ടുള്ള ചെറുകിട യൂനിറ്റുകളുടെയും പുതിയ യുനിറ്റുകൾ ആരംഭിക്കുന്നതിൽ നിന്നും സംരഭകരെ നിരുൽസാഹപ്പെടുത്തുന്ന പ്രധാന ഘടകം.
ലൈസൻസുകൾ കിട്ടാനുള്ള പ്രശ്നം, അസംസ്കൃത പദാർത്ഥങ്ങളുടെ അഭാവം, മലിനീകരണ പ്രശ്നം, ചെലവു കുറഞ്ഞ സാങ്കേതിക വിദ്യകളുടെ അഭാവം, തൊഴിൽ പരിശീലനത്തിൻെറ കുറവ്, സബ്സിഡി യഥാസമയത്ത് ലഭ്യതയില്ലായ്മ, പ്രവർത്തന മൂലധനത്തിൻെറ കുറവ്, പരമ്പരാഗത തൊഴിൽ മേഖലയിൽ അർഹമായ കൂലിവർധനവ് ഇല്ലായ്മ തുടങ്ങിയ കാരണങ്ങളാൽ ഈ പ്രദേശത്തിൻെറ വ്യവസായ വികസനത്തിൻെറ വേഗത കുറയ്ക്കുന്നു.

## പഞ്ചായത്തിലെ പ്രധാന ധനകാര്യ സ്ഥാപനങ്ങൾ

1 . സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ
2 . ഇന്ത്യൻ ഓവർസീസ് ബാങ്ക്
3 . വിജയാ ബാങ്ക്
4 . സിൻഡിക്കേറ്റ് ബാങ്ക്
5 . ടി.എഫ്.സി.സി. ബാങ്ക്
6 . കെ.ഡി.സി. ബാങ്ക്

## സാധ്യതകൾ

***1 . വിപണന സൗകര്യം:-*** ഏതൊരു വ്യവസായത്തിൻെറയും വിജയം ഉൽപന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണന കേന്ദ്രം ലഭിക്കുമ്പോഴാണ്. ഈ പ്രദേശത്ത് പരിമിതമായ വിപണന സൗകര്യം മാത്രമാണ് ഉള്ളത്. വിവിധതരം ചെറുകിട വ്യവസായ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് സൂപ്പർ മാർക്കറ്റ് മാതൃകയിൽ

വിപണന കേന്ദ്രങ്ങൾ ഉണ്ടാകണം. ഇതിനായി പഞ്ചായത്ത് തലത്തിൽ ഉൽപന്നങ്ങൾ സംഭരിച്ച് പൊതു വിപണന കേന്ദ്രം ഉണ്ടാക്കണം.

***2. റോളർ ഫ്ലവർ മിൽസ് :-*** ഈ പ്രദേശത്ത് ഏറ്റവും വിജയ സാധ്യതയുള്ള ഒരു ചെറുകിട വ്യവസായ യൂനിറ്റാണ് ഇത് ജില്ലയിൽ എവിടെയും ഈ യൂണിറ്റില്ല. ജില്ലയിലെ ബിസ്കറ്റ് കമ്പനികൾക്ക് ബേക്കറികൾക്കും ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നാണ് ലഭ്യമാകുന്നത് ഇതിനൊരു പരിഹാര മാകും ഈ യൂനിറ്റ്.

***3. സഹകരണ വ്യവസായ മേഘല :-*** പഞ്ചായത്തിലെ വ്യവസായ വികസനത്തിന് ഏറ്റവും സാധ്യതയുള്ളതാണ് സഹകരണ മേഖല. ഈ മേഖലയിൽ ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് വ്യവസായ യൂനിറ്റുകൾ ആരംഭിച്ചാൽ ഈ പ്രദേശത്തെ വ്യവസായ വളർച്ചയ്ക്ക് കാര്യമായ സംഭാവനകൾ നൽകാൻ കഴിയും.

വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിച്ച് ചെറുകിട വ്യവസായങ്ങളുടെ നവികരണം നടത്തുക, സ്വന്തം അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള വ്യവസായ സംരംഭങ്ങൾക്ക് കാര്യക്ഷമതയുള്ള പരിശീലനം നൽകുക മത്സ്യ ബന്ധന ഉപകരണങ്ങളുടെ നിർമാണ യൂനിറ്റുകൾ ആരംഭിക്കുക തുടങ്ങിയ വ്യവസായ വികസനത്തിന് ആക്കം കൂട്ടുന്ന സമയ ബന്ധിതമായ ഒരു പാക്കേജ് പദ്ധതി തന്നെ ആസൂത്രണം ചെയ്യേണ്ടതുണ്ട്.



# ഗതാഗതം

**പ**ഞ്ചായത്തിനകത്ത് മെച്ചപ്പെട്ട റോഡ് ശൃംഖലയാണിന്ന് നിലവിലുള്ളത്. അടുത്തകാലത്താണ് ത്വരിതഗതിയിലുള്ള വികാസം ഈ മേഖലയിൽ ഉണ്ടായിട്ടുള്ളത്. പഞ്ചായത്തിന്റെ വരുമാനത്തിൽ നല്ലൊരു തുക റോഡുകളുടെ നിർമ്മാണത്തിനാണ് ചെലവിട്ടത്. പഞ്ചായത്തിനകത്ത് മിക്ക ഭാഗങ്ങളിലും ഇതിന്റെ പ്രതിഫലനംവും, പുരോഗതിയും കാണാം. സന്നദ്ധ സേവനങ്ങളിലൂടെ നിർമ്മിച്ച റോഡുകൾ പലതും ഇതിനകം പഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്. ഇന്ന് റോഡു നിർമ്മാണത്തിൽ സന്നദ്ധസേവന താൽപര്യം കുറഞ്ഞു വരികയും, സർക്കാർ നേതൃത്വത്തിൽ റോഡുകളുണ്ടാക്കിത്തരണമെന്ന പ്രവണതയും വളർന്നുവരികയും ചെയ്തു. ജനജീവിതത്തിന്റെ ഒഴിച്ചു കൂടാൻ പറ്റാത്ത ഒരു ഭാഗമാണ് റോഡ്. വാണിജ്യ വ്യവസായിക മേഖലകളുടെ വളർച്ചയും, പുരോഗതിയും മെച്ചപ്പെട്ട യാത്രാസൗകര്യത്തെ ആശ്രയിച്ചിരിക്കുന്നു. ഏങ്കിലും വികസനമെന്നാൽ, റോഡും, പാലവുമാണെന്ന ധാരണ ശക്തിപ്പെടുകയും, വസ്തുനിഷ്ഠമായ കാഴ്ചപ്പാടിന്റെയും അഭാവം മൂലവും റോഡു ശൃംഘലയിൽ വൈകല്യങ്ങൾ കാണാം. ഇതേ സമയം തന്നെ കൂടുതൽ റോഡുകൾക്ക് വേണ്ടിയുള്ള നിർദ്ദേശങ്ങളാണ് ജനങ്ങൾ ഗ്രാമസഭയിൽ നിന്നും നൽകിയത്.

പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം 67740 കി.മി ഇതിൽ ടാർ ചെയ്ത റോഡുകളുടെ നീളം 28.400 കി.മി. മെറ്റൽ ചെയ്ത റോഡുകളുടെ നീളം 9.190 കി. മി മൺ റോഡിന്റെ നീളം ഏകദേശം 3.0150 കി.മി ആണ്. ഇടവഴികൾ വികസിപ്പിച്ചാണ് പഞ്ചായത്തിനകത്ത് മിക്ക റോഡുകളും ഉണ്ടായിട്ടുള്ളത്. വയലുകൾ മണ്ണിട്ട് നികത്തിയും റോഡുകളുണ്ടാക്കിയിട്ടുണ്ട്. ഈ ഭാഗങ്ങളിലൊക്കെ മഴക്കാലത്ത് വെള്ളം കെട്ടി നിൽക്കുകയും വെള്ളം ഒഴുകി പോകതിരിക്കുകയും ചെയ്യുന്നത് മൂലം സഞ്ചാരയോഗ്യമല്ലാതായി തീരുന്നു. ഇങ്ങനെയുള്ള പ്രശ്നങ്ങൽ പരിഹരിക്കുന്നതിൽ സമീപവാസികളുടെ താൽപര്യക്കുറവ് റോഡുകളുടെ സംരക്ഷണത്തിന് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. റോഡുകളോടനുബന്ധിച്ച് ഓവുചാലുകൾ നിർമ്മിക്കാത്തതും നിലവിലുള്ളവയുടെ സംരക്ഷണക്കുറവും റോഡുകളിൽ നിന്ന് വെള്ളം ഒഴിഞ്ഞ് പോകുന്നതിന് തടസ്സം നിൽക്കുന്നു.

**പട്ടിക 1**

**നിലവിലുള്ള റോഡുകൾ റോഡിന്റെ പേര്**

| | റോഡിന്റെ പേര് | PWD | പഞ്ചായത്ത് | ടാർ | മെറ്റൽ മണൽ | നീളം |
|---|---|---|---|---|---|---|
| 1. | ഒളവറ-കാലിക്കടവ്. | ✓ | | ✓ | | 8.000 Km |
| 2. | തൃക്കരിപ്പൂർ-മാത്തിൽ | ✓ | | ✓ | | 3.000 |
| 3. | തൃക്കരിപ്പൂർ-വെള്ളാപ്പ്-ആയിറ്റി | ✓ | | ✓ | | 3.000 |
| 4. | തൃക്കരിപ്പൂർ-സെന്റ് പോൾസ് സ്കൂൾ | | ✓ | ✓ | | 1.000 |

| | റോഡിന്റെ പേര് | PWD | പഞ്ചായത്ത് | ടാർ | മെറ്റൽ | മണൽ | നീളം |
|---|---|---|---|---|---|---|---|
| 5. | വടക്കെ കൊവ്വൽ-പേക്കടം | | ✓ | ✓ | | | 0.250 |
| 6. | തൃക്കരിപ്പൂർ-പഞ്ചായത്തിന് പടിഞ്ഞാറെ റോഡ് | | ✓ | ✓ | | | 0.250 |
| 7. | റെയിൽവേസ്റ്റേഷൻ-നീലമ്പം | | ✓ | ✓ | | | 0.250 |
| 8. | പേക്കടം-ആയിറ്റി | | ✓ | ✓ | | | 3.000 |
| 9. | പേക്കടം-ഉദിനൂര് | | ✓ | ✓ | | | 0.800 |
| 10. | മണിയനൊടി-എടച്ചൊക്കൈ | | ✓ | ✓ | | | 0.500 |
| 11. | വെള്ളാപ്പ്-മെട്ടമ്മൽ | | ✓ | ✓ | | | 1.000 |
| 12. | ബീരിച്ചേരി-മെട്ടമ്മൽ | | ✓ | ✓ | | | 3.800 |
| 13. | മെട്ടമ്മൽ-മൂലയിൽകടവ് | | ✓ | ✓ | | | 1.600 |
| 14. | ഒളവറ-ഉടുമ്പുന്തല -വൾക്കാട് | | ✓ | ✓ | | | 4.400 |
| 15. | ഉടുമ്പുന്തല-മാടക്കാൻ | | ✓ | ✓ | | | 0.800 |
| 16. | ഉടുമ്പുന്തല-ലക്ഷംവീട് കോളനി | | ✓ | ✓ | | | 0.550 |
| 17. | പൊറൊപ്പാട്-കൈക്കോട്ട് കടവ് | | ✓ | ✓ | | | 0.500 |
| 18. | പൊവ്വേരി-തങ്കയം-കക്കുന്നം-ഇളംമ്പാച്ചി | | ✓ | ✓ | | | 2.800 |
| 19. | ഇളംമ്പച്ചി-തലിച്ചാലം | | ✓ | ✓ | | | 2.000 |
| 20. | കക്കുന്നം-തട്ടാൻകടവ് | | ✓ | ✓ | | | 0.850 |
| 21. | കൂലേരി-കഞ്ചിയിൽ | | ✓ | ✓ | | | 1.500 |
| 22. | തങ്കയം-ചെറുകുന്നം | | ✓ | ✓ | | | 1.600 |
| 23. | കൊയാങ്കര-മൃഗാശുപത്രി | | ✓ | ✓ | | | 1.000km |
| 24. | പേക്കടം-പരുത്തിച്ചാൽ | | ✓ | ✓ | | | 0.800km |
| 25. | വെള്ളാപ്പ്-ചൊവ്വറമ്പ് | | ✓ | ✓ | | | 0.800km |
| 26. | ബീരിച്ചേരി-സി.കെ.റോഡ് | | ✓ | ✓ | | | 0.250km |
| 27. | ബീരിച്ചേരി-തൈക്കീൽ | | ✓ | ✓ | | | 1.200km |
| 28. | ഒളവറ-മൊത്തക്കടവ് | | ✓ | ✓ | | | 2.000km |
| 29. | ഉടുമ്പുന്തല-കൊവ്വപ്പുഴ ക്രോസ്ബാർ | | ✓ | | | ✓ | 0.750km |
| 30. | ആയിറ്റി-കടവ്റോഡ് | | ✓ | | ✓ | | 0.300km |
| 31. | ഒളവറ-കുറ്റിച്ചി ഹരിജൻകോളനി | | ✓ | | ✓ | | 1.200km |

| | റോഡിന്റെ പേര് | PWD | പഞ്ചായത്ത് | ടാർ | മെറ്റൽ | മണൽ | നീളം |
|---|---|---|---|---|---|---|---|
| 32. | കൈക്കോട്ട് കടവ്-വയലോടി | | ✓ | | ✓ | | 0.750km |
| 33. | വെള്ളാപ്പ്-കടവ് റോഡ് | | ✓ | | ✓ | | 0.150km |
| 34. | ഒളവറ-ഉളിയയം കടവ് (ചരൽ) | | ✓ | | ✓ | | 1.000km |
| 35. | കക്കുന്നം-തലിച്ചാലം | | ✓ | | ✓ | | 2.000km |
| 36. | എടാട്ടുമ്മൽ-കുണിയൻ | | ✓ | | ✓ 1.50 | ബാക്കി | 2.200km |
| 37. | പെറുകാനം -പാടിയിൽ കടവ് | | ✓ | | | | 0.800km |
| 38. | മെട്ടമ്മൽ-മധുരങ്കൈ | | ✓ | | ✓ | | 1.250km |
| 39. | കുഞ്ഞാലി സ്മാരക വായനശാല-ശ്മശാനം | | ✓ | | ✓ | | 0.300km |
| 40. | ഉളംമ്പച്ചി-വൾവക്കാട് വി.കെ.പി.റോഡ് | | ✓ | | ✓ | | 0.800km |
| 41. | വൈക്കത്ത് റോഡ് | | ✓ | | ✓ | | 0.500km |
| 42. | ഇയ്യക്കാട്-മാണിയാട്ട് ലിങ്ക് റോഡ് | | ✓ | | ✓ | | 1.000km |
| 43. | വടക്കെകൊവ്വൽ-സെന്റ് പോൾസ്സ്കൂൾ | | ✓ | | ✓ | | 0.220km |
| 44. | കാരോളം-റെയിൽവെ ഗേറ്റ്-ചക്രപാണി ക്ഷേത്രം | | ✓ | | ✓ | | 0.400km |
| 45. | നടക്കാവ് ഹരിജൻ കോളനി വടക്ക് -തെക്ക് റോഡ് | | ✓ | | ✓ | | 1.000km |
| 46. | നടക്കാവ് ഹരിജൻ കോളനികിഴക്ക് -പടിഞ്ഞാറ് റോഡ് | | ✓ | | ✓ | | 1.000km |
| 47. | നടക്കാവ് ഹരിജൻ കോളനി-കിണർ റോഡ് | | ✓ | | ✓ | | 0.400km |
| 48. | തെക്കുംമ്പാട് കൊഴുന്തിൽ റോഡ് | | ✓ | | ✓ | | 0.350km |
| 49. | ഇളംമ്പച്ചി പമ്പ് ഹൗസ് റോഡ് | | ✓ | | ✓ | | 0.200km |
| 50. | ഇളംമ്പച്ചി മാതൃശിശു സംരക്ഷണ കേന്ദ്രം പടിഞ്ഞാറെ റോഡ് | | ✓ | | ✓ | | 0.300km |
| 51. | വടക്കെകൊവ്വൽ -കാപ്പിൽ-മുണ്ട്യ | | ✓ | | | ✓ | 1.000km |

| | റോഡിന്റെ പേര് | PWD | പഞ്ചായത്ത് | ടാർ | മെറ്റൽ | മണൽ | നീളം |
|---|---|---|---|---|---|---|---|
| 52. | വില്ലേജ് ഓഫീസ് -സെന്റ് പോൾസ് | | ✓ | | | ✓ | 0.200km |
| 53. | പേക്കടം-പെരിയോത്ത് | | ✓ | | | ✓ | 0.300km |
| 54. | പരുത്തിച്ചാൽ -റെയിൽവേഗേറ്റ് | | ✓ | | | ✓ | 0.300km |
| 55. | പേക്കടം-ബദയിൽ | | ✓ | | | ✓ | 0.300km |
| 56. | ആണ്ടയിൽ-നീലമ്പം | | ✓ | | | ✓ | 0.500km |
| 57. | നീലമ്പം-പള്ളത്തിൽ പള്ളിറോഡ് | | ✓ | | | ✓ | 0.120km |
| 58. | ബീരിച്ചേരി-തട്ടിൽ- സ്കൂൾ-മേനോക്ക് വഴിതട്ടിൽ | | ✓ | | | ✓ | 0.750km |
| 59. | വൾവക്കാട്-തട്ടിൽ | | ✓ | | | ✓ | 0.300km |
| 60. | വൾവക്കാട്-പൂവളപ്പ് | | ✓ | | | ✓ | 0.350km |
| 61. | ഇളംമ്പച്ചി -തെരയിൽ (ഇടവഴി) | | ✓ | | | ✓ | 0.800km |
| 62. | ചെവ്വേരി-മണ്ടമ്പം -പെറുകാനം | | ✓ | | | ✓ | 0.300km |
| 63. | രാമവില്യം ഗേറ്റ് -മുച്ചിലോട്ട് | | ✓ | | | ✓ | 0.400km |
| 64. | പേക്കടം -കുറുവാപള്ളി അറ | | ✓ | | | ✓ | 0.300km |
| 65. | കുന്നച്ചേരി-പൂമാല ഭഗവതി ക്ഷേത്രം | | ✓ | | | ✓ | 0.150km |
| 66. | ഇയ്യക്കാട്-ആനാർ | | ✓ | | | ✓ | 1.000km |
| 67. | വടക്കുംമ്പാട് മസ്ജിദ് പടിഞ്ഞാറെ റോഡ് | | ✓ | | | ✓ | 0.400km |
| 68. | എടാട്ടുമ്മൽ-കൊയാങ്കര | | ✓ | | | ✓ | 0.800km |
| 69. | തങ്കയം-ശ്മശാനം | | ✓ | | | ✓ | 0.800km |
| 70. | തങ്കയം-ടെലിഫോൺ എക്സ്ചേഞ്ച് | | ✓ | | | ✓ | 0.500km |
| 71. | മാരാന്റെ ഇടവഴിറോഡ് | | ✓ | | | ✓ | 0.300km |
| 72. | തങ്കയം കാവിൻ മെട്ട കിണർ വരെ | | ✓ | | | ✓ | 1.000km |
| 73. | ഇളംമ്പച്ചി-വിറ്റാ ക്കുളം (നടപ്പാത) | | ✓ | | | ✓ | 2.000km |

| | | | | | | | |
|---|---|---|---|---|---|---|---|
| 74. | ഒളവറ-കമ്പികടവ് (നടപ്പാത) | | ✓ | | | ✓ | 2.000km |
| 75. | നീമ്പം-ആണ്ടയിൽ | | ✓ | | | ✓ | 0.650km |
| 76. | മൈതാനി-കണ്ണ മംഗലം | | ✓ | | | ✓ | 0.200km |
| 77. | ഇളംമ്പറ്റി-മൈ താനി മസ്ജിദ് | | ✓ | | | ✓ | 0.200km |
| 78. | ബീരിച്ചേരി സ്കൂൾ റോഡ് | | ✓ | | | ✓ | 0.200km |

മേൽകാണിച്ച പട്ടികയിലെ മെറ്റൽ, മണൽ റോഡുകൾ ടാർചെയ്ത് ഗതാഗതയോഗ്യമാക്കേണ്ടതും ടാർചെയ്തിട്ടുള്ള റോഡുകൾ റീസോൾ ചെയ്ത് മെച്ചപ്പെടുത്തേണ്ടതുമാണ്.

തൃക്കരിപ്പൂർ പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് കൂടി കടന്ന് പോകുന്ന P.W.D റോഡാണ് ഒളവറ-കാലിക്കടവ് റോഡ് പഞ്ചായത്തിന്റെ തെക്കെ അറ്റം മുതൽ വടക്കെ അറ്റം വരെ നീണ്ടുകിടക്കുന്ന ഈ റോഡ് 8.000km ദൈർഘ്യം ഉള്ളതാണ്. തൃക്കരിപ്പൂർ പഞ്ചായത്തിന്റെ ഗതാഗത സൗകര്യത്തിൽ ഒരു കുതിച്ചാചാട്ടം ഉണ്ടായത് ഒളവറപാലം ഉണ്ടായതോടുകൂടിയാണ്. അത്വരെ പയ്യന്നൂർ തുടങ്ങിയ ഭാഗങ്ങളിൽ എത്തിപ്പെടമെങ്കിൽ കാലിക്കടവ് വഴി 14.000km ഓളം യാത്രചെയ്യണമായിരുന്നു. 1969ൽ പാലം നിലവിൽ വന്നതോടെ 6.000km ഓളം ദൈർഘ്യം കുറഞ്ഞു. ഈ പാലം യാതാർത്ഥ്യമാക്കുന്നതിൽ മുൻ പഞ്ചായത്ത് ബോർഡ് പ്രസിഡണ്ട് പരേതനായ ശ്രീ.വി.പി.പി.മുഹമ്മദ് കുഞ്ഞി പട്ടേലറുടെ സംഭാവനകൾ സ്മരണീയമാണ്. ഇത് കൂടാതെ തൃക്കരിപ്പൂര് മാത്തിൽ, തൃക്കരിപ്പൂര്, വെള്ളാപ്പ്, ആയിറ്റി എന്നിവയും പഞ്ചായത്തിലെ പ്രധാന P.W.D. റോഡുകളാണ്. കാലിക്കടവ്-ഒളവറ റോഡിൽ ബീരിച്ചേരി മുതൽ ഇളംമ്പച്ചി വരെയുള്ള ഭാഗങ്ങളിൽ അപകടകരങ്ങളായ വളവുകൾ കൂടുതലാണ്. റോഡിലേക്ക് തള്ളിനിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകളും ടെലിഫോൺ പോസ്റ്റുകളും അപകടകാരികളാണ്. ബീരിച്ചേരി റെയിൽവേക്രോസിംഗ് ഒളവറ- കാലിക്കടവ് റോഡിൽ ഗതാഗത കുരുക്ക് സൃഷ്ടിക്കുന്നു. ഇവിടെ ഓവർ ബ്രിഡ്ജ് പണിയണമെന്ന ആവശ്യത്തിന് പഴക്കവും പ്രസ്ക്തിയുമുണ്ട്.

തൃക്കരിപ്പൂർ ടൗണിൽ നിന്നും പടിഞ്ഞാറ് ഭാഗത്തേക്ക് പോകുന്ന P.W.D റോഡാണ് തൃക്കരിപ്പൂർ-വെള്ളാപ്പ്-ആയിറ്റി റോഡ്. ഇതിന്റെ നീളം 3,000km ആണ്. തീരപ്രദേശത്തേക്കുള്ള രണ്ട് കടവ് ഉൾപ്പെടെയുള്ള പ്രദേശത്തേക്കുള്ളതാണിത്.

അടുത്ത പഞ്ചായത്തായ വലിയ പറമ്പിലെ ജനങ്ങൾക്ക് വളരെയേറെ ഉപകരിക്കുന്ന റോഡാണ് ഇത്. ഈ രണ്ട് പഞ്ചായത്തുകളേയും ബന്ധിപ്പിക്കുന്ന ഇടയിലെക്കാട് ബണ്ടി നിലവിൽ വന്നതോടുകൂടി ഈ റോഡിന്റെ പ്രാധാന്യം വർദ്ധിക്കുന്നു. ജനങ്ങളുടെ പ്രധാന ആവശ്യമായ വെള്ളാപ്പ്-ഇടയിലക്കാട്-വലിയപറമ്പ് പാലം യാതാർത്ഥ്യമാവുകയാണെങ്കിൽ ഈ റോഡിന്റെ ഉപയോഗം ഒന്നുകൂടി വർദ്ധിക്കും. മണൽ കയറ്റുന്നതിന് ആയിറ്റി-മാച്ചിക്കാട്-വെള്ളാപ്പ് പ്രദേശങ്ങളിലേക്ക് ഈ റോഡിലൂടെ സഞ്ചരിക്കുന്ന ലോറികളുടെ എണ്ണക്കൂടുതൽ മൂലം കേടുപാടുകൾ ധാരാളമായി ഇവിടങ്ങളിൽ കാണാം. വെള്ളാപ്പ് റെയിൽവേഗേറ്റ് ഗതാഗതകുരുക്കിന് കാരണമാണ് വീതികുറവ് വാഹനതിരക്കേറിയ ഈ റോഡിലെ പ്രധാന പ്രശ്നമാണ്.

മറ്റൊരു P.W.D റോഡ് 3.500km നീളമുള്ള പഞ്ചായത്തിലൂടെ കടന്ന് പോകുന്ന തൃക്കരിപ്പൂർ മാത്തിൽ റോഡാണ്. കരിവള്ളൂര്, മാത്തിൽ എന്നിറിടങ്ങളിലേക്കും മറ്റ് മലയോര മേഖലകളിലേക്കും എളുപ്പത്തിൽ ബന്ധപ്പെടാൻ ഇത് സഹായിക്കുന്നു.

പഞ്ചായത്തിന്റെ സിരാകേന്ദ്രമായ തൃക്കരിപ്പൂര് ടൗൺ ബസ്സ്റ്റോപ്പിൽ ദിവസേന നൂറുകണക്കിനാളുകൾ ബസ് കയറാൻ വരുന്നു. തിരക്കേറിവരുന്ന സ്റ്റോപ്പാണിത്. യാത്രക്കാർക്ക് ബസ് കയറാനും,

ഇറങ്ങാനുമുള്ള സൗകര്യങ്ങൾ വളരെ പരിമിതമാണ്. ഒരു പരിധിവരെ യാത്രക്കാരുടെയും മറ്റും പ്രശ്ന പരിഹാരത്തിനുതകുന്ന രീതിയിൽ പഞ്ചായത്ത് ബസ്സ്റ്റാന്റ് നിർമ്മിച്ചിരുന്നു. ഇതോടൊപ്പം ഷോപ്പിംഗ് കോംപ്ളക്സിന്റെ നിർമ്മാണവും ആരംഭിച്ചിരുന്നു. (ഇത് വഴികടന്ന് പോകുന്ന ബസ്സുകൾ ഒന്നും തന്നെ ഈ ബസ്സ്റ്റാന്റിൽ ഇന്ന് കയറാറില്ല. ബസ്സുകൾ ഇപ്പോഴും റോഡരുകിൽ തന്നെയാണ് നിർത്തുന്നത്) വെയിലത്തും, മഴയത്തും കയറി നിൽക്കാനുള്ള സൗകര്യപ്രദമായ വെയ്റ്റിംഗ് ഷെൽട്ടറോ, യാത്രക്കാർക്കാവശ്യമായ മൂത്രപ്പുരകളോ ഇല്ല. തൃക്കരിപ്പൂർ ടൗൺ, വെള്ളാപ്പ് റോഡ് ജംഗ്ഷൻ, മത്സ്യ മാർക്കറ്റ് ജംഗ്ഷൻ എന്നിവിടങ്ങളിലെ അപകടകാരികളായ വളവുകൾ വീതികൂട്ടുന്നതിനും, അപകടം ഒഴിവാക്കുന്നതിനും നടപടി ഉണ്ടാകേണ്ടിയിരിക്കുന്നു. മഴക്കാലത്ത് റോഡിനിരുവശത്തും വെള്ളം കെട്ടി നിൽക്കുന്നു. വെള്ളം കെട്ടിനിൽക്കുന്നതൊഴിവാക്കാൻ ഓവു ചാലുകളില്ലാത്തിടത്ത് ഓവുചാലുകൾ നിർമ്മിക്കേണ്ടത്യാവശ്യമാണ്.

തൃക്കരിപ്പൂർ ടൗൺ ഇന്ന് വാഹനങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുകയാണ്. ഓട്ടോറിക്ഷകളും കാറുകളും മറ്റും റോഡരുകിലാണ് നിർത്തിയിടുന്നത്. ഇത് അപകടങ്ങൾക്കും, ഗതാഗത കുരുക്കിനും കാരണമാകുന്നു. പഞ്ചായത്തിൽ നിലവിലുള്ള വാഹനങ്ങളുടെ എണ്ണം പട്ടിക 2ൽ കൊടുക്കുന്നു.

പട്ടിക 2

**പഞ്ചായത്തിൽ നിലവിലുള്ള വാഹനങ്ങൾ**

| നമ്പർ | വാഹനങ്ങൾ | എണ്ണം |
|---|---|---|
| 1. | ഓട്ടോറിക്ഷ | 108 |
| 2. | കാർ/ജീപ്പ് | 44 |
| 3. | മിനിലോറി | 16 |
| 4. | ലോറി | 13 |
| | ബസ്സ് | 9 |
| 5. | മോട്ടോർ സൈക്കിൾ | 184 |
| | ആകെ | 374 |

അവലംബം സമഗ്രവികസന സർവ്വേ 1996

ഇത്രയും ഓട്ടോറിക്ഷകളും കാറുകളും ഒക്കെ തന്നെ ടൗണിൽ കേന്ദ്രീകരിച്ചാണ് ഓടുന്നത്. അത് കൊണ്ട് തന്നെ ടൗണിൽ റിക്ഷാ സ്റ്റാന്റ്, ടാക്സി സ്റ്റാന്റ് എന്നിവ അടിയന്തിരമായി നിർമ്മിക്കേണ്ടിയിരിക്കുന്നു. അതേപോലെ നടക്കാവ്, വെള്ളാപ്പ് റോഡ് ജംഗഷൻ എന്നിവിടങ്ങളിലും നിർത്തിയിടുന്ന ഓട്ടോറിക്ഷകൾക്ക് റിക്ഷാസ്റ്റാന്റ് ആവശ്യമാണ്. തൃക്കരിപ്പൂർ ടൗൺ ശാസ്ത്രീയമായി പുനഃസംഘടിപ്പിച്ചാൽ ടൗണിന്റെ മുഖച്ഛായ തന്നെ മാറ്റി എടുക്കാൻ കഴിയും.

പഞ്ചായത്തിലെ ബസ്റൂട്ടുള്ള ഏക റോഡാണ് ഒളവറ-കാലിക്കടവ്. ഏകദേശം 67 സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്നു. കൂടാതെ പടന്ന- തൃക്കരിപ്പൂർ-പയ്യന്നൂർ റൂട്ടിൽ 4 K.S.R.T.C ബസ്സുകളും സർവ്വീസ് നടത്തുന്നുണ്ട്. ഒളവറ-കാലിക്കടവ് റൂട്ടിൽ പഞ്ചായത്ത് പ്രദേശത്ത് 13 ബസ്സ്റ്റോപ്പുകൾ നിലവിലുണ്ട്. ഇതിൽ 11 സ്റ്റോപ്പുകളിൽ ബസ്സ് വെയിറ്റിംഗ് ഷെൽട്ടറുകളുണ്ട്. ഇവയെല്ലാം തന്നെ വിവിധ സംഘടനകൾ നിർമ്മിച്ചതാണ്. കാരോളം, പൂച്ചോൽ എന്നിവിടങ്ങളിൽ ബസ് വെയ്റ്റിംഗ് ഷെൽട്ട

റുകൾ നിർമ്മിക്കേണ്ടതുണ്ട്. നിരവധി ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ ഈ റൂട്ടിൽ സർവ്വീസ് നടത്തുന്നുണ്ടെങ്കിലും പഞ്ചായത്തിലെ 8.000kmനുള്ളിൽ ടൗൺ സ്റ്റോപ്പിൽ മാത്രമാണ് നിർത്തുന്നത്. ഇത്തരം ബസ്സുകൾക്ക് കൂടുതൽ സ്റ്റോപ്പുകൾ പഞ്ചായത്ത് പ്രദേശത്ത് ആവശ്യമാണ്. തൃക്കരിപ്പൂർ-ബാഗ്ളൂർ റൂട്ടിൽ 8 ബസ്സുകൾ നിലവിൽ സർവ്വീസ് നടത്തുന്നുണ്ട്. തൃക്കരിപ്പൂരിൽ നിന്നും മറ്റ് ഭാഗങ്ങളിലേക്ക് ദീർഘദൂരം ബസ് സർവ്വീസുകൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

സാമാന്യം മെച്ചപ്പെട്ട റോഡ് ശൃംഖല നിലവിൽ ഉണ്ടായിട്ടും ബസ് സർവ്വീസുകൾ ഇല്ലാത്തതിനാൽ ജനങ്ങൾ വളരേയേറെ പ്രയാസം അനുഭവിക്കുന്നു. തൃക്കരിപ്പൂർ-ആയിറ്റി, ഒളവറ-കൈക്കോട്ട് കടവ് എന്നീ റൂട്ടുകളിൽ ട്രക്കർ സർവ്വീസ് നിലവിലുണ്ട്. യാത്രക്കാരുടെ വർദ്ധനവിനനുസരിച്ച് ട്രക്കർ സർവ്വീസുകളുടെ എണ്ണവും കൂടിയിട്ടുണ്ട്. കക്കുന്നം, തലിച്ചാലം, പെറുകാനം, കൈക്കോട്ട് കടവ്, ഉടുമ്പുന്തല, മെട്ടമ്മൽ, വെള്ളാപ്പ്, ആയിറ്റി, മണിയനൊടി, പേക്കടം എന്നിവിടങ്ങളിലെ ജനങ്ങൾക്ക് ബസ്സ്റ്റോപ്പുകളിലെത്താൻ വളരെയേറെ ദൂരം നടക്കേണ്ടതായി വരുന്നു.

പട്ടിക 3

**ബസ് സർവ്വീസ് നടത്തുന്നതിന് സാധ്യതയുള്ള റൂട്ടുകൾ**

| | |
|---|---|
| 1. | തൃക്കരിപ്പൂർ-വർവക്കാട്-ഉടുമ്പുന്തല-പയ്യന്നൂർ |
| 2. | തൃക്കരിപ്പൂർ-കരിവെള്ളൂർ-മാത്തിൽ |
| 3. | ആയിറ്റി-തൃക്കരിപ്പൂർ-കരിവെള്ളൂർ-ചീമേനി |
| 4. | പയ്യന്നൂർ-പേക്കടം-ഉദിനൂർ-പടന്ന |
| 5. | വെള്ളാപ്പ്-ആയിറ്റി-എടച്ചാക്കൈ-പടന്ന |
| 6. | മെട്ടമ്മൽ-തൃക്കരിപ്പൂർ-കാഞ്ഞങ്ങാട് |
| 7. | തങ്കയം-കാഞ്ഞങ്ങാട്-പയ്യന്നൂർ-തങ്കയം ആശുപത്രി |
| 8. | തൃക്കരിപ്പൂർ-വടക്കെകൊവ്വൽ-മാത്തിൽ-പയ്യന്നൂർ (സർക്കുലർ സർവ്വീസ്) |

പഞ്ചായത്തിലെ റോഡ് ശൃംഖല മെച്ചപ്പെട്ടതാണെങ്കിലും റോഡുകളുടെ സ്ഥിതിമെച്ചമല്ല. റോഡുകളുടെ നിർമ്മാണത്തിലും വികസനത്തിലും ശാസ്ത്രീയതയും കുറേക്കൂടി ദീർഘവീക്ഷണവും അനുവർത്തിക്കേണ്ടിയിരിക്കുന്നു. പുതിയ റോഡുകൾക്കുള്ള നിർദ്ദേശങ്ങൾ ഉയർന്ന് വരുമ്പോൾ തന്നെ നിർമ്മാണത്തിന് ശാസ്ത്രീയ വശങ്ങൾക്കൂടി കണക്കിലെടുത്ത് രൂപകൽപന ചെയ്യണം. പലറോഡുകളിലും വേണ്ടത്ര കൾവർട്ടുകൾ ഇല്ലാത്തതും, വീതിയില്ലാത്തതും, ഓവുചാലുകൾ ഇല്ലാത്തതും പ്രധാന പ്രശ്നമാണ്. പഞ്ചായത്തിൽ റോഡുകളുടെ വികസനത്തിനായി പുതിയപാലങ്ങൾ പണിയേണ്ട സ്ഥലങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 4

## പാലം ആവശ്യമായ സ്ഥലങ്ങൾ

| നമ്പർ | സ്ഥലങ്ങൾ | നമ്പർ | സ്ഥലങ്ങൾ |
|---|---|---|---|
| 1. | കൊയങ്കര-വൈക്കത്ത് | 2. | എടാട്ടുമ്മൽ-കുണിയൻ |
| 3. | മധുരങ്കൈ റോഡ് പാലം | 4. | ഉളിയം കടവ് റോഡ് പാലം |
| 5. | തലിച്ചാലം അണക്കെട്ട് റോഡ് പാലം | 6. | തട്ടാർക്കടവ്-അന്നൂർ റോഡ് പാലം |
| 7. | പാടിയിൽ പുഴക്ക് റോഡ് പാലം | 8. | വൾവക്കാട്-കൈക്കോട്ട് കടവ് നടപ്പാലം |
| 9. | വൈക്കത്ത്-കുണിയൻ നടപ്പാലം | | |

പട്ടിക 5

## പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

| | | | |
|---|---|---|---|
| 1. | കൊയോങ്കര-മൈത്താണി | 2. | കൊയോങ്കര-കറിവെള്ളൂർ |
| 3. | കൊയോങ്കര-വൈക്കത്ത് | 4. | കാപ്പിൽ-പൂച്ചോൽ കള്ള്ഷാപ്പ് |
| 5. | മൃഗാശുപത്രി-കൊയോങ്കര കോളനി | 6. | കൂലേരി -ഗവ.ഹോസ്പിറ്റൽ |
| 7. | ബീരിച്ചേരി-ബർമ്മ തോട്പാലം വരെ | 8. | ബീരിച്ചേരി-തട്ടിൽ-വൾവക്കാട് ഇടവഴി വീതികൂട്ടുക |
| 9. | മധുരകൈ റോഡുമായി പാലം നിർമ്മിച്ച് വൾവക്കാട് റോഡുമായി ബന്ധപ്പെടുത്തുക. | 10. | ചങ്ങാട്-പറയമ്മാനം ഹരിജൻ കോള നിറോഡ് വിപുലപ്പെടുത്തുക |
| 11. | വയലോടി ചെറിയചാൽ പുഴക്ക് പാലത്തിന് അപ്രോച്ച് | 12. | മധുരകൈ റോഡ് ബണ്ടുമുതൽ മെട്ട മ്മൽ വാട്ടർ ടാങ്ക് വരെ |
| 13. | പറയമ്മാനം റോഡ് നാപ്പയിൽ വഴി മെട്ടമ്മൽ | 14. | കാരോളം-തട്ടിൽ |
| 15. | പൂവളമ്പ്-എടകൈ | 16. | ഇളമ്പച്ചി-വിറ്റാക്കുളം |
| 17. | കരിക്കടവ്-വെണ്ണീറ്റിൻകൈ | 18. | ഇളമ്പച്ചി-മൊത്തക്കടവ് |
| 19. | പുനത്തിൽ-കരിക്കടവ് | 20. | കൈക്കോട്ട്കടവ്-മൊത്തക്കടവ് |
| 21. | ഉടുമ്പുന്തല-തെക്കെവളപ്പ് | 22. | ഉടുമ്പുന്തല-പുനത്തിൽ |
| 23. | കുറ്റിച്ചി-മുട്ടിൽ-കൈപ്പാട് | 24. | ഒളവറ-എടോള-ഉടുമ്പുന്തല |
| 25. | ഉടുമ്പുന്തല-മസ്ക്കത്ത്. | 26. | കുഞ്ഞാലി സ്മാരക വായനശാല മുതൽ വെള്ളം കുതിർഭാഗത്തേക്ക് |

| | | | |
|---|---|---|---|
| 27. | തെക്കുമ്പാട് കൊഴുന്തിൽ റോഡിനെ ഇളമ്പെച്ചിയുമായി ബന്ധപ്പെടുത്തുക. | 28. | കാവിൻമെട്ട-തങ്കയം-ചെറുകാനം |
| 29. | കൈരളി വായനശാല -അണിയിക്കര കൊവ്വൽ | 30. | കക്കുന്നം-അണിയിക്കര കൊവ്വൽ |
| 31. | എടാട്ടുമ്മൽ-കിഴക്കെകര-ചെറുകാനം | 32. | തങ്കയം സ്കൂൾ വഴി കിഴക്കോട്ട പോകുന്ന റോഡ് തങ്കയം ആലും വളപ്പ് റോഡുമായി ബന്ധിപ്പിക്കുക. |
| 33. | തങ്കയം സ്കൂൾ വഴി വടക്കോട്ട് പോകുന്ന റോഡ് മണ്ടമ്പം റോഡുമായി ബന്ധിപ്പിക്കുക. | 34. | ചൊവ്വേരി-ചെറുകാനം റോഡിൽ നിന്നും എടാട്ടുമ്മൽ തോട്ടുമുണ്ട്യകാവിന് പടിഞ്ഞാറുവശത്തുകൂടി |
| 34. | ചൊവ്വേരി-ചെറുകാനം റോഡിൽ നിന്നും എടാട്ടുമ്മൽ തോട്ടുമുണ്ട്യക്കാവിന് പടിഞ്ഞാറ് വശത്തുകൂടി. | 35. | തങ്കയം മുക്കിൽ നിന്നും ഇളച്ചം വയൽ റോഡ് സുബ്രഹ്മണ്യം കോവിൽ വഴി ചെറുകാനം റോഡ് വരെ. |
| 36. | ചെറുകാനം-തങ്കയം -റോഡിൽനിന്ന് വടക്കോട്ട്എടാട്ടുമ്മൽ ആലുവളപ്പ് വരെയുള്ള റോഡ് | 37. | ഒളവറ റെയിൽവേഗേറ്റിന് സമീപത്തു നിന്നും ഗവ.യു.പി.സ്കൂളിന് കിഴക്ക് വശത്തുകൂടി വെള്ളം കുതിർ വരെ |
| 38. | കൊയോങ്കര പള്ളി മുതൽ ആലപ്പള്ളിക്കുളം വരെയുള്ള റോഡ് ഗതാഗത യോഗ്യമാക്കണം. | 39. | എടാട്ടുമ്മൽ-ആയുർവ്വേദ ആശുപത്രി |
| 40. | തൃക്കരിപ്പൂർ-ചൊവ്വേരി-പൂച്ചോൽ | 41. | ചൊവ്വപറമ്പ് റോഡുമായി മണിയനൊടി റോഡ് ഉയരാകൂട്ടി ബന്ധപ്പെടുത്തുക. |
| 42. | ചൊവ്വറമ്പുമായി ആയിറ്റിസ്കൂളിന് സമീപത്തുകൂടി | 43. | ചൊവ്വറമ്പ്-മിലിയാട്ട് റോഡ് എടത്തോട്ട് വഴി തൃക്കരിപ്പൂർ സ്റ്റേഷന്റെ പിറകിലുള്ള റോഡുമായി ബന്ധിപ്പിക്കുക. |
| 44. | ആയിറ്റി ലക്ഷം വീട് കോളനിയിലേക്ക് | 45. | പേക്കടം പടിഞ്ഞാറ് നിന്നും കുറുവാപ്പള്ളി റോഡ് |
| 46. | നടക്കാവ് നിന്നും കിഴക്ക് ഭാഗത്തേക്ക് മൈത്താണിയിലേക്ക് നാട്ടുകാർ നിർമ്മിച്ച വഴി ഏറ്റെടുക്കുക. | 47. | ഇയ്യക്കാട് വായനശാല ചരൽ റോഡിൽ നിന്നുള്ള വഴി |
| 48. | പേക്കടം കുറുവാപ്പള്ളി മുതൽ മിലിയാട്ട് വരെ | 49. | പേക്കടം-ഉദിനൂർ ബൈപ്പാസ് |
| 50. | ഒളവറ വാട്ടർ ടാങ്കിന് മുമ്പിലൂടെ പോകുന്ന ഇടവഴി | 51. | മെട്ടമ്മൽ-ചൂളക്കടവ് |
| 52. | ഒളവറ്റ മുണ്ട്യ-തെക്ക് അക്കരക്കര | 53. | വടക്കെകൊവ്വൽ-കള്ള്ഷാപ്പ് വരെ |

ഗ്രാമസഭകളിൽ നിന്നും ധാരാളം റോഡുകൾക്ക് നിർദ്ദേശങ്ങൾ ഉയർന്ന് വന്നിട്ടുണ്ട്. ഇതൊക്കെ തന്നെ വിശദമായ പഠനത്തിനും, ആസൂത്രണത്തിനും വിധേയമാക്കേണ്ടിയിരിക്കുന്നു. ഓരോ പ്രദേശത്തേയും ജനങ്ങളുടെ ജീവിത സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഇവ നിർമ്മിക്കേണ്ടതാവശ്യമാണ്.

താരതമ്യേന ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളാണ് പഞ്ചായത്തിലെ മിക്ക ഭാഗങ്ങളും. അതോടൊപ്പം തന്നെ പുരയിടവും, പറമ്പുകളും, മതിലുകളും. വേലികളും കെട്ടി സംരക്ഷിക്കുന്ന സമ്പ്രദായം അധികരിച്ച് വരുന്നു. ഇത്തരത്തിൽ വഴി പ്രശ്നം പലപ്പോഴും ഉയർന്ന് വരാറുണ്ട്. പരസ്പര സഹകരണത്തോടെയും വിട്ടുവീഴ്ചകളോടെയും ഇവ പരിഹരിക്കേണ്ടതാണ്. അതേപോലെ തന്നെ, വയലുകളുടെയും, തോടുകളുടെ മുകളിൽ കാൽ നടയാത്രക്കാർക്ക് നിർമ്മിച്ചിരുന്നു. മരപ്പാലങ്ങൾ പഴകി ദ്രവിച്ചിരിക്കുന്നു. ഇവയൊക്കെ കോൺക്രീറ്റ് പാലമാക്കി മാറ്റേണ്ടതുണ്ട്.

# ജലഗതാഗതം

**ആ**ദ്യാകാലത്ത് പഞ്ചായത്തിലെ ജനങ്ങൾ പയ്യന്നൂർ തുടങ്ങിയ ഭാഗങ്ങളിലേക്ക് എത്തിപ്പെടാൻ ഉപയോഗിച്ചത്. കടവുകളായിരുന്നു. ഉളിയം കടവിനെയാണ് പ്രധാനമായും ആശ്രയിച്ചിരുന്നത്. ബോട്ടുകളും, തോണികളും ഗതാഗതം നടത്തിയിരുന്നകടവാണ് വെള്ളാപ്പകടവ്. ഇവിടെ പ്രത്യേക ബോട്ട് ജെട്ടിയുണ്ടായിരുന്നു. വലിയപറമ്പ്, കവ്വായി തുടങ്ങിയ ഭാഗങ്ങളുമായി ബന്ധപ്പെടാൻ ഈ കടവ് ഉപയോഗിച്ചിരുന്നു. ഒളവറപാലം യാതാർത്ഥ്യമായതോടെ ഒളവറ ഉളിയം കടവ് നിശ്ചലമായി. വെള്ളാപ്പ് കടവിൽ ഇടയിലക്കാട് ബണ്ട് പൂർത്തിയായതോടെ ഇവിടുത്തെ കടവും നിശ്ചലമായി വെള്ളാപ്പ് കടവിൽ തോണി നിർമ്മാണത്തിനും ഒരു കാലത്ത് പേരുകേട്ടതായിരുന്നു. ഇന്നിവിടെ ബോട്ടു ജെട്ടിയും, തോണിനിർമ്മിക്കുന്ന പണിപ്പുരയും ഓർമ്മകളിലേക്ക് മാഞ്ഞു പോകുകയാണ്. വലിയ പറമ്പുപഞ്ചായത്തുമായി ബന്ധപ്പെടുത്തുന്ന പ്രധാന കടവായ ആയിറ്റിക്കടവ് ഇന്നും തിരക്കേറിയതുതന്നെയാണ്. ഈ വർഷം മുതൽ ഈ കടവിൽ നിന്നുള്ള വരുമാനം വലിയപറമ്പ്-തൃക്കരിപ്പൂർ എന്നീ പഞ്ചായത്തുകൾക്ക് വീതിച്ചുനൽകാൻ തീരുമാനമായിട്ടുണ്ട്. മാടക്കാൽ ബണ്ടു വന്നതോടെ ഉടുമ്പുന്തലകടവും നിശ്ചലമായി. കൈക്കോട്ട് കടവിൽ ഇപ്പോൾ ഭാഗികമായി നിലവിൽ തോണികൾ കടവ് നടത്തുന്നുണ്ട്. രണ്ട്,മൂന്ന് വർഷം മുമ്പ് നിലച്ചുപോയ കൊറ്റി ബോട്ടു സർവ്വീസ് ആരംഭിക്കണമെന്ന ആവശ്യം ഇനിയം നടപ്പിലാക്കിയിട്ടില്ല. റോഡ് ഗതാഗത രംഗത്ത് അപകടങ്ങൾ വർദ്ധിച്ച് വരുന്ന ഈ സാഹചര്യത്തിൽ ജലഗതാഗതത്തിന് അർഹിക്കുന്ന പ്രാധാന്യം നൽകേണ്ടതുണ്ട്. പുഴകളിലേയും മറ്റും ബണ്ടു നിർമ്മാണം ജലഗതാഗത രംഗത്തെ കുരുക്കിലാക്കുന്ന പ്രശ്നമാണ്.

## റെയിൽവെ

പഞ്ചായത്തിന്റെ മധ്യഭാഗത്തുകൂടി 6.500km നീളത്തിൽ റെയിൽ കടന്ന് പോകുന്നു. പയ്യന്നൂർ റെയിൽവെ സ്റ്റേഷനും, ചന്തേര ട്രെയിൻ ഹാൾട്ടിനും ഇടയിലുള്ള തൃക്കരിപ്പൂർ റെയിൽവേ സ്റ്റേഷൻ ടൗണിലാണ് സ്ഥിതിചെയ്യുന്നത്. വലിയപറമ്പ്, പിലിക്കോട്, കരിവെള്ളൂർ തുടങ്ങിയ പഞ്ചായത്തുകളിലേയും ജനങ്ങൾ ഈ റെയിൽവേ സ്റ്റേഷനെ ആശ്രയിക്കുന്നു. റെയിൽവേ സ്റ്റേഷന്റെ സ്ഥാനം ടൗണിൽ തന്നെ ആയതിനാൽ നാൾക്കുനാൾ യാത്രക്കാരുടെ എണ്ണം വർദ്ധിച്ചു വരുന്നുണ്ട്. ഒളവറ പാലം വരുന്നതിന് മുമ്പ് ദീർഘദൂര യാത്രക്ക് പുറമെ ചരക്കു ഗതാഗതത്തിനും പ്രധാന ആവശ്യമായിരുന്നു. ഇവിടം, ചരക്ക് ഗതാഗതത്തിനായി ഗുഡ്സ് ഷെഡ് പ്രത്യേകം തന്നെയുണ്ടായിരുന്നു. പിന്നീട് ചരക്ക് ഗതാഗതത്തിന് മെച്ചപ്പെട്ട സൗകര്യങ്ങൾ നിലവിൽ വന്നതോടെ പ്രത്യേകിച്ച് ഒളവറ റോഡ് പാലം വന്നതോടെ ഇതിന്റെ ഉപയോഗം കുറഞ്ഞു വന്നു. ഇന്നിപ്പോൾ ചരക്ക് ഗതാഗതത്തിനുള്ള ഗുഡ്സ് ഷെഡ്ഡും മറ്റും അധികൃതർ എടുത്ത് കളഞ്ഞിരിക്കുകയാണ്.

അധികൃതരുടെ മുമ്പിൽ തൃക്കരിപ്പൂർ റെയിൽവേസ്റ്റേഷൻ ബ്ളോക്ക് റെയിൽവേസ്റ്റേഷനാണ്. ഈ സ്റ്റേഷൻ സ്ഥാപിച്ചത് സ്വാതന്ത്ര്യ ലബ്ധിക്കുമുമ്പാണെങ്കിലും അതിന് ശേഷം വികസമൊന്നും ഇവിടെ നടന്നിട്ടില്ല. യാത്രക്കാരുടെ എണ്ണവും, വരുമാനവും കൂടുന്നുണ്ടെങ്കിലും, അതിന് ആനുപാതികമായ യാതൊരു വികസന പ്രവർത്തനവും സൗകര്യവും ഇവിടെയില്ല. 6 പാസഞ്ചർ വണ്ടികളും, 2 എക്സ്പ്രസ് വണ്ടികളും ഇവിടെ നിർത്തുന്നു.

പട്ടിക 8

1995-96 വർഷത്തെ യാത്രക്കാരുടെ എണ്ണവും, വരുമാനവും

| ഇനം | ശരാശരി പ്രതിദിനം | 95-96 വർഷശരാശരി |
|---|---|---|
| സീസൺ | 225 | 91500 |
| മറ്റ് യാത്രക്കാർ | 1021 | 367560 |
| വരുമാനം | 4000 | 14.4ലക്ഷം |

ഉയർത്തി കെട്ടിയ പ്ളാറ്റ്ഫോറത്തിന്റെ നീളം 332 മീറ്റർ ആണ്. ഇത് മൂലം 15 ബോഗികൾ വരെയുള്ള ട്രെയിനുകളിൽ നിന്നുള്ള യാത്രക്കാർക്ക് ഇറങ്ങാനും കയറാനും ബുദ്ധിമുട്ടനുഭവപ്പെടുന്നു. മഴക്കാലത്തും, വേനൽക്കാലത്തും യാത്രക്കാർക്ക് കയറി നിൽക്കാനുള്ള വെയ്റ്റിംഗ് ഷെഡ് വളരെ ഇടുങ്ങിയതാണ്. പ്രധാനപ്പെട്ട പലട്രെയിനുകളും ഇവിടെ നിർത്താത്തത്കൊണ്ട് ദീർഘയാത്രക്കാർക്ക് തൊട്ടടുത്ത സ്റ്റേഷനുകളെയാണ് ആശ്രയിച്ചുവരുന്നത്. പരശുറാം,ലിങ്ക്എക്സ്പ്രസ് തുടങ്ങിയ വണ്ടികൾ ഈ സ്റ്റേഷനിൽ നിർത്തണമെന്നാവശ്യപ്പെടും, വികസനത്തിനും വേണ്ടി സമരപരിപാടികളും മറ്റും ഇവിടെ നടന്ന് വരുന്നു. ഏറെ സാധ്യതകളുള്ള തൃക്കരിപ്പൂർ റെയിൽവേസ്റ്റേഷന്റെ ജനങ്ങളുടെ വികസന പ്രതീക്ഷക്ക് ദശാബ്ദങ്ങളുടെ പഴക്കമുണ്ട്.. ഈ ആവശ്യങ്ങൾ നിറവേറ്റുന്നതിന് അധികൃതർ ഇനിയെങ്കിലും തയ്യാറാവണമെന്നാണ് ജനങ്ങളുടെ ആവശ്യം.

## ഓവർ ബ്രിഡ്ജ്

വാഹനത്തിരക്കേറിയ കാലിക്കടവ് ഒളവറ റോഡിൽ ബീരിച്ചേരി റെയിൽവേ ഗേറ്റ് സൃഷ്ടിക്കുന്ന ഗതാഗതകുരുക്ക് സങ്കീർണ്ണമാണ്. നിർദ്ദിഷ്ഠ ഏഴിമല നേവൽ അക്കാദമി മംഗലാപുരം ഭാഗത്തേക്ക് ബന്ധപ്പെടുത്തുന്നതിന് തിരഞ്ഞെടുത്ത റോഡുകൂടിയാണിത്. അത്കൊണ്ടു തന്നെ നേവൽ അക്കാദമിയുടെ ആവശ്യ പ്രകാരം ഓവർ ബ്രിഡ്ജിന് തീരുമാനമാവുകയും ചെയ്തിരുന്നുവെങ്കിലും അതിന് ശേഷം കാര്യമായ പുരോഗതിയും റെയിൽവെയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല.

## ലെവൽ ക്രോസിംഗ്

തൃക്കരിപ്പൂർ പഞ്ചായത്തിലെ കിഴക്ക് പടിഞ്ഞാറ് ഭാഗങ്ങളെ ബന്ധിപ്പിക്കുന്ന ചില റോഡുകളുടെ പ്രധാന പ്രശ്നമാണ് ലെവൽക്രോസിംഗുകളുടെ അഭാവം. വടക്കെ കൊവ്വൽപേക്കടം, കാരോളം, ചക്രപാണിഅമ്പലം എന്നീ റോഡുകൾ പൂർണ്ണമാവണമെങ്കിൽ ഇവിടങ്ങളിൽ ലെവൽ ക്രോസിംഗുകൾ ആവശ്യമാണ്. ലെവൽ ക്രോസിംഗ് നിലിവിലുള്ള തലിച്ചാലം ഗെയ്റ്റ്, രാമവില്യം ഗെയ്റ്റ് എന്നിവിടങ്ങളിൽ കാവൽക്കാരെ നിയമിക്കേണ്ടത് അത്യാവശ്യമാണ്.

## പ്രശ്നങ്ങൾ

1. നിലവിലുള്ള റോഡുകളുടെ ഗുണനിലവാരക്കുറവ്
2. റോഡുകളുടെ വീതികുറവ്

3. റോഡുകളുടെ നിർമ്മാണത്തിനുള്ള അശാസ്ത്രീയതയും, ദീർഘവീക്ഷണമില്ലായ്മയും

4. പ്രധാനപ്പെട്ട റോഡുകളിൽ കാണുന്ന അപകടകരമായ വളവുകൾ

5. കൾവർട്ടുകളുടെ അഭാവവും, ഡിപ്പുകളുടെ സംരക്ഷണക്കുറവും

6. ഓവുചാലുകളുടെ അഭാവവും നിലവിലുള്ളവയുടെ സംരക്ഷണക്കുറവും

7. റോഡുകളുടെ നീർകെട്ടും അരിക ഇടിച്ചിലും

8. വയലുകൾ തുടങ്ങിയ താഴ്ന്ന പ്രദേശത്തുള്ള റോഡുകളുടെ സംരക്ഷണം

9. ഓട്ടോ സ്റ്റാന്റ്, ടാക്സി സ്റ്റാന്റ് എന്നിവയുടെ അഭാവം

10. പെട്രോൾ, ഡീസൽ തുടങ്ങിയ ഇന്ധനങ്ങൾ എളുപ്പത്തിൽ ലഭ്യമല്ല. പയ്യന്നൂർ നീലേശ്വരം തുടങ്ങിയ സ്ഥലങ്ങളിൽ പോകേണ്ടതുണ്ട്.

11. ദീർഘദൂര വണ്ടികൾക്ക് സ്റ്റോപ്പില്ലാത്തതും, റെയിൽവേസ്റ്റേഷനുകളിലെ സൗകര്യക്കുറവും

12. റോഡുപാലങ്ങളുടെ അഭാവം

## സാധ്യതകൾ

1. റോഡുകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുക

2. ആവശ്യമായ സ്ഥലങ്ങളിൽ റോഡ് നിർമ്മിക്കുക

3. അപകടകരമായ വളവുകൾ ഇല്ലായ്മ ചെയ്ത് റോഡ് നന്നാക്കണം

4. ആവശ്യമായ സ്ഥലങ്ങളിൽ പാലങ്ങൾ പണിയണം

5. റോഡിന്റെ വീതി വർദ്ധിപ്പിച്ച് ബസ്സുകൾ ആരംഭിക്കുക

6. ടാക്സി സ്റ്റാന്റ്, ഓട്ടോസ്റ്റാന്റ് എന്നിവ ആവശ്യമായ സ്ഥലത്ത് സ്ഥാപിക്കുക

7. ഇന്ധനലഭ്യത എളുപ്പമാക്കാൻ പഞ്ചായത്തിൽ പെട്രോൾ പമ്പ് സ്ഥാപിക്കുക

8. പുതിയ റോഡ് നിർമ്മാണത്തിൽ ജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിൽ വാർഡുതലത്തിൽ കൂട്ടായ സംവിധാനം ഏർപ്പെടുത്തുക

# ഊർജ്ജം

**പ**ഞ്ചായത്തിലെ ഭൂരിപക്ഷം വീടുകളിലും പാചകത്തിന് വിറകാണ് ഉപയോഗിക്കുന്നത്. വിറകിന്റെ ലഭ്യത പ്രധാന പ്രശ്നമാണ്. വിറകടുപ്പിൽ നിന്ന് മറ്റ് അടുപ്പുകളിലേക്കുള്ളമാറ്റം വർദ്ധിച്ചു വരുന്നുണ്ട്. മറ്റ് പ്രദേശങ്ങളിൽ നിന്നും പ്രത്യേകിച്ച് മലയോര മേഖലകളിൽ നിന്നുമാണ് വിറക് ലഭിക്കുന്നത്. തെങ്ങിൽ നിന്ന് ലഭിക്കുന്ന വസ്തുക്കളും കൂടുതലായി വിറകിനായി ഉപയോഗിക്കുന്നു. വിറക് വില നാൾക്കുനാൾ വർദ്ധിച്ചു വരുന്നു. മണ്ണെണ്ണ, ഗ്യാസ്,വൈദ്യുതി എന്നിവ പാചകത്തിനായി ഉപയോഗിക്കുന്നവുരുടെ എണ്ണം 1282ആണ് ഇത് ആകെ ഉപഭോക്താക്കളുടെ 25.9% വരും

പട്ടിക 1

**വീടുകളിലെ അടുപ്പുകളുടെ ഇനം തിരിച്ചുള്ള വിവരം**

| നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | വിറക് അടുപ്പ് | 4904 |
| 2. | പുകയില്ലാത്ത് അടുപ്പ് | 318 |
| 3. | പൊടിയടുപ്പ് | 84 |
| 4. | മണ്ണെണ്ണ സ്റ്റൗ | 668 |
| 5. | ഇലക്ട്രിക് സ്റ്റൗ | 47 |
| 6. | ഗ്യാസ് | 567 |
| 7. | മറ്റുള്ളവ | 25 |

ദക്ഷത കൂടിയ അടുപ്പുകളും സൗരകുക്കറുകളും പഞ്ചായത്തിൽ കുറവാണ്. ദക്ഷത കൂടിയ അടുപ്പുകളുടെ ഉപയോഗം അടുത്തകാലത്തായി പ്രചാരം നേടിയിട്ടുണ്ട്. സൗരകുക്കറുകളും ദക്ഷത കൂടിയ അടുപ്പുകളുമായി ജനങ്ങൾ പൊരുത്തപ്പെടേണ്ടതുണ്ട്. അതു പോലെ തന്നെ ഇത്തരം അടുപ്പുകൾക്കുണ്ടാകുന്ന കേടുപാടുകൾ തീർക്കുന്നതിനുള്ള സംവിധാനങ്ങൾ പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കണം. ബയോഗ്യാസ് പ്ളാന്റുകൾ ചിലവീടുകളിൽ തുടങ്ങിയിരുന്നുവെങ്കിലും ഇന്ന് ഉപയോഗ ശൂന്യമാണ്.

## വൈദ്യുതി

തൃക്കരിപ്പൂർ പഞ്ചായത്തിൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് നിലവിലുണ്ട്. പിലിക്കോട് മേജർ സെക്ഷൻ ഓഫീസിന്റെ കീഴിലാണിത്. തൃക്കരിപ്പൂർ ടൗണിൽ തന്നെയാണ് സെക്ഷൻ ഓഫീസ് സ്ഥിതി ചെയ്യുന്നത്. കാഞ്ഞോൽ സബ്സ്റ്റേഷനിൽ നിന്നുമാണ് പഞ്ചായത്തിലേക്ക് വൈദ്യുതി ലഭിക്കുന്നത്. പഞ്ചായത്തിലെ ട്രാൻസ് ഫോർമറുകളുടെ എണ്ണവും ഗുണഭോക്താക്കളുടെ എണ്ണവും പരിശോധി

ച്ചാൽ മിക്കതും അധിക ഭാരം ചുമക്കുന്നതായി കാണാം. വീട്ടാവശ്യത്തിനും കാർഷികാവശ്യത്തിനു മാണ് കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നത്. വ്യവസായികാവശ്യത്തിന് ഉപയോഗിക്കുന്ന വൈദ്യുതി യുടെ തോത് കുറവാണ്. ഇനിയും ധാരാളം അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കേണ്ടതുണ്ട്. പഞ്ചായത്തിലെ ആകെ വൈദ്യുതി ലൈൻ നീളം 95-7Km ആണ്. നിലവിലുള്ള വൈദ്യുതി കണ ക്ഷന്റെ ഇനം തിരിച്ചുള്ള പട്ടിക 2

പട്ടിക 2

## നിലവിലുള്ള വൈദ്യുതി കണക്ഷൻ

| നമ്പർ | ഇനം | സിങ്കിൾ ഫേസ് | ത്രീഫേസ് | ആകെ |
|---|---|---|---|---|
| 1. | ഗാർഹികം | 3197 | 296 | 3493 |
| 2. | വ്യാപാരം | 171 | 22 | 193 |
| 3. | വ്യവസായികം | 15 | 69 | 84 |
| 4. | കാർഷികം | 738 | 62 | 800 |

പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും വൈദ്യുതി എത്തിക്കഴിഞ്ഞുവെങ്കിലും പഞ്ചായത്തിലെ വൈദ്യുത ഉപഭോക്താക്കൾ അനുഭവിക്കുന്ന പ്രധാന പ്രശ്നം വോൾട്ടേജ് ക്ഷാമമാണ്. ഇത് പരിഹരി ക്കുന്നതിന് വേണ്ടി ചില പദ്ധതികൾക്ക് അനുമതിയായിട്ടുണ്ട്. വടക്കെ കൊവ്വലിൽ 200 മീ നീളത്തിൽ 11Kv ലൈൻ വലിച്ച് 100 K.V.A യുടെ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുവാനുള്ള പ്രാരംഭ നടപടികളാ യിട്ടുണ്ട്.

എടാട്ടുമ്മൽ, തട്ടാർകടവ് റോഡ്, തൈക്കീനാട്, മെട്ടമ്മൽ, പേക്കടം, ഇളിനൂർ സൗത്ത്, എന്നിസ്ഥ ടങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും നടപടിയായിട്ടുണ്ട്. കൂടാതെ എടാട്ടുമ്മൽ, പരുത്തി ച്ചാൽ, മണ്ടമ്പം, കക്കുന്നം എന്നീ സ്ഥലങ്ങളിൽ നിലവിലുള്ള സിങ്കിൾ ഫേസ് ലൈൻ ത്രീഫേസ് ആക്കുന്നതിനും അനുമതിയായിട്ടുണ്ട്.

തൃക്കരിപ്പൂർ പ്രദേശത്തിന്റെ മൊത്തത്തിലുള്ള വൈദ്യുത പ്രശ്നത്തിന് പരിഹാരമെന്നോണം കാങ്കോൽ സബ്സ്റ്റേഷനിൽ നിന്ന് വെള്ളൂർ. കുന്നിയൻ വഴി 11KV ലൈൻ വലിക്കുന്നതിനുള്ള ജോലി കൾ ഇതിനകം ആരംഭിച്ചുവെങ്കിലും ഇപ്പോൾ യാതൊരു പ്രവർത്തനവും നടക്കുന്നില്ല. പ്രേഷണ വിതരണ രംഗത്തുള്ള നഷ്ടം കുറക്കുന്നതിന് ലൈനുകൾ തൊട്ടുകിടക്കുന്ന തെങ്ങോലകളും മര ക്കൊമ്പുകളും മുറിച്ചു മാറ്റുക. കാലഹരണപ്പെട്ട ലൈനുകൾ മാറ്റി സ്ഥാപിക്കുക. എന്നിവ ചെയ്യേണ്ട താണ്.

പ്രേഷണ സംവിധാനത്തിന്റെ തകരാറാണ് വൈദ്യുതി നഷ്ടത്തിന്റെ പ്രധാന കാരണം. ട്രാൻസ് ഫോർമറുകളുടെ അമിത ഭാരവും മറ്റൊരു കാരണമാണ്.

പഞ്ചായത്തിൽ നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 3

## നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ സ്ഥാനവും കപ്പാസിറ്റിയും

| നമ്പർ | സ്ഥാനം | കപ്പാസിറ്റി | നമ്പർ | സ്ഥാനം | കപ്പാസിറ്റി |
|---|---|---|---|---|---|
| 1 | നടക്കാവ് | 100 K.V.A | 2. | കൊയോങ്കര | 100 K.V.A |
| 3. | പൂച്ചോൽ | 160 " " | 4. | തൃക്കരിപ്പൂർ | 250" " |
| 5. | തൃക്കരിപ്പൂർ | 250 " " | 6. | തങ്കയം | 160 " " |
| 7. | കൂലേരി | 100 " " | 8. | ചക്രപാണി | 100" " |
| 9. | തലിച്ചാലം | 63 " " | 10. | തലിച്ചാലം | 100" " |
| 11. | ഇളമ്പച്ചി | 250" " | 12. | ബിരിച്ചേരി | 160 " " |
| 13. | നിലമ്പം | 160 " " | 14. | നീലമ്പം | 100 " " |
| 15. | ഉദിനൂർ | 160 " " | 16. | ആയിറ്റി | 100 " " |
| 17. | വെള്ളാപ്പ് | 100 " " | 18. | ഉടുമ്പന്തല | 250 " " |
| 19. | ഉളിയം | 100 " " | 20. | ഒളവറ | 23 " " |
| 21. | കുറ്റിച്ചി | 100 " " | 22. | മെട്ടമ്മൽ | 100 " " |
| 23. | മധുരങ്കൈ | 63 " " | 24. | കാരോളം | 100 " " |
| 25. | കൈക്കോട്ട്കടവ് | 100 " " | 26. | പൊറോപ്പാട് | 160 " " |
| 27. | ലീമഒളവറ | 63 " " | | | |

പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും വൈദ്യുതി എത്തി എങ്കിലും എല്ലാ വീടുകളിലും വൈദ്യുതി എത്തിയിട്ടില്ല. പഞ്ചായത്തിലെ 35.4 % വീടുകളിലും ഇനിയും വൈദ്യുതിലഭിക്കേണ്ടതുണ്ട്.

പട്ടിക 4

## കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം

| | | |
|---|---|---|
| 1. | ഓർഡിനറി | 175 |
| 2. | ഒ.ടി.പി | 7 |
| 3. | ഒ.വൈ.ഇ.സി | 30 |

പഞ്ചായത്തിൽ ആകെ 10 ഹരിജൻ കോളനികളാണ്. ഇതിൽ 7 കോളനികളിലും വൈദ്യുതീകരണം നടന്നു. ബാക്കിയുള്ള 3 ഹരിജൻ കോളനികളും വൈദ്യുതീകരിക്കേണ്ടതുണ്ട്. നിലവിലുള്ള

ട്രാൻസ്ഫോർമറുകളുടെ അധികഭാരം കുറക്കുന്നതിന്വേണ്ടി കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതുണ്ട്.

പട്ടിക 5

**വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ**

| നമ്പർ | കോളനികൾ | നമ്പർ | കോളനികൾ |
|---|---|---|---|
| 1 | തലിച്ചാലം | 2 | തൈക്കീൽ |
| 3. | ഒളവറ | 4. | വയലോടി |
| 5. | കുറ്റിച്ചി | 6. | പറയമ്മാനം (ബർമ്മ) |
| 7. | മിലിയാട്ട് | | |

പട്ടിക 6

**ട്രാൻസ്ഫോർമർ ആവശ്യമായ സ്ഥലങ്ങൾ**

| നമ്പർ | സ്ഥലം | നമ്പർ | സ്ഥലം |
|---|---|---|---|
| 1. | മണിയനൊടി | 2 | ചൊവ്വറമ്പ് |
| 3. | ആയിറ്റി | 4. | മരാന്റിടവഴി |
| 5. | ബീരിച്ചേരി സ്ക്കൂളിന് സമീപം | 6. | മധുരങ്കൈ |
| 7. | കൈരളി വായനശാലക്കടുത്ത് | 8. | തങ്കയം ആലും വളപ്പ് |
| 9. | മെട്ടമ്മൽ വാട്ടർ ടാങ്ക് | 10. | വയലോടി കോളനി |
| 11. | ഉടുമ്പുന്തല തെക്കെ വളപ്പ് | 12. | തെക്കുമ്പാട് |
| 13. | വിറ്റാക്കുളം | 14. | തട്ടാർ കടവ് പാലത്തിനടുത്ത് |
| 15. | തങ്കയം മുക്ക് | 16. | വൾവക്കാട് |

പലഭാഗങ്ങളിലും ഇനിയും തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള തെരുവ് വിളക്കുകൾ പ്രവർത്തിപ്പിക്കുന്നതിൽ ഇലക്ട്രിക്സിറ്റിക്കുള്ള അനാസ്ഥ ശ്രദ്ധേയമാണ്. ഇപ്പോൾ 491 ബൾബുകളു, 20 ഫ്ളൂറസന്റ് റ്റ്യൂബുകളും 5 സോഡിയം പേപ്പർ ലാമ്പുകളും തെരുവ് വിളക്കിന് ഉപയോഗിക്കുന്നു. 73260 രൂപ വൈദ്യുത ആവശ്യത്തിനായി പഞ്ചായത്ത് കഴിഞ്ഞ വർഷം ചിലവഴിച്ചു. വിവിധ ഭാഗങ്ങളിലേക്കുള്ള വഴികളിൽ പ്രധാന സ്ഥലങ്ങളിൽ സോഡിയം പേപ്പർ ലാമ്പുകളും സ്ഥാപിക്കേണ്ടിയിരിക്കുന്നു.

പട്ടിക 7

## തെരുവ് വിളക്ക് സ്ഥാപിക്കേണ്ട റോഡുകൾ

| | |
|---|---|
| ഇയ്യക്കാട് വായനശാല - റോഡ് | എടാട്ടുമ്മൽ റോഡ് |
| വടക്കെക്കൊവ്വൽ-കാപ്പിൽ-മുണ്ട്യ | പോസ്റ്റാഫീസ്-സെന്റ് പോൾസ് സ്കൂൾ |
| റെയിൽവേ സ്റ്റേഷൻ-കാളീശ്വം ജംഗ്ഷൻ | മണിയനൊടി-ആയിറ്റികടവ് |
| തങ്കയം-ശ്മശാനം റോഡ് | ബീരിച്ചേരി-തൈക്കീൽ കോളനി |
| മേനോക്ക് ബീരിച്ചേരി പാലം | മെട്ടമ്മൽ-മൂലയിൽ കടവ് |
| മെട്ടമ്മൽ മധുരങ്കൈ | മെട്ടമ്മൽ വെള്ളാപ്പ് |
| മെട്ടമ്മൽ-ചൂളയിൽ കടവ് | വെള്ളാപ്പ്-തൈക്കീൽ |
| ഇളമ്പച്ചി-വി.കെ.പി.റോഡ് | കണ്ണമംഗലം റോഡ് |
| വൾവക്കാട്-മേനോക്ക് | ഇളമ്പച്ചി-വിറ്റാക്കുളം |
| ഒളവറ-ഉടുമ്പുതല-മൊത്തക്കടവ് | കൈക്കോട്ട് കടവ്-പൂവളപ്പ് |
| ഇളമ്പച്ചി-വാട്ടർ ടാങ്ക് | ഉടുമ്പുന്തല-കുറ്റിച്ചി |
| ഒളവറ-മൊത്തക്കടവ് | ഉടുമ്പുന്തല-മാടക്കൽ ബണ്ട് |
| മസ്കത്ത് റോഡ് | പുനത്തിൽ റോഡ് |
| ഒളവറ-ഉളിയംകടവ് | ഒളവറ-തെരയിൽ |
| തെക്കുമ്പാട്-കൊഴുത്തിൽ | തലിച്ചാലം റെയിൽവേ ഗേറ്റ് മുതൽ കിഴക്കോട്ട് |
| തട്ടാറക്കടവ്-മരപ്പാലം | കക്കുന്നം-തലിച്ചാലം അണക്കെട്ട് |
| ആലും വളപ്പ്-ചെറുകാനം | എടാട്ടുമ്മൽ-കിഴക്കെകര റോഡ് |
| ആശുപത്രി-മാടത്തിൽ കീഴ്ക്ഷേത്രം | ഗെയിറ്റ്-അണക്കെട്ട് |
| ഉടുമ്പുന്തല-ഒളവറ മുണ്ട്യ | ബീരിച്ചേരി-മെട്ടമ്മൽ |
| തൃക്കരിപ്പൂർ-നീലമ്പം റോഡ് | ചെറുകാനം റോഡ്-എടാട്ടുമ്മൽ ആവറോണ്ടൻ കളരി |
| മാരാന്റിടവഴി ആയുർവ്വേദ ആശുപത്രി | മിനി എസ്റ്റേറ്റിന്റെ കിഴക്ക് വശത്തുകൂടി തലിച്ചാലം വരെ |
| പൂച്ചോൽ കള്ള് ഷാപ്പിന് സമീപം | ചേറുമ്മകാവ് മുതൽ-കുറുമ്പ ഭഗവതി ക്ഷേത്രം വരെ |

ഇത് കൂടാതെ വയലോടി ഹരിജൻ കോളനി, വൾവക്കാട് തട്ടിൽ ജംഗ്ഷൻ, എന്നിവിടങ്ങളിൽ സൗരോർജ്ജവിളക്കുകൾ സ്ഥാപിക്കാനും ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. സ്ഥാപിക്കണം എന്ന ആവശ്യം ജനങ്ങളിൽ നിന്നുണ്ടായിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. വോൾട്ടേജ് ക്ഷാമം

2. തുടർച്ചയായി വൈദ്യുതി ലഭിക്കുന്നതിലുള്ള തടസ്സങ്ങൾ

3. തൃക്കരിപ്പൂർ ഫീഡറിന്റെ നിർമ്മാണത്തിലെ അനിശ്ചിതത്വം

4. ത്രീ ഫെയ്സ് ലൈനുകളുടെ അഭാവം

5. ലൈനുകളുടെയും, ട്രാൻസ് ഫോർമറുകളുടെയും അധികഭാരം

6. തെരുവ് വിളക്കുകളുടെ എണ്ണക്കുറവും, നിലവിലുള്ളവയുടെ പ്രവർത്തനക്കുറവും

7. വർദ്ധിച്ചു വരുന്ന സറ്റെപ്പ് അപ്പുകളുടെ ഉപയോഗം

8. ഇലക്ട്രിക് സിറ്റി ജീവനക്കാരുടെ താത്പര്യക്കുറവ്

9. പ്രേഷണ വിതരണത്തിലുണ്ടാവുന്ന നഷ്ടം

10. വ്യവസായ സംരംഭങ്ങൾക്കും, കാർഷികാവശ്യത്തിനും വൈദ്യുതിനൽകുന്നതിലുള്ള സങ്കീർണ്ണതകളും അത് മൂലമുണ്ടാകുന്ന കാലതാമസവും

11. ആവശ്യത്തിനും അനാവശ്യത്തിനുമുള്ള ദുർവ്യയം

12. വിറക്ക്ഷാമവും വിറക് വിലവർദ്ധനവും

13. ഗ്യാസ് കണക്ഷൻ ലഭിക്കുന്നതിലെ കാലതാമസം

14. ദക്ഷതകൂടിയ അടുപ്പുകളുടെ ഉപയോഗക്കുറവും, ഇത്തരം അടുപ്പുകളുടെ കേടുപാടുകൾ തീർക്കുന്നതിലെ വിദഗ്ദരുടെ ദൗർബല്ല്യവും

15. ഇനിയും വൈദ്യുതീകരണം നടത്തിയിട്ടില്ലാത്ത കോളനികളും വീടുകളും.

16. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ പ്രചാരക്കുറവും ഉപയോഗക്കുറവും

## സാധ്യതകൾ

1. പ്രേക്ഷണ വിതരണ നഷ്ടം കുറക്കാൻ കാലഹരണപ്പെട്ട് ലൈനുകൾ മാറ്റുക. മരക്കമ്പുകളും തെങ്ങോലകളും മുറിച്ചുമാറ്റുക.

2. കാങ്കോൽ-തൃക്കരിപ്പൂർ ഫീഡറിന്റെ നിർമ്മാണത്തിലെ തടസ്സം നീക്കി പ്രവർത്തനക്ഷമമാക്കുക.

3. ട്രാൻസ് ഫോർമറുകളുടെയും ത്രീ ഫെയ്സ് ലൈനുകളുടെയും എണ്ണം വർദ്ധിപ്പിക്കുക.

4. ആവശ്യമായ സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക തെരുവ് വിളക്കുകളുടെ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിനും കേടുപാടുകൾ തീർക്കുന്നതിനും സ്ഥിരസംവിധാനം ഏർപ്പെടുത്തുക.

5. ചെറുവത്തൂർ-കണ്ണാടിപ്പാറ ആരംഭിക്കാൻ തീരുമാനിച്ച 110KV സബ്സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുക.

6. ദക്ഷതകൂടിയ അടുപ്പുകളുടെയും സൗരോർജ്ജവിളക്കുകളുടെയും പ്രചരണവും. പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കുകയും ചെയ്യുക.

7. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ ഉപയോഗ പ്രദമാക്കുന്നതിന് പ്രചരണവും അറിവും ജനങ്ങൾക്ക് നൽകുക.

8. വിറക് ക്ഷാമം പരിഹരിക്കുന്നതിലുള്ള നടപടികൾ പഞ്ചായത്ത് തലത്തിൽ ഉണ്ടാക്കുക.

9. ഗ്യാസ് കണക്ഷൻ ലഭിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ ഏജൻസികളുടെ ഏരിയ പുരുക്കുകയും ക്വാട്ട വർദ്ധിപ്പിക്കുകയും ചെയ്യുക.

# മാർക്കറ്റ്

**തൃ**ക്കരിപ്പൂർ പഞ്ചായത്തിൽ നടക്കാവ്, ഇളമ്പച്ചി എന്നിവിടങ്ങളിൽ രണ്ട് ആഴ്ച ചന്തകൾ ഉണ്ടായിരുന്നു. തൃക്കരിപ്പൂരിന്റെ സമൃദ്ധിയും, സ്വാശ്രയത്ത്വവും വിളിച്ചറിയിക്കുന്നതായിരുന്നു ഈ ആഴ്ച ചന്തകൾ. കരിവള്ളൂർ, വെള്ളൂർ, കാറമേൽ, പെരുമ്പ എന്നിവിടങ്ങളിൽ നിന്നും ചന്തയിലേക്ക് ആളുകൾ വന്നിരുന്നു. മെച്ചപ്പെട്ട യാത്രാ സൗകര്യുവും, വിപണനസൗകര്യവും നിലവിൽ വന്നതോടെ ഈ ചന്തകൾ ക്ഷയിച്ചുവരുന്നു. ഇളമ്പച്ചിയിൽ ചന്തകളുടെ ആരവവും ഐശ്വര്യവും കളിയാടിയിരുന്ന ആലിൻ ചുവടുകൾ ഇന്ന് തീർത്തും ശൂന്യമായിരിക്കുന്നു. ഇനിയും തിരിച്ചു വരാത്ത ചന്തയുടെ ഓർമ്മകൾ മാത്രമവശേഷിക്കുന്നു. നടക്കാവിൽ വളരെ പ്രൗഡിയോടെ നടന്നു വന്നിരുന്ന ആഴ്ച ചന്തയും ക്ഷയിച്ചു വരികയാണ്. ആഴ്ചചന്തക്കുവേണ്ടി പഞ്ചായത്ത് ഇവിടെ ചന്തപ്പുര പണിതിട്ടുണ്ട്. കാർഷികോല്പാദനം കുറയുകയും, ജീവിതോപാധികൾ മാറിവരികയും വ്യാപാര കേന്ദ്രങ്ങൾ ആധിപത്യമുറപ്പിക്കുകയും ചെയ്തതോടെ ചന്തകൾ ശൂന്യമായിവരുന്നു.

പഞ്ചായത്തിലെ വ്യാപാര വാണിജ്യ കേന്ദ്രം തൃക്കരിപ്പൂർ ടൗണാണ്. പഞ്ചായത്തിലെയും, വലിയ പറമ്പപഞ്ചായത്തിലേയും ജനങ്ങൾ ഇവിടെയെത്തുന്നു. കച്ചവട സ്ഥാപനങ്ങളിലധികവും സ്വകാര്യ വ്യക്തികൾ നടത്തുന്നവയാണ്. പ്രധാന കാർഷികോല്പന്നമായ കൊപ്രസംഭരണം നടത്തുന്നതും സ്വകാര്യ സ്ഥാപനങ്ങളാണ്. ഇവിടെയുണ്ടായിരുന്ന കേരഫെഡിന്റെ കൊപ്രസംഭരണം കേന്ദ്രം ഇന്നില്ല.

പഞ്ചായത്തിലെ മാവേലി സ്റ്റോർ പ്രവർത്തിക്കുന്നത് ടൗണിൽ ആണ്. പഞ്ചായത്തിൽ മൂന്ന്

സഹകരണ കൺസ്യൂമർ സ്റ്റോറുകൾ നിലവിലുണ്ട്. ജനങ്ങൾ അധികവും ആശ്രയിക്കുന്നത് മറ്റ് കച്ചവട സ്ഥാപനങ്ങളെയാണ്. സാധനങ്ങളുടെ ലഭ്യതക്കുറവും ഗുണനിലവാരക്കുറവും ആണിതിന് കാരണം. സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ "സുലഭ" പച്ചക്കറി വിപണനകേന്ദ്രവും ടൗണിൽ ഉണ്ട്. പഞ്ചായത്ത് ടൗണിൽ ഒരു ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മിച്ചിരിക്കുന്നു. ഇതിൽ ഒന്ന് ഒഴികെ ബാക്കി എല്ലാം സ്വകാര്യ വ്യക്തികളുടെ കൈവശമാണ്.

വളരെ തിരക്കേറിയതും വരുമാനമാർഗ്ഗവുമാണ് പഞ്ചായത്തിന്റെ കീഴിലുള്ള മത്സ്യമാർക്കറ്റ്. മത്സ്യമാർക്കറ്റിൽ നിന്ന് പഞ്ചായത്തിന് 22110 രൂപയാണ് കഴിഞ്ഞവർഷത്തെ വരുമാനം. മത്സ്യമാർക്കറ്റിൽ അനധികൃതമായി നിർത്തിയിടുന്ന വാഹനങ്ങൾ തിരക്ക് സൃഷ്ടിക്കുന്നു. മത്സ്യമാർക്കറ്റിൽ നിന്നുള്ള അവശിഷ്ടങ്ങളും മറ്റും നീക്കം ചെയ്യുന്നതിലുള്ള സൗകര്യത്തിന്റെ അപര്യാപ്തത പ്രധാന പ്രശ്നമാണ്. മത്സ്യമാർക്കറ്റിന്റെ ശുചീകരത്തിന് സ്ഥിര സംവിധാനം ഏർപ്പെടത്തേണ്ടതാണ്.

പഞ്ചായത്തിൽ ഇറച്ചി വിൽപന കേന്ദ്രങ്ങൾ നിലവിലുണ്ടെങ്കിലും ആധുനിക രീതിയിലുള്ള അറവുശാലകളുടെ ആഭാവം ശ്രദ്ധേയമാണ്. പഞ്ചായത്തിന്റെ കീഴിൽ പൊതു അറവുശാലകൾ സ്ഥാപിക്കേണ്ടിയിരിക്കുന്നു. കോഴി വളർത്തൽ കേന്ദ്രങ്ങൾ പരിമിതമാണെങ്കിലും വിൽപന കേന്ദ്രങ്ങൾ ധാരാളമുണ്ട്.

## പരിഹാര മാർഗ്ഗങ്ങൾ

1. കൊപ്രസംഭരണ കേന്ദ്രം സ്ഥാപിക്കേണ്ടതാണ്.

2. ആഴ്ചചന്തകൾ പുനരാരംഭിക്കുന്നതിന് പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടിയിരിക്കുന്നു. ചൊവ്വേരി മുക്കിൽ ആഴ്ചചന്തക്കുള്ള സാധ്യത പഠിച്ച് പ്രവർത്തനങ്ങൾ നടത്തണം.

3. പഞ്ചായത്തിൽ പൊതു അറവുശാല സ്ഥാപിക്കേണ്ടിയിരിക്കുന്നു.

4. മത്സ്യമാർക്കറ്റിന്റെയും, ബസാറിന്റെയും ശുചീകരണത്തിന് സ്ഥിര സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

5. നിലവിൽ നിർമ്മാണത്തിലിരിക്കുന്ന ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോപ്ളക്സ് പണിപൂർത്തിയാക്കേണ്ടിയിരിക്കുന്നു.

6. സഹകരണ മേഖലയിൽ മെച്ചപ്പെട്ട കൂടുതൽ വ്യാപാര വിപണനകേന്ദ്രങ്ങൾക്കുള്ള സാധ്യതകൾ പരിശോധിക്കേണ്ടിയിരിക്കുന്നു.

7. സഹകരണ മേഖലയിൽ മെച്ചപ്പെട്ട കൂടുതൽ വ്യാപാര കേന്ദ്രങ്ങൾക്കുള്ള സാധ്യതകൾ പരിശോധിക്കേണ്ടിയീരിക്കുന്നു.

# പാർപ്പിടവും സാമൂഹ്യക്ഷേമവും

തെങ്ങിൻ തോപ്പുകളും നെൽവയലുകളും ചേർന്ന വടക്കെ തൃക്കരിപ്പൂർ തെക്കെ തൃക്കരിപ്പൂർ എന്നീ രണ്ട് വില്ലേജുകൾ ചേർന്നതാണ് തൃക്കരിപ്പൂർ ഗ്രമപഞ്ചായത്ത്. കർഷകതൊഴിലാളികളും കെട്ടിടനിർമ്മാണതൊഴിലാളികളും, മത്സ്യതൊഴിലാളികളും, ബീഡി,കൈത്തറി, ഖാദി മേഖലകളിൽ തൊഴിൽ ചെയ്യുന്നവരും ഉള്ള പ്രദേശമാണ്. ഗൾഫ് മേഖലയെ ആശ്രയിച്ച് കഴിയുന്ന കുറെയധികം കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. അടുത്ത കാലത്തായി കോൺക്രീറ്റ് വീടുകൾക്ക് ഭീമമായ തുക ചെലവാക്കുന്നതായി കാണുന്നു.

വീടുകളുടെ തരം സൂചിപ്പിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു

പട്ടിക 1

| വാർഡ് | ഓല | ഓട് | ടെറസ്സ് | മററുള്ളവ | ആകെ |
|---|---|---|---|---|---|
| 1 | 38 | 294 | 82 | 36 | 450 |
| 2 | 11 | 216 | 132 | 46 | 405 |
| 3 | 10 | 162 | 187 | 25 | 384 |
| 4 | 39 | 260 | 100 | 32 | 431 |
| 5 | 2 | 107 | 128 | 40 | 277 |
| 6 | 23 | 100 | 87 | 58 | 268 |
| 7 | 27 | 148 | 134 | 59 | 368 |
| 8 | 16 | 156 | 117 | 34 | 323 |
| 9 | 6 | 189 | 134 | 53 | 382 |
| 10 | 110 | 106 | 60 | 42 | 318 |
| 11 | 25 | 293 | 183 | 73 | 574 |
| 12 | 5 | 225 | 92 | 38 | 360 |
| 13 | 22 | 192 | 139 | 59 | 412 |
| ആകെ | 334 | 2448 | 1575 | 595 | 4952 |

*(അവലംബം : സമഗ്രവികസനസർവ്വെ '96)*

പഞ്ചായത്തിൽ മൊത്തം 4952 വീടുകളുണ്ട്. ഇതിൽ 2448 ഓട് മേഞ്ഞവയും 1575 കോൺക്രീറ്റ് കെട്ടിടങ്ങളും 334 ഓലമേഞ്ഞതും ആണ്. 595 മറ്റ് വീടുകളും ഉണ്ട്

പട്ടിക - 2

**വീടിൻെറ അടിസ്ഥാനസൗകര്യങ്ങൾ**

| വാർഡ് | ആകെ വീട് | കക്കൂസ് ഇല്ലാത്ത കുടുംബങ്ങൾ | വൈദ്യുതി കണക്ഷൻ ഇല്ലാത്ത കുടുംബങ്ങൾ |
|---|---|---|---|
| 1 | 450 | 195 | 223 |
| 2 | 405 | 89 | 96 |
| 3 | 384 | 43 | 67 |
| 4 | 431 | 149 | 163 |
| 5 | 277 | 37 | 84 |
| 6 | 268 | 122 | 53 |
| 7 | 368 | 90 | 80 |
| 8 | 323 | 62 | 54 |
| 9 | 382 | 175 | 86 |
| 10 | 318 | 152 | 68 |
| 11 | 574 | 288 | 152 |
| 12 | 360 | 58 | 78 |
| 13 | 412 | 69 | 98 |
| ആകെ | 4952 | 1449 | 1302 |

*(അവലംബം: സമഗ്രവികസനസർവ്വെ '96)*

പട്ടിക - 3

**വീടുനിർമ്മാണം**

| വർഷം | ഓലമേഞ്ഞത് | ഓട് | കോൺക്രീറ്റ് | ആകെ |
|---|---|---|---|---|
| 93-94 | 6 | 56 | 119 | 181 |
| 94-95 | 8 | 65 | 74 | 147 |
| 95-96 | 12 | 42 | 115 | 169 |
| ആകെ | 26 | 163 | 308 | 497 |

*(അവലംബം സമഗ്രവികസനസർവ്വെ '96)*

## പട്ടിക - 4

ഭവനനിർമ്മാണത്തെ സംബന്ധിച്ച വിവരം(1992-93--1996-97)

| വീട് ആവശ്യമുള്ളവരുടെ എണ്ണം | വിവിധ പരിപാടികളിലായിഅനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിക്കേണ്ടുന്ന വീടുകൾ |
|---|---|---|---|
| 666 | 67 | 51 | 599 |

മുട്ടക്കടക്കൽ, കരികടവ്, മണിയനൊടി, പറയമ്മാനം, മധുരംകൈ, തലിച്ചാലം, നടക്കാവ്, ഒളവറ, ഉടുമ്പുന്തല, വയലോടി, മീലിയാട്ട്, തൈക്കീൽ എന്നീ ഹരിജൻ കോളനികളും കുറ്റിച്ചി, ആയിറ്റി ലക്ഷംവീട് കോളനിയുമാണ് പഞ്ചായത്തിലെ പ്രധാനകോളനികൾ.

തൃക്കരിപ്പൂർ കോ-ഓപറേറ്റീവ് ഹൗസിംഗ് സൊസൈറ്റി മുഖേന പഞ്ചായത്തിൽ ഇതുവരെയായി 105 കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് 44,51,000 രൂപ വായ്പ നൽകിയിട്ടുണ്ട്.

ദുർബല വിഭാഗത്തിന് വിടുവെക്കുന്നതിനു നിലവിലുള്ള വിവിധ പദ്ധതികളുടെ കീഴിൽ കഴിഞ്ഞ 5 വർഷങ്ങളിലായി 67 വീടുകൾ അനുവദിച്ചിട്ടുണ്ട്. ഇവ ആവശ്യങ്ങളുമായി പൊരുത്തപ്പെടുന്നില്ല. പഞ്ചായത്തിലെ അർഹതയുള്ള മുഴുവൻ പേർക്കും വീട് നിർമ്മാണത്തിന് ധനസഹായം നൽകുവാൻ കഴിഞ്ഞിട്ടില്ല. കുടുംബങ്ങൾ വർധിക്കുന്നതിന് അനുസരിച്ച് വീട് നിർമ്മാണത്തിന് സ്ഥലം ലഭിക്കുന്നില്ല. ആയതിനാൽ നെൽ വയലുകൾ നികത്തി വീട് നിർമ്മിക്കുന്ന പ്രവണത കണ്ടുവരുന്നു.

### പ്രശ്നങ്ങൾ

1. ഭവന നിർമ്മാണ സാമഗ്രികളുടെ വില വർധനവ്
2. സാമ്പത്തിക പരിമിതി, വായ്പ നൽകുന്ന ധനകാര്യസ്ഥാപനങ്ങളുടെ കുറവ് ഉയർന്ന പലിശ നിരക്ക്- സങ്കീർണ്ണമായ ഉപാധികൾ.
3. ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള വിദഗ്ധരുടെ അഭാവം.
4. മതിലുകളുടെ ആധിക്യം മൂലം പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ട്
5. കുടുംബങ്ങൾ വർദ്ധിക്കുന്നതിനനുസരിച്ച് വീട് നിർമ്മിക്കുവാൻ സ്ഥലം ലഭ്യമല്ലാത്തതിനാൽ നെൽ വയലുകൾ നികത്തി വീട് നിർമ്മിക്കുന്നു.

സാധ്യതകൾ

1. ഗ്രാമീണ ഭവനനിർമ്മാണവായ്പാപദ്ധതി പൂർണ്ണായി പഞ്ചായത്ത് തലത്തിൽ ആക്കുക.
2. രാജീവ് ദശലക്ഷം ഭവനനിർമ്മാണപദ്ധതിയുടെ ഓഫീസ് നീലേശ്വരത്ത് സ്ഥാപിക്കുകയും ഒരു ബ്രാഞ്ച് തൃക്കരിപ്പൂരിൽ ആരംഭിക്കുകയും വേണം.
3. ജെ.ആർ.വൈ.യും അതുപോലെയുള്ള മറ്റ് പദ്ധതികളിലൂടെയും സമഗ്രമായ ബോധവൽകരണം ജനങ്ങൾക്ക് നൽകണം.
4. പഞ്ചായത്തിലെ നിർധന കുടുംബങ്ങൾ അവരുടെ കുടിലുകളുടെ മേൽക്കൂര ഓട് മേയുവാൻ ധനസഹായം നൽകണം.
5. പത്ത് സെൻറ് ഭൂമിയിൽ കുറഞ്ഞവർക്കും ഹൗസിംഗ് ലോൺ ലഭിക്കുവാൻ ഉള്ള സൗകര്യം ഏർപ്പെടുത്തുക.
6. വീടില്ലാത്തവർക്ക് സ്വന്തമായി വീട്വെയ്ക്കുവാനും സ്ഥലമില്ലാത്തവർക്ക് സ്ഥലം അനുവദിച്ച് വീട് വെക്കാനും നടപടി സ്വീകരിക്കുക.
7. നിർധനകുടുംബങ്ങൾക്ക് സർക്കാർ അനുവദിക്കുന്ന കുടികിടപ്പ് സ്ഥലം കൈമാറ്റം ചെയ്യാതിരിക്കാനുള്ള

നിയമനടപടി ഉണ്ടാകണം.

8. ഭവന നിർമ്മാണ വായ്പക്ക് കുറഞ്ഞ പലിശനിരക്ക് ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുക.

9. ഒമ്പതാം പദ്ധതിയിൽ ചിലവഴിക്കുന്ന അൺടൈഡ് ഫണ്ടിൽ ഭവനനിർമ്മാണത്തിന് മുൻഗണന നൽകുക.

10. പഞ്ചായത്തിലെ ഭവനനിർമ്മാണ സ,ഹകരണസംഘത്തിൻെറ സേവനം പഞ്ചായത്തിൻെറ എല്ലാ പ്രദേശത്തും കിട്ടുവാനുള്ള സംവിധാനം ഉണ്ടാക്കണം.

11. വികലാംഗർക്ക് സൗജന്യമായി വീട് നിർമ്മിച്ച് നൽകുക

12. കെട്ടിടനിർമ്മാണചട്ടം ലഘൂകരിക്കുവാൻ നടപടി സ്വീകരിക്കുക.

13 രാജീവ് ദശലക്ഷം പദ്ധതിയിൽ വീട് നിർമ്മിക്കുന്നതിനുള്ള പദ്ധതി പഞ്ചായത്തിനെ ഏല്പിക്കുക.

14. ഹൗസിംഗ് ബോർഡ് മുഖേന ഹൗസിംഗ് കോളനി ഉണ്ടാക്കുക.

15. പഞ്ചായത്തിൽ ലക്ഷംവീട് പദ്ധതിക്കായിഏറ്റെടുത്ത സ്ഥലത്ത് വീട് നിർമ്മിച്ച് നൽകുവാനുള്ള പദ്ധതി തയ്യാറാക്കുക.

16. നടക്കാവ് വലിയ കൊവ്വൽ മൈതാനത്ത് വർഷങ്ങളായി താമസിച്ചുവരുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കാനുള്ള നടപടി സ്വീകരിക്കുക.

17. ഒരു നിശ്ചിത സംഖ്യയിൽ കൂടുതൽ നിർമ്മാണചിലവ് വരുന്ന വീടുകളുടെ നിർമ്മാണം നിയന്ത്രിക്കുക.

18. സഹകരണസ്ഥാപനങ്ങൾ വഴി ഭവനനിർമ്മാണ സാധനങ്ങൾ വില കുറച്ച് നൽകുക.

19. ഹൗസിംഗ് സൊസൈറ്റി മുഖേന വായ്പ ലഭിക്കുവാനുള്ള ചട്ടങ്ങൾ ലഘൂകരിക്കുക.

20 പാർപ്പിടം പ്രശ്നം പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്തിൻെറ നേതൃത്വത്തിൽ മുഴുവൻ ഭവനരഹിതർക്കും അഞ്ചുവർഷത്തിനുള്ളിൽ വീട് നിർമ്മിച്ച് നൽകുന്നതിന് വേണ്ട പദ്ധതി ആവിഷ്കരിക്കുക.

21. പെൻഷൻ, സാമ്പത്തിക സഹായം ഇവ ലഭിക്കുന്നതിലുള്ള സൗകര്യം കണക്കിലെടുത്ത് തൃക്കരിപ്പൂരിൽ നിലവിലുള്ള ഏകാംഗ ട്രഷറി ഒരു സബ് ട്രഷറിയായി ഉയർത്തുക.

# സാമൂഹ്യക്ഷേമം

വർഷങ്ങളായി നടത്തിവരുന്ന വികസനപ്രവർത്തനങ്ങൾ മൂലം പഞ്ചായത്തിലെ സാമൂഹ്യക്ഷേമരംഗം ചെറിയൊരളവിൽ മെച്ചപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഒരു വിശകലനം നടത്തുവാനാണ് ശ്രമിക്കുന്നത്.

നിലവിലുള്ള ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം പഞ്ചായത്തിൽ ദാരിദ്ര്യരേഖക്ക് താഴെ കഴിയുന്ന 1875 കുടുംബങ്ങളാണുള്ളത്. ഐ.ആർ.ഡി.പി. സർവ്വേയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

പട്ടിക - 1

| 1992 ലെ സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ എസ്.സി. | സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ 1992-93മുതൽ 95-96വരെ | ഇതിൽ എസ്.സി. | ദാരിദ്ര്യരേഖക്കു മുകളിൽ എത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾ |
|---|---|---|---|---|---|
| 1876 | 90 | 128 | 44 | - | 1876 |

(അവലംബം: സെക്കൻററി ഡാറ്റ)

# ഐ.ആർ.ഡി.പി. സംയോജിത ഗ്രാമവികസനപരിപാടി

ദാരിദ്ര്യനിർമ്മാർജ്ജനം എന്ന ലക്ഷ്യം നേടിയെടുക്കുന്നതിന് വേണ്ടിയുള്ള തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തുകൊണ്ട് വരുമാനവർധനവ് ഉണ്ടാക്കുവാൻ ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളെ സഹായിക്കുകയാണ് ലക്ഷ്യം. ഐ.ആർ.ഡി.പി. പദ്ധതി പ്രകാരം 87-88 മുതൽ 95-96 വരെയായി 313 കുടുംബങ്ങൾക്ക് സഹായം ലഭിച്ചിട്ടുണ്ട്.

ട്രൈസം Training of Rural Youth for Self Employment

ദാരിദ്ര്യരേഖക്ക് താഴെയുള്ള 18നും 35നും മദ്ധ്യേ പ്രായമുള്ള യുവജനങ്ങൾക്ക് സ്വയം തൊഴിൽ നൽകുന്നതിനുവേണ്ടി പരിശീലനം നൽകുന്ന പരിപാടിയാണ്.

93-94 മുതൽ 96-97 വരെ ട്രൈസം പരിശീലനം നേടിയവരുടെ വിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

## DWCRA: ഗ്രാമീണ വനിതാ ശിശുവികസനപരിപാടി

ദാരിദ്ര്യരേഖക്ക് താഴെയുള്ള 18നും 35നും ഇടയ്ക്ക് പ്രായമുള്ളവരിൽ സ്വാശ്രയത്വം മുൻനിർത്തി അവരുടെ കുടുംബവരുമാനം വർധിപ്പിക്കുന്നതിനുവേണ്ടി കൂട്ടായ സാമ്പത്തിക പരിപാടികൾക്ക് വായ്പയും ധനസഹായവും നൽകി വരുന്നു. 10. മുതൽ 15 വരെയുള്ള അംഗങ്ങളുടെ ഗ്രൂപ്പുകൾക്കാണ് ധനസഹായം.

ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

പട്ടിക - 2 (1993-94 - 96-97 വരെ)

| പരിശീലന വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവർ | ഇതര തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ |
|---|---|---|---|
| റേഡിയോ, ടി.വി. റിപ്പയറിംഗ് | 2 | 2 | - |
| കയർ നിർമ്മാണം | 7 | 7 | - |
| കുടനിർമ്മാണം | 10 | 10 | - |

*അവലംബം: സെക്കൻററി ഡാറ്റ*

**DWCRA** പദ്ധതി പ്രകാരം തൊഴിൽ സംരഭങ്ങളുടെ വിവരം

പട്ടിക - 3

| തൊഴിൽ സംരഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | ഗുണഭോക്താക്കളുടെ എണ്ണം | സബ്സിഡി.രൂപ | വായ്പ രൂപ |
|---|---|---|---|---|
| പശുവളർത്തൽ | 94-95 | 10 | 38,350 | 1,11650, |
| കയർ നിർമ്മാണം | 95-96 | 10 | 40,000 | 80,000 |
| കുട, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം | 96-97 | 10 | 40,000 | 80,000 |

*(അവലംബം: സെക്കൻററി ഡാറ്റ)*

ടൂൾകിറ്റ്: ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊലിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ്. ഇതുവരെയായി 19 പേർക്ക് നവീന തൊഴിലുപകരണങ്ങൾ നൽകിയിട്ടുണ്ട്.

## C.R.S.PCentral sanitation Programme

ഗ്രാമങ്ങളിലെ ശുചിത്വസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുവാൻ ധനസഹായം നൽകുന്ന പദ്ധതിയാണ്. ഈ പദ്ധതിപ്രാകരം കക്കൂസ് നിർമ്മിച്ച് നൽകിയവിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക - 4

**C.R.S.P** പദ്ധതി പ്രകാരം കക്കൂസ് നൽകിയതിൻെറ വിവരം (92-93--95-96)

| വർഷം | എണ്ണം | തുക |
|---|---|---|
| 92-93 | 4 | 8000 |
| 93-94 | 19 | 38000 |
| 94-95 | 8 | 16000 |
| 95-96 | 20 | 40000 |
| ആകെ | 51 | 102000 |

(അവലംബം: സെക്കൻററി ഡാറ്റ)

**മില്ല്യൻ വെൽ:** ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബത്തിന് ജലസേചനാവശ്യാർത്ഥം കിണർ നിർമ്മിക്കുവാൻ ധനസഹായം നൽകുന്ന പദ്ധതിയാണ്. ഇതനുസരിച്ച് മുൻ വിഷയങ്ങളിൽ അനുവദിച്ച കിണറുകളുടെ വിവരം താഴെ പട്ടികയിൽ ചേർക്കുന്നു.

| വർഷം | പൂർത്തിയാക്കിയ കിണറുകളുടെ എണ്ണം |
|---|---|
| 1990-91 | 1 |
| 91-92, 92-93, 93-94, | 2 |
| 94-95 | 1 |
| ആകെ | 4 |

*(സെക്കൻററി ഡാറ്റ)*

# മാതൃശിശുസംരക്ഷണം

ഗ്രാമവികസന വകുപ്പുമുഖേന സമഗ്രമാതൃശിശുസംരക്ഷണപദ്ധതിയിൽ അനുവദിക്കപ്പെട്ട രണ്ട് ബാലവാടികളും പഞ്ചായത്തിൻെറ കീഴിൽ പ്രവർത്തിക്കുന്ന ഒരു ശിശുമന്ദിരവും ഉണ്ട്. ബാലവാടികൾ ഈയ്യക്കാട്ട് മഹിളാസമാജത്തിൻെറയും തങ്കയം മഹിളാസമാജത്തിൻെറയും നേതൃത്വത്തിലാണ്. ബാലവാടികളിൽവെച്ച് മെഡിക്കൽ ക്യാമ്പുകൾ, പ്രതിരോധകുത്തിവെപ്പുകൾ, ആരോഗ്യപഠനക്യാമ്പുകൾ എന്നിവ നടത്താറുണ്ട്. ബ്ലോക്ക് മുഖേന ബാലവാടിയിലെ കുട്ടികൾക്കും അമ്മമമാർക്കും സൗജന്യമായി ഉച്ചഭക്ഷണം വിതരണം ചെയ്യുന്നുണ്ട്.

# സാമൂഹ്യ വനവൽകരണ പരിപാടി

സാമൂഹ്യവനവൽകരണപരിപാടി പ്രകാരം 92-93മുതൽ ഇതുവരെ ഗ്രാമവികസന വകുപ്പുമുഖേന 1028 ഫലവൃക്ഷതൈകൾ വിതരണം ചെയ്തിട്ടുണ്ട്.

## പെൻഷൻ/ധനസഹായങ്ങൾ

വിവിധ പെൻഷൻ /ധനസഹായ പദ്ധതികളിൽ നിന്ന് ധനസഹായം ലഭിക്കുന്ന 438 പേർ പഞ്ചായത്തിലുണ്ട്. ഇനം തിരിച്ച് പട്ടിക താഴെ ചേർക്കുന്നു.

പട്ടിക - 6

| ക്രമനമ്പർ | ഇനം | സഹായധനം ലഭിക്കുന്നവരുടെ എണ്ണം |
|---|---|---|
| 1 | വാർധക്യകാല പെൻഷൻ | 39 |
| 2 | വിധവാ പെൻഷൻ | 397 |
| 3 | ഫാമിലി ബെനിഫിറ്റ് സ്കീം | 2 |
| 4 | പ്രസവാനുകൂല്യം | 5 |

(അവലംബം: സെക്കൻററി ഡാറ്റ)

## ദേശീയ സമ്പാദ്യപദ്ധതി

ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുന്നതിന് ഭാരതസർക്കാർ ആവിഷ്കരിച്ചിട്ടുള്ള മുഖ്യ പദ്ധതികളിൽ ഒന്നാണ്. ഇതിനായി MBKBY ഏജൻറുമാരായി വനിതകൾ പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും സഞ്ചയിക പദ്ധതി നടപ്പാക്കി വരുന്നു. ഇന്ദിരാവികാസ്പത്ര, കിസാൻവികാസ്പത്ര, ടൈം ഡെപ്പോസിറ്റ് തുടങ്ങിയ പദ്ധതികളിലും പണം നിക്ഷേപിക്കുവാൻ വേണ്ടി ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. തൃക്കരിപ്പൂർ പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങളെയും ദേശീയ സമ്പാദ്യപദ്ധതിയിൽ അംഗങ്ങളാക്കി ബചത് പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ട്.

## തൊഴിലില്ലായ്മ

അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർ ഈ പഞ്ചായത്തിൽ ഏറെയുണ്ടെങ്കിലും എംപ്ലോയ്മെൻറ എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തവർ 3861 പേർ മാത്രമാണ്.

## പൊതുവിതരണം

തൃക്കരിപ്പൂർ പഞ്ചായത്തിൽ ആകെ 13 പൊതുവിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. തൃക്കരിപ്പൂർ ഫാർമേർസ് സർവ്വീസ് സഹകരണബാങ്കാണ് ഇവ ഏറ്റെടുത്തു നടത്തുന്നത്. സഹകരണബാങ്ക് ഏറ്റെടുത്ത് നടത്തുന്നതിനാൽ ഉപഭോക്താക്കൾക്ക് ഭക്ഷ്യസാധനങ്ങളും മറ്റും കൃത്യമായി ലഭിക്കുന്നുണ്ട്. ഒരുവർഷം പൊതുവിതരണത്തിനായി വിതരണം ചെയ്ത ഭക്ഷ്യധാന്യങ്ങളുടെയും മറ്റും വിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക - 7

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അരി ക്വി. | ഗോതമ്പ് ക്വി. | റവ ക്വി. | മൈദ ക്വി. | പഞ്ചസാര ക്വി. | മണ്ണെണ്ണ(ലി) | |
|---|---|---|---|---|---|---|---|---|
| | | | | | | | കാർഡ് | പെർമിറ്റ് |
| 1995-96 | 30172 | 23,427 | 1010 | 98 | 943 | 1398 | 86,926 | 1,23,786 |

(അവലംബം: സെക്കൻററി ഡാറ്റ)

## പ്രശ്നങ്ങൾ

1. തൊഴിലില്ലായ്മ
2. എല്ലാ വാർഡുകളിലും അംഗനവാടി ഇല്ല
3. പൊതു ശ്മശാനങ്ങൾ ഇല്ലാത്തതുകൊണ്ടുള്ള വിഷമങ്ങൾ
4. നിർമ്മാണതൊലിലാളികൾക്കുള്ള ക്ഷേമ പദ്ധതികൾ നടപ്പിലാക്കുവാനുള്ള കാലതാമസം
5. മഹിളാസമാജം പ്രവർത്തനങ്ങൾ എല്ലാ വാർഡുകളിലും ഇല്ല.
6. പൊതുവിതരണ കേന്ദ്രത്തിലേക്കുള്ള ദൂരം ലഘൂകരിക്കുക.
7. മദ്യപാനം മൂലമുള്ള സാമൂഹികപ്രശ്നങ്ങൾ
8. വൈദ്യുതിക്ഷാമം നിലവിലുള്ളതിനാൽ ഇപ്പോൾ ലഭിക്കുന്ന മണ്ണെണ്ണ അപര്യാപ്തമാണ്.

## സാധ്യതകൾ

1. എല്ലാ വാർഡുകളിലും അംഗനവാടികൾ സ്ഥാപിക്കുക.
2. കുടുംബക്ഷേമക്രേന്ദങ്ങൾ എല്ലാ വാർഡുകളിലും സ്ഥാപിക്കുക.
3. എല്ലാ വാർഡുകളിലും മഹിളാസമാജങ്ങൾക്ക് ആവശ്യമായ ധനസഹായം നൽകുക.
4 ക്ഷേമനിധി ഓഫീസ് പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുക.,
5. വിവിധ പെൻഷൻ / ധനസഹായങ്ങളുടെ തുക വർധിപ്പിക്കുകയും അവ പഞ്ചായത്തു തലത്തിൽ വിതരണം ചെയ്യുവാനും നടപടി എടുക്കുക.
6. വിധവകളുടെ പെൺ മക്കളുടെ വിവാഹ ധനസഹായവും മിശ്രവിവാഹിതർക്കുള്ള ധനസഹായവും വർധിപ്പിക്കുകയും ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്യുക.
7. പഞ്ചായത്തിൽ ആവശ്യമായ മേഖലകളിൽ പൊതുശ്മശാനം അനുവദിക്കണം
8. പഞ്ചായത്തിൽ എല്ലാ വാർഡുകളിലും നിർബന്ധമായും പൊതുവിതരണ കേന്ദ്രം അനുവദിക്കുക.
9. പഞ്ചായത്തിൽ ഒരു വൃദ്ധസദനം നിർമ്മിക്കുക,
10. പഞ്ചായത്ത് തലത്തിൽ സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുക.
11. വൈദ്യുതിക്ഷാമം നിലവിലുള്ളതിനാൽ, ഇപ്പോൾ ലഭിക്കുന്ന മണ്ണെണ്ണ അപര്യാപ്തമായതിനാൽ റേഷൻകാർഡിന് കൂടുതൽ മണ്ണെണ്ണ അനുവദിക്കുക.
12. അർഹതയുള്ള മുഴുവൻപേർക്കും മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുക.

# സംസ്കാരം

പടിഞ്ഞാറ് ആയിറ്റിപ്പുഴ, കിഴക്ക് പാടിയിൽ പുഴ, കുണിയൻതോടും, തെക്ക് കവ്വായിപ്പുഴ വടക്ക് പീലിക്കോട് പഞ്ചായത്തിന്റെയും പടന്ന പഞ്ചായത്തിന്റെയും അതിർത്തിയാൽ ചുറ്റപ്പെട്ട വടക്കെ തൃക്കരിപ്പൂര് ഗ്രാമവും തെക്കെ തൃക്കരിപ്പൂര് ഗ്രാമത്തിന്റെ ഭൂരിഭാഗവും ഉൾക്കൊള്ളുന്ന തൃക്കരിപ്പൂർ പഞ്ചായത്തിന് ചിര പുരാതനമായ സാംസ്കാരിക പൈതൃകമുണ്ട്.

ഒരു കാലത്ത് എന്തിനുംതന്നെ പരമാധികാരമുള്ള താഴക്കാട്ട് മനക്കാരുടേയും ഉടുമ്പുന്തല നാലുപുരപ്പാട്ടിൽ തറവാട്ടുകാരുടേയും കൈവശമായിരുന്നു ഇവിടുത്തെ ഭൂരിഭാഗവും ഭൂമിയും. താഴക്കാട്ട് മനയിലെ വലിയ കാരണവരായ വാസുദേവൻ വലിയ തിരുമുൽപ്പാടിന്റെ ഭരണകാലം ഈ കാലഘട്ടത്തിൽ ശ്രദ്ധേയമായിരുന്നു. ഈ കാലത്തുതന്നെയാണ് താഴക്കാട്ടു മനയുടെ നേതൃത്വത്തിൽ കഥകളിയോഗത്തിന്റെ പ്രവർത്തനം തുടങ്ങിയത്.

തൃക്കരിപ്പൂര് പഞ്ചായത്തിന്റെ വികസന ചരിത്രത്തിൽ മുൻ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. വി.പി.പി. മുഹമ്മദ്കുഞ്ഞി പട്ടേലരുടെ സ്ഥാനം അദ്വിതീയമാണ്. ഏകദേശം രണ്ടു ദശാബ്ദക്കാലം പ്രസിഡണ്ടായി അദ്ദേഹം സേവനമനുഷ്ഠിച്ചു.

കഥകളിയാശാൻ ഗുരുചന്തുപ്പണിക്കരുടെ ജന്മനാടാണ് തൃക്കരിപ്പൂർ. തെക്കെ തൃക്കരിപ്പൂരിലെ തെക്കേ കാരക്കാടൻ ചന്തു ഗുരു ചന്തുപ്പണിക്കരാകുന്നത് നീണ്ടകാലത്തെ തപസ്യയിലൂടെയായിരുന്നു. ഏതു കഥകളി വേഷവും അനായാസമായി ആടാനുള്ള അദ്ദേഹത്തിന്റെ കഴിവ് സഹൃദയ ലോകത്തിന്റെ അഭിനന്ദനം പിടിച്ചുപറ്റിയതാണ്. കലാമണ്ഡലം കൃഷ്ണൻനായരടക്കം ഒട്ടേറെ ശിഷ്യന്മാർ അദ്ദേഹത്തിനുണ്ട്. 1958ൽ അദ്ദേഹത്തിന് ലഭിച്ച കേന്ദ്രസംഗീതനാടക അക്കാദമി അവാർഡടക്കം ധാരാളം ബഹുമതികൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. ഈ രംഗത്ത് അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച പ്രഗത്ഭരായ രണ്ട് പേരാണ് കഞ്ചിയിൽ ചിണ്ടൻപണിക്കരും കടയങ്കൻ അമ്പുപ്പണിക്കരും മദ്രാസിലെ അഡയാർ കലാക്ഷേത്രത്തിൽ കഥകളി പ്രൊഫസറായി പണിക്കർ സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1967ൽ അഡയാറിൽനിന്നും അദ്ദേഹം റിട്ടയർ ചെയ്തു.

## ഉത്സവങ്ങളും ആഘോഷങ്ങളും

വ്യത്യസ്ത സമുദായക്കാരുടെ ആരാധന കേന്ദ്രങ്ങളിലെ ഉത്സവാഘോഷങ്ങൾ ശിഥിലമായിക്കൊണ്ടിരിക്കുന്ന കുടുംബബന്ധങ്ങളെ വിളക്കിച്ചേർക്കാനുള്ള ഒരു കണ്ണിയായി നിലകൊള്ളുന്നു. പുരാതന പ്രസിദ്ധമായ ശ്രീ. ചക്രപാണി ക്ഷേത്രം എളമ്പച്ചി തിരുവമ്പാടിക്ഷേത്രം, ഉത്തമന്തിൽ ക്ഷേത്രപാലക ക്ഷേത്രം കാളീശ്വര ക്ഷേത്രം, ശീരാമവില്യം കഴകം, കണ്ണമംഗലം കഴകം, തൃക്കരിപ്പൂര് മുച്ചിലോട്ട് കാവ് തുടങ്ങി ഒട്ടേറെ ആരാധനാലയങ്ങൾ ഇവിടെയുണ്ട്. മുസ്ലിം ആരാധനാ കേന്ദ്രങ്ങളിൽ ബീരിച്ചേരി ജുമാമസ്ജിദ് വൾവക്കാട് ജുമാമസ്ജിദ്, ആയിറ്റി ജുമാമസ്ജിദ്, ടൗൺ ജുമാമസ്ജിദ്, ഉടുമ്പുന്തല ജുമാമസ്ജിദ് തുടങ്ങിയവയാണ് പ്രധാനപ്പെട്ടവ.

അമ്പലങ്ങളും പള്ളികളും മതസൗഹാർദ്ദത്തിന്റെ ഉത്തമ മാതൃകകളായി ഇവിടെ നിലകൊള്ളു

ന്നു. കണ്ണമംഗലം കഴകത്തിന്റെ ഉത്സവാഘോഷങ്ങളിൽ വൾവക്കാട് ജുമാമസ്ജിദിന് പ്രമുഖ സ്ഥാനമുണ്ട്. ഇതേ പോലെതന്നെ ബിരിച്ചേരി മനയ്ക്കും, ബീരിച്ചേരി ജുമാമസ്ജിദും തമ്മിൽ കൊടുക്കൽ വാങ്ങൽ ബന്ധമുണ്ട്. കഴകങ്ങളിലും ചില മുണ്ഡ്യകളിലും പൂരക്കളിയും മറത്തുകളിയും നടത്താറുണ്ട്. കുന്നച്ചേരിയിലെ കൊട്ടൻപണിക്കർ, പേക്കടത്തെ കണ്ണൻ പണിക്കർ, വൈക്കത്തെ കുഞ്ഞിത്തീയൻ പണിക്കർ, എളമ്പച്ചിയിലെ കാനക്കീൽ കരുണാകരൻ പണിക്കർ എന്നിവർ പഞ്ചായത്തിലെ പൂരക്കളി ആചാര്യന്മാരിൽ പ്രമുഖരായിരുന്നു.

ക്രിസ്തുമതാനുയായികളുടെ ഒരു ആരാധനാ കേന്ദ്രമാണ് തൃക്കരിപ്പൂർ സെന്റ് പോൾസ് ചർച്ച്. വിദ്യാഭ്യാസ രംഗത്തും സാംസ്കാരിക രംഗത്തും എടുത്തു പറയേണ്ട പ്രവർത്തനങ്ങൾ ഈ സ്ഥാപനം കാഴ്ച വെച്ചിട്ടുണ്ട്. ബഹായി മതക്കാരുടെ വക ഒരു ബഹായി കേന്ദ്രവും തങ്കയത്ത് ഒരു സായീ കേന്ദ്രവും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

കഥകളി രംഗത്തെന്നപോലെ തുള്ളൽ പ്രസ്ഥാനത്തിലും പ്രദൽഭരായ ആശാന്മാർ ഇവിടെയുണ്ടായിരുന്നു. തുള്ളലിലെ പറയൻതുള്ളലിൽ പ്രാവീണ്യം നേടിയ കലാചാര്യനായിരുന്നു തങ്കയത്തിലെ അപ്പാട്ട് കുഞ്ഞിരാമപൊതുവാൾ ആശാൻ. കോൽക്കളിയുടെ ആചാര്യനായിരുന്ന ലക്ഷ്മണൻ ഗുരുക്കൾ, തെയ്യം കലാകാരന്മാരായിരുന്ന ചന്തുപ്പെരുമലയൻ, കൃഷ്ണൻ പെരുമലയൻ, രാമൻ പണിക്കർ, അമ്പുപ്പണിക്കർ എന്നിവരുടെ സാന്നിദ്ധ്യവും പ്രാതിനിധ്യവും നമ്മുടെ പഞ്ചായത്തിന ധന്യമാക്കിയിരിക്കുന്നു. ദാരുശില്പകലയിൽ പേരുകേട്ട വ്യക്തിയായിരുന്നു തെക്കുമ്പാട്ടെ ശങ്കരൻ മേലാശാരി. ഇപ്പോഴത്തെ മേലാശാരി ടി.വി. കുഞ്ഞിരാമനും ഈ രംഗത്ത് മികച്ച സംഭാവനകൾ നൽകി വരുന്നു. പ്രസിദ്ധ ക്ഷേത്ര കലാകാരനും ശില്പിയും കേന്ദ്ര സംഗീത നാടക അക്കാദമി ഫെല്ലോഷിപ്പ് ജേതാവുമായ ശ്രീ. കെ.പി. ചന്തുക്കുട്ടിയുടെ പ്രവർത്തനവും ഈ രംഗത്ത് ശ്രദ്ധേയമാണ്.

ഫുട്ബോളിന്റെ ഈറ്റില്ലം എന്ന ഖ്യാതി നേടിയ തൃക്കരിപ്പൂരിൽനിന്നും കളി പഠിച്ച് പ്രശസ്തരായവർ ഏറെയാണ്. സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന കളിക്കാരെ തൃക്കരിപ്പൂരിലെ ക്ലബ്ബുകൾക്ക് സംഭാവന നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരം ക്ലബ്ബുകളിലൂടെ വളർന്ന് പലരും ഔദ്യോഗിക രംഗത്തെത്തിയിട്ടുണ്ട്.

സാംസ്കാരിക നവോത്ഥാനത്തിന് ഉത്തേജനം നൽകുന്ന വായനശാലകളും ഗ്രന്ഥാലയങ്ങളും സാംസ്കാരിക കേന്ദ്രങ്ങളും ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചുവരുന്നു. സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഒളവറ വായനശാല & ഗ്രാന്ഥാലയവും, തങ്കയം മുഹമ്മദ് അബ്ദുറഹിമാൻ സ്മാരക വായനശാല & ഗ്രാന്ഥാലയവുമടക്കം നല്ല നിലയിൽ പ്രവർത്തിക്കുന്ന പതിനൊന്നോളം ഗ്രന്ഥാലയങ്ങൾ ഇവിടെയുണ്ട്.

കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഒട്ടേറെ അമേച്വർ കലാസമിതികൾ ഇവിടെ പ്രവർത്തിച്ച് വരുന്നു. സ്വാതന്ത്ര്യ സമര സേനാനിയും നാടകകൃത്തും, നടനും ഗായകനുമായ ശ്രീ. കെ.എം. കുഞ്ഞമ്പുവിന്റെ സ്മരണയെ നിലനിർത്തുന്ന തൃക്കരിപ്പൂരി കെ.എം.കെ. സ്മാരക കലാസമിതിയടക്കം പല കലാ സമിതികളും ഇവിടെ വളരെ നന്നായി പ്രവർത്തിച്ച് വരുന്നു. അടുത്ത കാലത്തായി മൂന്ന് ഫൈനാർട്സ് സൊസൈറ്റികളും തൃക്കരിപ്പൂരിന്റെ കലാ സാംസ്കാരിക രംഗത്ത് പ്രവർത്തിച്ച് വരുന്നു. മുസ്ലിം സമുദായത്തിന്റെ സാംസ്കാരിക ഉന്നമനത്തിനുപയുക്തമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന ഒട്ടേറെ സാംസ്കാരിക കേന്ദ്രങ്ങൾ ഇവിടെയുണ്ട്.

## പ്രശ്നങ്ങൾ, പരിഹാരങ്ങൾ, നിർദ്ദേശങ്ങൾ

- പഞ്ചായത്തിലെ മുഴുവൻ വായനശാലകൾക്കും ഗ്രന്ഥാലയങ്ങൾക്കും കലാസാംസ്കാരിക

സംഘടനകൾക്കും സ്പോർട്സ് ക്ലബ്ബുകൾക്കും മൊത്തമായുള്ള കേന്ദ്രീകൃത പ്രവർത്തനങ്ങൾക്ക് സഹായിക്കും വിധം പഞ്ചായത്തിൽ ഒരു സാംസ്കാരിക നിലയം സ്ഥാപിക്കണം.

● ഗ്രാമീണ കലകളായ പുള്ളുവൻ പാട്ട്, കളംപാട്ട്, കണ്ണേറുപാട്ട്, തെയ്യം, കൂത്ത് തുടങ്ങിയ വയുടെ പരിപോഷണത്തിനും പ്രോത്സാഹനത്തിനും ഉപയുക്തമായ പ്രവർത്തനങ്ങൾക്ക് സഹായ കമാകും വണ്ണം സംവിധാനം ഏർപ്പെടുത്തണം. പൂരക്കളി, കോൽക്കളി എന്നീ നാടൻ കലകളെ പ്രോത്സാഹിപ്പിക്കുവാനും സംരക്ഷിക്കുവാനുമുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകുക.

● അമേച്വർ നാടക സംഘങ്ങളുടേയും മറ്റ് ദൃശ്യ ശ്രാവ്യ കലകളുടേയും പ്രവർത്തനങ്ങളെ സഹായിക്കുന്നതിനും ഏതുകാലാവസ്ഥയിലും പരിപാടികൾ അവതരിപ്പിക്കുവാനുമുള്ള സൗകര്യ ത്തിനായി തൃക്കരിപ്പൂർ പഞ്ചായത്തിൽ ചുരുങ്ങിയത് 1500 പേർക്ക് ഇരിക്കാൻ സൗകര്യമുള്ള ഒരു ക്ലോസ്ഡ് ഓഡിറ്റോറിയം സ്ഥാപിക്കണം.

● പഞ്ചായത്തിലെ കലാ സംഘടനകളുടെ സാമൂഹ്യ പ്രതിബന്ധതയുള്ള ഗുണപരമായ പരി പാടികളെ കണ്ടറിഞ്ഞ് ഓരോ വർഷവും പഞ്ചായത്ത് തല അംഗീകാരം കൊടുക്കാനുള്ള പദ്ധതി ആവിഷ്കരിക്കണം.

● സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന കലാ പ്രതിഭകൾക്ക് ഉയർന്ന നിലവാരം തേടുവാനും പരിശീലനത്തിന് സഹായധനം കൊടുക്കണം.

● വിദ്യാർത്ഥികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്ന ഇന്നത്തെ രീതിയിലുള്ള ദൂര ദർശൻ പരിപാടികളുടെ സംപ്രേക്ഷണ സമയം മാറ്റുവാനും നിലവാരം കുറഞ്ഞ സിനിമകളുടെ സംപ്രേക്ഷണം നിരുത്സാഹപ്പെടുത്തുവാനും നിലവാരമുള്ളതും സാമൂഹ്യപ്രതിബന്ധതയുള്ള മറ്റുപ രിപാടികൾ സംപ്രേക്ഷണം ചെയ്യുവാനും ബന്ധപ്പെട്ടവരോട് ശുപാർശ ചെയ്യുക.

● പഞ്ചായത്തിൽ ഒരു ഫുൾടൈം ലൈബ്രറിയനെ നിയമിക്കുകയും പഞ്ചായത്ത് ടി.വി. പൊ തുജനങ്ങൾക്ക് സൗകര്യപ്പെടുംവിധം പൊതുസ്ഥലത്ത് പുനഃസ്ഥാപിക്കുക.

● പഞ്ചായത്ത് മേളകൾ ജനപ്രാതിനിധ്യത്തോടെ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ നടത്തുക. ടൗണിനെ കേന്ദ്രീകരിച്ച് നടത്താതെ വാർഡിന്റെ വിവിധ ഭാഗങ്ങളിൽ മേളകൾക്ക് അവതരണകേന്ദ്രം കണ്ടെത്തണം. ജില്ലാസംസ്ഥാന മേളകൾ ഒഴിവാക്കി പഞ്ചായത്തിൽത്തന്നെ പരിപാടികളുടെ പരിസമാപ്തി കുറിക്കുക. നല്ല കലാകായിക പ്രതിഭകൾക്ക് ട്രോഫിയും ഉയർന്ന സമ്മാനങ്ങളും നൽകി ആദരിക്കുക.

● പഞ്ചായത്തിലെ പ്രവർത്തനക്ഷമമായ കലാകായിക സംഘടനകളെ കണ്ടറിയാൻ പഞ്ചാ യത്ത് സമിതികൾ രൂപീകരിച്ച് ഓരോ കൊല്ലത്തെ പ്രവർത്തനങ്ങൾ മനസ്സിലാക്കി അവയുടെ നിലവാരം മൂല്യനിർണയം ചെയ്ത് ഇത്തരം സംഘടനകൾക്ക് സഹായധനം കൊടുക്കു. അതോ ടൊപ്പം പ്രവർത്തനം നിശ്ചലമായിക്കൊണ്ടിരിക്കുന്ന സംഘടനകളുടെ പ്രവർത്തനം ഊർജിതപ്പെടു ത്തുവാൻ നിർദ്ദേശങ്ങൾ കൊടുക്കുക.

● വായനശാലകൾ ഇല്ലാത്ത വാർഡുകളിൽ അതുണ്ടാക്കിയെടുക്കാനുള്ള പ്രവർത്തനം നട ത്തുക. വായനശാലകളിൽ വർത്തമാനപത്രം വിതരണം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തുക.

● കലാ സാംസ്കാരിക കായിക സംഘടനകളെ വൈദ്യുതി ചാർജ്ജിൽനിന്നും ഒഴിവാക്കുക.

● പഞ്ചായത്തിലെ രജിസ്ട്രേഷനുള്ളതും പ്രവർത്തിക്കുന്നതുമായ കലാ സാംസ്കാരിക സംഘ ടനകൾക്കും ക്ലബ്ബുകൾക്കും ടി.വി., റേഡിയോ എന്നിവ വിതരണം ചെയ്യുക.

● പഞ്ചായത്തിലെ അവശകലാകാരന്മാരെ കണ്ടറിഞ്ഞ് അത്തരക്കാർക്ക് പെൻഷൻ നൽകാനുള്ള സംവിധാനം സ്വീകരിക്കുക.

● കലാ സംഘടനകൾക്കും ക്ലബ്ബുകൾക്കും ഉപകരണങ്ങൾ വാങ്ങാൻ ധനസഹായം നൽകണം.

● പഞ്ചായത്ത് സ്റ്റേഡിയത്തിന് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കണം. മാത്രമല്ല സൗത്ത് തൃക്കരിപ്പൂർ ഹൈസ്ക്കൂൾ ഗ്രൗണ്ട് സംരക്ഷിക്കുന്ന പ്രവർത്തനവും ത്വരിതപ്പെടുത്തണം.

● നിലവിൽ രജിസ്ട്രേഷനുള്ളതും തുടർച്ചയായ പ്രവർത്തനം നടക്കുന്നതുമായ കലാ സാംസ്കാരിക സംഘടനകൾക്കും ക്ലബ്ബുകൾക്കും സ്വന്തമായ കെട്ടിടങ്ങൾ നിർമ്മിക്കാൻ ചുരുങ്ങിയത് രണ്ട് സെന്റ് സ്ഥലമെങ്കിലും ലഭ്യതയനുസരിച്ച് പഞ്ചായത്ത് പുറംപോക്കിൽനിന്ന് പതിച്ചുകൊടുക്കണം. മുൻ അപേക്ഷകൾ പരിഗണിച്ചും ക്ലബ്ബിന്റെ സംഘടനയുടെ പ്രവർത്തനങ്ങളുടെ മൂല്യനിർണ്ണയത്തിന്റെ പേരിലും ഇത്തരം മുൻഗണനകൾ പരിഗണിക്കണം.

● പ്രൊഫഷണൽ നാടകങ്ങളുടെ തള്ളിക്കയറ്റം മൂലം അമച്വർ കലാ സമിതികൾക്ക് അർഹമായ പ്രചരണം ലഭിക്കുന്നില്ല. അതുകൊണ്ട് അമച്വർ സംഘടനകൾക്ക് നാടകാവതരണത്തെ സഹായിക്കുമാറുള്ള സാധനസാമഗ്രികൾ വാങ്ങുവാനും കലാപരമായ പ്രവർത്തനങ്ങളുടെ പ്രോത്സാഹനത്തിനും പഞ്ചായത്തിൽനിന്ന് ധനസഹായം നൽകണം.

● ഓണം, വിഷു, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ വിശേഷ ദിവസങ്ങളിൽ ടി.വി. സംപ്രേക്ഷണം ചെയ്യുന്നതിനാൽ കലാസംഘടനകളുടെയും ക്ലബ്ബുകളുടേയും പൊതു പരിപാടികൾക്ക് ജനപങ്കാളിത്തം നഷ്ടപ്പെടുന്നു. ഇത്തരം വിശേഷദിവസങ്ങളിലെ ടി.വി. സംപ്രേക്ഷണത്തിൽ മാറ്റം വരുത്തേണ്ടതാണ്.

● തൃക്കരിപ്പൂരിന്റെ സാംസ്കാരിക ചരിത്രം ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ഗ്രന്ഥം പ്രകാശനം ചെയ്യാൻ പഞ്ചായത്ത് മുൻകൈയ്യെടുക്കുക.

● വാർഡുകളിൽ കള്ളവാറ്റ് തടയാൻ നടപടികൾ കൈകൊള്ളണം. അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവന്ന് വിൽക്കുന്ന പാക്കറ്റ് ചാരായം പിടിച്ചെടുക്കാനും വിതരണക്കാരെ കണ്ടെത്തി ശിക്ഷാനടപടികൾ കൈകൊള്ളാനും പഞ്ചായത്ത് ശ്രദ്ധിക്കണം.

● പഞ്ചായത്ത് ഗ്രാമസഭ മൂന്ന് മാസത്തിൽ ഒരിക്കലും കുടുംബസദസ്സ് മാസത്തിൽ ഒരിക്കലും ചേരുവാനും അതിൽ വാർഡ് മെമ്പർമാരുടെ സജീവ സാന്നിദ്ധ്യം ഉറപ്പുവരുത്തുകയും ചെയ്യുക.

● മദ്യപാനം, പുകവലി തുടങ്ങിയവയുടെ ദൂഷ്യവശങ്ങളെ മനസ്സിലാക്കുവാനുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും ചാരായ നിരോധനം കൊണ്ട് തൊഴിൽ നഷ്ടപ്പെടുത്തേണ്ടി വന്നവർക്ക് മറ്റ് തൊഴിൽ സാധ്യത ഉറപ്പു വരുത്താനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.

● കൊയങ്കര ആചാര്യ നരേന്ദ്രദേവ് വായനശാലയിൽ പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രിയുടെ ഒ.പി. വിഭാഗം പുതിയ കെട്ടിടത്തിലേക്ക് മാറ്റി വായനശാലാ പ്രവർത്തനം സുഗമമായി നടത്താനുള്ള നടപടികൾ കൈകൊള്ളുക.

● ഗൾഫ് രാജ്യങ്ങളിൽനിന്നും വിട്ടു വരുന്നവർക്ക് തൊഴിൽ കൊടുക്കുവാൻ സംവിധാനം ഉണ്ടാക്കുക.

## തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്
## അംഗീകൃത ഗ്രന്ഥാലയത്തിന്റെ പട്ടിക

| | ഗ്രന്ഥാലയത്തിന്റെ പേര് | രജിസ്റ്റർ നമ്പർ | പുസ്തക സംഖ്യ | മൊത്ത വില | ഗ്രേഡ് | അംഗങ്ങൾ | | | സ്ഥലം കെട്ടിടം | സ്ഥാപിച്ച കൊല്ലം |
|---|---|---|---|---|---|---|---|---|---|---|
| | | | | | | പു | സ്ത്രീ. | ആകെ | | |
| 1 | മുഹമ്മദ് അബ്ദുറഹിമാൻ സ്മാരക വായനശാല & ഗ്രന്ഥാലയം, തങ്കയം | 1899 | 10932 | 1,58062 | എ | 160 | 35 | 195 | സ്വന്തം | 1946 |
| 2 | ഗാന്ധി സ്മാരക ഗ്രന്ഥാലയം മധുരംകൈ | 3144 | 4351 | 40659 | സി | 127 | 36 | 163 | സ്വന്തം | 1963 |
| 3 | ഒളവറ ഗ്രന്ഥാലയം, ഒളവറ | 2197 | 3548 | 24062 | ഡി | 167 | 56 | 223 | സ്വന്തം | 1946 |
| 4. | യുവജന ഗ്രന്ഥാലയം, തെക്കുമ്പാട് | 2380 | 2965 | 16019 | ഡി | 50 | 10 | 60 | സ്വന്തം | 1947 |
| 5. | എ.കെ.ജി. സ്മാരക വായനശാല & ഗ്രന്ഥാലയം ഈയ്യക്കാട് | 4704 | 3080 | 20700 | ഇ | 80 | 15 | 95 | സ്വന്തം | 1977 |
| 6. | പി.എം.എസ്.എ. പൂക്കോയതങ്ങൾ സ്മാരക ഗ്രന്ഥാലയം, ബീരിച്ചേരി | 4492 | 1865 | 16421 | ഇ | 70 | 12 | 82 | വാടക | 1979 |
| 7. | തൃക്കരിപ്പൂർ പഞ്ചായത്ത് ഗ്രന്ഥാലയം തൃക്കരിപ്പൂര് | 2271 | 3976 | 32354 | ഡി | 493 | 55 | 548 | സ്വന്തം | 1952 |
| 8. | വി.കെ.സി. സ്മാരക വായനശാല & ഗ്രന്ഥാലയം, എട്ടാട്ടുമ്മൽ | 5170 | 1660 | 12556 | ഇ | 72 | 20 | 92 | വാടക | 1987 |
| 9. | നവജീവൻ വായനശാല & ഗ്രന്ഥാലയം, തങ്കയം ആലും വളപ്പ്, തൃക്കരിപ്പൂർ | 5169 | 1029 | 7776 | എഫ് | 46 | 19 | 65 | സ്വന്തം | 1988 |
| 10. | സി.എം.പി. നായർ സ്മാരക ഗ്രന്ഥാലയം മീലിയാട്ട് | 5561 | 1021 | 10588 | എഫ് | 47 | 24 | 71 | സ്വന്തം | 1993 |
| 11 | കൈരളി വായനശാല & ഗ്രന്ഥാലയം കരിക്കടവ്, ഉടുമ്പുന്തല | | 1028 | 11232 | | 48 | 26 | 74 | സ്വന്തം | 1964 |

*സ്വാതന്ത്ര്യം വർദ്ധിക്കുന്തോറും വിനയവും അച്ചടക്കവും വർദ്ധിക്കണം. വിനയത്തിൽനിന്നും അച്ചടക്കത്തിൽനിന്നും ഉണ്ടാകുന്ന സ്വാതന്ത്ര്യത്തിന് മഹാത്മ്യം കൂടും.*

-ഗാന്ധിജി–

# വനിത

സാമൂഹ്യപരിഷ്ക്കരണ രംഗത്ത് ഏറെയൊന്നും മുന്നേറ്റങ്ങൾ അവകാശപ്പെടാനില്ലാത്ത ഒരു ചരിത്രമാണ് തൃക്കരിപ്പൂർ പഞ്ചായത്തിലെ വനിതാ സമൂഹത്തിന്റേത്. സാക്ഷരതാ രംഗത്തും, സ്ക്കൂൾ വിദ്യാഭ്യാസ രംഗത്തും വേണ്ടത്ര ഉയർച്ചയുണ്ടെങ്കിലും നമ്മുടെ സ്ത്രീ ജനങ്ങൾ പൊതുവെ അടുക്കളയിൽ ഒതുങ്ങിക്കഴിയുന്നവരാണ്. സംഘടിത രാഷ്ട്രീയ പ്രസ്ഥാനങ്ങളോ സന്നദ്ധസംഘടനകളോ സ്ത്രീകളെ നേതൃത്വ നിരയിലേക്കുയർത്തിക്കൊണ്ടുവരാൻ വേണ്ടത്ര ശ്രദ്ധചെലുത്തുന്നില്ല എന്നത് ഒരു സത്യമാണ്.

സാമൂഹ്യരംഗത്ത് സംഘടിതശ്രമം ഒറ്റപ്പെട്ട നിലയില്ലെങ്കിലും ഉണ്ടായിട്ടുള്ളത് തങ്കയം, ഇയ്യക്കാട് പ്രദേശങ്ങളിലാണ്. ഈ പ്രദേശങ്ങളിൽ യഥാക്രമം 1951, 1972 വർഷങ്ങളിൽ ആരംഭിച്ച മഹിളാ സമാജങ്ങൾ ഇതിനുദാഹരണമാണ്. സ്ത്രീകളുടെയും, കുട്ടികളുടെയും ആരോഗ്യ പ്രശ്നങ്ങൾ, സാമൂഹ്യ വിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ ഫലപ്രദമായി ഇടപെടുന്നതിന് ഈ സംഘങ്ങൾക്ക് കവിഞ്ഞിട്ടുണ്ട്. ഈ രണ്ട് സമാജങ്ങളുടെയും നേതൃത്വത്തിൽ ആരംഭിച്ച ബാലവാടികളിലൂടെ കുട്ടികൾക്ക് പോഷകാഹാര വിതരണം കാര്യക്ഷമമായി നടക്കുന്നു. പിഞ്ചു കുട്ടികളുടെ മാനസിക വികാസത്തിലൂന്നിനിന്നുകൊണ്ടുള്ള ഈ ബാലവാടികളുടെ പ്രവർത്തനം ശ്ലാഘനീയമാണ്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന നഴ്സറി വിദ്യാലയങ്ങൾ കുട്ടികളുടെ മാനസിക വളർച്ചയെ വികലമാക്കുകയാണ് ചെയ്യുന്നത്. കളിച്ചു വളരേണ്ട പ്രായത്തിൽ ടൈയും, ഷൂസും ധരിച്ച് ഇംഗ്ളീഷ് അക്ഷരങ്ങൾ പഠിച്ച് അസ്വാതന്ത്ര്യത്തിന്റെ രുചിയനുഭവിക്കുന്ന പിഞ്ചുകുട്ടികളുടെ പരിതാപകരമായ അവസ്ഥ നാം ഗൗരവത്തിലെടുക്കേണ്ടതാണ്.

തൊഴിൽ രംഗത്ത് ഖാദി, സ്വകാര്യ-സഹകരണ ബീഡി മേഖലകളിൽ സ്ത്രീകളാണ് ഏറ്റവും കൂടുതൽ ജോലി ചെയ്യുന്നത്. എന്നാൽ കെട്ടിട നിർമ്മാണം, കാർഷിക മേഖലകളിൽ വേതന നിരക്കിൽ ഗണ്യമായ അന്തരം നിലനിൽക്കുന്നു. ഈ അവസ്ഥ നിലനിൽക്കേ തന്നെ രൂക്ഷമായ തൊഴിലില്ലായ്മയും അനുഭവപ്പെടുന്നു.

| തൊഴിൽ മേഖല | സ്ത്രീകളുടെ എണ്ണം | പുരുഷൻമാരുടെ എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളികൾ | 1019 | 901 |
| കെട്ടിട നിർമ്മാണം | 14 | 657 |
| മൃഗസംരക്ഷണം മത്സ്യബന്ധനം | 27 | 173 |
| ചെറുകിട വ്യവസായം | 24 | 8 |
| വ്യാപാരം | 150 | 1360 |
| ഗതാഗതം-വാർത്താ വിനിമയം | 22 | 308 |
| കൃഷി | 120 | 475 |
| മറ്റുള്ളവ | 264 | 770 |

അവലംബം : സെൻസസ് 1991

### കൂലിനിരക്ക്

| മേഖല | സ്ത്രീകൾ | പുരുഷൻമാർ |
|---|---|---|
| കൃഷി | 25 രൂപ | 50 രൂപ |
| നിർമ്മാണ തൊഴിൽ | 55/60 രൂപ | 110/125 രൂപ |
| സ്വകാര്യ ബീഡി | 35 രൂപ | 35 രൂപ |

ദാരിദ്ര്യ ബൂരിപക്ഷത്തിന്റെയിടയിൽ കുടുംബത്തിന്റെ ഭാരം ഏറിയ ഭാഗവും പേറേണ്ടി വരുന്നത് സ്ത്രീകളാണ്. അവരുടെ തൊഴിലിനോടൊപ്പം കുട്ടികളെ ശുശ്രൂഷിക്കൽ, ഭക്ഷണമൊരുക്കൽ, അത്യാവശ്യമുള്ള കൃഷിപ്പണികൾ എന്നിവ ചെയ്യേണ്ട ഉത്തരവാദിത്വത്തിൽ നിന്ന് ഇവർക്ക് ഒഴിഞ്ഞു നിൽക്കാൻ കഴിയുന്നില്ല. ഉദ്യോഗസ്ഥകളായ സ്ത്രീകളിലും ജോലിഭാരത്തിന്റെ പ്രശ്നം നില നിൽക്കുന്നു. ഔദ്യോഗിക കാര്യങ്ങളിൽ തുല്യത ലഭിക്കുന്നുണ്ടെങ്കിലും വീട്ടുജോലികളുടെ പൂർണ്ണമായ ഉത്തരവാദിത്വം ഇവർക്കാണെന്ന വസ്തുത ചർച്ചചെയ്യപ്പെടേണ്ടതാണ്.

കുട്ടികളുടെ വിദ്യാഭ്യാസത്തിൽ അമ്മമാർക്ക് നിസ്തുലമായ പങ്ക് വഹിക്കാൻ കഴിയും. സ്ക്കൂൾ തലത്തിൽ രൂപീകരിച്ചിട്ടുള്ള മദർ പി. ടി. എ. ഈ രംഗത്ത് നല്ലൊരു മുന്നേറ്റമാണ്. ഇവയുടെ പ്രവർത്തനം മാതൃകാപരമാക്കുന്നതിന് വേണ്ടി ശാസ്ത്രീയമായ ഇടപെടലുകൾ ആവശ്യമാണ്.

നമ്മുടെ പഞ്ചായത്തിൽ രണ്ട് D. W. C. R. A. യൂണിറ്റുകൾ നിലവിലുണ്ട്. ഇളംമ്പച്ചയിലെ കുട നിർമ്മാണ യൂണിറ്റ് ഈ രംഗത്തെ ഒരു വൻ കുതിച്ചുചാട്ടമാണ്. മറ്റൊന്ന് എടാട്ടുമ്മൽ സുഭഷ്. 1991 സെൻസസ് പ്രകാരം 52.6% സ്ത്രീകളാണ്. ഇവരിൽ 72.8% സാക്ഷരരാണ്.

| | പുരുഷൻ | സ്ത്രീ |
|---|---|---|
| ജനസംഖ്യ | 15,467 | 17,159 |
| സാക്ഷരർ | 12,437 | 12,486 |

അവലംബം : സെൻസസ് 1991

## പ്രശ്നങ്ങൾ

തൊഴിൽ മേഖലയിൽ ആവശ്യമായ സ്ത്രീ തൊഴിലാളികൾ ലഭ്യമല്ല.

വിദ്യാ സമ്പന്നരിൽ തൊഴിൽ സങ്കലപം കൃഷിയോടുള്ള ആഭിമുഖ്യം കുറയ്ക്കുന്നു.

കൃഷി, നിർമ്മാണത്തൊഴിൽ മേഖലകളിൽ വേതന നിരക്കിൽ ഗണ്യമായ അന്തരം

സാമൂഹ്യ-സന്നദ്ധ-രാഷ്ട്രീയ സംഘടനാപ്രവർത്തനങ്ങളിൽ സ്ത്രീപങ്കാളിത്തത്തിൽ ഗണ്യമായ കുറവ്.

സ്വയം തൊഴിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് വേണ്ടത്ര അറിവില്ലായ്മ.

സ്വയം തൊഴിൽ സംഘങ്ങൾ ആരംഭിക്കാനുള്ള നടപടിക്രമങ്ങളുടെ തടസ്സവും കാലതാമസവും.

വീടുകളിൽ സ്ത്രീ-പുരുഷ അസമത്വം നിലനിൽക്കുന്നു.

വിവാഹവേദികളിലെ അനാവശ്യമായ ആർഭാടം ഇന്നും നിലനിൽക്കുന്നു. സ്ത്രീധന സമ്പ്രദായങ്ങൾ, സ്ത്രീകളെ ഉപഭോഗവസ്തുവായി ചിത്രീകരിക്കുന്ന സിനിമകളും, പോസ്റ്ററുകളും, അശ്ലീല പരസ്യങ്ങളും, മദ്യപാനത്തിൽ നിന്നുടലെടുക്കുന്ന സ്ത്രീ പീഢനം.

## സാധ്യതകൾ

D.W.C.R.A യൂണിറ്റുകൾ വാർഡുതലത്തിൽ വ്യാപിപ്പിക്കൽ മഹിളാ സമാജങ്ങളിലൂടെ പരമ്പരാഗത കൈത്തൊഴിലുകളുടെ പുനരുദ്ധാരണം (നാട്ടിൽ ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച്) ചെറുകിട വ്യവസായങ്ങൾക്ക് ബാങ്കുകൾ വഴി ധനസഹായം ലഭ്യമാക്കൽ വാർഡുതലത്തിൽ മഹിളാസമാജങ്ങൾ രൂപീകരിച്ച് തൊഴിൽ പരിശീലന ക്ളാസുകൾ സംഘടിപ്പിക്കൽ ഓരോ വാർഡിലും അംഗൻവാടികൾ വീടുകൾ തോറും പുകയില്ലാത്ത വിറകടുപ്പ് തൊഴിൽ പരിശീലനം നേടിയ വനിതകളുടെ രജിസ്ട്രേഷൻ

## ഗ്രാമസഭയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

1. സ്ത്രീധന നിരോധന നിയമം കർശനമായി നടപ്പാക്കുക.

2. സ്ത്രീകളെ അപമാനിക്കുന്ന തരത്തിലുള്ള അശ്ളീല പോസ്റ്ററുകൾ, നിലവാരം കുറഞ്ഞ സിനിമകൾ എന്നിവ നിരോധിക്കുക.

3. തൃക്കരിപ്പൂര് പഞ്ചായത്തിൽ ഒരു വനിതാ ഗ്രാമ വികസന ഓഫീസ് സ്ഥാപിക്കുക.

4. തൊഴിൽ മേഖലകളിലെ വനിതകളുടെ കുട്ടികളെ സംരക്ഷിക്കുന്നതിനാവശ്യമായ ത്രഷെകൾ ആരംഭിക്കുക.

5. ഖാധിമേഖലയിൽ ജോലിചെയ്യുന്ന സ്ത്രീകളുടെ സേവന വേതന വ്യവ്സ്ഥകൾ പുനക്രമീകരിക്കുക.

6. കവർ,സോപ്പ്,കുട,മെഴുകുതിരി,അച്ചാർ,പപ്പടം,ചെമ്മീൻ പൊടി, മുതലായവയുടെ നിർമ്മാണവും സംസ്കരണവും വാർഡടിസ്ഥാനത്തിൽ ചെറുകിട വ്യവസായ യൂണിറ്റായി ആരംഭിക്കുക.

7. ലഭ്യമായ പഴവർഗ്ഗങ്ങൾ (കശുമാങ്ങ,മാമ്പഴം,പപ്പായ,ഏത്തക്ക, ചക്ക...)ഉപയോഗിച്ച് സ്ക്വാഷുകൾ,ചിപ്സുകൾ എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകൾ, സ്ഥാപിക്കുക.

8. വനിതാ ക്ഷീര വ്യവസായ സഹകരണ യൂണിറ്റുകൾ സ്ഥാപിക്കുക

9. സഹകരണമേഖലയിൽ പഴം,പച്ചക്കറി വിപണനശാല ആരംഭിക്കുക.

10. സ്ത്രീകൾക്ക് അടുക്കളത്തോട്ടം നിർമ്മിക്കുന്നതിനാവശ്യമായ വിത്തും, വളവും കൃഷിഭവനുകൾ മുഖേന സൗജന്യമായി എത്തിക്കുക.

11. പഞ്ചായത്തിൽ ഒരു വനതാ I.T.I സ്ഥാപിക്കുക.

12. ഗ്രാമീണ വായനശാലകളിൽ തൊഴിൽ അവസരങ്ങളുടെ പരസ്യങ്ങളടങ്ങിയ പ്രസിദ്ധീകരണങ്ങൾ എത്തിക്കുക.

13. ബീഡിമേഖലയിലും, ഖാദിമേഖലയിലും ജോലിചെയ്യുന്ന സ്ത്രീകളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

14. D.W.C.R.A യൂണിറ്റിന് പഞ്ചായത്ത് കെട്ടിടങ്ങൾ അനുവദിക്കുക. വിപണനത്തിന് സൗകര്യ ഏർപ്പെടുത്തുക.

15. നിത്യോപയോഗ സാധനങ്ങൾ ഓർഡർ പ്രകാരം എത്തിച്ച് കൊടുക്കുന്നതിന് ഗവ/സഹകരണ മേഖലകളിൽ വനിതകൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കുക.

16. വികലാംഗരായ സ്ത്രീകളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

17. വിധവാ പെൻഷൻ തുക ഇരട്ടിയായി വർദ്ധിപ്പിക്കുക.

8. സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന് വേണ്ടി തങ്കയം ബാലവാടിക്ക് ചുറ്റുമതിൽ പണിയുക.

19. കുട്ടികളെ കൊണ്ട് തൊഴിലെടുപ്പിക്കുന്നത് കർശനമായി തടയുക.

20. തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് 50% സംവരണം ഏർപ്പെടുത്തുക.

21. പഞ്ചായത്ത് ഭരണസമിതികൾ സഹകരണസംഘങ്ങൾ, വ്യവസായ യൂണിറ്റുകൾ, ക്ഷേമ ബോർഡുകൾ മുതലായവയിൽ കൂടുതൽ സ്ത്രീപ്രാധാന്യം കൊടുത്തു പൊതുരംഗങ്ങളിൽ വനിത, കളെ സജീവമാക്കുക.

22. നിർദ്ധന കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുക. വിധവകളുടെ പെൺമക്കളുടെ വിവിഹ ധനസഹായം 7000 രൂപയായി വർദ്ധിപ്പിക്കുക.

23. വാർഡടിസ്ഥാനത്തിൽ മാവേലിസ്റ്റോറുകൾ ആരംഭിക്കുക.

24. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക.

25. സ്ത്രീകളുടെ പ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹാരം കണ്ടെത്തുന്നതിന് വേണ്ടി വാർഡുതലത്തിൽ ഒരു സംഘടന ഉണ്ടാക്കുക.

26. സ്ത്രീകളുടെ ഉന്നമനത്തിനും, തൊഴിൽ മാർഗ്ഗദർശിത്വത്തിനും, അന്ധവിശ്വാസങ്ങൾക്കെതിരെയും ബോധോവൽക്കരണ ക്ളാസുകൾ സംഘടിപ്പിക്കുക.

27. തുന്നൽ പരിശീലനം നേടിയ വനിതകളെ ഉൾപ്പെടെയുള്ള റെഡിമെയ്ഡ് വസ്ത്ര നിർമ്മാണയൂണിറ്റുകൾ സ്ഥാപിക്കുക.

28. കലാവാസനയുള്ള വനിതകളുടെ നേതൃത്വത്തിൽ ആശംസാ കാർഡ് നിർമ്മാണ സ്ഥാപനങ്ങൾ ആരംഭിക്കുക.

29. വാർഡുകൾ തോറും അംഗനവാടികൾ സ്ഥാപിക്കുക. നിലവിലുള്ള ബാലവാടികൾ വഴി സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പോഷകാഹാര വിതരണം നടപ്പിലാക്കുക.

30. പിഞ്ചുകുഞ്ഞുങ്ങളുടെ മാനസിക വളർച്ചയെ തകർക്കുന്ന ഇംഗ്ലീഷ് മീഡിയം നഴ്സറികൾ കർശനമായി നിർത്തലാക്കുക.

31. നിലവിലുള്ള ബാലവാടികൾക്ക് ആവശ്യമായ കളിക്കോപ്പുകൾ പഠനോപകരണങ്ങൾ എന്നിവ ലഭ്യമാക്കുക.

*'മരത്തിൽ ഉണ്ടാകുന്ന ചിതൽ മരത്തെതന്നെ ആദ്യം നശിപ്പിക്കുന്നതുപോലെ, അസൂയ ആരിൽ ഉത്ഭവിക്കുന്നുവോ അയാളെത്തന്നെ അതു ആദ്യം നശിപ്പിക്കുകന്നു.*

*വി.ക്രിസോസ് ക്കോം*

# സഹകരണം

## സഹകരണ പ്രസ്ഥാനം തൃക്കരിപ്പൂരിൽ

1904–ൽ ആണ് പഴയ മദ്രാസ് സംസ്ഥാനത്തിൽ ഒരു ഏകീകൃത സഹകരണ നിയമം നടപ്പിലായത്. മധ്യവർത്തികളുടെ ചൂഷണത്തിൽ നിന്ന് സാധാരണക്കാരായ കൃഷിക്കാരേയും കർഷകത്തൊഴിലാളികളെയും സംരംക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പ്രസ്ഥാനം തുടക്കത്തിൽ രൂപം കൊണ്ടത്. ക്രമാനുഗതമായി ഈ നിയമത്തിൽ പല മാറ്റങ്ങളും വന്നുകൊണ്ടിരുന്നു. ഇത് മറ്റെല്ലാ രംഗത്തും സഹകരണ പ്രസ്ഥാനം വളർന്നു പന്തലിച്ചു നിൽക്കുകയാണ്. വായ്പാരംഗത്താണ് സഹകരണ പ്രസ്ഥാനത്തിന് ഏറെ പ്രസ്ഥാനത്തിന് ഏറെ പ്രവർത്തിക്കാനുള്ളത്.

തൃക്കരിപ്പൂർ പഞ്ചായത്തിലെ രണ്ട് ഗ്രാമങ്ങളിലെ സഹകരണസ്ഥാപനങ്ങളുടെ വ്യാപ്തിയെക്കുറിച്ച് പരിശോധിക്കുകയാണെങ്കിൽ പല രംഗങ്ങളിലായി 13 സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്.

### 1. തൃക്കരിപ്പൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്

1951 മാർച്ച് 31ന് തൃക്കരിപ്പൂർ കോ–ഓപ്പറേറ്റീവ് ടൗൺ ബാങ്ക് എന്ന പേരിൽ പേരിൽ ഈ സ്ഥാപനം രജിസ്റ്റർ ചെയ്യുകയും ഏപ്രീൽ 19ന് പ്രവർത്തനമാരംഭിക്കുകയും ചെയ്തു. സാമ്പത്തികമായി വളരെ പിന്നോക്കം നിന്നിരുന്ന ഈ പ്രദേശത്തെ കൃഷിക്കാരേയും കർഷകത്തൊഴിലാളികളേയും മധ്യവർത്തികളായ ഭൂവുടമകളുടേയും മറ്റും ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിന് വിദ്യാസമ്പന്നരായ കുറെ ആളുകളുടെ പരിശ്രമ ഫലമായാണ് ടൗൺ ബാക് രൂപം കൊണ്ടത്. ഇതിന് നേതൃത്വം കൊടുത്തത് സി.എം.പത്മനാഭൻ നായർ, പി.നാരായണൻ നായർ, കെ.വി.കുഞ്ഞിരാമൻ (ഒളവറ), പി.സി.പൊതുവാൾ എന്നിവരാണ്.

ടൗൺ ബാങ്ക് പിന്നീട് നിയമാവലിയിൽ മാറ്റങ്ങളുമായി തൃക്കരിപ്പൂർ സർവ്വീസ് സഹകരണബാങ്ക് എന്ന പേരിൽ പുനർ നാമകരണം ചെയ്ത് കർഷകരെ സഹായിക്കുന്നതിന് രംഗത്തു വന്നു. വളരെ ചെറിയ നിലയിൽ ആരംഭം കുറിച്ച ഈ പ്രസ്ഥാനം 20,000,00 രൂപ അംഗീകൃത മൂലധനമായും $13^1/_2$ ലക്ഷം രൂപ പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനമായും പ്രവർത്തിച്ചു വരികയാണ്. 12570 മെമ്പർമാർ ഇന്ന് ഈ സ്ഥാപനത്തിലുണ്ട്. 3 1/2 കോടിയോളം രൂപ വിവിധ നിക്ഷേപങ്ങളായി ലഭിക്കുകയും അത്ര തന്നെ വായ്പ നീക്കിയിരിപ്പും ബാങ്കിനുണ്ട്.

തൃക്കരിപ്പൂർ പ്രദേശങ്ങളിലെ റേഷൻ പൊതു വിതരണ സമ്പ്രദായം കാര്യക്ഷമമായി ഏറ്റെടുത്ത് നടത്താൻ ബാങ്കിനും സാധിച്ചിട്ടുണ്ട്. ജില്ലാ ബാങ്കിൽ നിന്ന് യഥാസമയം ഫണ്ട് ലഭികാത്തത് ബാങ്കിന്റെ വായ്പാ ഇടപാടുകളെ ബാധിച്ചിട്ടുണ്ട്.

### 2. തൃക്കരിപ്പൂർ റൂറൽ കോ–ഓപ്പറേറ്റീവ് ഹൗസിങ്ങ് സഹകരണ സംഘം ക്ളിപ്തം.

തൃക്കരിപ്പൂർ ഉൾപ്പെടെ ആറു പഞ്ചായത്തിലെ ജനങ്ങൾക്ക് ഭവനനിർമ്മാണത്തിനുള്ള വായ്പ നൽകുക എന്ന ലക്ഷ്യത്തോടെ 1956ൽ ഈ സഹകരണ സംഘം രൂപീകരിച്ചു. 348 അംഗങ്ങളുള്ള ഈ

സംഘത്തിന്റെ ഓഹരി വില 100 രൂപയാണ്. കഴിഞ്ഞ വർഷങ്ങളിൽ നമ്മുടെ ജില്ലയിലെ ഏറ്റവും നല്ല ഭവനനിർമ്മാണ സഹകരണസംഘം എന്ന ബഹുമതി നേടാനും ഈ സംഘത്തിനു കഴിഞ്ഞു. 170000 രൂപ സർക്കാർ ഓഹരിയുള്ള ഈ സംഘത്തിൽ നിന്ന് 15000 മുതൽ 5 ലക്ഷം വരെ വായ്പ നൽകിവരുന്നു.

പഞ്ചായത്തിലെ ആവശ്യകതക്കനുസരിച്ച് വായ്പ നൽകുവാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ട്. ജനങ്ങൾക്ക് വായ്പ യഥാസമയം ലഭിക്കണം.

**3. തൃക്കരിപ്പൂർ വീവേഴ്സ് സഹകരണ സംഘം ക്ളിപ്തം**

വടക്കേ തൃക്കരിപ്പൂർ, തെക്കെ തൃക്കരിപ്പൂർ, ഉദിനൂർ ഗ്രാമങ്ങളിലെ നെയ്ത്ത് തൊഴിലാളികളുടെ ഉന്നമനത്തിന് വേണ്ടി 1979ൽ ആരംഭിച്ചതാണ് ഈ സഹകരണ സംഘം. 452 അംഗങ്ങളുള്ള ഈ സംഘത്തിന്റെ ഒരു ഓഹരി വില 100 രൂപയാണ്. 75 തൊഴിലാളികൾ ഇവിടെ ജോലി ചെയ്യുന്നുണ്ട്.

ഉല്പന്നങ്ങളുടെ വിപണനത്തിൽ മത്സരം നേരിടുന്നുണ്ട്. പ്രദേശികമായ ഉപഭോഗ നിരക്ക് വർദ്ധിപ്പിക്കേണ്ടതുണ്ട്.

**4. തൃക്കരിപ്പൂര് ക്ഷീര വ്യവസായ സഹകരണ സംഘം**

തൃക്കരിപ്പൂര് പഞ്ചായത്തിലെ ക്ഷീര കർഷകരിൽ നിന്ന് പാല് ശേഖരിച്ച് വിപണനം നടത്തുക എന്ന ലക്ഷ്യത്തോടെ 1962ൽ ആരംഭിച്ച ഈ സംഘം 1975 മുതൽ 1982 വരെ പ്രവർത്തനരഹിതമായിരുന്നു. 1982 ൽ ഇതിന് പുതുജീവൻ കൈവന്നു. ഇന്ന് 270 മെമ്പർമാർ സംഘത്തിനുണ്ട്. ഓഹരി 10 രൂപയാണ്. പാൽ വിതരണത്തോടൊപ്പം ക്ഷീരകർഷകർക്ക് കാലിത്തീറ്റ, മിനറൽസ് മുതലായവയും വിതരണം ചെയ്യുന്നു. പ്രതിദിനം 250 ലിറ്റർ പാൽ വിതരണം ചെയ്യുന്നുണ്ട്.

**5. തൃക്കരിപ്പൂർ കയർ വ്യവസായ സഹകരണ സംഘം ക്ളിപ്തം**

തൃക്കരിപ്പൂർ പഞ്ചായത്തിലെ മെട്ടമ്മലിൽ പ്രവർത്തിക്കുന്ന കയർവ്യവസായ സഹകരണ സംഘത്തിൽ 426 അംഗങ്ങളുണ്ട്. ഒരു ഓഹരി വില 10 രൂപയാണ് കയർ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുക, തൊഴിൽ നൽകുക എന്നിവയാണ് സംഘത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

ചകിരി വ്യവസായത്തിന് പഞ്ചായത്തിലുള്ള വൻസാധ്യതകൾ ഉപയോഗപ്പെടുത്താൻ സംഘത്തിലൂടെ സാധ്യമാകണം. പ്രധാന വിളയായ തെങ്ങിന്റെ ഉൽപ്പന്ന സാധ്യതകൾ വിനിയോഗിക്കാൻ പറ്റണം. ചകിരിച്ചോർ വ്യവസായ ജൈവവളത്തിനുപകരിക്കാവുന്നതാണ്.

**6. രാജീവ് ഗാന്ധി മെമ്മോറിയൽ സഹകരണ ആശുപത്രി**

രോഗ ചികിത്സാരംഗത്ത് പിന്നിൽ നിൽക്കുന്ന തൃക്കരിപ്പൂരിലേയും പരിസര പ്രദേശങ്ങളിലേയും രോഗികൾക്ക് പ്രയോജനപ്പെടുക എന്ന ഉദ്ദേശത്തോടെ 1992ൽ തൃക്കരിപ്പൂരിൽ പ്രവർത്തനമാരംഭിച്ചതാണ് ഈ സ്ഥാപനം. 143 അംഗങ്ങളുള്ള സംഘത്തിന്റെ ഓഹരിവില 100 രൂപയാണ്.

**7. തൃക്കരിപ്പൂർ കോ-ഓപ്പറേറ്റീവ് സ്റ്റോർ ക്ളിപ്തം**

1984ൽ പ്രവർത്തനമാരംഭിച്ച സംഘത്തിന്റെ പ്രവർത്തന പരിധി തൃക്കരിപ്പൂർ പഞ്ചായത്താണ്. 233 സംഘങ്ങൾ ഉള്ള സംഘത്തിന്റെ ഓഹരിവില 50രൂപയാണ്. സർക്കാർ ഓഹരി ഉൾപ്പെടെ 43850 രൂപ ഓഹരി മൂലധനമുണ്ട്.

**8. സൗത്ത് തൃക്കരിപ്പൂർ കോ-ഓപ്പറേറ്റീവ് സ്റ്റോർ ക്ളിപ്തം**

തെക്കെ തൃക്കരിപ്പൂർ ഗ്രാമ പ്രവർത്തന പരിധിയാക്കിക്കൊണ്ട് 1987ൽ ഈ സഹകരണ സംഘം പ്രവർത്തനമാരംഭിച്ചു. 102 മെമ്പർമാരാണ് ഈ സംഘത്തിലുള്ളത്. ഓഹരി വില 10രൂപ. സർക്കാർ ഓഹരിയടക്കം 52060 രൂപ ഓഹരി മൂലധമുണ്ട്.

### 9. തൃക്കരിപ്പൂർ പട്ടികജാതി-പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം

തൃക്കരിപ്പൂർ പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കി രൂപീകരിച്ച ഒരു സംഘമാണിത്. 1982ൽ ആരംഭിച്ച ഈ സംഘത്തിൽ ഇപ്പോൾ 433 അംഗങ്ങളുണ്ട്. ഒരു ഓഹരി വില 10 രൂപ.

### 10. തൃക്കരിപ്പൂർ ബീഡിവർക്കേഴ്സ് ക്രെഡിറ്റ് സഹകരണ സംഘം ക്ളിപ്തം

1987ൽ സംഘം പ്രവർത്തനമാരംഭിച്ചു. തൃക്കരിപ്പൂർ, വലിയപറമ്പ്, പടന്ന, പീലിക്കോട് എന്നീ പഞ്ചായത്തുകളാണ് പ്രവർത്തന പരിധി. 257 അംഗങ്ങളുള്ള സംഘത്തിന്റെ ഓഹരി വില 25 രൂപയാണ്.

### 11. വനിതാ വ്യവസായ സഹകരണ സംഘം ക്ളിപ്തം

10 വർഷം മുമ്പ് കെൽട്രോൺ റോഡിയോ അസംബ്ളിങ്ങിനു വേണ്ടി രൂപീകരിച്ച പ്രസ്തുത സംഘം ഇന്ന് പ്രവർത്തന രഹിതമാണ്. മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കുള്ള വിലപിടിച്ച പല ഉപകരണങ്ങളും തുരുമ്പെടുത്ത് നശിക്കാൻ തുടങ്ങിയിരിക്കുന്നു. അഭ്യസ്തവിദ്യരും അല്ലാത്തവരുമായ ധാരാളം വനിതകൾക്ക് തൊഴിൽ സാധ്യതയുള്ള സംഘത്തിന്റെ ഇന്നത്തെയവസ്ഥ മാറേണ്ടതുണ്ട്.

### 12. തൃക്കരിപ്പൂർ പഞ്ചായത്ത് പട്ടികജാതി ഗ്രാമവികസന സഹകരണസംഘം ക്ളിപ്തം

1993ൽ രജിസ്റ്റർ ചെയ്ത സഹകരണ സംഘത്തിൽ 70 അംഗങ്ങളുണ്ട്. സംഘത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. കെട്ടിട നിർമ്മാണത്തിനാവശ്യമായ ഗ്രിൽസ് തുടങ്ങിയവ വിതരണം ചെയ്യുകയാണ് ഉദ്ദേശ്യം.

### 13. കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക്

ജില്ലാ സഹകരണ ബാങ്കിന്റെ തൃക്കരിപ്പൂർ ശാഖ 1989 ൽ ആരംഭിച്ചു. പൊതുജനങ്ങളിൽ നിന്നു നിക്ഷേപം സ്വീകരിക്കുകയും വായ്പ നൽകുകയും ചെയ്യുന്നു.

### 14. ദിനേശ് ബീഡി സഹകരണ സംഘം

ചെറുവത്തൂർ ദിനേശ് ബീഡി തൊഴിലാളി സഹകരണ സംഘത്തിന്റെ കീഴിൽ 5 ശാഖകളായി 100 പുരുഷന്മാരും 450 സ്ത്രീത്തൊഴിലാളികളും ജോലി ചെയ്യുന്നുണ്ട്. ഇതിനു പുറമേ മുന്നൂറോളം തൊഴിലാളികൾ സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്നു.

### 15. തൃക്കരിപ്പൂർ-വലിയപറമ്പ് ടൂറിസം വികസന സഹകരണ സംഘം

കാസർഗോഡ് ജില്ലയിലെ തീരദേശ പഞ്ചായത്തുകളായ തൃക്കരിപ്പൂർ, വലിയപറമ്പ്, പടന്ന കേന്ദ്രീകരിച്ചാണ് സംഘം പ്രവർത്തിക്കുന്നത്.

### 16. മർച്ചന്റ്സ് വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

250 മെമ്പർമാർ ഉള്ള ഈ സംഘത്തിന്റെ ഒരോഹരിയുടെ വില 100 രൂപയാണ്.

### 17. കസ്തൂർബാ മെമ്മോറിയൽ വനിതാ സഹകരണ സംഘം

1995ൽ രൂപീകരിച്ച ഈ സംഘം വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്താനുദ്ദേശിക്കുന്നു.

## സഹകരണ രംഗത്ത് ഗ്രാമസഭകളിൽ നിന്നു വന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും.

**തൊഴിൽ** – കാർഷിക മേഖലകളിൽ സഹകരണ സംഘങ്ങൾ രൂപീകരിച്ച് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകേണ്ടതുണ്ട്. വാർഡുകൾ തോറും ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ, മെഴുകുതിര,കുട ,സോപ്പ്,അച്ചാറുകൾ,കവർ,ലെതർബാഗ്,റെഡിമെയ്ഡ് വസ്ത്രങ്ങളുടെ നിർമ്മാണം, തുന്നൽ പരിശീലന കേന്ദ്രങ്ങൾ, സെറി കൾച്ചർ, കോഴിവളർത്തൽ, കൂൺ കൃഷി, ചെമ്മീൻ കൃഷി, കല്ലുമ്മക്കായ കൃഷി, തുടങ്ങിയ വിവിധ മേഖലകളിൽ സഹകരണ യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്. ഇത്തരം ഗ്രാമീണ സഹകരണ സംഘങ്ങളിൽ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തുന്നതിന് പഞ്ചായത്തു തലത്തിൽ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്.

യുവതീ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്ന സഹകരണ സംഘങ്ങൾക്ക് സർക്കാറിൽ നിന്നു ലഭിച്ചു വരുന്ന ഗ്രാന്റ്, റിബേറ്റ് തുടങ്ങിയവ കുടിശ്ശിക വരുത്താതെ വിതരണം ചെയ്യുന്നതിന് നടപടികളുണ്ടാകണം.

ഹരിജൻ കോളനികളിൽ നിന്നും അന്യം നിന്നു പോയ്ക്കൊണ്ടിരിക്കുന്ന പായ നിർമ്മാണം വിപുലീകരിക്കുന്നതിനു നടപടികൾ വേണം. തരിശായി കിടക്കുന്ന പ്രദേശങ്ങളിൽ കൈതച്ചെടികൾ വച്ചുപിടിപ്പിക്കുന്നതിനും ചായനിർമ്മാണത്തിനുമായി സഹകരണ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്.

ആവശ്യമായ മുഴുവൻ ജനങ്ങൾക്കും സഹകരണ സംഘങ്ങളിലും ബാങ്കുകളിലും അംഗത്വം നൽകുകയും അവർക്കാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുകയും വേണം.

ഇന്നു വളരെയധികം പ്രതിസന്ധിയിലായ ദിനേശ് ബിഡിത്തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാതിരിക്കാനുള്ള നടപടികൾ ഉണ്ടാകണം. കൂടാതെ അവരിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നത് ഒഴിവാക്കുകയും വേണം.

സഹകരണ മേഖലയിൽ കാർഷികോല്പന്ന സംഭരണയൂണിറ്റും ഓയിൽ മില്ലും സ്ഥാപിക്കേണ്ടതാണ്. ഇവയുടെ നേതൃത്വത്തിൽ കൊപ്രഉണക്കുന്നതിനുള്ള ഡ്രൈനറും സ്ഥാപിക്കാവുന്നതാണ്. റേഷൻഷാപ്പ് നിലവിലില്ലാത്ത സ്ഥലങ്ങളിൽ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കണം. പഞ്ചായത്തിൽ ഒരു സഹകരണ പരശീലന കേന്ദ്രവും സഹകരണ മേഖലയിൽ ഒരു കോളേജും സ്ഥാപിക്കാവുന്നതാണ്.

വിവിധ മേഖലകളിൽ ജോലിചെയ്യുന്ന തൊഴിലാളികളെ ഉൾപ്പെടുത്തിക്കൊണ്ട് തൊഴിലാളിക്ഷേമ സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്.

ഉദാ: നിർമ്മാണത്തൊഴിലാളി സഹകരണ സംഘം

# 5-11 പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

## പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമം

പഞ്ചായത്തിലെ ജന സംഖ്യയിൽ 6.7% പട്ടികജാതിക്കാരാണ്. 1991ലെ സെൻസസ് പ്രകാരം പട്ടികജാതി അംഗങ്ങൾ 2185 ആണ്, 1078 പുരുഷൻമാരും, 1107 സ്ത്രീകളും. പട്ടിക വർഗ്ഗം ഈ പഞ്ചായത്തിലില്ല. 19 കോളനികളിലായി ഇവർ താമസിച്ചുവരുന്നു.

പട്ടിക 1

കോളനികൾ

| അംഗീകരിച്ച കോളനികൾ | അംഗീകരിച്ച ലക്ഷംവീട് കോളനികൾ | അംഗീകരിക്കാത്ത കോളനികൾ |
|---|---|---|
| നടക്കാവ് | കുറ്റിച്ചി | കരികടവ് |
| തലിച്ചാലം | ആയിറ്റി | ഉള്ളിയം |
| വയലോടി | | പുനത്തിൽ |
| മീലിയാട്ട് | | ചെറുകാനം |
| തൈക്കീൽ | | മുട്ടുകട |
| മണിയനോടി | | മൂലയിൻകടവ് |
| പറയമ്മാനം | | പൂവളപ്പ് |
| ഉടുമ്പുന്തല | | |
| ഒളവറ | | |
| മധുരംകൈ | | |

ഇവരിൽ ഭൂരിപക്ഷവും കോളനികളിലാണ് താമസിച്ചുവരുന്നത്. ഇവരുടെ ജീവിതം പിന്നോക്കാവസ്ഥയിലാണ്. വിദ്യാഭ്യാസ സാമൂഹിക മേഖലയിൽ കുറെയൊക്കെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. സംസ്കാരിക പ്രവർത്തനങ്ങളിൽ മുഖ്യധാരയിൽ എത്തിപ്പെടാൻ കഴിഞ്ഞിട്ടില്ല. സാസംകാരിക രംഗത്ത് സ്ത്രീകൾ പുരുഷൻമാരെക്കാൾ ഏറെ പിന്നിലാണ്.

സാക്ഷരതാ പ്രവർത്തനങ്ങളിലൂടെ മുഴുവൻ കോളനി നിവാസികളേയും സാക്ഷരരാക്കാൻ കഴിഞ്ഞെങ്കിലും തുടർ വിദ്യാഭ്യാസ പരിപാടികൾ വിജയിക്കാത്തതിനാൽ അവർ നിരക്ഷരതയിലേക്ക്

തിരിച്ചു പോയിരിക്കുന്നു. കുട്ടികളെ സ്കൂളിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും കൊഴിഞ്ഞു പോക്ക് തടയാൻ കഴിഞ്ഞിട്ടില്ല. രക്ഷിതാക്കളുടെ സാമ്പത്തിക സ്ഥിതിയാണ് മുഖ്യകാരണം. ഹൈസ്കൂൾ വിദ്യാഭ്യാസം വിജയകരമായി പൂർത്തിയാക്കുന്നവർ ചുരുക്കമാണ് ഇതോടുകൂടി മിക്കവരും പഠനം മതിയാക്കുന്നു. ഉപരിപഠനത്തിനു പോകുമ്പോൾ മറ്റ് സമുദായത്തിലെ കുട്ടികളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്.

പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. കുടിലുകളിൽ കഴിയുന്നവർ ഇന്നുമുണ്ട്. പദ്ധതികൾ ഉണ്ടെങ്കിലും സാമ്പത്തിക സഹായം കുറവായതിനാൽ വീടുകളുടെ പണി പൂർത്തിയാക്കാൻ സാധാരണക്കാർക്ക് കഴിഞ്ഞിട്ടില്ല. കോളനികളിൽ നിന്ന് അകന്ന് കഴിയുന്നവർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കാത്ത അവസ്ഥയാണ് ഉള്ളത്.

### ആചാരങ്ങൾ

സ്ഥലത്തെ പ്രായം കൂടിയ വ്യക്തിയെ പ്രശ്ന പരിഹാരത്തിനും മറ്റും ആശ്രയിക്കുന്ന പതിവ് കുറഞ്ഞു വരുന്നു. സാമുദായിക സംഘടനകൾ ഇന്ന് നേതൃത്വം ഏറ്റെടുത്തിരിക്കുന്നു. അടിസ്ഥാന കലകളുമായി ബന്ധപ്പെട്ടവരാണ് പട്ടികജാതി വിഭാഗങ്ങൾ. കുരുത്തോലകൾ കൊണ്ടും മറ്റും ചിലവു കുറഞ്ഞ വസ്തുക്കൾ കൊണ്ടും അടയാഭരണങ്ങൾ ഇവർ തന്നെ ഉണ്ടാക്കുന്നു. ഇവരുടെ സമ്പന്നമായ കര വിരുതും അനുഷ്ടാന കലകളും മതിയായ പ്രോത്സാഹനം കൊണ്ട് സംരക്ഷിക്കേണ്ടിയിരിക്കുന്നു. സർക്കാരിൽ നിന്ന് ബോധപൂർവ്വമായ ശ്രമം ഈ രംഗത്ത് ആവശ്യമാണ്.

### ആരോഗ്യം

പല കോളനികളിലും ആരോഗ്യ പ്രശ്നങ്ങൾ നിലനിൽക്കുന്നു. മലിന ജലം കെട്ടിനിൽക്കുന്നതു മൂലം കൊതുകുകൾ പെരുകുന്നു. പ്രാഥമിക ആവശ്യത്തിന് കക്കൂസ് മിക്ക വീടുകളിലും ഇല്ല. ബോധവൽക്കരണത്തിലൂടെ മാത്രമേ ഇതു പരിഹരിക്കാൻ കഴിയൂ.

### തൊഴിൽ

കുലത്തൊഴിൽ ചെയ്ത് ജീവിക്കുന്നവരാണ് ഭൂരിഭാഗവും. പായ് നെയ്ത്ത്, കൊട്ട മെടയൽ, കക്കവാരൽ, ചെമ്മീൻ പിടുത്തം ഇവയാണ് മുഖ്യതൊഴിൽ. കാർഷിക മേഖലയിൽ പ്രവർത്തിക്കുന്നവരുമുണ്ട്. അസംസ്കൃത വസ്തുവായ പായമുണ്ട സംരക്ഷിക്കാൻ കഴിയാത്തതിനാൽ പായ നെയ്ത്ത് നമ്മുടെ പഞ്ചായത്തിൽ നിന്നും പൂർണമായുംനശിച്ച അവസ്ഥയിലാണ്.

### പ്രശ്നങ്ങൾ

1. കക്കൂസും കുളിമുറിയും ഇല്ലാത്ത കുടുംബങ്ങൾ നിരവധിയാണ്.
2. കോളനികളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്.(തൈക്കീൽ, മീലിയാട്ട്, വയലോടി, തലിച്ചാലം, പറയമ്മാനം പ്രദേശങ്ങളിൽ പ്രത്യേകിച്ചും)
3. ഐ.ആർ.ഡി.പി. പദ്ധതികളും പട്ടിക ജാതി ക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനങ്ങളും വേണ്ടത്ര ഉപകരിച്ചിട്ടില്ല.
4. ബാങ്കുകൾ വായ്പ നൽകുന്നതിൽ സഹകരിക്കുന്നില്ല.
5. മലിന ജലം കെട്ടി നിൽക്കുന്നതു തടയാൻ പൊതു സംവിധാനം ഇല്ല.

6. പെൺകുട്ടികളുടെ വിവാഹത്തിനും, മിശ്രവിവാഹത്തിനും ധനസഹായം നൽകുന്നതിന് പ്രാധാന്യം കൽപ്പിക്കുന്നില്ല.
7. കോളനികളിൽ പൊതു ശമ്ശാനം ഇല്ല.
8. കാർഷിക മേഖലയിലും മറ്റ് മേഖലയിലും തൊഴിലവസരങ്ങൾ കുറഞ്ഞു വരുന്നു.
9. കോളനികൾക്ക് സമീപം ആരോഗ്യകേന്ദ്രങ്ങൾ ഇല്ലാത്തതിനാൽ വൈദ്യ സഹായം എളുപ്പത്തിൽ ലഭിക്കുന്നില്ല.
10. അഞ്ച് കുടുംബങ്ങളെ ചേർത്ത് കോളനിയായി അംഗീകരിക്കാത്തതിനാൽ ആനുകൂല്യം ലഭിക്കുന്നില്ല. ഒറ്റപ്പെട്ടു കിടക്കുന്നവർക്ക് ആനുകൂല്യം ലഭിക്കേണ്ടതാണ്.
11. തെങ്ങിൻ തൈ, വളം, വിത്ത്, കാർഷികോപകരണങ്ങൾ ഇവ ശരിയായ തോതിൽ വിതരണം ചെയ്യുന്നില്ല.
12. ഭൂമിയുള്ളവർ കൃഷി ചെയ്യുന്നത് വളരെ കുറവാണ്.
13. കല്ലുമ്മക്കായ്, ചെമ്മീൻ, മത്സ്യം ഇവ കൃഷി ചെയ്യുന്നതിന് പദ്ധതികളില്ല.
14. പഴയ വീടകൾ (മൺകട്ട കൊണ്ട് നിർമ്മിച്ചവയും, പത്ത് വർഷം കഴിഞ്ഞവയും) പുതുക്കി പണിയാൻ ആസൂത്രണം ചെയ്തിട്ടില്ല.
15.. നാല് സെൻറ് ഭൂമിയിൽ കുറവുള്ളവരെ കെട്ടിട നിർമ്മാണ നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കിയിട്ടില്ല.
16. കോളനികളിലേക്ക് ഗതാഗത യോഗ്യമായ റോഡുകൾ കുറവാണ്.
17. മിക്ക വീടുകളും വൈദ്യുതീകരിച്ചിട്ടില്ല.
18. ലംപ്സം ഗ്രാൻറിൻെറ അപര്യാപ്തത, സാമ്പത്തിക പ്രയാസം തുടങ്ങിയ കാരണങ്ങളാൽ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുന്നില്ല.
19. പ്രീപ്രൈമറി വിദ്യാഭ്യാസം ഇല്ലെന്നു തന്നെ പറയാം.

സാധ്യതകൾ പരിഹാര മാർഗ്ഗങ്ങൾ

1. പായ് നെയ്ത്ത്, കൊട്ട മെടയൽ, തുകൽ വസ്തുക്കളുടെ നിർമ്മാണം, കുമ്മായ നിർമ്മാണം എന്നിവ സഹകരണ അടിസ്ഥാനത്തിൽ ആരംഭിക്കുക.
2. വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക. കോളനികളിൽ പ്രീപ്രൈമറി കേന്ദ്രങ്ങൾ തുടങ്ങുക, പഠനോപകരണങ്ങളും, ഫർണിച്ചറുകളും സൗജന്യമായി വിതരണം ചെയ്യുക, സ്റ്റൈഫൻറുകളും, സ്കോളർഷിപ്പുകളും വർദ്ധിപ്പിക്കുക.
3. സാക്ഷരതാ പ്രവർത്തനം ആരംഭിക്കുക, വ്യക്തി ശുചിത്വം, പരിസര ശുചിത്വം ഇവയിൽ ബോധവൽക്കരണം നടത്തുക.
4. മുഴുവൻ വീടുകളും സൗജന്യമായും വൈദ്യുതീകരിക്കുക, പ്രധാന കേന്ദ്രങ്ങളിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുക.
5. കോളനികളെ ബന്ധപ്പെടുത്തി പൊതു ശ്മശാനം സ്ഥാപിക്കുക.
6. കോളനികളിലേക്ക് ഇന്നുള്ള റോഡുകൾ ഗതാഗത യോഗ്യമാക്കുക. പുതുതായി തുടങ്ങേണ്ടവ തുടങ്ങുക.
7. കോളനികളിൽ കമ്മ്യൂണിറ്റി ഹാൾ ഉണ്ടാക്കുക. റേഡിയോ, ടെലിവിഷൻ, പത്ര മാസികകൾ, പുസ്തകങ്ങൾ ഇവ നൽകുകയും ചെയ്യുക.
8. സ്വയം തൊഴിലിൽ ഏർപ്പെടാൻ തയ്യാറാവുന്ന യുവതീയുവാക്കൾക്ക് ബാങ്ക് വായ്പകൾ നൽകുക. നിബന്ധനകൾ ലഘൂകരിക്കുക.

9. പ്രാഥമിക സൗകര്യങ്ങൾക്ക് നൽകി വരുന്ന ഗ്രാൻറുകൾ വർദ്ധിപ്പിക്കുക. വീടിന് മുപ്പതിനായിരം രൂപയും കക്കൂസിന് ഏഴായിരം രൂപയും നൽകുക.

10.താമസയോഗ്യമല്ലാത്ത വീടുകൾ പുതുക്കി പണിയാൻ പദ്ധതികൾ തയ്യാറാക്കുക.

11. തരിശു ഭൂമികളും, പുറംപോക്ക് ഭൂമികളും പതിച്ചു നൽകുക. കാർഷിക സമ്പത്ത് വർദ്ധിപ്പിക്കാൻ പദ്ധതികൾ ഏർപ്പെടുത്തുക.

12. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നിലവിലുള്ള കിണറുകൾക്ക് ആഴം കൂട്ടുകയും പുതിയവ നിർമിക്കുകയും, പൈപ്പ് ലൈൻ നീട്ടുകയും, പൊതുടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യുക. ഇവ ഗുണഭോക്താക്കളുടെ സഹായത്തോടെ നടപ്പിലാക്കുക.

13.കയർ, മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് സഹകരണ സംഘങ്ങൾ രൂപികരിക്കുക.

14. കുടിലുകളിൽ താമസിക്കുന്നവർക്ക് ഭവന നിർമാണ ഗ്രാൻറ് നൽകുമ്പോൾ മുൻഗണന നൽകുക.

15. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക.

16. ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

17. ഐ.ആർ.ഡി.പി പദ്ധതിയിൽ ഉൾപ്പെടാനുള്ള മാനദണ്ഡം 11000 രൂപയിൽ നിന്ന് 20000 രൂപയാക്കി ഉയർത്തുക.

18. കുട്ടികൾക്ക് എത്തിച്ചേരാൻ പാകത്തിൽ പുതിയ സ്കൂളുകൾ അവശ്യമായ സ്ഥലത്ത് നിർമിക്കു.

19. പട്ടികജാതി ക്ഷേമത്തിന് അനുവദിക്കുന്ന ധനസഹായം അർഹരായവർക്ക്പൂർണ്ണമായും ലഭിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തുക.

20. നാലുസെൻറ് ഭൂമി അനുവദിക്കുമ്പോൾ ഗുണഭോക്താവിന് അനുയോജ്യമായ സ്ഥലം തെരഞ്ഞെടുക്കാൻ അനുവദിക്കുക.

21. പഞ്ചായത്ത് ദുരിതാശ്വാസനിധി രൂപികരിക്കുക.

22. കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുക, തെയ്യം കലാകാരന്മാർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകുക.

23. അവശ കലാകാരന്മാർക്ക് പെൻഷൻ അനുവദിക്കുക.

24. ഉടുമ്പുന്തല, ഒളവറ, തലിച്ചാലം, ഉളിയം, കരിക്കടവ് ഈ പ്രദേശത്തെ ജനങ്ങൾക്ക് ഉപകരിക്കുന്ന രീതിയിൽ പട്ടികജാതി കുട്ടികൾക്കായി ഒളവറയിൽ ശിശു മന്ദിരം സ്ഥാപിക്കുക.

25. റേഷൻ കാർഡില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും റേഷൻ കാർഡ് നൽകാൻ നടപടി സ്വീകരിക്കുക.

26. കോളനികളിലെ നിലവിലുള്ള മരപ്പാലം മാറ്റി കോൺക്രീറ്റ് പാലം നിർമ്മിക്കുക.

27. കോളനികളെ കേന്ദ്രീകരിച്ച് കൺസ്യൂമർ സൊസൈറ്റികൾ സ്ഥാപിക്കുക.

28. കൃഷിഭവൻ മുഖേന പട്ടികജാതി കർഷക കുടുംബങ്ങളിലെ യുവാക്കൾക്ക് നൽകി വരുന്ന തൊഴിൽ സഹായം കൂടുതൽ പേർക്ക് അനുവദിക്കുക.

# വിഭവസമാഹരണം

ഗ്രാമസഭയിൽ ഉയർന്നു വന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ പഞ്ചായത്തിന് സാമ്പത്തിക ഭദ്രതകൂടിയേ കഴിയൂ. ഇപ്പോൾ പഞ്ചായത്തിന്റെ ധനാഗമമാർഗ്ഗങ്ങൾ പഞ്ചായത്ത് പിരിച്ചെടുക്കുന്ന നികുതികളും സർക്കാരിൽ നിന്ന് കിട്ടുന്ന നാമ മാത്രമായ ഗ്രാന്റുകളും മാത്രമാണ്. നിലവിലുള്ള നികുതി നിരക്കുകൾ വർദ്ധിപ്പിക്കുകയും പുതിയ നികുതികൾ ചുമത്തികൊണ്ടും മാത്രമേ വിഭവസമാഹരണം വർദ്ധിപ്പിക്കാൻ കഴിയുകയുള്ളൂ. ലഭ്യമായ വിഭവങ്ങൾ ഉപയോഗപ്പെടുത്തി ജനപങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പിലാക്കുകയും സന്നദ്ധ സേവനം പ്രയോജനപ്പെടുത്തുകയുമാണ് മറ്റൊരു മാർഗ്ഗം.

പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ കെട്ടിട നികുതി,തൊഴിൽ നികുതി, വിനോദ നികുതി, ലൈസൻസ് ഫീസ്, മാർക്കറ്റ് ഫീസ്, വസ്തു കൈമാറ്റ നികുതി 75%വിഹിതം, അടിസ്ഥാന നികുതി ഗ്രാന്റ് എന്നിവയാണ്. ഈ ഇനങ്ങളിൽ 1995-96വർഷം പഞ്ചായത്ത് 13,60,995- 55ക. സമാഹരിച്ചിട്ടുണ്ട്.

പട്ടിക 1

| ക്രമനമ്പർ | ഇനം | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| 1. | കെട്ടിട നികുതി | 307629.79 | 336501.42 | 375618.75 |
| 2 | തൊഴിൽ നികുതി | 1,36766.00 | 159243.00 | 167765.00 |
| 3. | വിനോദ നികുതി | 196977.74 | 191312.15 | 77412.10 |
| 4. | ലൈസൻസ് ഫീസ് | 13792.00 | 12738.00 | 13246.00 |
| 5. | മാർക്കറ്റ് ഫീസ് ലേലം | 29948.00 | 18016.00 | 27741.00 |
| 6. | പലവക | 364032.99 | 223525.88 | 194210.70 |
| 7. | വസ്തുകൈമാറ്റനികുതി(75%) | 295569.00 | 275815.00 | 235251.00 |
| 8. | അടിസ്ഥാന നികുതിഗ്രാന്റ് | 35958.00 | 41138.00 | 40608.00 |
| 9. | ഡപ്പോസിറ്റ് | 97550.70 | 62639.75 | 53155.00 |
| 10. | അൺടൈഡ്ഫണ്ട് | 216000.00 | 296000.00 | 309440.00 |

| | | | | |
|---|---|---|---|---|
| 11. | വി.ടി.സി ഗ്രാന്റ് | 20000.00 | – | 254721.00 |
| 12. | വി. ആർ. എം ഗ്രാന്റ് | 24016.00 | 25177.00 | 25486.00 |
| 13. | എം. ഐ ഗ്രാന്റ് | 6278.00 | 6592.00 | 10597.00 |
| 14. | സ്പെഷൽ ഗ്രാന്റ് | 3000.00 | 411640.00 | 51140.00 |
| 15. | വസ്തുകൈമാറ്റ നികുതി | 125000.00 | 117367.00 | 216596.00 |
| | ആകെ | 20,78,518.22 | 2177705.20 | 2052987.55 |

സർക്കാർ ഗ്രാന്റ് ഇനത്തിൽ വി.ടി.സി.ഗ്രാന്റ് വി.ആർ.എം.ഗ്രാന്റ്, എം. ഐ. ഗ്രാന്റ്, അൺ ടൈഡ് ഫണ്ട്, വസ്തു കൈമാറ്റ നികുതി 25%ത്തിൽ നിന്നും ലഭിക്കുന്ന ധനസഹായം എന്നിവയാണ് പ്രധാനം. ഗ്രാന്റിനത്തിൽ 1995–96 വർഷം പഞ്ചായത്തിന് 6,91,992ക. ലഭിച്ചിട്ടുണ്ട്.

കൂടാതെ ജെ.ആർ.വൈ.പദ്ധതിയിൽ ലഭിക്കുന്ന തുകയാണ് വരുമാനത്തിന്റെ മറ്റൊരു മാർഗ്ഗം.

**പട്ടിക 2**

| ഇനം | 1993–94 | 1994–95 | 1995–96 |
|---|---|---|---|
| ജെ.ആർ.വൈ.ഫണ്ട് | 570210.00 | 237852.00 | 488171.00 |

1994–ലെ പഞ്ചായത്ത് രാജ് നിയമപ്രകാരം 1995–96 വർഷം വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ പട്ടിക–3ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 3**

## ചെലവ്

| ഇനം | 1991–92 | 1992–93 | 1993–94 | 1994–95 | 1995–96 |
|---|---|---|---|---|---|
| ഭരണം | 201735.00 | 215751.00 | 274369.00 | 346308.00 | 390693.00 |
| പൊതുമരാമത്ത് | 728786.00 | 451209.50 | 1179999.00 | 1002811.00 | 1162115.00 |
| വിദ്യാഭ്യാസം | 12915.00 | 57616.45 | 71629.00 | 57841.00 | 98569.00 |
| വാട്ടർ സപ്ളൈ | – | – | 50,000.00 | 93584.00 | 13152.00 |
| തെരുവ് വിളക്ക് | 59508.00 | 60168.00 | 60348.00 | 96378 | 74820.00 |
| പലവക | 494955.50 | 334369.95 | 555786.85 | 417297.40 | 325403.05 |
| ആകെ | 1497900.35 | 1119119.90 | 2192131.85 | 2014489.40 | 2064752.05 |

1995–96 വർഷത്തിൽ പഞ്ചായത്തിന്റെ തനത് വരുമാനത്തിന്റെ 35% തുക ഭരണ ചെലവുകൾക്ക്

വിനിയോഗിച്ചതായി കണക്കുകൾ കാണിക്കുന്നു. മൊത്തം വരുമാനത്തിന്റെ (JRYഒഴികെ) 56% തുക പൊതുമരാമത്ത് പ്രവൃത്തികൾക്ക് മാത്രമായാണ് വിനിയോഗിച്ചിരിക്കുന്നത്. സേവനമേഖലകളിലും, ഉൽപാദന മേഖലകളിലും ചെലവഴിച്ച തുക തുലോം കുറവാണ്.

കെട്ടിട നികുതി നിയമപ്രകാരം കെട്ടിടത്തിന് ലഭിക്കുന്ന വാർഷിക വാടകയുടെ 10% കുറച്ച തുകയുടെ 6%മുതൽ 10%വരെ നികുതി ചുമത്താമെങ്കിലും പഞ്ചായത്ത് കുറഞ്ഞനിരക്കായ 7%മാണ് നികുതി ചുമത്തിയിട്ടുള്ളത്.

ഗ്രാമവികസന വകുപ്പിന്റെ സഹായത്തോടെ 1986മുതൽ സ്ഥാപിച്ച 8 മുറികളുള്ള ഷോപ്പിംഗ് കോപ്ളക്സിൽ നിന്നും കാര്യമായ വരുമാനം ലഭിക്കുന്നില്ല. 5% വാടക വർദ്ധനവ് വരുത്തി നിലവിലുള്ള വാടകക്കാർക്ക് തന്നെ മുറികൾ വാടകയ്ക്ക് നൽകുന്ന രീതിക്ക് മാറ്റം വരുത്തി വാടക 10% വർധന വരുത്തിയാൽ ഈ അവസ്ഥ ക്രമേണ മാറ്റാൻ കഴിയും.

വിനോദ നികുതി പിരിവിന്റെ നിലവിലുള്ള രീതി മാറ്റി സിറ്റിംഗ് കപ്പാസിറ്റിയുടെ അടിസ്ഥാനത്തിൽ വിനോദ നികുതി ചുമത്തിയാൽ ഈ ഇനത്തിൽ വർധനവ് ഉണ്ടാക്കാൻ കഴിയും.

അടിസ്ഥാന നികുതിയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട വിഹിതം കൃത്യമായി പഞ്ചായത്തിൽ ലഭ്യമാക്കുക.

പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള നികുതിയധികാരങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുക.

അൺടൈഡ് ഫണ്ട്, ജെ.ആർ.വൈ ഫണ്ട് ഇവയുടെ വിതരണത്തിൽ ഇപ്പോൾ അവലംബിച്ചു വരുന്ന മാനദണ്ഡം മാറ്റി ജനസംഖ്യാനുപാതികമായി വിതരണം നടത്തുക.

ദേശീയ സമ്പാദ്യ പദ്ധതിയിൽ നിക്ഷേപകരെ പ്രോത്സാഹിപ്പിക്കുക. നിക്ഷേപത്തിന്റെ 25% എല്ലാ വർഷവും പഞ്ചായത്തുകൾക്ക് ലഭ്യമാക്കുക.

പഞ്ചായത്ത് പരിധിക്കകത്തെ വാഹനങ്ങൾക്ക് രജിസ്ട്രേഷൻ ഫീസ് ഏർപ്പെടുത്തുക.

ഭൂമിതരം മാറ്റുന്നതിന് പ്രത്യേക ഫീസ് ഏർപ്പെടുത്തുക.

പുറമ്പോക്ക് ഭൂമിയിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും അനുയോജ്യമായ കാർഷിക വൃത്തിക്കും ഉപയോഗപ്പെടുത്തുക.

കെട്ടിട നിർമ്മാണത്തിന് വേണ്ടി പാഴാക്കുന്ന ഭീമമായ സംഖ്യകൾ ഉൽപാദനമേഖലകളിലേക്ക് തിരിച്ചുവിടുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

പദ്ധതി പ്രവർത്തനങ്ങൾക്കും മറ്റും ധനകാര്യ സ്ഥാപനങ്ങളെ പ്രയോജനപ്പെടുത്തുക.

വികസന പ്രവർത്തനങ്ങളിൽ 20% എങ്കിലും സന്നദ്ധ സേവനം ഉറപ്പുവരുത്തുകയും ഇതിനായി ജനപങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.

പഞ്ചായത്ത് തലത്തിൽ ദുരിതാശ്വാസ നിധി സ്വരൂപിക്കുക.

## പട്ടിക 4

### പഞ്ചായത്ത് രാജ് നിയമ പ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക.

| വകുപ്പ് | തുക | | |
|---|---|---|---|
| | പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം | ആകെ |
| മൃഗസംരക്ഷണം | – | 1750.00 | 1750.00 |
| ആരോഗ്യം | 9060.00 | 2495.00 | 11555.00 |
| കൃഷി | 457500.00 | – | 457500.00 |
| പി.ഡബ്ള്യൂ.ഡി | 27750.00 | 15325.00 | 43075.00 |
| ഹരിജനക്ഷേമം | 12,000.00 | – | 12,000.00 |
| ആകെ | 506310.00 | 19570.00 | 525880.00 |

## പട്ടിക 5

### ധനകാര്യ സ്ഥാപനങ്ങൾ

1. ജില്ലാ സഹകരണ ബാങ്ക് – ബ്രാഞ്ച്.
2. ഫാർമേർസ് സർവ്വീസ് സഹകരണ ബാങ്ക്.
3. ഇന്ത്യൻ ഓവർസീസ് ബാങ്ക്
4. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ
5. വിജയ ബാങ്ക്.
6. സിൻഡിക്കേറ്റ് ബാങ്ക്

